# കൊച്ചി മിസ്റ്റിക

## ആത്മാക്കളുടെ നിഗൂഢമായ കഥ

**റാഷിം ഇക്ബാൽ**

BlueRose ONE.com
Stories Matter
NewDelhi • London

**BLUEROSE PUBLISHERS**
India | U.K.

Copyright © Rashim Iqbal 2025

All rights reserved by author. No part of this publication may be reproduced, stored in a retrieval system or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the author. Although every precaution has been taken to verify the accuracy of the information contained herein, the publisher assumes no responsibility for any errors or omissions. No liability is assumed for damages that may result from the use of information contained within.

BlueRose Publishers takes no responsibility for any damages, losses, or liabilities that may arise from the use or misuse of the information, products, or services provided in this publication.

BlueRose ONE.com
Stories Matter
NewDelhi • London

For permissions requests or inquiries regarding this publication, please contact:

BLUEROSE PUBLISHERS
www.BlueRoseONE.com
info@bluerosepublishers.com
+91 8882 898 898
+4407342408967

ISBN: 978-93-7310-685-4

First Edition: October 2025

# റാഷിം ഇക്ബാൽ

ഇക്ബാലിന്റെയും റഷീദയുടെയും മൂന്ന് ആണ്മക്കളിൽ രണ്ടാമൻ. ജനനം 19–05–1987ൽ മട്ടാഞ്ചേരിയിൽ, സ്കൂൾ വിദ്യാഭ്യാസം മട്ടാഞ്ചേരി ടി.ഡി. ഹൈസ്കൂളിൽ, തുടർന്ന് +2 ഫോർട്ട് കൊച്ചി EMGHSSൽ. 7വർഷം ഗൾഫിൽ അബുദാബി ഇസ്ലാമിക് ബാങ്കിൽ ജോലി ചെയ്തു/ 2011ൽ സജ്ന ഇബ്രാഹിമിനെ വിവാഹം ചെയ്തു. മൂത്ത മകൾ ഐഷ ഇളയത് അഥിതി.

2015 മുതൽ മട്ടാഞ്ചേരിയിൽ തുണിക്കട നടത്തിപോരുന്നു..

കൊച്ചി മിസ്റ്റിക്ക ആദ്യനോവലാണ്.

പ്രിയ സുഹൃത്തെ,

ഇതെന്റെ ആദ്യ നോവലാണ്. ഇത് വായിക്കാൻ തെരഞ്ഞെടുത്ത താങ്കളോട് ആദ്യമേ നന്ദി പറയട്ടെ. വളരെ ചെറുപ്പം മുതൽ കഥകൾ കേട്ടും വായിച്ചും ഒരു പുസ്തകം എഴുതണമെന്നത് എന്റെ അഭിലാഷമായിരുന്നു. ആദ്യമായി പുസ്തകം ഇറക്കുമ്പോൾ വ്യത്യസ്തത നിറഞ്ഞൊരു അനുഭവം എഴുതണമെന്ന് തന്നെയാണ് തീരുമാനിച്ചിരുന്നത്.

കൊച്ചിയുടെ ചരിത്രത്തെ, ചരിത്രമായി എഴുതാൻ എനിക്ക് സാധിക്കില്ല. പലവിവാദങ്ങളും തെറ്റിദ്ധാരണകളും അതിലൂടെ ഉണ്ടായെന്നിരിക്കും. അതുകൊണ്ടാണ് ചരിത്രത്തെ കാവ്യാത്മകമായ ഫിക്ഷൻ ആക്കിമാറ്റിയത്. ശ്രീ.പോഞ്ഞിക്കര റാഫിയുടെ 'ഓരാ പ്രൊനോബീസ്' വായിക്കുകയുണ്ടായി. അതിന്റെ തുടർച്ചയായി, അതേ കഥാതന്തു ഒരുക്കിയിട്ടുള്ളൊരു പുസ്തകം ഇറക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഈ നോവൽ തീരുന്നിടത്ത് അതിന്റ തുടർച്ച എനിക്ക് എഴുതാൻ സാധിക്കും എന്ന നിലയിലാണ് കഥ അവസാനിപ്പിക്കുന്നത്.

'ഓരാ പ്രൊനോബീസിന്റെ' കഥയിലെ ചില ഭാഗങ്ങളും അതിലെ കഥാപാത്രങ്ങളെയും ഞാൻ ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ കൈവശമുള്ള ചില ചരിത്രരേഖകൾ, ഡോ :ഹുസൈൻ രണ്ടത്താണിയുടെ ലേഖനങ്ങൾ, പുരോഷോത്തമ മല്ല്യയുടെ പുസ്തകങ്ങളിലെ ചില പരാമർശങ്ങൾ, എം ജി എസ്സ് ന്റെ ചില ലേഖനങ്ങൾ, കൂടാതെ ശ്രീ. സോഹൻ , ശ്രീ.സ്റ്റീഫൻ റോബെർട്ട്, ശ്രീ. ബോണി തോമസ് കിണി കുടുംബം, നാരായണ ഷേണായ്. ലക്ഷ്മണ മല്ല്യ, ദിനേശ് ഷേണായ് തുടങ്ങിയവരിൽ നിന്നും നേരിട്ടും അല്ലാതെയും കിട്ടിയ അറിവുകൾ... ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിഗൂഢ സാഹചര്യത്തിൽ മരിച്ചുപോയ നമ്മുടെ ഉറ്റവരെ എന്നെങ്കിലുമൊരിക്കൽ കാണാൻ സാധിച്ചാൽ, അതിനെപ്പറ്റി ചോദിച്ചു മനസ്സിലാ

ക്കാൻ കഴിഞ്ഞിരുന്നെങ്കിലെന്ന് ആഗ്രഹിക്കാത്തതായ ഒരാൾപോലും നമുക്കിടയിൽ ഉണ്ടാവാനിടയില്ല. പറയാനോ ചെയ്യാനോ ബാക്കിവെച്ച് നമ്മളിൽ നിന്നും അകന്നുപോയവരും നമുക്കിടയിൽ ഉണ്ടായിരുന്നില്ലേ? വളരെ വേണ്ടപ്പെട്ടവർ മരിച്ചു പോയതിനുശേഷം, നമ്മുടെ മരണം വരെ ഒരിക്കൽപോലും അവർ നമ്മുടെ സ്വപ്നങ്ങളിൽ വരാതിരുന്നത് നമുക്ക് വളരെയധികം വിഷമം ഉണ്ടാക്കുന്നില്ലേ? അങ്ങനെയൊരു സന്ദർഭത്തിൽ, മരിച്ചുപോയവർ നമ്മോടുവന്ന് അവരുടെ അനുഭവം പറഞ്ഞാൽ എന്തായിരിക്കും നമ്മുടെ മാനസികനില? ഈ നോവലിൽ കഥാനായകന് ആ അനുഭവമുണ്ടായി എന്ന് കരുതിക്കോളൂ.

ഞാൻ നേടിയ ചരിത്രാറിവുകളാണ് യാഥാർഥ്യം എന്നും, അവയെ മുൻനിർത്തി ചരിത്രത്തെ വ്യാഖ്യാനിക്കുകയും ചെയ്യരുതെന്നുമാണ് ഈ നോവലിൽ ചരിത്രവസ്തുതകൾ ഉൾപ്പെടുത്തുന്നുണ്ടെന്നറിഞ്ഞ്. ഞാൻ ബഹുമാനിക്കുന്നവർ എനിക്ക് നൽകിയ ഉപദേശം.

അധിനിവേശമെന്ന് കേൾക്കുമ്പോൾ മലയാളിയുടെയും ഇന്ത്യക്കാരന്റെയും മനസ്സിൽ ആദ്യം ഓടിയെത്തുന്ന പേര് 'ഗാമ' എന്നായിരിക്കാം. അതോടൊപ്പം സ്വാതന്ത്ര്യം എന്ന് കേൾക്കുമ്പോൾ മഹാത്മാഗാന്ധിയുടെയും. ഗാന്ധിയും ഗാമയും സന്ദർശിച്ച ഭൂമികയാണ് ഫോർട്ട്കൊച്ചി. ഇവരുടെ ആത്മാക്കൾ തമ്മിൽ എന്നെങ്കിലുമൊക്കെ കണ്ടുമുട്ടിയിരുന്നുവെങ്കിൽ എന്തായിരിക്കും ഇവർക്ക് പരസ്പരം പറയാൻ ഉണ്ടാവുകയെന്ന് ചിന്തിക്കാറുണ്ട്.

ഫോർട്ടുകൊച്ചി ബീച്ചിന്റെ പേര് പണ്ട് വാസ്കോ ഡ ഗാമ സ്ക്വയർ എന്നായിരുന്നു. ഇപ്പോഴും അങ്ങനെ തന്നെയാണ് വിശേഷിപ്പിക്കുന്നതെങ്കിലും ബീച്ചിന്റെ ഒരറ്റത്ത് 'മഹാത്മാഗാന്ധി ബീച്ചെന്നും' ബോർഡ് വെച്ചിട്ടുണ്ട്. ഗാമയെ അത്ര പെട്ടെന്നൊന്നും നമ്മുടെ ചരിത്രത്തിൽ നിന്നും ഒഴിച്ച് മാറ്റാൻ കഴിയില്ല. അമരിഗോ വെസ്പുചിയെയും ക്രിസ്റ്റഫർ കൊളംബസിനെയും പോലെ മഹദ്വ്യക്തി തന്നെയായ വാസ്കോ ഡ ഗാമ അന്ത്യവിശ്രമം കൊണ്ടത് ഫോർട്ടുകൊച്ചിയിലാണ്. പിന്നീട്, 14 വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ മകൻ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം കൊണ്ടുപോയെങ്കിലും ഫോർട്ടുകൊച്ചിയിൽ അടക്കം ചെയ്തതിന്റെ രേഖകൾ ഇന്നുമുണ്ട്.

നമ്മൾ ജീവിച്ചിരിക്കുന്ന പ്രദേശത്തിന്റെ ചരിത്രം അറിഞ്ഞിരിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ്. പൂർവികരുടെ സുകൃതം കൊണ്ട് നിലനിന്നുപോയ പല ചരിത്രസ്മാരകങ്ങളും കാലികരുടെ കഴിവുകേടുകൊണ്ട് അറിയാതെ പോകുന്നതും ഒരു വഞ്ചനയാണ്. ഇവിടെ അത് നടക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പ്രദേശം ഇന്ത്യയിലെ മൂന്ന് പ്രധാന അധിനിവേശശക്തികൾ ആയിരുന്ന പോർച്ചുഗീസ്- ഡച്ച്-ബ്രിട്ടീഷുകാർ അടക്കിവാണ ഭൂമിക കൂടിയായിരുന്നു. ഇവിടം അറിയാനും പഠിക്കാനും ഉള്ളതായ പല കാര്യങ്ങൾ ഉണ്ടായിരുന്നിട്ടും പലരും അവയെ വിസ്മൃതിയിലേക്ക് തള്ളിയിടുന്നുണ്ട്. 200ൽ പരം ചരിത്രസ്മാരകങ്ങളും, പ്രദേശങ്ങളും ഇവിടെയുണ്ട്.!

ഈ നോവൽ പൂർണ്ണമായും കാല്പനികമാണ്. കഥയിൽ പരാമർശിക്കപ്പെടുന്ന ചില സ്ഥലങ്ങൾ, ചരിത്ര വ്യക്തിത്വങ്ങളിൽ ചിലർ, രേഖപ്പെട്ട

ചരിത്രത്തിൽ ഇടംപിടിച്ചിട്ടുണ്ടാകാം. മുകളിൽ സൂചിപ്പിച്ചതുപോലെ ചരിത്രമുണ്ടാകാം പക്ഷെ, നിഗമനങ്ങളാണ് അധികവും. ഇതൊരു കഥയായി മാത്രം വായിക്കാൻ ശ്രമിക്കുക. യാതൊരു മുൻവിധിയോടോ, പ്രതീക്ഷയോടുകൂടിയോ ഈ കഥ വായിക്കാൻ ശ്രമിക്കരുത്. ആരെയെങ്കിലും ഇകഴ്ത്താനോ പുകഴ്ത്താനോ വേണ്ടി എഴുതിയതല്ലെന്നുകൂടി പറയട്ടെ.

ഏറെ സ്നേഹത്തോടെ,
**റാഷിം ഇക്ബാൽ**

## ഭാഗം ഒന്ന്

കടുത്ത വേദനയുമായാണ് രാവിലെ എണീറ്റത്. സാധാരണ എട്ടുമണിക്കാണെങ്കിൽ ഇന്ന് ആറുമണിക്കേ എണീറ്റു. മസിൽ കേറിപിടിക്കുന്ന പോലുള്ള വേദനയാണ്. കഴുത്തിൽ നിന്നും കയ്യിലേക്ക് പടരുന്ന വല്ലാത്ത വേദന.

അതുവരെ ഞാൻ കരുതിയിരുന്നത് ഒരാണിന്റെ ഏറ്റവും വലിയ വേദന പല്ലുവേദനയാണെന്നാണ്. കുറെനേരം അനങ്ങാതിരുന്നു. ഒന്നനങ്ങുമ്പോൾ അധികരിക്കുന്ന വേദന. കുറച്ചധികം ദിവസമായി ഈ വേദന തുടങ്ങിയിട്ട്. വേദന സഹിക്കാൻ പറ്റാതായപ്പോൾ ഞാൻ ഭാര്യയെ വിളിച്ചു. അവൾ വേദനയുള്ള ഭാഗത്ത് തൊടുമ്പോൾ കൂടുതൽ വേദന അനുഭവപ്പെട്ടു. ഉടനെ അളിയനെ വിളിച്ചു(ഭാര്യയുടെ സഹോദരൻ), അളിയൻ കുറച്ചുനേരം കഴിഞ്ഞാണ് വന്നത്.

കൂടെ അളിയന്റെ ഭാര്യയും ഉണ്ടായിരുന്നു. ഞങ്ങൾ നാലുപേരും കൂടി  നേരെ ഫോർട്ട് കൊച്ചി ആയുർവേദ ഹോസ്പിറ്റലിലേക്ക് പോയി. അളിയൻ ഓട്ടോ ഡ്രൈവറാണ്. ആ ഓട്ടോയിലാണ് പോയത്.

മഴമരങ്ങൾ തിങ്ങി നിൽക്കുന്ന ഫോർട്ട്കൊച്ചി ദ്രോണാചാര്യ റോഡിലാണ് ഹോസ്പിറ്റൽ. ഹോസ്പിറ്റലിലേക്ക് കയറുമ്പോൾ തന്നെ ഒരു വലിയ മഴമരചുവട്ടിൽ ആളുകളെ സ്വീകരിച്ചിരുത്താൻ തിണ്ണയൊക്കെ ഒരുക്കി വെച്ചിട്ടുണ്ട്.

ചെരുപ്പ് പുറത്തിട്ടതിനുശേഷമാണ് അകത്തേക്ക് കയറേണ്ടത്. അകത്തേക്ക് കയറി, ഡോക്ടറുടെ റൂമിലേക്ക് കയറാൻ പോകുന്ന ഇടനാഴിയുടെ ഇടതുവശത്തായി തന്നെ ധന്വന്തരി മൂർത്തിയുടെ രൂപക്കൂടുണ്ട്.  എല്ലാ ദിവസവും ഹോസ്പിറ്റൽ ജീവനക്കാർ ഇതിന് എണ്ണയിട്ട്  തിരിതെളിയിക്കാറുണ്ടെന്ന് എനിക്കറിയാം. മൂന്നു ഡോക്ടർമാരാണുള്ളത്. മൂന്നും വനിതകൾ. റൂമുകളുടെ മുന്നിലെ സ്റ്റീൽ കസേരകളിൽ ഒന്നുരണ്ടുപേർ ഇരിക്കുന്നുണ്ടെ

ങ്കിലും അത്യാവശ്യമായതുകൊണ്ട് നേരെ ഡോക്ടറുടെ റൂമിലേക്ക് കേറി. ഡോക്ടർ ഉടനെ നോക്കി. ഞാൻ ഡോക്ടറുടെ ടേബിളിലേക്കാണ് നോക്കിയത്. കാരണം എന്റെ തല താഴ്ന്നായിരുന്നു. ഡോക്ടറിന്റെ ടേബിളിൽ മരുന്നുകളുടെ ശേഖരം തന്നെ ഉണ്ടായിരുന്നു.

ഡോക്ടറുടെ പേര് ശ്രദ്ധിച്ചു... ഹരിത ഭുവനേഷ്. ഡോക്ടർ നല്ല ഉറക്കെ സംസാരിക്കുന്ന ആളാണ്. ഡോക്ടറുടെ റൂം സദാസമയം തുറന്നിട്ടിരിക്കുന്നതുകൊണ്ട് പറയുന്ന കാര്യങ്ങൾ പുറത്തിരിക്കുന്ന എല്ലാവർക്കും കേൾക്കാമായിരുന്നു. ഡോക്ടർ എന്റെ കഴുത്തിൽ പിടിച്ചു നോക്കിയിട്ട് പറഞ്ഞു.

"ഇത് സ്പോണ്ടിലോസിസാണ്. ഉടനെ എം ആർ ഐ എടുക്കണം. കഴുത്തിലെ എല്ലുകളിൽ നീർക്കെട്ട് കാണുന്നുണ്ട്. നല്ല നീരുണ്ട്. എന്താണ് ഇത്രയും ദിവസം വെച്ചുകൊണ്ടിരുന്നത്.?"

ഞാൻ പറഞ്ഞു "ഡോക്ടർ മറന്നതാണ്, ഞാൻ മുൻപ് വന്നിരുന്നു. മരുന്നു വാങ്ങി പോയതാണ്."

"ആ...പക്ഷേ വൈകിക്കേണ്ട, ഉടനെ എം ആർ ഐ എടുത്തിട്ട് വാ"
ചീട്ട് എഴുതി തന്നു..

"എംആർഐ എടുത്തതിനുശേഷം ഇവിടെ അഡ്മിറ്റ് ചെയ്യാം. സിസ്റ്ററിനെ കണ്ട് റൂം ബുക്ക് ചെയ്യണം. ഇവിടത്തെ സിസ്റ്റം അതാണ്."

സിസ്റ്ററിന്റെ അടുത്തു പോയി റൂമിന്റെ കാര്യമൊക്കെ പറഞ്ഞു. എംആർ ഐ എടുക്കാൻ നേരെ എറണാകുളത്തേക്ക് പോയി, ആദ്യം വേദന കുറയണം. ജനറൽ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. അത്യാഹിത വിഭാഗത്തിൽ നല്ല തിരക്കുണ്ടായിരുന്നു. അവിടത്തെ ഡോക്ടർ വേദനസംഹാരിയുടെ ഇഞ്ചക്ഷൻ എഴുതി. ഇഞ്ചക്ഷൻ ഒരെണ്ണം എടുത്തു. ബെഡ്ഡിൽ അവർ എന്നെ കിടത്തി. 10 മിനിറ്റ് കഴിഞ്ഞതിനുശേഷം കുറവില്ലെന്ന് കണ്ടപ്പോൾ വീണ്ടും ഒരു ഡോസ് കൂടി എടുത്തു. എന്നിട്ടും കുറവില്ലാതെ കണ്ടപ്പോൾ, അവർ പറഞ്ഞു.

"രണ്ട് ഡോസിൽ കൂടുതൽ തരാൻ പറ്റില്ല. ഇനി ഏതെങ്കിലും പ്രൈവറ്റ് ഹോസ്പിറ്റലിലേക്കോ മെഡിക്കൽ കോളേജിലേക്കോ പൊയ്ക്കോ"

അഡ്മിറ്റ് ചെയ്യുന്നുണ്ടെങ്കിൽ ഇൻഷുറൻസ് കാർഡ് ഉപയോഗിക്കാമല്ലോ! ഞാൻ നേരെ പ്രശസ്ത സ്വകാര്യ ആശുപത്രിയിലേക്ക് പോയി. അളിയന്റെ ഓട്ടോയിൽ തന്നെ യാത്ര പുറപ്പെട്ടു. അവിടത്തെ കാഷ്വാലിറ്റിയിൽ എന്നെ കിടത്തി. കിടക്കാൻ പറ്റുന്നില്ലായിരുന്നു. ബെഡ്ഡിലിരുത്തി. വേദന...കടുത്ത വേദന. അവിടെ നിന്നും ഒരു ഇൻഞ്ചക്ഷൻ കൂടി എടുത്തതിനു ശേഷം എല്ലിന്റെ ഡോക്ടർ വന്നു. അവരുടെ ഒബ്സർവേഷനിൽ ഇത് എല്ലിന്റെ പ്രശ്നമല്ല, ഞരമ്പിന്റെ പ്രശ്നമാണെന്ന് പറഞ്ഞു.

ഞാൻ ചോദിച്ചു.
"സർവിക്കൽ സ്പോണ്ടിലോസിസ് അല്ലേ? പിന്നെയെന്താണ് ഞരമ്പിന്റെ

പ്രശ്നം?"

"വിശദമായി അറിയണമെങ്കിൽ എംആർഐ എടുത്തു നോക്കണം. എന്നാലേ കാര്യങ്ങൾ കൂടുതലായി പറഞ്ഞു തരാൻ സാധിക്കുള്ളൂ." ഡോക്ടർ പറഞ്ഞു.

അഡ്മിറ്റ്ചെയ്തു. ഇൻഷുറൻസ് കാർഡിന്റെ കാര്യം അവരോട് പറഞ്ഞു. റൂം കിട്ടുമോ എന്ന് ചോദിച്ചപ്പോൾ, തൽക്കാലം റൂം കിട്ടില്ല എന്നും വാർഡിൽ തന്നെ കിടക്കാനും പറഞ്ഞു. റൂമാകുമ്പോൾ ബന്ധുമിത്രാദികൾക്ക് വന്ന് കാണാനും ഇരിക്കാനും ഒക്കെ സൗകര്യമായിരിക്കുമല്ലോന്ന് കരുതിയാണ് അങ്ങനെ പറഞ്ഞത്. പക്ഷേ വാർഡെങ്കിൽ വാർഡ്... കിടന്നല്ലേ പറ്റൂ.

അഡ്മിറ്റ് ചെയ്തതിനുശേഷം കൂടെയുണ്ടായിരുന്നവരൊക്കെ പോയി. ഉമ്മയും ഞാനും മാത്രമായി. ഭാര്യക്ക് കൂട്ടിരിപ്പുകാരിയാകാൻ പറ്റില്ല. വീട്ടിൽ ചെറിയ കുട്ടി ഉള്ളതാണ്. ബെഡ് എനിക്ക് കിടക്കാനുള്ള സൗകര്യത്തിനനുസരിച്ച് അഡ്ജസ്റ്റ് ചെയ്ത് തന്നു. കയ്യിൽ വേദന മാറാനുള്ള ഇഞ്ചക്ഷൻ ഡ്രിപ്പ് രൂപത്തിൽ ഇടുകയും ചെയ്തു.

പക്ഷേ വേദനക്ക് വലിയ വ്യത്യാസം ഒന്നും ഉണ്ടായില്ല. രാത്രി തീരെ ഉറങ്ങാൻ സാധിച്ചില്ല. ഇടയ്ക്കിടെ തലകറക്കം പോലെ തോന്നിച്ചിരുന്നു. തലകുനിച്ച് കണ്ണു തുറക്കാതെ അനങ്ങാതെ ഇരുന്നങ്ങനെ നേരം വെളുപ്പിച്ചു. പല്ലുതേയ്ക്കാൻ പറ്റുന്നില്ലായിരുന്നു. തലയനക്കിയാൽ പോലും വേദന.

നേഴ്സ് വന്ന് പറഞ്ഞു.
"എം ആർ ഐ എടുക്കാൻ സമയമായി"

എന്നെയും കൊണ്ട് അടുത്ത ബ്ലോക്കിലേക്ക് എംആർഐ എടുക്കാൻ പോയി. എനിക്ക് ഒട്ടും പറ്റുന്നില്ലായിരുന്നു. വേദന കൂടിയിട്ട് ഇരിക്കാനോ നിൽക്കാനോ കിടക്കാനോ പറ്റാത്ത അവസ്ഥയായിരുന്നു.

എംആർഐ എടുക്കുന്ന സ്ഥലത്ത് ഒരു അസിസ്റ്റന്റ് ഡോക്ടർ വന്നു. എന്റെ കയ്യിൽ കൂടി എന്തോ അനസ്തേഷ്യ പോലത്തെ സംഗതി കുത്തിവെച്ചു. എനിക്ക് വേദനയുണ്ടെന്ന് പറയാൻ പോലും പറ്റാത്ത അവസ്ഥയിലേക്കെത്തി. അതേസമയം ഓർമ്മയുണ്ട്, കുറച്ചുനേരം കഴിഞ്ഞപ്പോൾ അവർ പറഞ്ഞു.
"കഴിഞ്ഞു."

എന്നെ ആ ബ്ലോക്കിൽനിന്നും ഇറക്കി. തിരികെ എന്നെ കിടത്തിയ അതേ വാർഡിലേക്ക്, അതേ ബെഡ്ഡിലേക്ക് കൊണ്ടുവന്നു. കുറെനേരത്തേക്ക് ആ മയക്കത്തിൽ തന്നെയായിരുന്നു. ആരെയും തിരിച്ചറിയില്ലായിരുന്നു. പക്ഷേ, ആരൊക്കെയോ എന്റെ അടുത്ത് വരുന്നുണ്ടെന്ന് മനസ്സിലായി. മരുന്നിന്റെ ശക്തിയിൽ കുറെനേരം വേദനയില്ലാതെ അങ്ങനെ കിടന്നു. പിന്നീട് വീണ്ടും വേദനസംഹാരി ഡ്രിപ്പ് രൂപത്തിൽ ഇട്ടു.

പ്രധാന ഡോക്ടർ വൈകിട്ടാണ് വന്നത്. അദ്ദേഹം വന്നയുടനെ മറ്റൊരു കാര്യവും പറയാതെ "പതിനാലാം തീയതി ഓപ്പറേഷൻ ചെയ്യാം"

അത്രമാത്രം പറഞ്ഞു പോയി.

പക്ഷേ ഓപ്പറേഷനിലേക്ക് പോകാൻ ഞാൻ മാനസികമായി തയ്യാറായിരുന്നില്ല. ഞാൻ മാത്രമല്ല വീട്ടുകാരും. ഡിസ്ചാർജ് ചെയ്ത് ആയുർവേദ ഹോസ്പിറ്റലിലേക്ക് പോകാമെന്ന് തീരുമാനമായി. അതനുസരിച്ച് ഇക്കയും അവളും ആയുർവേദ ഹോസ്പിറ്റലിൽപോയി. എംആർഐയുടെ വിശദമായ കാര്യങ്ങൾ ഡോക്ടർക്ക് കാണിച്ചുകൊടുത്തു.

“കഴുത്തിൽ നാല് എല്ലിലായി ബൾജ് ഉണ്ട്. ഈ ബൾജിലെ ഗ്യാപ്പിലൂടെ ഞരമ്പ് സ്പൈനിൽ ടച്ച് ചെയ്യുന്നത് കൊണ്ടാണ് വേദന. നമുക്ക് മാറ്റിയെടുക്കാം. ഇവിടെ കൊണ്ടുവന്ന് അഡ്മിറ്റ് ചെയ്യ്”- ഡോ. ഹരിത പറഞ്ഞു. ഇക്കയും അവളും തിരികെ പോന്നു.

എനിക്കിപ്പോഴും ഇടയ്ക്കിടെ തലകറക്കം നല്ലപോലെ വരുന്നുണ്ട്. അപ്പോഴൊക്കെ ഞാൻ കണ്ണുകളടച്ച് അനങ്ങാതെ ഇരിക്കും. ഓരോ രോഗികളും അവരുടെ മാനസികനിലയ്ക്കനുസരിച്ച് അസുഖം ഭേദമാക്കി പോകുന്നുണ്ട്. എല്ലാവരുടെയും മാനസികാവസ്ഥ ഒരേ ത്രാസിൽ അളന്നു നോക്കാൻ സാധിക്കില്ലല്ലോ!

മനസ്സാണ് ശരീരത്തിനും മനസ്സിനും സുഖം തരുന്നത്. അത് ആകട്ടെ തലച്ചോറിൽ എവിടെയോ ഒളിഞ്ഞിരിക്കുന്ന ഒരു സാധനവും. ഞാനാണേൽ കുറെകാലമായി കഴുത്തുവേദന വരുമ്പോൾ കൂടെക്കൂടെ മരുന്ന് കഴിച്ചു മാറ്റും. എന്നെ സംബന്ധിച്ചിടത്തോളം ഇതൊക്കെ നിസ്സാരമായിരുന്നു. ഒരു പുച്ഛം, ആ പുച്ഛമാണ് എന്നെ ഇവിടെ എത്തിച്ചത്.

എന്റെ ബെഡ് നഴ്സുമാരുടെ ഇരിപ്പിടത്തിന് തൊട്ടടുത്തായിട്ടാണ്. നേരെ നോക്കിയാൽ ഐസിയു കാണാം. അങ്ങോട്ട് കൊണ്ടുപോകുന്നതും ഇറക്കുന്നതുമൊക്കെ. കൂടുതലും വയസ്സായവരെയാണ്. ചെറുപ്പക്കാർ വളരെ കുറവാണ്. എന്തെങ്കിലും അപകടം സംഭവിച്ചിട്ടുള്ളവരാണ് അവിടെ വന്നിരുന്നതിൽ കൂടുതലും.

ക്യാന്റീനിൽ പൈസ അടച്ചിട്ടുണ്ടെങ്കിൽ ഭക്ഷണം കൊണ്ടുവന്നു തരും. പത്ത് രോഗികൾക്ക് രണ്ടു ബാത്ത്റൂം ആണ് ഉണ്ടായിരുന്നത്. കൂട്ടിരിപ്പുകാരും ഇതുതന്നെയാണ് ഉപയോഗിച്ചിരുന്നത്. ഡിസ്ചാർജ് പറഞ്ഞതിനുശേഷം ഇൻഷുറൻസ് ഡെസ്കിൽ നിന്നും ആളുവന്നു എല്ലാ രേഖകളും ശേഖരിച്ചുപോയി.

ബില്ല് ടോട്ടൽ വന്നത് മുപ്പത്തി ഏട്ടായിരം രൂപയാണ്. നാലായിരത്തി എണ്ണൂറ് രൂപ ഞാൻ അടച്ചു. ബാക്കി ഇൻഷുറൻസ് കമ്പനിയും. നേഴ്സ് വന്ന് എന്റെ പേര് വിളിച്ചു.

“സുഫിയാൻ.”
“ഡിസ്ചാർജ് സമ്മറി ആയിട്ടുണ്ട്. മരുന്ന് ഇവിടെ നിന്നും വാങ്ങുന്നുണ്ടോ?”
ഞാൻ പറഞ്ഞു.
“അതെ ഇവിടെന്ന് തന്നെ വാങ്ങാം”

നേഴ്സ് എല്ലാം വിശദമായി പറഞ്ഞ് തന്നു.

“രാത്രിയിൽ കഴിക്കാനുള്ള ഞരമ്പിന്റെ മരുന്ന് ഒരു കാരണവശാലും മുട

ക്കം വരുത്തരുത്. ഡോക്ടറെ അടുത്തതവണ കാണാനുള്ള അപ്പോയിന്റ്മെന്റ് ഡേറ്റ് ബുക്ക് ചെയ്തിട്ടുണ്ട്"

വിവരങ്ങൾ പറഞ്ഞതിനുശേഷം അവർ പോയി.

ഞാനും ഉമ്മയും അവിടെയുണ്ടായിരുന്ന ഞങ്ങളുടെ പാത്രങ്ങളും വസ്ത്രങ്ങളും പുതപ്പുമൊക്കെ എടുത്ത് പുറത്തിറങ്ങി. യൂബർ ബുക്ക് ചെയ്ത് കാറിൽ കയറി തിരികെ വീട്ടിലേക്ക് പുറപ്പെട്ടു.

വെണ്ടുരുത്തി പാലത്തിൽ പതിവില്ലാത്ത ഗതാഗതകുരുക്ക് തോന്നി. മിക്കവാറും ദിവസങ്ങളിൽ ഞാനിത് അനുഭവിക്കാറുള്ളതാണെങ്കിലും ഇന്ന് എന്തോ പ്രത്യേകത തോന്നി. ഹോസ്പിറ്റലിൽ കിടന്നപ്പോഴേക്കും മാനസികനില വേറെതരത്തിലയെന്ന് ഒരു തോന്നൽ.

വീട്ടിൽ എത്തി. ഇനിമുതൽ ഞാനുറങ്ങുക ഞാനും ഭാര്യയും കുട്ടികളും ഉറങ്ങിയ റൂമിൽ ആയിരിക്കില്ല. വീട്ടിൽ ആകെ രണ്ടു റൂമുകളായിരുന്നു. ഒന്നിൽ ഉമ്മ തനിച്ചാണ്. വാപ്പ മരിച്ചിട്ട് 18 വർഷമായി. മറ്റേ റൂമിൽ ആയിരുന്നു ഞങ്ങൾ നാലുപേരും കിടന്നിരുന്നത്. ഉമ്മ ഹാളിലും ഞാൻ തനിയെ ഉമ്മയുടെ റൂമിലുമായി കിടക്കേണ്ടിവരും. എന്റെ സൗകര്യത്തിനു വേണ്ടിയാണ് അങ്ങനെ ചെയ്തത്. പക്ഷേ, എന്നെ ഡിസ്ചാർജ് ചെയ്തത് ഇന്നാണല്ലോ! ഇന്നൊരു ശനിയാഴ്ചയാണ്. തിങ്കളാഴ്ച രാവിലെ എന്നെ ആയുർവേദ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യും. അതിനു വേണ്ടി അവളും ഇക്കയും ചെന്ന് സംസാരിച്ച് എല്ലാം തയ്യാറാക്കിയിട്ടുണ്ട്.

വീട്ടിലാണെങ്കിൽ എന്നെ കാണാൻ വരുന്നവരുടെ ബഹളമായിരുന്നു. എനിക്കാണെങ്കിൽ വേദന കൊണ്ട് വരുന്നവരോട് സംസാരിക്കാനും പറ്റുന്നുണ്ടായിരുന്നില്ല. രാത്രി ഞാൻ ഉറങ്ങാൻ കിടന്നു. വലതുവശം ചേർന്ന് അങ്ങനെ കിടന്നുറങ്ങി. ഇടയ്ക്കിടെ തലകറക്കം അനുഭവപ്പെടുന്നുണ്ട്. തലകറക്കം വരുമ്പോൾ തന്നെ അടുത്തുള്ള കസേരയിലോ ബെഡ്ഡിലോ ഇരിക്കാറാണ് പതിവ്. രാവിലെ എണീറ്റു.

മകൾക്ക് വെക്കേഷൻ ആയതുകൊണ്ട് അതൊരു ആശ്വാസമായി. അല്ലെങ്കിൽ അതൊരു അസൗകര്യമാകുമായിരുന്നു. വെസ്റ്റേൺ വസ്ത്രങ്ങളുടെ ഒരു കടയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതായിരുന്നു കുടുംബത്തിന്റെയും എന്റെയും ഏക വരുമാനമാർഗ്ഗം. പെൺകുട്ടികളുടെ വസ്ത്രങ്ങൾ ബോംബെയിൽ നിന്നും കൊണ്ടുവന്ന് കച്ചവടം ചെയ്യുന്ന ഒരു ചെറിയ കട. പക്ഷേ, ഇനി എന്തായിരിക്കും അവസ്ഥ എന്നൊക്കെ ആലോചിച്ച് നല്ല ടെൻഷൻ ഉണ്ട്.

ഇന്ന് ഞായറാഴ്ച ആയതുകൊണ്ട് തന്നെ ഒരുപാട് അതിഥികൾ വീട്ടിൽ വരുന്നുണ്ട്. എല്ലാവർക്കും അറിയേണ്ടത് ഈ അസുഖം എങ്ങനെയാണ് വന്നതെന്നാണ്. കാരണം, അവർക്കും ഇതുപോലെ വന്നാലോ! എന്നൊരു ചിന്തയാണ് എല്ലാർക്കും. ലക്ഷണങ്ങളൊക്കെ ചോദിച്ചറിയുമ്പോൾ ചിലർ പറയുന്നത്

"ഇതേ ലക്ഷണങ്ങൾ അവർക്കുമുണ്ടല്ലോ! അപ്പോൾ അവർക്കും വരുമായിരിക്കുമല്ലെ"

ഈ ആശങ്കയാണ് വന്നവരെല്ലാവരും പങ്കുവെച്ചത്. ഇന്നത്തെ മലയാളിയുടെ ജീവിതസാഹചര്യമനുസരിച്ച് ലോകത്തെ ഒട്ടുമിക്ക പ്രധാന അസുഖങ്ങളും ഒരു ശരാശരി മലയാളിക്കുണ്ടെന്നുള്ളത് ചെറിയ കാര്യമല്ല. രാത്രി ഏറെ വൈകി നോൺവെജ് കഴിക്കുന്നതാണ് ഇത്തരം അസുഖങ്ങൾ

വന്നുകൂടാനുള്ള കാരണമെന്ന് പൊതുവെ പറയാറുണ്ട്. ചിലപ്പോൾ ശരി യായിരിക്കാം. എന്തായാലും അസുഖങ്ങൾ എല്ലാവർക്കും കലശലായി വരുന്നുണ്ട്. വൈകുന്നേരമായപ്പോൾ ഉമ്മയുടെ സഹോദരൻ വന്നു; അദ്ദേഹത്തെ ഞാൻ ചെറുപ്പം മുതലേ മാമാ എന്നാണ് വിളിക്കുന്നത്.

"തലകറക്കം വരുന്നത് പ്രത്യേകം ശ്രദ്ധിക്കണം"
എന്നും പറഞ്ഞു പോയി.

വന്നവരെല്ലാവരും പെട്ടെന്ന് അസുഖം മാറും, അല്ലാഹുവിനോട് പ്രാർത്ഥിക്കാം, ദ്വാരക്കാം എന്നൊക്കെ പറഞ്ഞാണ് പോയത്.
ഏറ്റവും അടുത്ത സുഹൃത്തുക്കളിൽ ഒരാളായ അഡ്വക്കേറ്റ് ജനാർദ്ദന ഷേണായ്. കാണാൻ വന്നിരുന്നു. അവന്റെ തിരക്കുകൾക്കിടയിലും എന്നോട് സംസാരിക്കാനും ഉപദേശങ്ങൾ തരാനും സമയം കണ്ടെത്തി. പോർച്ചുഗീസുകാരുടെ ഉപദ്രവത്തെ തുടർന്ന് ഇന്നത്തെ ഗോവ അടങ്ങുന്ന പ്രദേശത്തു നിന്നും കൊച്ചിയിലേക്ക് വന്ന കൊങ്കണി സംസാരിക്കുന്ന ഗൗഡസാരസ്വത് ബ്രാഹ്മണ വിഭാഗത്തിലെ ഷേണായ് സർനെയിം ഉള്ള കുടുംബാംഗങ്ങളിൽ ഒരാളാണ്. മലയാളം നല്ലപോലെ അറിയാം, പക്ഷേ അവരുടെ മാതൃഭാഷായായ കൊങ്കണിയിലാണ് ഇവർ അന്യോന്യം സംസാരിക്കുന്നത്.
കുറച്ചുനേരത്തെ വിശേഷം പറച്ചിലിന് ഒടുവിൽ അവൻ പോയി. ഞാൻ ഉറങ്ങാൻ കിടന്നു. ചെറിയ തലകറക്കം ഉണ്ടായിരുന്നെങ്കിലും കണ്ണുകളടച്ച് ഉറങ്ങാൻ പാകത്തിൽ കിടന്നു.

എന്റെ മനസ്സിൽ ഒരുപാട് കാര്യങ്ങൾ വന്നു. സ്കൂൾകാലം, സുഹൃത്തുക്കൾ, ചരിത്രസ്മാരകങ്ങൾ, നാല് കിലോമീറ്റർ ചുറ്റളവിലുള്ള കൊച്ചിയെന്ന ഈ ഭൂപ്രദേശം അധിനിവേശശക്തികൾക്ക് എന്നും ഇമ്പം ആയിരുന്നു. 'ലിറ്റിൽ ലിസ്ബൺ' എന്നാണ് ഈ നഗരത്തെ ഒരുകാലത്ത് അറിയപ്പെട്ടിരുന്നത്. ഈ നഗരത്തിൽ ജനിച്ചതും. ജീവിക്കാൻ കഴിയുന്നതും ഒരു ഭാഗ്യമായി തന്നെയാണ് കണക്കാക്കുന്നത്. അഞ്ഞൂറ് വർഷത്തെ വാമൊഴി-ചരിത്രരേഖകൾ അടങ്ങുന്നൊരു നഗരം കൂടിയാണ്. ഞാൻ പതിയെ ഉറങ്ങാൻ തുടങ്ങി. സ്വപ്നങ്ങളിൽ ഈ നഗരമാകെ ചുറ്റി. പക്ഷേ, ഞാൻ കാണുന്ന കെട്ടിടങ്ങൾ യഥാർത്ഥത്തിൽ അതാത് സ്ഥലങ്ങളിലല്ല എന്ന് മാത്രം. രാവിലെ എണീറ്റു. ആയുർവേദ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യാൻ പോകാൻ റെഡിയായി.

ഞാനും ഭാര്യയും കൂടി ഓട്ടോ കയറാൻ റോഡിലേക്ക് നടന്നു. വീട്ടിൽ നിന്നും മെയിൻ റോഡിലേക്ക് ഏതാണ്ട് 50 മീറ്റർ ദൂരം ഉണ്ട്. കട്ട വിരിച്ച ഇടവഴിയാണ്. ഓട്ടോറിക്ഷ വീടിന് മുമ്പിൽവരെ വരുമെങ്കിലും കിട്ടാൻ വലിയ പ്രയാസമാണ്. റോഡിൽ എത്തിയപ്പോൾ തന്നെ ഓട്ടോറിക്ഷ കിട്ടി.
"ചേട്ടാ, വെളി ആയുർവേദ ഹോസ്പിറ്റൽ"

ഓട്ടോറിക്ഷക്കാരൻ കുറച്ചു സ്പീഡിലാണ് വണ്ടി എടുത്തത്. ഉടനെ പറഞ്ഞു.
"ചേട്ടാ, ഒന്ന് പതുക്കെ പോകണേ... എനിക്ക് സുഖമില്ലാത്തതാണ്"

പിന്നീട് അദ്ദേഹം വളരെ പതുക്കെയാണ് വണ്ടിയെടുത്തത്. രോഗികളുടെ വേദന തിരിച്ചറിയുന്ന ആളായിരിക്കാം. ഹോസ്പിറ്റലിൽ എത്തി. ഡോക്ടർ വന്നതേയുള്ളൂ, രോഗികൾ ആരുമില്ലായിരുന്നു. ഡോക്ടർ ചോദിച്ചു.

“ആ... സുഫിയാനെ, ഇപ്പോൾ എങ്ങനെയുണ്ട്. കുറവുണ്ടോ? ഇംഗ്ലീഷ് മരുന്നൊക്കെ കാണട്ടെ”
ഭാര്യ ഉടനെ അതൊക്കെ എടുത്ത് കൊടുത്തു.
മരുന്നൊക്കെ നോക്കുന്നതിനിടയിൽ ഡോക്ടർ ഭാര്യയോട് .
“എന്താണ് പേര്?”
“ഷാഹിന”
“ഇവന്, ഈ അസുഖം എന്താണ് ഇത്രയും കാലം കൊണ്ട് നടന്നത്... നിങ്ങൾ ശ്രദ്ധിച്ചിരുന്നില്ലേ”?
ഭാര്യ ചിരിച്ചു.
“ശ്രദ്ധിക്കാറൊക്കെയുണ്ട്. വേദനയുണ്ടാകുമ്പോൾ എവിടെന്നെങ്കിലും വല്ല പെയിൻ കില്ലർ കൊണ്ടുവരും. അല്ലെങ്കിൽ ഇതുപോലെ ആയുർവേദ ഹോസ്പിറ്റലിൽ പോയി മരുന്ന് വാങ്ങി കൊണ്ടുവരും. കുറച്ചുദിവസം കഴിയുമ്പോൾ വേദന മാറിയെന്ന് പറയും. കൂടുതലായി ഒന്നും ചോദിക്കാൻ പാടില്ല, വലിയ ദേഷ്യക്കാരനാണ്”

എന്നെ ചെറുതായൊന്ന് ഇടങ്കണ്ണിട്ട് നോക്കി, കിട്ടിയ അവസരത്തിൽ അല്ലേ പാര വെക്കാൻ പറ്റൂ.

“സുഫിയാനെ, ആദ്യം ഏഴു ദിവസം പൊടികിഴി ചെയ്യാം. ചെറിയ വേദന സഹിക്കേണ്ടിവരും. എന്നാലല്ലേ ഇത് പൂർണ്ണമായി മാറ്റാൻ പറ്റു. പേവാർഡ് ആയതുകൊണ്ട് ഭക്ഷണം നിങ്ങൾ കൊണ്ടുവരേണ്ടിവരും. അതുപോലെ മരുന്നൊക്കെ പുറത്തുനിന്ന് വാങ്ങണം. കിഴിവെക്കാനുള്ള സാധനങ്ങൾ ചീട്ടെഴുതി തരാം. അത് വാങ്ങി നഴ്സിനെ ഏൽപ്പിച്ചാൽ മതി. നേഴ്സിന്റെ അടുത്തേക്ക് പൊയ്ക്കോളൂ.”

ഡോക്ടർ ഇരിക്കുന്ന കെട്ടിടത്തിന്റെ തൊട്ടടുത്ത കെട്ടിടമാണ് കിടപ്പുരോഗികളുടേത്. മഴമരങ്ങൾ തണലേകുന്ന രണ്ടുനിലകെട്ടിടം. മഴമരങ്ങളാൽ ചുറ്റപ്പെട്ടതാണ് ഈ പ്രദേശം മുഴുവൻ. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ നാച്ചുറൽ ക്രിസ്മസ് ട്രീ ഈ മഴമരങ്ങളിലൊന്നിലാണ് സ്ഥിരമായി സ്ഥാപിക്കാറുള്ളത്. ഈ മഴമരങ്ങളുടെ ഉത്ഭവസ്ഥലം മെക്സിക്കോ യാണ്. ‘സമാനിയാസമൻ’ എന്നാണ് ബൊട്ടാണിക്കൽ നാമം. ഡച്ചുകാരാണ് ഇതിനെ ഇവിടെ കൊണ്ടുവന്നത്. കൊച്ചിയിലെ ഡച്ച് അധിനിവേശം പൂക്കളുടെ കാലം കൂടിയായിരുന്നു.

ദൂരെനിന്ന് നോക്കിയാൽ ഒരു കുട നിവർത്തിയാൽ എങ്ങനെയിരിക്കും, അതുപോലെയാണ് ഈ മരത്തിന്റെ ആകൃതി. ഇതിന്റെ പൂവിനെ വിശേഷിപ്പിക്കുന്നത് അപ്പൂപ്പൻതാടി പോലെയെന്നാണ്.

സ്കൂൾ കാലത്ത് ഇതിന്റെ പൂക്കൾ ഒരുപാട് പെറുക്കിയിട്ടുണ്ട്. അന്നൊക്കെ. ഇതിന്റെ പൂവിനോടും ഇലയോടുമൊക്കെ ഒരു പ്രത്യേക സ്നേഹം ആയിരുന്നു. ഹോസ്പിറ്റലിന് ചുറ്റും ഒരുപാട് ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുണ്ട്. ഒറ്റനോട്ടത്തിൽ ഞാനുൾപ്പെടെയുള്ള നഗരവാസികൾക്ക് അത് മനസ്സിലാക്കാൻ കുറച്ച് ബുദ്ധിമുട്ടാണ്. അത് കാരണം ട്രീഗാർഡ് വെച്ച് ഒരു തകരയിൽ പേരെഴുതി ഫിറ്റ് ചെയ്തിട്ടുണ്ട്. പക്ഷെ ചിലതിന്റെ പേരൊക്കെ എനിക്കറിയാമായിരുന്നു. ആവണക്ക്, എരിക്ക്, ഇലഞ്ഞി, സർവ്വസുഗന്ധി, പുളി, അങ്ങനെ...

രണ്ടുനില ഐപി ബ്ലോക്കിൽ അടിയിൽ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും പ്രത്യേക വാർഡുകളാണ്. ജനറൽ വാർഡാണ്. പേവാർഡ് മുകളിലാണ്. ജനറൽ വാർഡിൽ 6 ബെഡുകൾ വീതം ഉണ്ട്. കൂട്ടിരിപ്പുകാർക്ക് കട്ടിലില്ല. അടുത്തായി തന്നെയാണ് സ്ത്രീകളുടെ വാർഡും. പക്ഷെ അതിന് പ്രത്യേകം വാതിലും സംവിധാനവും ഒരുക്കിയിട്ടുണ്ട്. സ്ത്രീകളുടെ വാർഡിന്റെ അടുത്തായയാണ് നേഴ്സിന്റെ മുറിയും.

നേഴ്സിനെ കണ്ടു. എന്റെ പേര് ചോദിച്ചു.

“സുഫിയാൻ”ഞാൻ പറഞ്ഞു.

തിരികെ നഴ്സിന്റെ പേര് ചോദിച്ചു

“ആനി”

ഒറ്റവാക്കിൽ അവർ പേര് പറഞ്ഞുനിർത്തി.

“ട്രീറ്റ്മെന്റ് സമയത്ത് കൂട്ടിരിപ്പുകാർ കൂടെ വേണം. അതും നിലം തുടക്കാനും, എണ്ണത്തോണി വൃത്തിയാക്കാനുമൊക്കെ കൂടെ ആളുവേണം. ട്രീറ്റ്മെന്റിനുശേഷം, രോഗി ഒരുമണിക്കൂർ പുതച്ചു കിടക്കണം, ഫാൻ ഇടാതെ. നാഗരാദ് ചൂർണ്ണം ഒന്നരമണിക്കൂർ ദേഹത്ത് നീരുള്ള ഭാഗത്ത് പുരട്ടണം. അതിനുശേഷം ചൂടുവെള്ളത്തിൽ കുളിക്കണം. ഇന്നിപ്പോൾ ട്രീറ്റ്മെന്റ് നേരം വൈകും. നാളെ മുതൽ രാവിലെ പത്തുമണിക്ക് തയ്യാറായിരിക്കണം. രാവിലെ ആറുമണിക്ക് എണീറ്റതിനുശേഷം, പല്ലുതേച്ച് പ്രഭാതകർത്തവ്യങ്ങളൊക്കെ നിർവഹിച്ച്, കാപ്പിയൊക്കെ കുടിച്ച് റെഡിയായിരിക്കണം. കിഴിപിടിക്കാൻ വരുന്ന തെറാപ്പിസ്റ്റ്, അശ്വന്ത് വരുമ്പോഴേക്കും റെഡിയായിരിക്കണം.”

വളരെ ഗൗരവത്തോടെയാണ് അവർ സംസാരിച്ചത്. അശ്വന്ത് ദിവസവേതന ജീവനക്കാരനാണ്. പൊതുവെ നമ്മുടെ നാട്ടിലെ സർക്കാർ ആശുപത്രികളിലെ നേഴ്സുമാരൊക്കെ ഇങ്ങനെ തന്നെയാണെന്ന തോന്നലുമെനിക്കുണ്ട്. അതോടൊപ്പം മുകളിലാണ് റൂമെന്നും അങ്ങോട്ട് പൊയ്ക്കോ എന്നും അവർ പറഞ്ഞു.

മുകളിലേക്ക് നടന്നു, കൂടെ അവളും.

## ഭാഗം രണ്ട്

റൂമിൽ,

വീട്ടിലെ റൂമിനേക്കാൾ വലുതല്ലെങ്കിലും ശരാശരി റൂമായിരുന്നു. എന്റേത് കൂടാതെ ബൈസ്റ്റാന്റർന് കിടക്കാനായി ഒരു ബെഡ് കൂടിയുണ്ട്. റൂമിന്റെ ഒരുഭാഗത്തെ ജനാല തുറന്നാൽ വെളിഗ്രൗണ്ട് കാണാം. മറുഭാഗത്തെ ജനാല തുറന്നാൽ സെമിത്തേരിയും. പൊതുവെ സെമിത്തേരി ഭാഗത്തെ ജനാല തുറക്കാറില്ലന്നാണ് എനിക്ക് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. ഞാൻ തുറന്നിട്ടു. സെമിത്തേരി ഭാഗത്തെ ജനാലയുടെ തൊട്ടടുത്തായി ഒരു മേശയുണ്ട്. വെളിഭാഗത്തെ ജനാലയുടെ അടുത്തായി ഒരു കസേരയും.

“നീ പൊയ്ക്കോ വീട്ടിൽ പിള്ളേര് ഒറ്റക്കല്ലേ” ഞാൻ ഷാഹിനയോട് പറഞ്ഞു.
“ഉമ്മ ഉണ്ടല്ലോ പിന്നെന്താ കുഴപ്പം? ഞാൻ കുറച്ചു നേരം കൂടി ഇരിക്കാം.”
“സാരമില്ല. അതിഥിക്ക് പാല് കൊടുക്കാനുള്ളതല്ലേ”

ഇളയ മകളാണ് അതിഥി. മൂത്തവൾ നളന്ദ. സമുദായത്തിനിടയിൽ വലിയ അമർഷമുണ്ടെങ്കിലും ഞാനത് കാര്യമാക്കി എടുത്തില്ല. അറബിപ്പേര് തന്നെ ഇടണമെന്ന് നിർബന്ധമൊന്നുമില്ലല്ലോ! മലയാള പേരുകൾക്കും അർത്ഥമുണ്ട്. അറബി പേരുകൾക്ക് മലയാളത്തിൽ അർത്ഥം പറഞ്ഞു കൊടുക്കുന്നതിനേക്കാൾ നല്ലത് അതാണെന്ന് തോന്നി. മൂത്ത മകളുടെ പേര് പണ്ടത്തെ ഒരു സർവ്വകലാശാലയുടെ പേരാണ്. ഇളയ മകളുടെ പേര് അടുത്തകാലത്ത് വായിച്ച കഥയിലെ കഥാപാത്രത്തിന്റെയും.
പോകാൻ നേരം അവൾ സങ്കടത്തോടെ നോക്കി.

“പോട്ടെ, ട്രീറ്റ്മെന്റിന് പോകുന്നതിനു മുമ്പ് ഇക്കാക്കയെ വിളിച്ചാൽ മതി”.

(എന്റെ സഹോദരനെ അവൾ വിളിക്കുന്നത് ഇക്കാക്ക എന്നാണ്)

"ഇക്കാക്ക വരാമെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോഴേക്കും ഉച്ചഭക്ഷണവും കൊടുത്തുവിടാം. വെണ്ടക്ക തോരനും, ചോറും മോരുകറിയും മതിയില്ലേ? പഥ്യം ഉണ്ടോ എന്ന് ഡോക്ടർറോട് ചോദിച്ചപ്പോൾ യാതൊരു കാരണവശാലും നോൺവെജ് കൊടുക്കരുതെന്നാണ് പറഞ്ഞത്. ഒരുകണക്കിന് നന്നായി. രാത്രികാലങ്ങളിലുള്ള നിങ്ങളുടെ ചിക്കൻതീറ്റ അവസാനിക്കുമല്ലോ! ട്രീറ്റ്മെന്റ് കഴിഞ്ഞിറങ്ങുമ്പോഴേക്കും ബോഡി കുറച്ചു ഉഷാറാകും എന്നാണ് എനിക്ക് തോന്നുന്നത്".

അവൾ പോയി. പോകുന്നത് വെളിഭാഗത്തുള്ള ജനാല തുറന്നാൽ എനിക്ക് കാണാമായിരുന്നു. എന്റെ ആക്ടീവയാണ് അവളോടിക്കുന്നത്. അവൾക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ട്. അവളെ വണ്ടിയോടിക്കാൻ പഠിപ്പിക്കാൻ ആദ്യം ഞാനാണ് ശ്രമിച്ചത്. പക്ഷേ ക്ഷമ ഇല്ലാത്തതുകൊണ്ട് ചെറിയ തെറ്റുകളെ പോലും ഞാൻ ചീത്ത പറയുന്നതു കാരണം അവൾ ഡ്രൈവിംഗ് സ്കൂളിൽ പോയാണ് പഠിച്ചത്.

പക്ഷേ ഇപ്പോൾ അത് ഓർക്കുമ്പോൾ കുറ്റബോധമുണ്ട്. എന്റെ കാര്യത്തിൽ ഉൾപ്പെടെ അവളാണല്ലോ വണ്ടിയോടിച്ച് വരുന്നത്. ക്ഷമ ഞാൻ ശീലിക്കേണ്ടിയിരിക്കുന്നു. പൊതുവെ എല്ലാ മനുഷ്യരും സമ്പത്തും ആരോഗ്യവും കയ്യിലുണ്ടെങ്കിൽ കുറച്ചൊക്കെ അഹങ്കാരി ആയിരിക്കും. പെട്ടെന്നൊന്നു വീണാൽ തീരാവുന്നതേയുള്ളൂ ഈ അഹങ്കാരം എന്ന് ആരും ചിന്തിക്കാറില്ല. പക്ഷേ, ക്ഷമയുള്ളവർ ധീരന്മാരാണെന്നാണ് ഞാൻ കേട്ടിട്ടുള്ളത്.

അവൾ പോയതിനു ശേഷം ഞാൻ അശ്വന്തിനെ കാത്തിരുന്നു. ബെഡിൽ ഒന്ന് കിടന്നുനോക്കി. ബെഡിന് സാധാരണ കട്ടിലുകളെക്കാൾ കുറച്ചുയരക്കൂടുതലുണ്ട്. എങ്കിലും കിടക്കാൻ കുഴപ്പമില്ലായിരുന്നു. ഞാൻ റൂമിൽ വെറുതെ അങ്ങോട്ടുമിങ്ങോട്ടും നടന്നുനോക്കി. അപ്പോഴേക്കും അശ്വന്ത് വന്നു. കറുത്ത്തടിച്ച, സാമാന്യം ഉയരമുള്ള പ്രകൃതം. കരുത്തനാണ്. കൈകൊണ്ട് എന്നോട് ട്രീറ്റ്മെന്റ് റൂമിലേക്ക് വരാൻ ആംഗ്യം കാണിച്ചു. തൊട്ടടുത്താണ് ട്രീറ്റ്മെന്റ് റൂം. ഞാൻ ട്രീറ്റ്മെന്റ് റൂമിലേക്ക് ചെന്നു.

"കിഴിയിടാനുള്ള സാധനങ്ങൾ വാങ്ങിയില്ലേ അതെവിടെ?"

അപ്പോഴാണ് ഓർത്തത്. അത് അവൾ വാങ്ങിക്കൊണ്ടുവന്ന് വെച്ചിട്ടുണ്ടായിരുന്നു. രണ്ട് പാക്കറ്റ് പൊടി, ഒരു മീറ്റർ കോറത്തുണി, അത് കെട്ടാൻ രണ്ടു മീറ്റർ ചരട്. പിന്നെ എന്റെ ഒരു പഴയ മുണ്ട് കീറി നാല് കഷണങ്ങളാക്കി വെച്ചതും. ഞാനതെടുത്ത് അശ്വന്തിന് കൊടുത്തു.

എന്നോട് ആ എണ്ണത്തോണിയിൽ കിടക്കാൻ പറഞ്ഞു. കിടക്കുന്നതിനു മുന്നേ, ഷർട്ടും മുണ്ടും മാറ്റാൻ പറഞ്ഞിരുന്നു. പൂർണ്ണ നഗ്നനല്ലങ്കിലും അണ്ടർവെയർ മാത്രമാണ് ഞാൻ ധരിച്ചിരുന്നത്.

"നാളെ മുതൽ ലങ്കോട്ടി കെട്ടണം അണ്ടർവെയർ പറ്റില്ല"

ലങ്കോട്ടി അണ്ടർവെയറിനു പകരം ആളുകൾ പണ്ട് ഉപയോഗിച്ചിരുന്നതാണ്. കോണകം എന്നൊക്കെ പറയാറുണ്ട്. മുൻഭാഗം മാത്രമേ കൃത്യമായി മറയുകയുള്ളൂ, പുറകിലെ ഭാഗം മറയില്ല. ഞാൻ കമഴ്ന്ന് കിടന്നു. അശ്വന്ത് കഴുത്ത് ചെരിച്ചു വെക്കാൻ പറഞ്ഞിരുന്നു. ചെറിയ വേദനയുണ്ടെ

ങ്കിലും അങ്ങനെ ചെയ്തു. അതിനുശേഷം നന്നായി ചൂടാക്കി ഓരോ കിഴിയും എന്റെ പുറകിലായി പിടിക്കാൻ തുടങ്ങി. കിഴിപിടിക്കുക എന്ന് പറഞ്ഞാൽ ചെറിയ വാക്കാവും. നല്ല ഇടിയിടിക്കുക എന്നതാണ് ശരി. ഏതാണ്ട് ഒരു മുക്കാൽ മണിക്കൂർ ഇത് ആവർത്തിച്ചുകൊണ്ടിരുന്നു.
"ചേട്ടൻ വരാമെന്നാണ് പറഞ്ഞിരുന്നത്, പക്ഷേ, അവൻ എത്തിയിട്ടില്ല. ഇപ്പോൾ വിളിക്കട്ടെ?"
"ഇന്ന് വേണമെന്നില്ല. ഇത് ചെയ്തു കഴിയുമ്പോൾ ഇവിടെയൊക്കെ വൃത്തിയാക്കാനാണ്. പക്ഷെ ഇന്നതിന്റെ ആവശ്യമില്ല. എണ്ണകിഴി വരുമ്പോൾ എന്തായാലും വേണ്ടിവരും"

പൊടിക്കിഴി കഴിഞ്ഞാണ് എണ്ണകിഴി, കിഴിപിടിച്ചുകൊണ്ടിരുന്നപ്പോൾ കമഴ്ന്നുകിടന്ന എന്നോട് മലർന്നുകിടക്കാൻ പറഞ്ഞിരുന്നു. മലർന്നു കിടന്നാലും കിഴിപിടിത്തം. പക്ഷേ, കമഴ്ന്നു കിടന്നപ്പോൾ ചെയ്തിരുന്നത്ര സമയം മലർന്നു കിടന്നപ്പോൾ ചെയ്തില്ല.

"അശ്വന്ത്, ഇതൊക്കെ ചെയ്താൽ പെട്ടെന്ന് മാറോ"?
"മാറും, തന്നിരിക്കുന്ന മരുന്നും പഥ്യവും സൂക്ഷിച്ച് ട്രീറ്റ്മെന്റ് നല്ല രീതിയിൽ ചെയ്താമതി. ഇതൊക്കെ മാറും. ഞങ്ങൾ എത്ര പേരെയാണ് ഇവിടെ എല്ലാ ദിവസവും ഇതൊക്കെ ചെയ്യുന്നത്. ആരോഗ്യരംഗത്തെ ഏറ്റവും പ്രാചീനമായ ചികിത്സാരീതിയല്ലേ ആയുർവേദം. പിന്നെന്താ, കുറച്ച് ക്ഷമ വേണം. നീർക്കെട്ട് പോയാൽ തന്നെ വേദന മാറും. പിന്നീട് നീർക്കെട്ട് വരാതെ നോക്കിയാൽ മതി."
അശ്വന്ത് കുറേക്കൂടി എനിക്ക് ആത്മവിശ്വാസം പകർന്നു.
"ട്രീറ്റ്മെന്റ് കഴിഞ്ഞു ചേട്ടൻ ഇനി റൂമിലേക്ക് പോയ്ക്കോ, പോകുമ്പോൾ ഈ കിഴി കൂടി കൊണ്ടുപോയ്ക്കോ. നാളെ ട്രീറ്റ്മെന്റ് റൂമിലേക്ക് വരുമ്പോൾ കിഴി കൊണ്ടെന്നാൽ മതി. ഏഴു ദിവസമാണ് കിഴി പറഞ്ഞിരിക്കുന്നത്. നാലുദിവസം കഴിയുമ്പോൾ കിഴി മാറ്റണം. ഇപ്പോൾ വാങ്ങിയ സാധനങ്ങൾ അപ്പോഴും വാങ്ങണം"

റൂമിലേക്ക് നടന്നു. കുറച്ച് ആശ്വാസം തോന്നി. പൊടി കുറുക്കി ദേഹത്ത് പുരട്ടണം. ഇക്കയെ വിളിക്കാമെന്ന് കരുതിയപ്പോഴാണ് ഇക്ക ഭക്ഷണം കൊണ്ട് കയറിവന്നത്.

"നീ എന്താണ് വിളിക്കാതിരുന്നത്?. അവൾ പറഞ്ഞിരുന്നുവല്ലോ ട്രീറ്റ്മെന്റിന് മുമ്പായി നീ വിളിക്കുമെന്ന്."- ഇക്ക ചോദിച്ചു.
"വിളിക്കുന്നതിന് മുന്നേ അശ്വന്ത് വന്നു. മാത്രമല്ല ഇന്ന് കുഴപ്പമില്ല. എണ്ണകിഴി പിടിക്കുമ്പോൾ ആളുണ്ടായാൽ മതിയെന്ന് പറഞ്ഞിരുന്നു. അതാണ് വിളിക്കാതിരുന്നത്."

കൊണ്ട് വന്ന ഭക്ഷണം വെച്ചതിനുശേഷം അവനെന്നോട് കിടക്കാൻ പറഞ്ഞു. പൊടിയിടാനുള്ള കുറുക്ക് തയ്യാറാക്കാൻ അവൻ പോയി. ഞങ്ങൾ ചെറുപ്പം മുതലേ നല്ല കൂട്ടാണ്. ചേട്ടനും അനിയനും എന്നതിനേക്കാളുപരി നല്ല സുഹൃത്തുക്കളായാണ് വളർന്നത്. അൻഫാസ് എന്നാണവന്റ പേര്.
എനിക്ക് ഒരു മണിക്കൂറോളം പുതച്ചു കിടക്കണമെന്നുള്ളതുകൊണ്ട് ഞാൻ

കിടന്നു. പൊടിയിട്ട് ഒന്നര മണിക്കൂറിനുശേഷം ചൂടുവെള്ളത്തിൽ കുളിക്കണം. പുതച്ചുമൂടി കിടക്കുന്ന സമയം അവൻ എന്റെ അടുത്ത് കസേരയിൽ ഇരുന്നു.

“വെല്ലുപ്പ ഇവിടെ കിടന്നിട്ടുണ്ട് നിനക്ക് ഓർമ്മയുണ്ടോ”? അൻഫാസ് ചോദിച്ചു.
“ഇല്ല, എപ്പോ?”
“നീയും ഞാനുമൊക്കെ ചെറുതായിരുന്നപ്പോൾ... അന്ന് ഈ ഹോസ്പിറ്റൽ ഇങ്ങനെയൊന്നുമല്ലായിരുന്നു. ഒരിക്കൽ ഞാൻ വന്നിട്ടുണ്ട്. ഇവിടെ പേടിപ്പിക്കുന്ന ഒരുപാട് കഥകളുണ്ടെന്ന് മാമ പറയുമായിരുന്നു. അന്ന് എല്ലാരും സൈക്കിൾ ചവിട്ടിയല്ലേ വരുന്നത്. സ്ട്രീറ്റ്ലൈറ്റില്ല. നിറയെ മരങ്ങൾ, ഇതിനു തൊട്ടടുത്തായി രണ്ടുമൂന്നു സെമിത്തേരികൾ. 500വർഷം പഴക്കമുള്ള സെമിത്തേരിയാണ് ഇതിന്റെ വലതുവശത്തുള്ളത്. ഈ റൂമിന്റെ ഇടതുവശത്തായി കാണുന്നത് കണ്ടില്ലേ... അത് വലിയൊരു സെമിത്തേരിയാണ്. 300വർഷം അതിനും പഴക്കമുണ്ട്. ദാ ഈ ഹോസ്പിറ്റലിന്റെ പുറക് വശത്ത് കണ്ടില്ലേ... അത് ചുടുകാട് ആണ്.! ശവം കത്തിക്കുന്നത് അവിടെയാ. മുൻപ് അത് കുറച്ച് ദൂരെയായിരുന്നു. നേവിക്കുവേണ്ടി സ്ഥലമെടുത്തപ്പോൾ അത് ഇങ്ങോട്ട് മാറ്റി. വാപ്പ ഒരുദിവസം ആരെയോ കണ്ട് പേടിച്ചിട്ട് രാത്രി വീട്ടിൽ വന്നിട്ടുണ്ട്.”

വല്യപ്പയെ വാപ്പ എന്നാണ് ചെറുപ്പം മുതലേ വിളിക്കാറുണ്ടായിരുന്നത്. വല്ലിപ്പ എന്നുള്ളത് ഉമ്മയുടെ വാപ്പയാണ്. ഉമ്മയുടെ വാപ്പയും എന്റെ വാപ്പയും മരിച്ചത് ഏതാണ്ട് പതിനഞ്ച് ദിവസത്തെ വ്യത്യാസത്തിൽ ആയിരുന്നു.

“കണ്ട് പേടിച്ചു എന്ന് പറഞ്ഞത് പ്രേതത്തെ കണ്ട് പേടിച്ചു എന്നാണോ?”

“അല്ലാതെ മനുഷ്യന്മാരെ കണ്ട് പേടിക്കേണ്ട കാര്യമെന്തിരിക്കുന്നു. പ്രത്യേകിച്ച് വാപ്പയെ പോലെ തെക്കൻ കളരിയൊക്കെ അഭ്യസിച്ചിട്ടുള്ള ഒരാൾ.!”

കൊച്ചിയിൽ വടക്കൻ കളരി അഭ്യാസിച്ചവരും, തെക്കൻ കളരി അഭ്യസിച്ചവരുമുണ്ട്. കാരണം കൊച്ചിയിൽ മലബാറിൽ നിന്നും തിരുവിതാംകൂറിൽ നിന്നുമൊക്കെ ആളുകൾ വന്നു ചേക്കേറിയിട്ടുണ്ടല്ലോ.

“എന്നിട്ട് വാപ്പ ആ ട്രീറ്റ്മെന്റ് അവസാനിപ്പിച്ചോ?”

“ഏയ് വാപ്പ എവിടെ അവസാനിപ്പിക്കാൻ, വാപ്പ രാവിലെ വന്നു വീണ്ടും അഡ്മിറ്റ് ചെയ്തു, പത്തു ദിവസം കഴിഞ്ഞപ്പോൾ പിന്നെ വീട്ടിലേക്ക് വന്നു ട്രീറ്റ്മെന്റ് കഴിഞ്ഞെന്ന് പറഞ്ഞു.”

“നീ ഇതും പറഞ്ഞ് പേടിപ്പിക്കാനാണോ വന്നത്. അല്ലേൽ തന്നെ ഞാൻ ഒറ്റക്കാണ് കിടക്കുന്നതെന്ന് നിനക്കറിയില്ലേ?”
കുറച്ചു നീരസത്തോടെയാണ് ഞാനത് പറഞ്ഞത്.

അൻഫാസ് ചിരിച്ചുകൊണ്ട്തലതാഴ്ത്തി.

“നിനക്കിപ്പോഴും, ഈ പ്രേതം, അന്ധവിശ്വാസകഥകളിലൊക്കെ വിശ്വാസമുണ്ടോ? ഒരുപാട് ചരിത്രപുസ്തകങ്ങളും ശാസ്ത്രബുക്കുകളും പുരോഗമന ചിന്താഗതികളുള്ള ആളുകളുടെ പുസ്തകങ്ങളുമൊക്കെ വായിച്ചിട്ടും നീ ഈ പ്രേതവും മണ്ണാങ്കട്ടയുമൊക്കെ വിശ്വസിക്കുന്നുണ്ടോ? അല്ല, നിനക്ക് പേടിയാണെങ്കിൽ ഞാൻ കൂട്ടുകിടക്കാം, എനിക്ക് വിരോധമൊന്നുമില്ല. നീ ആ വീട് കണ്ടില്ലേ...”
സെമിത്തേരിയുടെ അപ്പുറത്തെ വലിയ ബംഗ്ലാവ് ചൂണ്ടിക്കാണിച്ചുകൊണ്ട് എന്നോട് അവൻ ചോദിച്ചു.
“ആ വീട്ടിൽ രണ്ട് ഷിഫ്റ്റായി, രണ്ട് സെക്യൂരിറ്റി ജീവനക്കാരുണ്ട്. കെന്നഡി വില്ല.. അങ്ങേര് 30 വർഷം ഗൾഫിലും 10 വർഷം അമേരിക്കയിലുമായി കഷ്ടപ്പെട്ട് ഉണ്ടാക്കിയെടുത്തതാണ് ആ വീട്. അദ്ദേഹത്തിനെ കബറടക്കിയത് ഇതിന്റെ തൊട്ടപ്പുറത്തുള്ള സെമിത്തേരിയിലാണ്. ആളുകൾ പറയുമായിരുന്നു. ആ വീടിന് കാവലായി കെന്നഡിച്ചേട്ടനുണ്ടാകുമെന്ന്. ആ സെക്യൂരിറ്റിക്കാരെ സമ്മതിക്കേണ്ടേ. രാവും പകലും രണ്ട് ഷിഫ്റ്റിൽ മാറിമാറി ജോലി എടുക്കുന്നവരാണ്. എന്റെ അറിവിൽ ഏതാണ്ട് ആറ് വർഷമായി കാണും അവർ അവിടെ പണിയെടുക്കുന്നത്. ഇന്നുവരെ അവരൊരു ഭൂതത്തെയോ പിശാചിനെയോ കണ്ടതായി അവരാരോടും പറഞ്ഞിട്ടില്ല. അവരാണെങ്കിലോ ഒട്ടും മദ്യപിക്കാത്ത രണ്ടുപേർ.”

സാധാരണ നൈറ്റ് ഷിഫ്റ്റ് ഡ്യൂട്ടിക്ക് നിൽക്കുന്നവർ മദ്യപിച്ചിട്ടാണ് നിൽക്കുന്നതെന്നൊരു അപശ്രുതി ഉണ്ടല്ലോ. വെള്ളമടിക്കാർക്ക് ഒന്നിനെയും പേടിയില്ല പോലും. പകുതി ബോധത്തിലാണ് നടക്കുന്നതെന്നും നാട്ടിൽ പരക്കെയൊരു സംസാരമുള്ളത് കൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് എനിക്ക് മനസ്സിലായി. ഞങ്ങളുടെ വാപ്പയും മുഴുക്കുടിയനായിരുന്നു. പണ്ട് കുടിച്ചുവന്ന് വെള്ള വസ്ത്രം ധരിച്ചുനിന്ന ഒരു മനുഷ്യനെ നോക്കി തെറി പറഞ്ഞു പോയി. പിറ്റേന്ന് രാവിലെ ആരോ വന്നു പറഞ്ഞു. രാത്രിയിൽ കരിമ്പാടത്തിന്റെ അടുത്ത് നിന്ന മൊയ്തുണ്ണി ഹാജിയുടെ പ്രേതത്തെ നോക്കിയാണ് ഗഫാർ ചീത്ത പറഞ്ഞതെന്ന്.

ബോധം വന്നപ്പോൾ വാപ്പ ഇതറിഞ്ഞു. പിന്നീട് രണ്ടു ദിവസത്തേക്ക് മദ്യപിച്ചുമില്ല. പുറത്തേക്കിറങ്ങിയതുമില്ല.

“നിനക്ക് കുറച്ചെങ്കിലും പേടിയുണ്ടെങ്കിൽ ഞാൻ കൂടെ നിൽക്കാം. എനിക്ക് പ്രശ്നമൊന്നുമില്ല”
പുറത്ത് മരുന്നിട്ടു തരുന്നതിന്റെ ഇടയിലായിരുന്നു അവനത് പറഞ്ഞത്.

നേരിയ ചൂടിലാണ് മരുന്ന് പുറത്തിടുക. അത് ഫാൻ ഇടാതെ തന്നെ, ഉണങ്ങിയാൽ ചാണകം ഉണങ്ങിയ പരുവത്തിൽ എടുക്കാൻ പറ്റും. പിന്നീട് ചൂടുവെള്ളം ഒഴിച്ച് കഴുകിക്കളയണം. ചൂടുവെള്ളത്തിൽ കുളിച്ചതിനുശേഷമേ ഭക്ഷണം കഴിക്കാൻ പാടുള്ളൂ. രണ്ടു മണിക്കൂർ കഴിഞ്ഞ് ഞാൻ കുളിക്കാൻ പോയി വന്നപ്പോഴേക്കും ഏതാണ്ട് നാലുമണിയായി.

വല്ലാതെ വിശക്കുന്നുണ്ടായിരുന്നു. കുളിച്ചു വന്നയുടനെ ഞാൻ തൂക്കുപാത്രത്തിൽ നിന്നും ചോറും പ്ലാസ്റ്റിക്ക് പാത്രത്തിൽ നിന്നുള്ള വെണ്ടക്കത്തോരനും, മോരുകറി ഉണ്ടായിരുന്നില്ല പകരം സാമ്പാറായിരുന്നു, അതും കൂടി കഴിച്ചു. നല്ല വിശപ്പുണ്ടായിരുന്നത് കൊണ്ട് ആഹാരത്തിന് നല്ല രുചിയുമുണ്ടായിരുന്നു.

ഭക്ഷണം കഴിച്ച ശേഷം ഞാൻ പാത്രം കഴുകി മേശപ്പുറത്ത് വെച്ചു. കുറെനേരമായി ഞാൻ വായിക്കാൻ കൊണ്ടുവന്നുവെച്ച 'ലന്തൻ ബത്തേരി യിലെ ലുത്തീനിയകൾ' എന്ന എൻ. എസ്സ് മാധവന്റെ പുസ്തകം വായിച്ചു കൊണ്ടിരിക്കുകയായിരുന്നു അൻഫാസ്. ഒരു പുസ്തകം വായിക്കാൻ കൈ യിലെടുത്താൽ അത് പെട്ടെന്ന് വായിച്ചു തീർക്കും. അതോടൊപ്പം വായിച്ച കാര്യങ്ങളൊക്കെ മനസ്സിൽ അങ്ങനെ നിൽക്കും. ഒരു പ്രത്യേക കഴിവുള്ള വനാണവൻ.

ഞാനൊക്കെ പുസ്തകം വായിച്ചാൽ എന്തെങ്കിലും ഒരു സംശയം തോന്നിയാൽ ഉടനെ പേജ് മറിച്ച് ആദ്യം മുതൽ വായിക്കുന്ന ഒരു ശീലമു ണ്ട്. അതുകൊണ്ടുതന്നെ നാലോ അഞ്ചോ മണിക്കൂർ കൊണ്ട് വായിച്ചു തീർ ക്കേണ്ട ഒരു ചെറു പുസ്തകം ഒരു ദിവസമെങ്കിലും എടുക്കും വായിച്ചു തീർ ക്കാൻ.

കഴിഞ്ഞ ദിവസം ജനാർദ്ദന ഷേണായ് കാണാൻ വന്നപ്പോൾ 'ഖ സാക്കിന്റെ ഇതിഹാസം' കൊണ്ടുവന്ന് തരാമെന്ന് പറഞ്ഞിരുന്നു. പക്ഷെ ഒ വി വിജയന്റെ ഈ പുസ്തകം ഞാൻ രണ്ടു തവണ വായിച്ചിട്ടുണ്ട്. പാലക്കാ ടൻ ചുരത്തിന്റെ താഴ്‌വരയിലെ ഒരു ഗ്രാമമാണ് ഖസാക്കിന്റെ ഭൂമിക. അ ക്കാലത്ത് പാലക്കാടൻ കാറ്റ് ചൂളം കുത്തുന്ന കരിമ്പനകൾ നിറഞ്ഞ, അപ രിഷ്കൃതമായ റാവുത്തന്മാരും തീയ്യൻമാരും തിങ്ങിപാർക്കുന്ന ഒരു ഗ്രാമ ത്തെയാണ് സൂചിപ്പിക്കുന്നത്. സർക്കാരിന്റെ സാക്ഷരതാ പരിപാടിയിൽ ഏ കാധ്യാപക വിദ്യാശാലയിൽ അധ്യാപകനായി എത്തുന്ന രവി, ചിതലി മല യുടെ മിന്നാരങ്ങളിൽ കണ്ണുംനട്ട് കിടക്കുന്ന ഷെയ്ക്കിന്റെ കല്ലറയിലും രാ ജാവിന്റെ പള്ളിയിലും അറബി കുളത്തിലും ചരിത്രങ്ങളും മിത്തുകളും ഒളി പ്പിച്ച ഒരു പ്രാചീന ഗ്രാമം. കുറെയധികം മനുഷ്യരുടെ ജീവിതങ്ങളിലൂടെ യാണ് കഥ സഞ്ചരിക്കുന്നത്. നാഗരിക സംസ്കൃതിയുടെ ഭാഗമായ വിദ്യാ ലയം ആരംഭിച്ചതോടുകൂടി കുട്ടികളെല്ലാം അതിൽ ചേരുകയും, നാട്ടിലെ ഓത്തുപള്ളിയും മത പുരോഹിതനുമായ അള്ളാപിച്ചമൊല്ലാക്ക നടത്തിയ മദ്രസയും പൂട്ടുകയും പിന്നീട്, അള്ളാപിച്ചമൊല്ലാക്ക രവിയുടെ വിദ്യാലയ ത്തിലെ തൂപ്പുകാരനായി ജോലിക്ക് കയറുന്നതുമൊക്കെ മൂന്നാമത് ഒരാളാ യി ഞാൻ നോക്കി കണ്ടിരുന്നു.

നാട്ടിൽ ഒരു വിപ്ലവകാരി പിറക്കുന്നത് എങ്ങനെയാണെന്ന് വളരെ ലളിതമായി നൈജാമലിയിലൂടെ ഒ.വി. വിജയൻ കാണിച്ചു തന്നിട്ടുണ്ട് ആ പുസ്തകത്തിൽ. അള്ളാപിച്ചമൊല്ലാക്കയുടെ വളർത്തു മകനാണ് നൈജാമ ലി. അള്ളപിച്ചമൊല്ലാക്കയുടെ മകൾ സുന്ദരിയായിരുന്ന മൈമുനയെ നൈ ജാമലി പ്രണയിക്കുന്നു. പക്ഷേ, മൊല്ലാക്ക മൈമുനയേക്കാൾ ഒരുപാട് പ്രാ യക്കൂടുതലുള്ള രണ്ടാം കെട്ടുകാരനായ ചുക്രൂറാവുത്തർക്ക് (മുങ്ങാങ്കോഴി) കെട്ടിച്ചുകൊടുക്കുന്നു.

എന്നാൽ കഥയുടെ വർത്തമാനകാലം ഇതേ നൈജാമലി മതപുരാ ഹിതനായ 'ഖാളി'യാണ്.കഥ തീരുന്നിടത്ത് രവി മാത്രമല്ല മനസ്സിൽ തങ്ങി നിൽക്കുക,രവിക്ക് മനസ്സും ശരീരവും അർപ്പിച്ച പത്മ ഒരു തീരാനൊമ്പരമാ യി മനസ്സിലുണ്ടാകും. രവിയുടെ അഭിനിവേശത്തിൽ രതിയിൽ ഏർപ്പെടുന്ന മൈമൂനയും കേശിയെയുമൊക്കെ, ഒരിക്കലെങ്കിലും കണ്ടിരുന്നെങ്കിൽ എ ന്ന് തോന്നൽ ഉണ്ടാകും.

അപ്പുക്കിളിയെയും നൈജാമലിയെയും കുഞ്ഞാമിനെയെയും പള്ളി യും കുളവും കരിമ്പനയുമൊക്കെ കാണണമെന്ന് വല്ലാത്ത ആഗ്രഹം മന

സ്സിൽ തങ്ങിനിൽക്കും. അങ്ങനെ തങ്ങിയതിന്റെ തോന്നലിൽ ആയിരുന്നു പുസ്തകം രണ്ടാമത് വായിച്ച് തീർന്ന പിറ്റേന്ന് രാവിലെ തന്നെ, കൂട്ടുകാരുമൊത്ത് പാലക്കാടിലെ കണ്ണാടിക്കടുത്തുള്ള തസ്രാക്ക് എന്ന ഗ്രാമത്തിലേക്ക് യാത്ര പുറപ്പെട്ടത്.

മൈമൂന ജീവിച്ചിരിപ്പുണ്ടായിരുന്നു. പക്ഷേ കഥയിലെ മൈമൂനയുമായി ഒരുപാട് വ്യത്യാസമുണ്ടായിരുന്നു. അവർക്ക് എന്റെ വെല്ലുമ്മയേക്കാൾ പ്രായമുണ്ടായിരുന്നു. സമയം വളരെ പെട്ടെന്ന് കടന്നുപോയി. സന്ധ്യയായിരിക്കുന്നു. ഏഴുമണിക്ക് ഹോസ്പിറ്റലിന്റെ ഗേറ്റടക്കും.

അൻഫാസ് അപ്പോഴും ബുക്ക് വായിച്ച് തീർന്നില്ലായിരുന്നു. വാച്ച്മാൻ വന്നു പറഞ്ഞപ്പോഴാണ് അവനിറങ്ങാൻ തുടങ്ങിയത്. പോകാൻ നേരം പറഞ്ഞു.

“നാളെ രാവിലെ വരാം, എന്തെങ്കിലുമുണ്ടെങ്കിൽ വിളിച്ചാൽ മതി”

ഞാനൊന്നും മിണ്ടിയില്ല. തലയാട്ടി. അൻഫാസ് പോയതിനുശേഷം ഞാൻ വായിച്ചു കഴിഞ്ഞ പുസ്തകങ്ങളിലെ കഥാപാത്രങ്ങളിലേക്ക് ഇറങ്ങിച്ചെന്നു. കഥാസന്ദർഭങ്ങൾ, ഭൂമിക... ഇതൊക്കെ എന്റെ മനസ്സിൽ തളംകെട്ടിക്കിടന്നു. അല്ലേലും മനുഷ്യൻ ഒറ്റക്കായിരിക്കുമ്പോളാണ് ആലോചിക്കാൻ കൂടുതൽ സമയം കണ്ടെത്തുന്നത്.

സ്കൂൾ കാലത്ത് വിൻസെന്റ് എന്നൊരു കൂട്ടുകാരൻ എന്നോട് പറഞ്ഞത് ഓർമ്മവന്നു. ഐസക് ന്യൂട്ടൺ ഒറ്റയ്ക്കിരിക്കുമ്പോൾ തലയിൽ ആപ്പിൾ വീണത് കൊണ്ടാണ് അതിനെപ്പറ്റി ആലോചിച്ചതും ഗുരുത്വാകർഷണം കണ്ടുപിടിക്കാൻ ഇടയായതെന്നും. കൂടെ, രണ്ടു മൂന്നുപേര് ഉണ്ടായിരുന്നെങ്കിൽ, അപ്പോൾ തന്നെ അത് മുറിച്ച്കഴിച്ച് ഈ പ്രശ്നങ്ങളൊന്നും ഉണ്ടാവില്ലായിരുന്നെന്ന്. നമ്മൾ അത് പഠിക്കാത്തതിന്റെ പേരിൽ വെറുതെ ഇപ്പോൾ ടീച്ചറുടെ തല്ലു കൊള്ളേണ്ടി വരില്ലായിരുന്നെന്ന്. ഒരർത്ഥത്തിൽ അത് ശരിയാണെന്ന് എനിക്കും തോന്നിയിരുന്നു.

എല്ലാവരും ലൈറ്റണച്ചു. വെളിഗ്രൗണ്ടിൽ മാത്രം ലൈറ്റ് ഓണായി കിടന്നു. രാത്രിയിലും ആളുകൾ കൂട്ടംകൂടിയിരുന്നു.

ഉറങ്ങാൻ തോന്നിയില്ല, ബഷീറിന്റെ ‘പ്രേമലേഖനവും’ എൻഎസ് മാധവന്റെ ‘ലന്തൻ ബത്തേരിയിലെ ലുത്തീനിയകളും’ ഉണ്ടായിരുന്നു. ബഷീറിന്റെ ഏതാണ്ടെല്ലാ പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. ഒരിക്കൽ കോഴിക്കോട് പോയപ്പോൾ ബേപ്പൂരുള്ള ബഷീറിന്റെ വീട് സന്ദർശിച്ചു. പക്ഷേ, പേരക്കുട്ടിയെ അല്ലാതെ മറ്റാരെയും കണ്ടില്ല.

ബഷീർ കുറച്ചു കാലം കൊച്ചിയിൽ താമസിച്ചിരുന്നുവെന്നും അത് കോമ്പാറ മുക്കിന്റെ അടുത്തായുള്ള ഒരു വീട്ടിലാണെന്നും. ആരോ പറഞ്ഞുകേട്ടിട്ടുണ്ട്. ഉറൂബ് എന്ന പിസി കുട്ടികൃഷ്ണനും ഇതേ സ്ഥലത്ത് താമസിച്ചെന്നും കേട്ടിട്ടുണ്ട്.

ഒരുകാലത്ത് മുച്ചീട്ടുകാരുടെയും കള്ളുവാറ്റുകാരുടെയും കേന്ദ്രമായിരുന്നു ഈ പ്രദേശം. കൂലിത്തല്ലുകാരുടെയും റൗഡികളുടെയും കൊലപാതകികളുടെയുമൊക്കെ വിഹാരകേന്ദ്രമായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് കപ്പലിന്റെ പ്രൊപ്പല്ലർ അടിച്ചുമാറ്റികൊണ്ടുവന്ന് വിറ്റിട്ടുണ്ട്.

കാലങ്ങൾക്കപ്പുറം രാഷ്ട്രീയപാർട്ടികളുടെ ഇടപെടലിനെ തുടർന്നാണ് പ്രദേശത്തിൽ വലിയ മാറ്റമുണ്ടായത്. ഒരുപക്ഷേ,ബഷീറിന്റെ ‘മുച്ചീട്ടു

കളിക്കാരന്റെ മകൾ' ഇവിടെ താമസിച്ചപ്പോൾ ഉണ്ടായ കഥാഖ്യായികയാകാൻ സാധ്യതയുണ്ട്.

മലയാറ്റൂർ രാമകൃഷ്ണൻ കൊച്ചി സബ്ബ് കളക്ടർ ആയിരുന്നപ്പോൾ ഈ പ്രദേശത്ത് താമസിച്ചതായും കേട്ടറിവുണ്ട്. 'പ്രേമലേഖനം' ഞാൻ നേരത്തെ ഒരു തവണ വായിച്ചതാണ്. സാറാമ്മയും കേശവൻ നായരും അവരുടെ പ്രണയമൊക്കെ എനിക്ക് വലിയ ഇഷ്ടമാണ്. സോമൻ-സ്നേഹ കൂട്ടുകെട്ട് അഭിനയിച്ച പ്രേമലേഖനം എന്ന സിനിമ കണ്ടിട്ടുമുണ്ട്. ഹാസ്യാത്മകമായി ചിത്രീകരിക്കപ്പെട്ട ഒരു പ്രേമകഥയാണ് പ്രേമലേഖനം എന്നു പറയാം.

രസകരമായ സംഭാഷണങ്ങളിലൂടെ ബഷീർ യാഥാസ്ഥിതികതയെയും സ്ത്രീധന സമ്പ്രദായത്തെയും കണക്കറ്റു പരിഹസിക്കുന്നുണ്ട്. 1940കളിലെ കേരളമാണ്. നാട്ടിൽ നിലനിന്നിരുന്ന സ്ത്രീധന സമ്പ്രദായത്തെ കളിയാക്കുക എന്നതും മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിയ്ക്കുക എന്നതുമാണ് കഥയുടെ പ്രധാന ഉള്ളടക്കം.

സാറാമ്മ വിദ്യാസമ്പന്നയും തൊഴിൽരഹിതയുമാണ്. നല്ലൊരു ജോലിയാണ് സാറാമ്മയുടെ ലക്ഷ്യം. കേശവൻ നായർ തന്റെ കത്തിലൂടെ സാറാമ്മയ്ക്ക് ഒരു ജോലി നിർദ്ദേശിയ്ക്കുന്നു. തന്നെ പ്രേമിയ്ക്കുക.! ഇതിനു നിശ്ചിതമായ മാസശമ്പളവും കൊടുക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ട്. കഥയുടെ അവസാനം സാറാമ്മയും കേശവൻ നായരും ഒളിച്ചോടി പോകുന്നു.

രാജ്യദ്രോഹപരമായ ഒന്നും തന്നെ ഈ പുസ്തകത്തിൽ ഉണ്ടായിരുന്നില്ലെങ്കിൽ കൂടി 1944 ൽ ഈ പുസ്തകം നിരോധിക്കപ്പെടുകയും പുസ്തകത്തിന്റെ കോപ്പികൾ കണ്ടുകെട്ടുകയുമുണ്ടായെന്ന് കേട്ടിട്ടുണ്ട്.

കസേരയിലിരുന്ന് പുസ്തകം വായിച്ചുകൊണ്ടിരുന്നപ്പോൾ. എനിക്ക് അതേ തലകറക്കം ഉണ്ടായി. പതുക്കെ എണീറ്റു കട്ടിലിൽ വന്നു കിടന്നു. വലത്തേക്ക് ചെരിഞ്ഞതും അഗാധമായ ഒരു കൊക്കയിലേക്ക് വീഴുന്നതുപോലെ എനിക്ക് തോന്നി. കുറേയടി താഴ്ചയിലേക്ക് പോയതിനുശേഷം, സാവധാനം ഒരു ഓളപ്പരപ്പിൽ കിടക്കുന്നതുപോലെ... എങ്ങോട്ടെന്നില്ലാതെ ഒരു ദിക്കിലേക്ക് യാത്ര ചെയ്യുന്നതുപോലെ...

പക്ഷെ,ഹൃദയമിടിപ്പിൽ വലിയ വ്യത്യാസം തോന്നിയില്ലെങ്കിലും കൈകാലുകളൊക്കെ സാധാരണനിലയെക്കാൾ കൂടുതൽ തണുപ്പ് അനുഭവിക്കുന്നത് പോലെ...

ഒരു വല്ലാത്ത സുഖം... ഊട്ടിയിൽ പൂളിൽ ഇറങ്ങി കേറിയപ്പോൾ ഉണ്ടായ അതേ അനുഭൂതി... തണുപ്പും ചൂടും കൂടിക്കലർന്നൊരു സുഖം. ഉറങ്ങാൻ നല്ല രസമുണ്ടായിരുന്നു. വാട്ടർ ബെഡ്ഡിലൊക്കെ കിടക്കുന്ന പോലെയുള്ള ഒരു അനുഭൂതി.

മൊത്തം ഇരുട്ട്. വെളിച്ചമോ ആളുകളോ ഇല്ല. അങ്ങിങ്ങായി ചുവന്നവിളക്കുകൾ കത്തുന്നതുപോലെ തോന്നുന്നു. സുഖനിദ്ര...

ആകാശത്തിലൂടെ പറന്നു പോകുന്നതുപോലെ എന്റെ ശരീരത്തിന് ഒട്ടുംതന്നെ ഭാരമില്ലാത്ത അവസ്ഥ ...

## ഭാഗം മൂന്ന്

കണ്ണിൽ എന്തോ വെളിച്ചം തട്ടുന്നത് പോലെ തോന്നിയാണ് കണ്ണുതുറന്നത്. നേരം വെളുക്കുന്നതേയുള്ളൂ. ഞാൻ ബെഡ്ഡിൽ നിന്നും പതുക്കെ എണീറ്റു. നോക്കുമ്പോൾ കസേരയിൽ ഒരാളിരിക്കുന്നു. ഡാർക്ക് നേവി ബ്ലൂ കളർ കോട്ടാണ് അദ്ദേഹം ധരിച്ചിരിക്കുന്നത് വെളുത്ത മുഖം, കണ്ണിലൊക്കെ പ്രകാശം, പുരികവും മുടിയും ഒക്കെ ചെമ്പിച്ച കളർ, സിനിമയിലൊക്കെ കാണുന്ന പോലെയുള്ള അതേ സായിപ്പ് തന്നെ. അദ്ദേഹം എന്നെ സൂക്ഷിച്ചു നോക്കുകയാണ്. കട്ടിലിൽ നിന്നും എണീറ്റ് ഇറങ്ങി ഓടണമെന്ന് തോന്നിപ്പോയി. പക്ഷേ ഞാൻ കുറച്ചുകൂടി ധൈര്യത്തോടെ അദ്ദേഹത്തോട് ചോദിച്ചു.

“ആരാണ്?”

ഉത്തരമില്ലാതായപ്പോൾ ഞാൻ വീണ്ടും ചോദിച്ചു.

“ആരാണ്? എന്തിനാണ് എന്റെ മുറിയിലെ കസേരയിൽ വന്നിരിക്കുന്നത്?”
അദ്ദേഹം സംസാരിച്ചു തുടങ്ങി.
“നിങ്ങളുടെ മുറിയോ? അങ്ങനെ ഒരു വാദം തന്നെ തെറ്റല്ലേ? നിങ്ങളിത് ഉപയോഗിക്കുന്നു എന്ന് മാത്രം. നിങ്ങൾക്ക് മുന്നേ എത്രപേർ ഉപയോഗിച്ചു. നിങ്ങൾ ഇവിടുന്ന് പോകുന്ന പക്ഷം ഇനി എത്രയോ പേർ ഉപയോഗിക്കും!?”

അദ്ദേഹം സംസാരിക്കുമ്പോൾ. ഞാൻ അദ്ദേഹത്തിന്റെ ചുണ്ടിലേക്കാണ് നോക്കിയത്. ചുണ്ട് അനങ്ങുന്നുണ്ടായിരുന്നില്ല. കണ്ണുകൾ ഇ

മവെട്ടാതെയാണ് അദ്ദേഹം നോക്കിക്കൊണ്ടിരുന്നത്. ശ്വാസമെടുക്കുന്നതിന്റെ ലക്ഷണങ്ങൾ കാണിച്ചിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ ആ മറുപടിയിലൂടെ എന്റെ പേടി പോയി. ഞാൻ സാധാരണഗതിയിൽ ഇരുന്നു. എന്റെ ഇടതു ഭാഗം ചരിച്ചു കൊണ്ട് അദ്ദേഹത്തോട് വീണ്ടും ചോദിച്ചു,

"പൂട്ടിയിട്ട മുറിയിൽ, താങ്കളെങ്ങിനെ അകത്തു കയറി, അതുകൊണ്ട് ചോദിച്ചതാണ്."

അദ്ദേഹം ഡോറിന്റെ ഭാഗത്തേക്ക് നോക്കി. അവിടെ അങ്ങനെ ഒരു ഡോർ പോലുമില്ല. മുകളിലത്തെ നിലയിൽ പതിമൂന്നാം നമ്പർ മുറിയിൽ അല്ലേ ഞാൻ കിടന്നത്! ഇപ്പോൾ ഞാൻ താഴത്തെ നിലയിൽ ആയല്ലോ ഇതെങ്ങനെ സംഭവിച്ചു.?

"താങ്കളുടെ പേര് എന്നോട് പറയാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ പറയണ്ട"
"എന്റെ പേര് നുനോ ആലുവരെസ് ബോട്ടലഹോ"
ഞാൻ ചെറുതായൊന്ന് ഞെട്ടി. അദ്ദേഹത്തിന്റെ പേര് ഒരുതവണ കൂടി ചോദിക്കണമെന്ന് തോന്നി. പക്ഷെ അദ്ദേഹം ആവർത്തിച്ചു.

"നുനോ ആലുവരെസ് ബോട്ടലഹോ"

എനിക്ക് ആ പേര് മനസ്സിലായി.

"താങ്കൾ ഏതു നാട്ടുകാരനാണ്?"

അദ്ദേഹം തുടർന്നു.
"ഞാൻ പോർച്ചുഗീസുകാരനാണ്, പോർച്ചുഗൽ രാജാവിന്റെ അധീനതയിലായിരുന്ന അസ്വാരസ് ദ്വീപിലാണ് ഞാൻ ജനിച്ചത്. പിന്നീട് എന്റെ കുടുംബം കേപ്പ് വർദയിലേക്ക് പോയി. എന്റെ പിതാമഹൻ, പെദ്രോ അൽവാരെസ് കബ്രാളുമൊത്ത്. ബ്രസീൽ കണ്ടുപിടിച്ചതിനു ശേഷം ഇന്ത്യയിലേക്ക് വരികയാണുണ്ടായത്. കോഴിക്കോട് സാമൂതിരിയുമായി ഉടക്കിയതിനു ശേഷം, അറബിക്കപ്പലുകൾക്ക് തീയിട്ട് യുദ്ധസമാനമായ അന്തരീക്ഷം സൃഷ്ടിച്ചാണ് അദ്ദേഹം കൊച്ചിയിലേക്ക് വന്നത്. കബ്രാളിന്റെ സംഘത്തിനൊപ്പം കൊച്ചിയിൽ എത്തിച്ചേർന്ന ആദ്യ യൂറോപ്യൻമാരിൽ ഒരാൾ എന്റെ പിതാമഹനാണ്."
"പക്ഷേ ഞാൻ താങ്കളുടെ ഈ പേര് കേട്ടിട്ടുണ്ടല്ലോ?"
ഞാൻ കണ്ണുകളടച്ച് ആലോചിച്ചു എന്റെ ഓർമ്മയിൽ ചില കാര്യങ്ങൾ വന്നു.
"അതെ, ഓർമ്മ വന്നു. എ.ഡി. 1630 ഏപ്രിൽ മാസം അഞ്ചാം തീയതി മുതൽ മെയ് മാസം അഞ്ചാം തീയതി വരെ നീണ്ടുനിന്ന പോർച്ചുഗീസ് -ഡച്ചുയുദ്ധം 'ജാമ്പി യുദ്ധം' ആ യുദ്ധത്തിൽ പോർച്ചുഗീസ് കപ്പൽപടയെ നയിച്ചത് താങ്കളായിരുന്നില്ലേ? ഇൻഡോനേഷ്യയിൽ നടന്ന ഈ യുദ്ധത്തിൽ താങ്കൾ കൊല്ലപ്പെട്ടു എന്നാണല്ലോ ഞാൻ പഠിച്ചിട്ടുള്ളത്. 'നുനോ അൽവരെസ് ബോട്ടലഹോ' അതെ വ്യക്തി തന്നെയാണോ താങ്കൾ?"

അദ്ദേഹം അതിനെപറ്റി ഒന്നും മിണ്ടാതെ എന്നോട് പറഞ്ഞു.

“നമുക്കൊന്ന് നടന്നാലോ?”

ഞാൻ എണീറ്റു അദ്ദേഹത്തെ അനുഗമിച്ചു. മുറിയിൽ നിന്നും പുറത്തേക്കിറങ്ങി. ഹോസ്പിറ്റലിന്റെ രൂപം ആകെ മാറിയിരിക്കുന്നു. അങ്ങിങ്ങായി കുറച്ച് തെങ്ങുകളുണ്ട്. വിശാലമായ ഒരു പ്രദേശം. ഞാൻ തിരിഞ്ഞു നോക്കി. ഹോസ്പിറ്റൽ കാണുന്നില്ല. ഞാൻ അത്ഭുതത്തോടെ അങ്ങനെ നിന്നു.

ബോട്ടലഹോ എന്നോട് അനുഗമിക്കാൻ ആവശ്യപ്പെട്ടു. ഞാൻ ഒന്നുകൂടി കണ്ണുകളടച്ച് രണ്ട്ചുവട് മുന്നോട്ട് നടന്നതിനുശേഷം വീണ്ടും കണ്ണ്തുറന്നപ്പോൾ എനിക്കെല്ലാം കാണാൻ തുടങ്ങി. മഴമരങ്ങളും റോഡും എല്ലാം...

ബോട്ടലഹോ എന്നെക്കാളും ഒന്നരടി ഉയരമുണ്ടെന്ന് എനിക്ക് തോന്നിയിരുന്നു. നടക്കുന്നതുകൊണ്ട് തോന്നിയതായിരിക്കാം. ഒരു വളവ് തിരിഞ്ഞ് ഇടത്തോട്ടുള്ള റോഡിൽ എത്തിയപ്പോൾ അത്ഭുതം തോന്നി. എന്റെ മുന്നിൽ കാണുന്നത് പരേഡ് ഗ്രൗണ്ട് ആണ്. പരേഡ് ഗ്രൗണ്ടിന്റെ ഇടതുവശം ചേർന്ന് ബിഷപ്പ് ഹൗസിനു മുന്നിലുള്ള കെട്ടിടത്തിന് അരികിൽ ബോട്ടേലഹോ നിന്നു.

“ഇതായിരുന്നു മലബാറിലെ അവസാന പോർട്ടുഗീസ് കമാണ്ടർ ജനറലിന്റെ ഔദ്യോഗിക വസതി.”

ഞാൻ വീണ്ടും കണ്ണുകളടച്ച് തുറന്നു. ബിഷപ്പ് ഹൗസ് ഇല്ല. ഒരു വലിയ മൈതാനം അങ്ങിങ്ങായി ചെറിയ, ചെറിയ പട്ടാള ക്യാമ്പുകൾ. ഒന്നുകൂടി കണ്ണടച്ച് തുറന്നുനോക്കി. വിശാലമായ ഒരു ബംഗ്ലാവ് എന്റെ മുന്നിൽ. മരം കൊണ്ടു നിർമ്മിച്ച വലിയൊരു കവാടം. രണ്ടുനില കെട്ടിടം മുകളിൽ നിന്നു നോക്കിയാൽ ചുറ്റും കാണാൻ പാകത്തിലാണ് കെട്ടിടത്തിന്റെ നിർമ്മിതി. ഒരു വടിയും കുത്തി ഒരു സായിപ്പ് അവിടെ വന്ന് നിന്നു. ഉടനെ ബോട്ടലഹോ പറഞ്ഞു.

“അദ്ദേഹമാണ് മാന്വൽ മസ്കറെ ഹോംമേം, ഡച്ച്കാരുമായുള്ള യുദ്ധത്തിൽ പരാജയം ഏറ്റുവാങ്ങിയ ആൾ. ഞങ്ങളുടെ സർവ്വ സമ്പാദ്യവും ഡച്ച്കാർ തകർത്തു. ഇദ്ദേഹമാണ് പേരക്ക ഇന്ത്യയിലേക്ക് കൊണ്ടുവന്നത്. കൊച്ചിയിൽ നിന്നും ഞങ്ങൾ പേര കൊണ്ടുപോയത് ആൻഡമാൻ ദ്വീപുകളിലേക്കാണ്. പേരക്കയുടെ യഥാർത്ഥ സ്ഥലം മെക്സിക്കോയാണ്”.

ഞാൻ ചിന്തിച്ചു. ഇന്ന്ലോക വിപണിയിലെ അമ്പത്തിയാറ് ശതമാനം പേരക്കോൽപാദനവും ഇന്ത്യയിലാണ്. അതിനും കാരണക്കാർ ഇവരാണോ!?

ബോട്ടലഹോ തുടർന്നു
“പേരക്ക മാത്രമല്ല, കശുവണ്ടി, പുകയില, കൈതച്ചക്ക ഒക്കെതന്നെ ഞങ്ങളാണ് കൊണ്ടുവന്നത്. സവാള, ചാവി ഇതൊക്കെ ഞങ്ങളുടെ ഭാഷയാണ്. നിങ്ങളുടെ തീൻമേശയിലെ ഇഷ്ടഭക്ഷണമായ പുട്ട്, അപ്പം ഒക്കെ ഞങ്ങളുടെ സംഭാവനയാണ്. നിങ്ങളുടെ വൃക്ഷമായ തെങ്ങിനെ മറ്റിടങ്ങളിൽ കാർ

ഷികമായി സമ്പുഷ്ടീകരിച്ചത് ഞങ്ങളാണ്. ഇഞ്ചിയും കുരുമുളകുമടക്കം യൂറോപ്പിലും മറ്റും കാർഷികമായി സമ്പുഷ്ടീകരിക്കാൻ ഞങ്ങളാണ് കാരണമായത്"

"അതിന് നിങ്ങൾ ഞങ്ങളുടെ രാജാക്കന്മാരെ പറ്റിച്ച് ഇവിടെ നിന്നും കുറെ സാധനങ്ങൾ കൊണ്ടു പോയില്ലേ?"

ഏതൊരു സാധാരണ പാവം ഇന്ത്യക്കാരനെ പോലെ ഞാനും ചോദിച്ചു. അതെന്തോ അദ്ദേഹത്തിന് ഇഷ്ടമായില്ലെന്ന് തോന്നി. ദേഷ്യത്തോടെയുള്ള ഭാവമായിരുന്നു. നീയാരാണ് ഇതൊക്കെ ചോദിക്കാൻ എന്ന മട്ടിലാണ്. അദ്ദേഹം തുടർന്നു;

"ഞങ്ങളുടെ കച്ചവടത്തിന് പറ്റിക്കൽ എന്നൊരു രീതിയില്ല. ഞങ്ങൾ ഒരു വില പറയും. അവർക്ക് അത് ഇഷ്ടമാണെങ്കിൽ സ്വീകരിച്ചാൽ മതി. അവരതിന് തയ്യാറാണെങ്കിൽ ഞങ്ങളത് വാങ്ങും. എന്തു വിലക്ക് മറ്റുള്ളവർക്ക് വിൽക്കും എന്നുള്ള കാര്യം ഞങ്ങൾക്ക് തരുന്നവർ അറിയേണ്ടതില്ലല്ലോ!. ഇതു തന്നെയാണ് ഞങ്ങൾ ഇവിടത്തെ രാജാക്കന്മാരോടും തദ്ദേശീയരായ കച്ചവടക്കാരോടും ചെയ്തത്. ഞങ്ങൾ അങ്ങനെ കൂടിയ വിലക്ക് മറ്റു യൂറോപ്യൻ രാജ്യങ്ങളിൽ വിറ്റതിനുശേഷമാണ്. ജോൺ രാജാവും ശേഷം ഇമ്മാനുവൽ രാജാവും സമ്പന്നരായത്"

ഇത് പറഞ്ഞ് തീർന്നതും ഞങ്ങൾ നടന്ന് ഒരു വലിയ വളവ് തിരിഞ്ഞു.

ഷർട്ട് ധരിക്കാതെ മുണ്ട് മാത്രം ധരിച്ച്, തോളിൽ ഒരു തോർത്തുമുണ്ടും അരപ്പട്ട പോലെ മറ്റൊരു തോർത്തുമുടുത്ത ഒരാളെ കണ്ടു. കറുത്തതല്ലാത്ത ഒരു രൂപം. സാമാന്യവണ്ണം, ഒത്ത ശരീരം. മീശയ്ക്ക് വലിയ കട്ടിയില്ല. ചെറിയ ഒരു തലപ്പാവ് വച്ചിട്ടുണ്ട്. രാജമുദ്രപോലെ തോന്നിപ്പിക്കുന്ന എന്തോഒന്ന് അതിൽ പതിപ്പിച്ചിട്ടുണ്ട്.

ബോട്ടലോഹയെ കണ്ടപ്പോൾ അയാൾ കുമ്പിട്ട് വണങ്ങി. ഞാൻ ബോട്ടലോഹയെ നോക്കി. മറ്റെയാളെ തിരിഞ്ഞു നോക്കിയപ്പോൾ എന്നെ നോക്കി ചെറുതായൊന്ന് പുഞ്ചിരിച്ചു. സായിപ്പിന്റെ കൂടെ വന്ന ആൾ ആയത് കൊണ്ടായിരിക്കാം എനിക്ക് ചെറിയൊരു ബഹുമാനം തന്നത്. ഒരു മതിൽക്കെട്ടാണ്, ചെങ്കല്ല് കൊണ്ട് നിർമ്മിച്ചത്. ഒരുപാട് നീളമുണ്ട്. പ്രധാന കവാടത്തിനു മുന്നിലായാണ് അയാളെ കണ്ടത്.

ഞാൻ അയാളോട് പേര് ചോദിച്ചു. ഒട്ടും വിരോധം തോന്നാതെ അദ്ദേഹം അതിനു മറുപടി പറഞ്ഞു.

"ശങ്കുണ്ണിനായർ"

ഞാനാ മതിൽക്കെട്ട് സൂക്ഷിച്ചുനോക്കി. എന്തൊക്കെയോ എഴുതി വെച്ചിട്ടുണ്ട്. ഒരു വലിയ കവാടമുണ്ട്, ഏതാണ്ട് 12 അടി ഉയരം കാണും.

അദ്ദേഹം പക്ഷെ എന്റെ പേരൊന്നും ചോദിച്ചില്ല. എനിക്കായിരുന്നു ആകാംക്ഷ. ഇതാരാണെന്നും എന്താണെന്നും അറിയാനുള്ള ആഗ്രഹം.

ശങ്കുണ്ണിനായർ എനിക്ക് വഴിതെളിച്ചു. എന്നോട് ആ വലിയ മതിൽ

ക്കെട്ട് ചൂണ്ടിക്കാണിച്ചു പറഞ്ഞു;

“ഇതാണ് സായിപ്പുമാരുടെ ഹോർത്ത. മൊത്തം ആറ് കവാടങ്ങളാണ് ഇതിനുള്ളത്. പടിഞ്ഞാറെ ദിക്കിൽ ഒരെണ്ണവും കിഴക്കേ ദിക്കിൽ ഒരെണ്ണവും വടക്കും തെക്കും ദിക്കുകളിലായി രണ്ടെണ്ണം വീതവുമാണ് ഉള്ളത്. അങ്ങനെ മൊത്തം ആറെണ്ണമുണ്ട്. എല്ലായിടത്തെയും കവാടങ്ങളിൽ രണ്ടു പടയാളികൾ വീതമുണ്ട്. പടയാളികൾ ഭക്ഷണം കഴിക്കാൻ പോകുമ്പോൾ ആ കവാടത്തിന്റെ ഉത്തരവാദിത്തം എനിക്കാണ്. മൊത്തം 12 പടയാളികളുണ്ട്. ഞാനുൾപ്പെടെ 13 അംഗ സംഘമാണ് ഇത് നിയന്ത്രിക്കുന്നത്. ഇട്ടി വൈദ്യനാണ് ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം, 113 കുഞ്ചം ഭൂമിയാണ്.”

ഇട്ടി അച്ചുതൻ എന്ന വൈദ്യനെയാണ് അദ്ദേഹം ഉദ്ദേശിച്ചത് എന്നെനിക്ക് മനസ്സിലായി. ഹോർത്തൂസ് മലബാറിക്കസ്സ് രചിക്കാനുണ്ടായ സാഹചര്യവും അതിൽ പറയപ്പെടുന്ന ഉദ്യാനവും നേരിൽ കാണാൻ കഴിഞ്ഞതിലുള്ള സന്തോഷത്തിലായിരുന്നു ഞാൻ.

ഈ പുസ്തകത്തെപ്പറ്റി പഠിക്കാൻ ഒരുപാട് ശ്രമം നടത്തിയിട്ടുണ്ട്. ശരിക്കുപറഞ്ഞാൽ ആയുർവേദ ഹോസ്പിറ്റലിന്റെ എതിർവശത്തായിരുന്നു ഈ സ്ഥലം. പക്ഷേ പരേഡ് ഗ്രൗണ്ടിൽ നിന്നും ഒരു വളവ് കഴിയുമ്പോഴേക്കും ഇവിടെയെത്തുന്ന സൂത്രം എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല.

മലയാളിയായ ഇട്ടി അച്ചുതനെ കൂടാതെ കൊങ്കണി ഗൗഡസാരസ്വത് ബ്രാഹ്മണരായ അപ്പൂഭട്ട്, വിനായകപണ്ഡിറ്റ്, രംഗഭട്ട് എന്നിവരെയാണ് അന്നത്തെ ഡച്ച്മലബാർ ഗവർണർ ആയിരുന്ന വാൻ റീഡ് നിയോഗിച്ചിരുന്നത്. കൂടാതെ ഇറ്റലിയിൽ നിന്നും മത പൗരോഹിത്യത്തിനു വന്ന, വാൻ റീഡ്ന്റെ സുഹൃത്തു കൂടിയായ ഫാദർ മത്തേവൂസ്, ഉത്തരവാദിത്വം ഏറ്റെടുത്തതായി ഞാൻ വായിച്ചിട്ടുണ്ട്. വാൻ റീഡ് സ്വന്തം ഇഷ്ടപ്രകാരമാണ് ഈ ബുക്ക് പുറത്തിറക്കിയത്.

ശങ്കുണ്ണിനായർ തുടർന്നു
“ഈ ഭൂമി ഒരു നമ്പൂതിരി കുടുംബത്തിന്റേതായിരുന്നു. ഉദ്യാനത്തിനുവേണ്ടി അവരുടെ ഇല്ലം ഉൾപ്പെടെ പൊളിച്ചുകൊണ്ടുപോയി മറ്റൊരു ദിക്കിലേക്ക് മാറി താമസിക്കുകയാണുണ്ടായത്. ഇതിനപ്പുറത്തായി കാണുന്ന തെങ്ങിൻത്തോപ്പ് കടന്നാൽ ജന്മ ബാളികയുടെ പാണ്ടികശാലയാണ്. തെങ്ങിൻ തോപ്പും ഏതാണ്ട് 250 ഓളം കുഞ്ചം വരും. ഇട്ടിവൈദ്യനെ കൂടാതെ, ഗോവയിൽ നിന്നുള്ള ആ കൊങ്കിണിമാരുമുണ്ട്. അതിൽ ഒരാളിവിടെ രാജാവിന്റെ കൂട്ടാളിയായ രാമ കിണിയുടെ വീടിനടുത്താണ് താമസിക്കുന്നത്. ബാക്കി രണ്ടുപേരും മംഗലാപുരത്ത് നിന്നും വന്നവരാണ്.”

അപ്പോഴേക്കും ശങ്കുണ്ണി നായർ നടന്ന് അടുത്ത കവാടത്തിലേക്കെത്തി. അവിടെ ഞാൻ പ്രതീക്ഷിച്ചതുപോലെ അല്ലെങ്കിൽ ശങ്കുണ്ണി നായർ പറഞ്ഞതുപോലെ, പടയാളികളുണ്ടായിരുന്നില്ല.

ശങ്കുണ്ണി നായർ ആ കവാടത്തിന് മുമ്പിലായി കുറച്ചുനേരം നിന്നു. ചുറ്റും കണ്ണോടിച്ചു. എനിക്കിപ്പോൾ എന്റെ നേരെ മുമ്പിലായി വലിയ തെങ്ങിൻ തോപ്പ് കാണാമായിരുന്നു.

എന്റെ മനസ്സിൽ പുസ്തകത്തെപ്പറ്റിയുള്ള കൗതുകം വല്ലാതെ

അലയടിച്ചു കൊണ്ടിരുന്നു. ഹോർത്തുസ് മലബാറിക്കസ് ചരിത്രസംഭവമാണ്. ഇന്നത്തെ കുട്ടികൾ അത് ഓർക്കുന്നില്ലല്ലോ! 12 വാല്യങ്ങളിലായി മലബാറിലെ സസ്യജാലങ്ങളെ തരംതിരിക്കുകയും ചിത്രങ്ങൾ സഹിതം രേഖപ്പെടുത്തുകയും ചെയ്തൊരു പുസ്തകം.

വളരെ ശ്രദ്ധയോടെ രചിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ സസ്യങ്ങളുടെ ലത്തീൻ, അറബിക്, ബ്രഹ്മിൻ(ദേവനാഗരി), മലയാളം പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇട്ടി അച്ചുതൻ വൈദ്യരുടെ താളിയോലകൾ ആണ് കൂടുതലും ഇത് പ്രസിദ്ധീകരിക്കാൻ സഹായകരമായത്.

മലയാള ഭാഷാലിപി ചിത്രങ്ങളിലൂടെ ആദ്യം പ്രസിദ്ധീകരിച്ചതും ഈ പുസ്തകത്തിലായിരുന്നല്ലോ. ഈ സാഹസത്തിൽ സഹായിക്കാൻ നിരവധി വൈദ്യന്മാരും സസ്യ-വൈദ്യശാസ്ത്ര മേഖലകളിലെ അദ്ധ്യാപകരും സസ്യപഠിതാക്കളും എഴുത്തുകാരും ശിൽപികളും ഉണ്ടായിരുന്നതായി സോഹൻ സാർ പറഞ്ഞിരുന്നുവല്ലോ! വാൻ റീഡ് ഇല്ലായിരുന്നുവെങ്കിൽ ഈ പുസ്തകം യാഥാർത്ഥ്യമാകില്ലായിരുന്നു എന്നത് ഓർക്കുമ്പോൾ ആശ്ചര്യപ്പെട്ടിട്ടുണ്ട്.

അദ്ദേഹം എത്ര അധ്വാനമെടുത്തിട്ടുണ്ടായിരിക്കണം. ലത്തീൻ ഭാഷയിൽ രചിച്ച്, പന്ത്രണ്ട് വാല്യങ്ങളായി ആംസ്റ്റർഡാമിൽ നിന്നും ഹോർത്തൂസ് മലബാറിക്കൂസ് പ്രസിദ്ധീകരിച്ചു. 742 അദ്ധ്യായങ്ങളുണ്ടായിരുന്നല്ലോ അടയാളപ്പെടുത്തിയ 794 ചിത്രങ്ങളും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്.
"എനിക്ക് പോകാൻ സമയമായി നിങ്ങൾ പോരുന്നുണ്ടോ?" ശങ്കുണ്ണിനായർ ധൃതികൂട്ടി.

ഈ ചോദ്യത്തിൽ ഞാൻ പകച്ചു. ഇനി ഞാനെങ്ങോട്ടാണ് പോവുക. എങ്ങനെ പോയാൽ വീട്ടിലെത്തും. അല്ലെങ്കിൽ തിരികെ ഹോസ്പിറ്റലിലെത്തും... ഇങ്ങനെയൊക്കെ ചിന്തിച്ചപ്പോഴാണ് ശങ്കുണ്ണി പറഞ്ഞത്

"അല്ലെങ്കിൽ വേണ്ട,താനും കൂടെപ്പോര്."

ഓടത്തയിൽ നിന്നും ഒന്ന് തിരിഞ്ഞപ്പോഴേക്കും ഒരു വലിയ മാളിക കണ്ടു. അതിനുമുമ്പിലായി വെളുത്ത കുതിരയ്ക്ക് ഒപ്പം നിൽക്കുന്ന സായിപ്പിനെയും. സായിപ്പ് എന്നെയും ശങ്കുണ്ണി നായരെയും സൂക്ഷിച്ചുനോക്കി.

ശങ്കുണ്ണി നായർ തലതാഴ്ത്തി അവിടെനിന്ന് വിട്ടു കളഞ്ഞു. എങ്ങോട്ട് പോയി എന്നെനിക്ക് മനസ്സിലായില്ല. ഞാൻ സായിപ്പിന്റെ അടുത്തേക്ക് ചെന്നു.

സായിപ്പ് ചോദിച്ചു
"ശങ്കുണ്ണിനായർ എന്തൊക്കെ പറഞ്ഞു തന്നു?"

ഞാൻ ശങ്കുണ്ണി നായർ പറഞ്ഞു തന്ന കാര്യവും ബോട്ടലോഹയെ കണ്ട കാര്യവും അദ്ദേഹത്തോട് പറഞ്ഞു. കൂടെ എന്റെ സംശയങ്ങളും. അതോടൊപ്പം, ഞാൻ അദ്ദേഹത്തിന്റെ പേരും ചോദിച്ചു.

അദ്ദേഹം പേര് പറഞ്ഞു;
"ഇമ്മാനുവൽ കാർനേറോ."

അദ്ദേഹം തുടർന്നു.
"ശങ്കുണ്ണിക്ക് കുറേ കാര്യങ്ങൾ അറിയില്ല. ഹോർത്തയ്ക്ക് ആറു കവാടങ്ങളാണെന്ന് പറഞ്ഞത് തെറ്റാണ്. രണ്ട് കവാടങ്ങളെ ഉണ്ടായിരുന്നുള്ളൂ. പക്ഷേ 12 ഭടന്മാരാണെന്ന് പറഞ്ഞത് സത്യമാണ്. ശങ്കുണ്ണി ഉൾപ്പെടെ 13 ഭടന്മാർ. ശങ്കുണ്ണി മൂപ്പിലാളാണ്. മൂന്ന് ഹോർത്ത ഉണ്ടായിരുന്നു. ഗുമിതർ ഹോർത്ത എന്ന് തദ്ദേശീയരും, കമാൻഡർ ഹോർത്ത എന്ന് ഞങ്ങളും വിശേഷിപ്പിച്ചിരുന്ന ഹോർത്ത. നിങ്ങൾ ഇപ്പോൾ കണ്ടത് അതാണ്. എന്റെ മാളികയിരിക്കുന്ന പ്രദേശം കണ്ടില്ലേ? ഇതാണ് ബൽത്തെക്ക് ഹോർത്ത. ഡച്ച് ക്യാപ്റ്റൻ ആയിരുന്ന ജോൺ ന്യൂഹാഫിന്റെ സെക്രട്ടറി ആയിരുന്ന ഫിലിപ്പ് ബാൽതെക്കിന്റെ പേരാണ് ഇതിന്. ഇവിടെ നിന്ന് പടിഞ്ഞാറ് മറ്റൊരു ഹോർത്തയും ഉണ്ടായിരുന്നു. ട്രാക്കൻസ്റ്റീൻ പ്രഭു ആയിരുന്ന ഏണസ്റ്റ് വാൻ റീഡിന്റെ മകനാണ് ഡച്ച് മലബാർ ഗവർണർ ആയിരുന്ന ഹെൻട്രിക് ആൻഡ്രിയൻ വാൻ റീഡ്. അതിന്റെ ഓർമ്മയ്ക്കയാണ് ഡ്രാകാൻസ്റ്റീൻ ഹോർത്ത എന്ന് പേരിട്ടത്. ശങ്കുണ്ണി പറഞ്ഞതുപോലെ, നമ്പൂതിരിയുടെ ഇല്ലം ഒന്നുമായിരുന്നില്ല. പോർച്ചുഗീസുകാരെ തോൽപ്പിച്ച് കൊച്ചി രാജാവിനെയും കീഴ്പ്പെടുത്തിയാണ് ഞങ്ങൾ ഡച്ചുകാർ ഈ പ്രദേശം കൈക്കലാക്കിയത്. ഞങ്ങൾ പിടിച്ചെടുത്ത എല്ലാസ്ഥലവും പിന്നീട് ഞങ്ങളുടെ അധീനതയിലാണ്. കടൽത്തീരത്തിനടുത്ത് കിടക്കുന്ന ഈ സ്ഥലം തെങ്ങിൻ തോപ്പായിരുന്നു. ഒപ്പം വലിയ വൃക്ഷങ്ങളും കാടും ചെറിയ കുളങ്ങളുമുണ്ടായിരുന്നു. കുറച്ചുകൂടി മുന്നോട്ടു പോയാൽ അവിടെ മുക്കുവന്മാരുണ്ട്. ഇതിന്റെ പുറകിലായി അവിടെ കുറെ ഇല്ലങ്ങളും കാവുകളും ഒക്കെയുണ്ട്. പിന്നീട് ഈ സ്ഥലങ്ങളൊക്കെ എന്റെ കൈവശമായി. മാറിമാറി വന്ന ഡച്ച് മലബാർ ഗവർണർമാർ ഈ സ്ഥലം നോക്കാതെയായി. കാലങ്ങൾക്ക് ശേഷം ഗുജറാത്തിൽ നിന്നു വന്ന കച്ച് ദേശക്കാരായ നാലാം വേദക്കാരിൽ ചിലർ ഇത് പണം കൊടുത്തു കൈപ്പറ്റി. വാൻ റീഡ് പ്രഭു ഒരു സാദാ സോൾജിയറായിരുന്നു. പോർച്ചുഗീസുകാരുമായുള്ള യുദ്ധത്തിൽ അദ്ദേഹം കഴിവ് തെളിയിച്ചു. തുടർന്ന് ഡച്ച് രാജാവ് അദ്ദേഹത്തെ സിലോണിന്റെ ക്യാപ്റ്റനാക്കി സ്ഥാനക്കയറ്റം കൊടുത്തു. ഇന്ത്യയുടെയും സിലോണിന്റെയും സൈനികചുമതല കൂടി അദ്ദേഹത്തിനു കൊടുത്തു. പിന്നീട് അദ്ദേഹം മലബാർ കമാൻഡർ ആയി. അങ്ങനെയാണ് ഹോർത്തൂസ് മലബാറിക്കൂസ് ജന്മം കൊണ്ടത്."

ഞാൻ ആലോചിച്ചു, കോൺസ്റ്റബിൾ പെട്ടെന്ന് ഡിജിപി ആയത് പോലെ ആയിരിക്കുമല്ലോ വാൻ റീഡ് പ്രഭു വിന്റെ കാര്യവും.

ഇമ്മാനുവൽ കാർനേറോ തുടർന്നു.

"വാൻറീഡിനോടൊപ്പം പോർച്ചുഗീസുകാരിൽ നിന്നും കൊച്ചി പിടിക്കാനെത്തിയ മറ്റൊരു വ്യക്തിയായിരുന്നു ഡച്ച് ക്യാപ്റ്റൻ ജോൺ ന്യൂഹാഫ്. 1661 മുതൽ 66വരെ കൊല്ലത്തും തൂത്തുക്കുടിയിലും സേവനം അനുഷ്ഠിച്ചിട്ടുള്ള ന്യൂഹാഫ്. ദക്ഷിണ കേരളത്തിൽ ഡച്ച് മേധാവിത്വം ഉറപ്പിക്കാൻ ഓടി നടക്കുന്നതിനിടയിൽ ഇവിടത്തെ ഔഷധസസ്യങ്ങളെപ്പറ്റിയും ജീവികളെപ്പറ്റിയും പഠനം നടത്താനും രേഖപ്പെടുത്താനും സമയം കണ്ടെത്തിയിരുന്നു. കറുവാമരത്തിൽ നിന്നും കർപ്പൂരം ഉണ്ടാക്കുന്ന വിധവും ഇഞ്ചിയ്ക്ക് സാദൃശ്യമുള്ള കച്ചോലം കയറ്റി അയയ്ക്കുന്നതും കുടകപ്പാലയിൽ നിന്നും ഔഷധമുണ്ടാക്കുന്ന വിധവുമെല്ലാം ന്യൂഹാഫ് രേഖപ്പെടുത്തിയിട്ടുണ്ട്.

അന്ന് ലഭ്യമായ എല്ലാ മരുന്നുചെടികളുടെയും ഔഷധഗുണം മാത്രമല്ല, അവ ഏതെല്ലാം രോഗത്തിന് ഉപയോഗിക്കാൻ കഴിയുമെന്ന് ഒരു വൈദ്യനെപ്പോലെ ന്യൂഹാഫ് വിവരിച്ചിട്ടുണ്ട്. വാൻ റീഡ്പ്രഭു പുസ്തകനിർമാണത്തിനുള്ള നടപടികൾ തുടർന്നെങ്കിലും മേലുദ്യോഗസ്ഥന്മാർ അത് ഗൗരവമായി എടുത്തില്ല. ഇത് അദ്ദേഹത്തിന് പന്തിയായി തോന്നിയില്ല. മലബാറിൽ നിന്നുള്ള കുരുമുളക് സംഭരണം കുറഞ്ഞതിന്റെ പേരിൽ വാൻ റീടിനെതിരെ കുറ്റപ്പെടുത്തലുണ്ടായി.  ഹോർത്തൂസ് മലബാറിക്കൂസ് പൂർത്തിയാക്കാനുള്ള മോഹത്തോടെ, സ്ഥലംമാറ്റത്തിന് അദ്ദേഹം അപേക്ഷിച്ചു. ഇട്ടി അച്ചുതൻ വൈദ്യര് അപ്പോഴേക്കും പുസ്തകത്തിന്ന് ആവശ്യമായ വിവരശേഖരണം ഏതാണ്ട് പൂർത്തിയാക്കിയിരുന്നതിനാൽ കൊച്ചി വിടുന്നതിന് അദ്ദേഹത്തിന് മടിയില്ലായിരുന്നു. വാൻ റീഡ്പ്രഭു തന്നെ ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയോട് ആവശ്യപ്പെട്ടിട്ടാണ് അദ്ദേഹത്തെ കമാണ്ടർ സ്ഥാനത്തുനിന്നും കമ്പനി നീക്കിയത്. 1677 മേയ് 13-ന് ബറ്റാവിയയിലെത്തി. പുസ്തകത്തിനുവേണ്ടിയുള്ള കൈയ്യെഴുത്തുപ്രതികളും അദ്ദേഹം കൊണ്ടുപോയി. കമ്പനി മേധാവിയായി അവിടെ പ്രവർത്തിച്ചശേഷം 1678 ൽ ആംസ്റ്റർഡാമിലെത്തി ഹോർത്തൂസ് മലബാറിക്കുസിന്റെ പ്രവർത്തനത്തിലേർപ്പെട്ടു. 1678 ൽ ഒന്നാം വാല്യവും, 79-ൽ രണ്ടാംവാല്യവും പ്രസിദ്ധീകരിച്ചു. പതിനൊന്നാം വാല്യം 1692 ലും, പന്ത്രണ്ടാം വാല്യം 1693 ലും പ്രസിദ്ധീകരിക്കുമ്പോൾ അത് കാണാനുള്ള ഭാഗ്യം പ്രഭുവിന് ഇല്ലായിരുന്നു.
(ചെറിയ വിഷമഭാവത്തിലാണ് അദ്ദേഹം അത് പറഞ്ഞത് ) പക്ഷേ, അതിനുമുമ്പ് ഒരുതവണ കൂടി 1684 ൽ പ്രഭുവിനെ ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഏഷ്യയിലെ കമ്മീഷണർ ജനറലായി നിയമിച്ചു. 1691-ൽ കൊച്ചിയിലെത്തിയ അദ്ദേഹത്തിന് അസുഖം ബാധിച്ചു. പിന്നീട് സുറത്തിലേക്ക് കപ്പൽ മാർഗ്ഗം യാത്രയായ പ്രഭു 1691ൽ ഡിസംബർ 15ന് കപ്പലിൽ വച്ചുതന്നെ അന്തരിച്ചു. സൂറത്തിലെ ഡച്ച് സെമിത്തേരിയിലാണ് അദ്ദേഹത്തെ സംസ്ക്കരിച്ചത്."

കാർനോറയുടെ വെള്ളക്കുതിര മുന്നോട്ടുനീങ്ങി, അദ്ദേഹവും. അദ്ദേഹത്തെ അനുഗമിച്ചു ഞാനും. ബെൽത്തേക്ക് ഓടത്തയിൽ നിന്നും വലതുവശത്തേക്ക് തിരിഞ്ഞതും എന്തോ ഒരു സൈറൺ മുഴങ്ങുന്നത് പോലെ കേട്ടു. വലിയ ശബ്ദത്തിൽ.

ഞാൻ കണ്ണ് ഇറുക്കിയടച്ച് അവിടെത്തന്നെ നിന്നു. കണ്ണ് തുറന്നപ്പോൾ എന്റെ മുമ്പിൽ ഒരു വൃദ്ധൻ നിൽക്കുന്നു. വെള്ള ഒറ്റമുണ്ടാണ് ധരിച്ചിരിക്കുന്നത്. നെഞ്ചത്തും ദേഹത്താകമാനവും വെളുത്ത രോമം, വെളുത്ത ശരീരം, വൃദ്ധനാണെങ്കിലും ശരീരം നല്ല ചുറുചുറുക്കുള്ളതാണ്. നല്ല മുഖപ്രസാദമായിരുന്നു. മുഖത്തൊക്കെ ചെറിയചുളുക്കുകൾ വീണിട്ടുണ്ട്. ചെറിയ രോമങ്ങൾ മുഖത്താകെയുണ്ട്. കുടുമ ഇടതുവശത്തായി വീണുകിടപ്പുണ്ട്. പൂണൂലുണ്ട്, അതിന് എതിർവശത്തായി ഒരു തോർത്തും. നെറ്റിയിൽ നീളത്തിൽ ചന്ദനം തൊട്ടിട്ടുണ്ട്. ചന്ദനമാണോ ഭസ്മമാണോ എന്ന് വ്യക്തമായിരുന്നില്ല.

"എന്താ അവിടെ ത്തന്നെ നിന്നുകളഞ്ഞേ, വരിക...വരിക...ഇനി ഒരുപാട് ദൂരം പോകാനുള്ളതല്ലേ. ഈച്ചരനമ്പൂരി. എന്റെ പേര് ആട്ടോ  പറഞ്ഞത്."

ഇമ്മാനുവൽ കാർനേറോയെയും അദ്ദേഹത്തിന്റെ വെളുത്ത കുതി

രയെയും ഞാൻ ചുറ്റും നോക്കി, കണ്ടില്ല. ഞാൻ നിൽക്കുന്ന സ്ഥലം ഏതാണെന്ന് എനിക്ക് മനസ്സിലായില്ല. നിലത്ത് മണ്ണിന് ഒരു കരിരൂപം കണ്ടിരുന്നു. ഇത് ഏതാണ് സ്ഥലം എന്ന് ഒരെത്തുംപിടിയും കിട്ടിയിരുന്നില്ല. പണ്ട് കടപ്പുറത്ത് മണ്ണ് കുഴിക്കുമ്പോൾ മാത്രമായിരുന്നു ഇത്തരം കരിമണ്ണ് ഞാൻ കണ്ടിരുന്നുള്ളൂ.

അതേസമയം ഈച്ചരനമ്പൂരി എന്നെക്കാൾ മുന്നേ നടക്കുന്നുണ്ട്. നല്ല വേഗത്തിലാണ് നടത്തം. ചെറുപ്പക്കാരനായ എനിക്ക് പോലും ഇത്രയും ധൃതിയിൽ നടക്കാൻ സാധിക്കുന്നില്ലായിരുന്നു. നടക്കുന്നതിനിടയിൽ ഈച്ചരനമ്പൂരി ചോദിച്ചു.

"വാൻ റീഡ് പ്രഭുവിനെ കണ്ടിരുന്നോ കുട്ട്യേ?"

"ഇല്ല അദ്ദേഹത്തെ കാണണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു".
ഞാൻ പറഞ്ഞു.

"നമ്പൂരിച്ചൻ എന്നാട്ടോ എല്ലാരും എന്നെ വിളിക്കുന്നെ. ഇവിടെവെച്ചാ പറങ്കിപ്പടയുടെ അവസാനം. ആദ്യം അവർ കൽവത്തി കൊട്ടാരം പിടിച്ചടക്കി. പിന്നീട് വാൻ ദേർ മെയ്ഡൻ സായിപ്പ്  പറങ്കികളെ നിലംപരിശാക്കി. പക്ഷേ, എല്ലാവരെയും അവർ കൊന്നില്ല. പറങ്കികളുമായി അവർ സന്ധിയിലേർപ്പെട്ടു. കുടുംബമായി ജീവിക്കുന്ന എല്ലാ പറങ്കികളും പാതിരിമാരും ഉടൻ ഗോവയിലേക്ക് പോകണം. കുടുംബമില്ലാത്ത ചെറുപ്പക്കാരായ പറങ്കികൾ തിരികെ അവരുടെ നാട്ടിലേക്ക് പോകണം. പോകുമ്പോൾ ഇവിടുന്നുണ്ടാക്കിയ  സ്വത്ത് വഹകളൊന്നും  കൊണ്ടുപോവാൻ പാടില്ല."

ഞാൻ ആശങ്കപ്പെട്ടു.
"യൂറോപ്പിലെ ഏറ്റവും വലിയ സൈനികശക്തിയായിരുന്ന പോർച്ചുഗീസുകാരെ ഡച്ച്കാർക്ക് എങ്ങനെയാണ് പരാജയപ്പെടുത്താൻ കഴിഞ്ഞത്?"
"അതൊരു വലിയ കഥയാ കുട്ട്യേ, ആദ്യം ലന്തപ്പട സിലോൺ കീഴടക്കി. പിന്നെ കൊല്ലം. കൊച്ചി കീഴടക്കുന്നതിന് മുന്നേ ആറുമാസത്തോളം അവർ കടലിൽ ഉപരോധം ഏർപ്പെടുത്തി. ആ സമയത്താണ് പറങ്കികൾക്ക് കരയിൽ പിന്തുണ കൊടുത്തിരുന്ന കൊച്ചി രാജകുടുംബത്തിനകത്ത് പ്രശ്നങ്ങളുണ്ടാകുന്നത്. രാജാവിന്റെ മരണശേഷം മൂത്തതാവഴിയിലെ ആളെ രാജാവാക്കേണ്ടതിന് പകരം ഇളയതാവഴിയിലെ മൂത്ത റാണിയെ നാടുവാഴി തമ്പുരാനാക്കി. പെൺവാഴി തമ്പുരാനായിരുന്നു. ഗംഗാധര ലക്ഷ്മി വലിയമ്മ തമ്പുരാൻ. 90 പിന്നിട്ടിരുന്നു. രാജ കുടുംബത്തിന്റെ ഇളയതാവഴി ആയിരുന്നു."

നമ്പൂരിച്ചൻ ചൂണ്ടിക്കാണിച്ച സ്ഥലത്തെക്ക് ഞാനൊന്ന് സൂക്ഷിച്ചു നോക്കി. അതെ, അത് 'കാൽവത്' തന്നെയാണ്. ഒരു മാറ്റവുമില്ല മട്ടാഞ്ചേരി അല്ല. അപ്പോൾ കൊച്ചി കൊട്ടാരം മട്ടാഞ്ചേരിയിൽ ആയിരുന്നില്ലേ!? ഡച്ച് പാലസ് എന്നൊക്കെ എഴുതി വച്ചിരിക്കുന്നത് എന്തിനായിരുന്നു
നമ്പൂരിച്ചൻ തുടർന്നു.

"പഴമക്കാർ പറഞ്ഞ കഥകളാണ് കുട്ട്യേ... അന്ന് ഫോർട്ടുകൊച്ചി കൽവത്തിയിലായിരുന്നു കൊച്ചിരാജവംശത്തിന്റെ കൊട്ടാരം. പോർച്ചുഗീസുകാർ ആ കോട്ട പണിതതിനുശേഷ മാണ് മട്ടാഞ്ചേരിയിലും കൊട്ടാരം പണിതത്. ഇളയതാവഴിയിലും രാജാവാകാൻ ഒരാളുണ്ടായിരുന്നു. അദ്ദേഹത്തെ

യാണ് അടുത്ത രാജാവായി പോർച്ചുഗീസുകാർ കണ്ടുവെച്ചത്. എന്നാൽ താൽക്കാലികമായി ഗംഗാധരലക്ഷ്മി തമ്പുരാനെ നാടിന്റെ പൊന്നുതമ്പുരാനായി വാഴിച്ചു. പക്ഷേ, അർഹമായത് കിട്ടാതെ വന്നപ്പോൾ മൂത്തതാവഴി പറങ്കികൾക്കെതിരെ ലന്തക്കാരെ വിളിച്ചുവരുത്തി. യുദ്ധമായി. യുദ്ധത്തിൽ ഇളയ താവഴിക്ക് കനത്തനഷ്ടം നേരിട്ടു."

നമ്പൂരിച്ചൻ പറഞ്ഞുതീർന്നപ്പോഴേക്കും സങ്കടം കൊണ്ടോ പ്രായാധിക്യം കൊണ്ടാണോ എന്നറിയില്ല, ആകെ തളർന്നു. കുറച്ചുനേരങ്ങൾക്ക് ശേഷം തുടർന്നു.

"ലന്തക്കാരുമായി ഉണ്ടായ യുദ്ധത്തിൽ അടുത്ത രാജാവാകാൻ തയ്യാറായി നിന്ന ഇളയതാവഴിലെ ഇളമുറത്തമ്പുരാനും അദ്ദേഹത്തിന്റെ രണ്ട് അനുജന്മാരും കൊല്ലപ്പെട്ടു. ഗോദവർമ്മ തമ്പുരാൻ പള്ളുരുത്തിയിൽ ആയതുകൊണ്ട് കൊല്ലപ്പെട്ടില്ല. പള്ളുരുത്തിയിൽ നിന്നും അരൂർ വഴി ഗോദവർമ്മ തമ്പുരാൻ പുറക്കാട് രാജാവിൽ അഭയം പ്രാപിച്ചു. ഈ സമയമായിരുന്നു, വലിയമ്മത്തമ്പുരാൻ രണ്ടു നമ്പൂതിരികളുടെ മാത്രം സുരക്ഷിതത്വം നിൽക്കവേ, വെറും പടയാളി മാത്രമായിരുന്ന വാൻ റീഡ് സായിപ്പ് ഇവരെ കീഴ്പ്പെടുത്തുന്നത്. വലിയമ്മത്തമ്പുരാൻ കീഴ്പെട്ടതോടെ യുദ്ധം അവസാനിച്ചു. ഗംഗാധര ലക്ഷ്മി തമ്പുരാന്റെ സുരക്ഷിതത്വത്തിന് വാൻ ദേർ മെയ്ഡൻ സായിപ്പ് വാൻ റീഡിനെ തന്നെ ചുമതലപ്പെടുത്തി. പിന്നീട് മട്ടാഞ്ചേരി കൊട്ടാരം ഇടിച്ചു തകർത്തു. ക്ഷേത്രത്തിനടുത്തായ പഗോടയിൽ ഗംഗാധര ലക്ഷ്മി തമ്പുരാനെ ഇരുത്തി. കൂടെ സായിപ്പും ഇരുന്നു. ഈ സമയം മൂത്തതാവഴിലെ, മൂത്ത അവകാശി തമ്പുരാനെ വന്നു കണ്ടു വണങ്ങി. പിന്നീടാണ് സായിപ്പ് പോർച്ചുഗീസുകാരെ കീഴടക്കാൻ പോയത്..."
നമ്പൂരിച്ചൻ ആകെ തളർന്നിരുന്നു.

## ഭാഗം നാല്

എന്റെ പുറകിലായി ആരോ  നിൽക്കുന്നതായി എനിക്ക് തോന്നി. ഞാൻ എന്റെ ഇടതുതോൾ ചെരിച്ചൊന്നു നോക്കി ഒരു രൂപം. തവിട്ടു നിറമുള്ളമുഖം. ഒത്തവണ്ണം. വിദേശിയല്ല പക്ഷേ, വേഷം പാന്റും ഷർട്ടുമായിരുന്നു.

"നമ്പൂരിച്ചൻ അങ്ങനെയാണ്. കുറച്ച് പറഞ്ഞു കഴിയുമ്പോഴേക്കും തളരും... ഞാൻ ഇട്ടിക്കോര...."

ഞാൻ ആ പേര് ഇതിനുമുമ്പ് കേട്ടിട്ടില്ലാത്ത ഭാവത്തിൽ നിന്നു. തുടർന്ന്, നമ്പൂരിച്ചനെ നോക്കി. അദ്ദേഹം അതേ ഇരിപ്പ് തന്നെ ഇരിക്കുകയാണ്. ഇട്ടിക്കോര ആവർത്തിച്ചു.

"ഞാൻ ഇട്ടിക്കോര...വാ, നമുക്ക് പോകാം"

"അപ്പോ നമ്പൂരിച്ചൻ, അല്ല കൊട്ടാരം, യുദ്ധം... അതൊക്കെ?"

"അതൊക്കെ വഴിയേ പറയാം. നമ്പൂരിച്ചൻ പിന്നെ വന്നോളും."

നാല് അടി നടന്നപ്പോഴേക്കും കോട്ടയുടെ പുറകുവശത്ത് എത്തി. സത്യത്തിൽ എനിക്ക് സ്ഥലം നല്ല പരിചയമുണ്ട്. പക്ഷേ എവിടെയോ കണ്ടു മറന്നത് പോലെ തോന്നുന്നു. കണ്ണുകൾ കുറച്ചുനേരം അടച്ചുപിടിച്ചു

തുറന്നു. ഫോർട്ട്കൊച്ചിയിലെ പ്രശസ്തമായ ഒരു സ്കൂളിന്റെ പുറകുവശം ആണല്ലോ ഇത്! ഒരുപക്ഷെ ഇതായിരുന്നിരിക്കണം കോട്ടയുടെ പുറകുവശം.

അവിടെ നിന്നാണ് കനാലിന്റെ തുടക്കവുമെന്ന് തോന്നി. കനാലിന് അത്യാവശ്യം വീതിയുണ്ട്. ഇന്ന് കാണുന്ന കനാലുമായി യാതൊരു ബന്ധവുമില്ല. കായലിലേക്ക് നേരിട്ട് പോകാനുള്ള ഒരു വഴി മാത്രമായിരിക്കാം. ഒരു മരത്തിന്റെ ചുവട്ടിൽ നിന്നതിനു ശേഷം ഇട്ടിക്കോര സംസാരം തുടർന്നു...

"മൂത്തതാവഴിക്ക് അധികാരം കിട്ടുമെന്ന് ഉറപ്പായതോടുകൂടി ഇളയ താവഴിയിലെ അവശേഷിക്കുന്ന തമ്പുരാൻ ആയ ഗോദവർമ്മ തമ്പുരാൻ പുറക്കാട് രാജാവുമായി സഖ്യത്തിൽ ഏർപ്പെട്ടു. തുടർന്ന് അവിടെനിന്നും നായർ പടയുമായി കൊച്ചിയിലേക്ക് പുറപ്പെട്ടു. സൈന്യത്തെ സഹായിച്ച ജൂതന്മാരെയും കൊങ്കണികളെയും മൂത്തതാവഴിയേയും അതുപോലെ പാലിയത്തച്ചൻമാരെയും ആക്രമിക്കുകയായിരുന്നു ലക്ഷ്യം. പക്ഷേ പാലിയത്തച്ചനും മൂത്തതാവഴിയും കൂടി സിലോണിൽ ഡച്ച് ഗവർണറെ കാണാൻപോയി. സിലോണിൽ നിന്നും അവർ നേരെ ബറ്റാവിയിലേക്കാണ് പോയത്. പോകുന്നവഴി മൂത്തതാവഴിയിലെ തമ്പുരാൻ തീപ്പെട്ടു. പിന്നീട് അദ്ദേഹത്തിന്റെ സഹോദരൻ തമ്പുരാനുമായി പാലിയത്തച്ചൻ പോവുകയും സന്ധി ഉണ്ടാക്കുകയും ചെയ്തു.

തിരിച്ചുവരാമെന്നും യുദ്ധം ചെയ്യാമെന്നും ഡച്ച് അധികാരികൾ സമ്മതിച്ചു. തുടർന്നുനടന്ന യുദ്ധത്തിൽ ഗോദവർമ്മ തമ്പുരാൻ കൊല്ലപ്പെട്ടു. അതോടെ മൂത്തതാവഴിക്ക് തന്നെ വീണ്ടും അധികാരം ലഭിച്ചു. മട്ടാഞ്ചേരിയിൽ ഡച്ചിന്റെ നേതൃത്വത്തിൽ ഒരു കൊട്ടാരവും പണിത് കൊടുത്തു. ഡച്ച് അധികാരികൾ തന്നെ ഒരു കിരീടവും കൊടുത്തു. പാലിയത്തച്ചനെ കൊച്ചി രാജ്യത്തിന്റെ പ്രധാനമന്ത്രിയുമാക്കി. 'ഇരവി കോമി അച്ചൻ' പിന്നീട് രാജാവിന്റെ ഇഷ്ടക്കാരായി കൊങ്കണികളും പട്ടന്മാരും വന്നതോടുകൂടി നമ്പൂരിമാരുടെ സ്ഥാനം പോയി. നമ്പൂരിച്ചന് അതിന്റെ വിഷമം കൂടിയുണ്ട്. പിന്നീട് ഇട്ടിക്കണ്ണൻ അച്ചനൊക്കെ കൊച്ചി രാജ്യത്തിന്റെ പ്രധാനമന്ത്രിയായി. പാലിയം നായർ കുടുംബത്തിലെ മൂത്ത കാരണവരാണ് പാലിയത്തച്ചൻ എന്നറിയപ്പെടുന്നത്"

"നിങ്ങൾക്കെങ്ങനെയാണ് ഇട്ടിക്കോര എന്ന പേര് വന്നത്.? ഇട്ടി കോമി അച്ചൻ എന്ന് പേര് കേട്ടത് കൊണ്ടും കോര എന്ന പേര് മറ്റു മതക്കാരന്റെ പേരായതും കൊണ്ടും തോന്നിയ ഒരു സംശയമാണ്"

ഇട്ടിക്കോര ചിരിച്ചുകൊണ്ട് തുടർന്നു.

"വില്ലാർവട്ടത്തെ അവസാന രാജാവായിരുന്ന രാമവർമ്മ ക്രിസ്ത്യാനിയായി. ക്ഷത്രിയനായ രാമവർമ്മ ക്രിസ്ത്യാനിയായതോടുകൂടി, കൊച്ചി രാജാവ് വില്ലാർവട്ടത്തെ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി. തുടർന്ന് വില്ലാർവട്ടത്തെ അവസാന രാജാവായ രാമവർമ്മയുടെ മകനായ പാലിയത്ത് ഇരവി കോമി അച്ചന് അധികാരം നൽകി. രാമവർമ്മ രാജാവിന് മറ്റൊരു നായർ

കുടുംബത്തിൽ ഉണ്ടായ സന്തതിയാണ് ഞാൻ. അച്ഛൻ ക്രിസ്ത്യാനിയായ തോടുകൂടി ഞാനും ക്രിസ്ത്യാനിയായി. അത്രയും നാൾ എനിക്ക് തമ്പുരാനെ അച്ഛാ എന്ന് വിളിക്കാനുള്ള അധികാരം ഉണ്ടായിരുന്നില്ല. എന്നാൽ ക്രിസ്ത്യാനിയായതോടു കൂടി എനിക്ക് അതിന് സാധിച്ചു. അതോടെ ഞാൻ തറവാട്ടിൽ നിന്നും പുറത്താക്കപ്പെട്ടെങ്കിലും തറവാട്ടിലുള്ളവർ മൊത്തം ക്രിസ്ത്യാനിയായി മാറിയതോടുകൂടി ഞാൻ വീണ്ടും തറവാട്ടിൽ കയറിപ്പറ്റി. ചേരമാൻ പെരുമാൾ രാജാവ് തന്റെ രാജ്യം പങ്കിട്ടപ്പോൾ കൊച്ചിരാജാവിന് 52 കാതം ഭൂമിയും പതിനെട്ടുപ്രഭുക്കന്മാരെയും കൊടുത്തു. അങ്ങനെ കൊടുത്ത പ്രഭുക്കന്മാരിൽ ഒരാൾ പാലിയത്തച്ചനായിരുന്നു, ആ 18 പ്രഭുക്കന്മാരിൽ മറ്റൊരു തറവാടായ വില്ലാർശ്ശേരിയിലെ അംഗമാണ് ഞാനും. അങ്ങനെയാണ് ഇട്ടിക്കോര എന്ന പേര് വന്നത്. അത് പോട്ടെ... നമുക്ക് കൊട്ടാരത്തെ പറ്റി പറയാം. ഫോർട്ട്കൊച്ചിയിലെ രാജകൊട്ടാരം ഡച്ച് കോട്ടയ്ക്കുള്ളിലായി. തുടർന്ന് ഡച്ച് അഡ്മിനിസ്ട്രേറ്ററുടെ സെക്രട്ടറിയുടെ ഓഫീസായി അത് പ്രവർത്തിച്ചു. ഡച്ചുകാർ നിർമ്മിച്ച മട്ടാഞ്ചേരി കൊട്ടാരത്തിലാണ് പിന്നീട് രാജകുടുംബം താമസിച്ചിരുന്നത്. പിന്നെ ഇവിടെനിന്നും പോയി. പക്ഷെ യുദ്ധത്തിൽ അവർ അമൂല്യമെന്ന് വിശ്വസിക്കുന്ന പലതും നഷ്ടപ്പെടാതിരിക്കാൻ കൊട്ടാരത്തിന്റെ പടിഞ്ഞാറ് ദിക്കിലേക്കായി ഒരു തുരങ്കം നിർമ്മിച്ചിരുന്നു. അമൂല്യമായ രത്നങ്ങളും വൈരങ്ങളും സ്വർണനാണയങ്ങളുമടങ്ങുന്ന നിധിശേഖരത്തിലേക്കുള്ള രഹസ്യമാർഗ്ഗമാണത്. ഇത് ഇളയതാവഴിക്ക് മാത്രമറിയാവുന്ന രഹസ്യമാണ്. പക്ഷെ, അതിനു മുകളിൽ കുളം നിർമ്മിക്കുകയുണ്ടായി. ക്ഷീരസ്പലക ഉൾപ്പെടെയുള്ള രത്നങ്ങൾ ആ നിധി ശേഖരത്തിലുണ്ട്"

ഞാൻ വെറുതെ ചിന്തിച്ചു.അതൊക്കെ എപ്പോഴേ ബ്രിട്ടീഷുകാർ മോഷ്ടിച്ചു കൊണ്ടുപോയിട്ടുണ്ടാവും!...

ഇട്ടിക്കോര തുടർന്നു.
"ഏതാണ്ട് പതിനഞ്ച് കൊല്ലത്തോളം വീര കേരള വർമ്മ തന്നെയായിരുന്നു രാജാവ്. കുറച്ചുകാലം കഴിഞ്ഞപ്പോൾ തന്നെ വാൻ റീഡ് സായിപ്പ് കൊച്ചിയിൽ അഡ്മിനിസ്ട്രേറ്ററായി വന്നു. പിന്നീട് സായിപ്പിന്റെ അധീനതയിലായി രാജ്യവും കോട്ടയും. ഡച്ച് സേന ആദ്യം കീഴ്പെടുത്തിയത് പള്ളിപ്പുറം കോട്ടയാണ്. ഈ കോട്ടയിൽ നിന്നും നദിക്ക് കുറുകെ അടിയിലൂടെ ഒരു തുരങ്കം കോട്ടപ്പുറം കോട്ടയിലേക്കുണ്ട്."

കൊച്ചി രാജകുടുംബത്തിന്റെ ചരിത്രത്തെ പറ്റി എനിക്ക് എന്തൊക്കെയോ സംശയം തോന്നുന്നുവെന്ന് മനസ്സിലാക്കിയതിനെ തുടർന്ന്, കോര വിശേഷങ്ങൾ മാറ്റി പിടിച്ചു.

"പാലിയത്തച്ചനെ സ്ഥാനഭ്രഷ്ടനാക്കിയ ഒരു കഥയുണ്ട്. കേട്ടിരിക്കാൻ വഴിയില്ല. അതുകൊണ്ട് പറയാം. കൊച്ചിയിലെ പ്രധാന വ്യവസായിയായ കൊങ്കണി ദേശക്കാരനായ, മാല പൈ യെ പാലിയത്തച്ചൻ വധിച്ചു. തുടർന്ന്

പാലിയത്തച്ചനെ രാജാവ് സ്ഥാനഭ്രഷ്ടനാക്കുകയും സ്വത്തുവഹകൾ കണ്ടു കെട്ടുകയും ചെയ്തു. പിന്നീട് പാലിയത്തച്ചനായി വന്ന ഇരവി ഇട്ടിക്കണ്ണൻ മാപ്പെഴുതി കൊടുക്കുകയും സ്വത്ത് വഹകൾക്ക് പിഴ ആയി പണം കൊടുത്തുമാണ് തിരികെ പിടിച്ചത്. രാജാവ് കഴിഞ്ഞാൽ പാലിയത്തച്ചൻ എന്ന നിലയിലായിരുന്നു അന്നൊക്കെ കാര്യങ്ങൾ. 1663ൽ നടന്ന യുദ്ധത്തോടുകൂടി പൂർണ്ണമായും ഡച്ച് അധീനതയിലായി കൊച്ചി. തുടർന്ന് ഡച്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ കീഴിലുള്ള മലബാർ കമാന്ററിയുടെ കീഴിൽ കൊച്ചിയും വന്നു. ഒരു വർഷങ്ങൾക്കുശേഷമാണ് ഫോർട്ട് കൊച്ചിയിൽ മുനിസിപ്പാലിറ്റി രൂപീകരിച്ചത്. ബറ്റാവിയ എന്ന അവരുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നിന്നാണ് ഓർഡർ വന്നത്".

"ബറ്റാവിയ എന്നാൽ ജക്കാർത്ത ആണോ ഉദ്ദേശിക്കുന്നത്?"
"അതെ"
"പക്ഷേ ഫോർട്ടുകൊച്ചി മുനിസിപ്പാലിറ്റി, 1866 ൽ ബ്രിട്ടീഷുകാർ നിർമ്മിച്ചതായാണല്ലോ പറയപ്പെടുന്നത്?" ഞാൻ ചോദിച്ചു.

"പല ഘട്ടങ്ങളിലായി മുനിസിപ്പാലിറ്റിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഒരു പക്ഷേ നിങ്ങൾ പറഞ്ഞത് ഏറ്റവും പരിഷ്കരിച്ച വർഷം ആയിരിക്കാം. വാസ്തവത്തിൽ ആദ്യം ഡച്ചുകാരാണ് മുൻസിപ്പാലിറ്റി നിർമ്മിച്ചത്. ഫോർട്ടു കൊച്ചിയിൽ ഡച്ച് കാലഘട്ടം ഒരു നല്ല കാലഘട്ടമായിരുന്നു".

"എപ്പോഴെങ്കിലും ഡച്ചും കൊച്ചി രാജാവും തമ്മിൽ പിണങ്ങിയിട്ടുണ്ടോ?"

"പിണങ്ങിയിട്ട് പ്രത്യേകിച്ച് കാര്യമൊന്നുമില്ല. ഡച്ചുകാരെ പോലെ പോർച്ചുഗീസുകാരെ തറപറ്റിച്ച ഒരു സേനയുമായി മുട്ടിനിൽക്കാനുള്ള ത്രാണിയൊന്നും കൊച്ചി സേനയ്ക്കില്ലായിരുന്നു."

ഞാൻ കോരയുമായി നടന്ന് ഒരു പഴയ കൊട്ടാര സദൃശ്യമായ കെട്ടിടത്തിനു മുന്നിലെത്തി. വലിയ വലിപ്പം ഒന്നുമില്ലാത്ത കെട്ടിടം. ഞാൻ കോരയോട് ചോദിച്ചു.

"ഇത് ഏതാ കെട്ടിടം?"

"രാജാവിനെ വാഴിക്കുന്നത് ഇവിടെ വെച്ചാണ്. ആദ്യം അരിയിട്ടു വാഴിക്കും. പിന്നീട് പൂവിട്ട് വാഴിക്കും. ഈ കാവ് കണ്ടോ? ഇതിനുള്ളിൽ ഒരു വലിയ ക്ഷേത്രമുണ്ട്. രാജാവിന്റെതാണ് ഈ ക്ഷേത്രത്തിൽ തൊഴുതതിന് ശേഷമാണ്. രാജാവ് കൊട്ടാരത്തിലേക്ക് പോവുക"

കോരയുമായി കുറച്ചു ദൂരം നടക്കുന്നതിനിടയിൽ ദൂരെ രണ്ടുപേരെ കണ്ടു. ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാകും അച്ഛനും മകനുമാണെന്ന്. ഞാൻ കോരയെ നോക്കി. കോര ഭാവവ്യത്യാസമില്ലാതെ അങ്ങനെതന്നെ നടന്നു.

അവരുടെ അടുത്തെത്തിയപ്പോൾ ഞങ്ങൾ നിന്നു. പ്രൗഢിയും, ആഢ്യത്വവും നിറഞ്ഞ മുഖം. നല്ല വെളുത്ത നിറം. മുണ്ടു ധരിച്ചിരിക്കുന്നത് പോലും ഒരു പ്രത്യേക രീതിയിലാണ്. കസവുകരയാണ് മുമ്പിലായി കാണുന്നത്. ഷർട്ടിൽ കസവും പട്ടുമുണ്ട്. പ്രമാണിയാണെന്ന് കാണിക്കാനുള്ള തലപ്പാവുമുണ്ട്. നീട്ടി വളർത്തിയ മീശ. താടി ഇല്ല. മകനും ഏതാണ്ട് അതു പോലെ തന്നെ. പക്ഷേ, വലിയ പ്രായമൊന്നും കാണുന്നില്ല ഒരു മുപ്പതോ അതിനു മുകളിലോ കാണും.

ഇട്ടിക്കോരയെ വേണ്ടവിധം ശ്രദ്ധിച്ചില്ല. എന്നാൽ എന്നോട് അനുഭാവപൂർവ്വം പെരുമാറുന്നത് പോലെ എനിക്ക്തോന്നി. ഇട്ടിക്കോര പതുക്കെ എന്നോട് പറഞ്ഞു,

“അദ്ദേഹത്തിന് ഞാൻ മൂന്നാം വേദക്കാരനായതിനോട് തീരെ യോജിപ്പില്ല”

ഞാൻ  കൈക്കൂപ്പി അവരെ വണങ്ങി. അവർ തിരിച്ച് എന്നെയും.

“സുഫിയാൻ എന്നാണ് പേര്. നിങ്ങളെ കാണാൻ കഴിഞ്ഞതിൽ വലിയ സന്തോഷമുണ്ട്. അങ്ങ് ആരാണെന്ന് പറയാമോ?”

ഇത്രയും നേരത്തിനിടയിൽ ഞാൻ ഒരാളോട് പേര് പറയുന്നത് ഒരു പക്ഷെ ആദ്യമായിട്ടായിരിക്കാം.

“ഓ... നാലാം വേദക്കാരനാണല്ലേ?”

മകൻ തലയാട്ടിക്കൊണ്ട് അച്ഛനെ നോക്കി. എന്നെ കുറിച്ചാണ് ആ നോട്ടം എന്ന്  എനിക്ക് തോന്നി. പക്ഷെ അതൊരു സ്നേഹത്തിന്റെ നോട്ടമായി മാത്രമേ എനിക്ക് അനുഭവപ്പെട്ടുള്ളു. അച്ഛൻ തുടർന്നു,

“ഞാൻ കളകപ്രഭു. ഇതെന്റെ മകൻ ചോരക പ്രഭു”

ഞാൻ ആശ്ചര്യത്തോടെ നോക്കി. എനിക്ക് ഇവരെപ്പറ്റി അറിയാല്ലോ! ചരിത്രരേഖകളിൽ കണ്ടിട്ടുണ്ടല്ലോ  1770- 80കാലങ്ങളിലാണെന്ന് തോന്നുന്നു, ഡച്ച് ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യയിൽ നിന്നും ആദ്യമായി നാടുകടത്തിയ വ്യക്തികളല്ലേ ഇവർ. സൗത്ത് ആഫ്രിക്കയിലെ കേപ്പ്ടൌണിലേക്ക് നാടുകടത്തപ്പെട്ട ഇവരെങ്ങനെ ഇവിടെ!?. അവരോട് തന്നെ ചോദിക്കാം.
“അങ്ങയെ കാണാൻ കഴിഞ്ഞതിൽ വലിയ സന്തോഷമുണ്ട്. കേപ്പ് ടൌണിലേക്ക് നാടുകടത്തപ്പെട്ട താങ്കൾ എങ്ങനെയാണ് ഇവിടെ?”

“അല്ലേലും ചരിത്രം ഒരു പ്രഹേളികയാണ്”

തുടർന്ന് മകനോട്,
“താങ്ക ദോഗൻ കഴി ചൂക്കി ജാവനുത കയറികല്യായും” എന്ന് പറഞ്ഞു.

ചോരകപ്രഭു അച്ചനോട് "നാജലരീതെന്ന് തെസ്സിനാ വ്ജാതന്നെ"

കളകപ്രഭു എന്നോടായി തുടർന്നു
"നാടുകടത്തപ്പെട്ടു എന്ന് നിങ്ങൾ അറിഞ്ഞത് ശരിയാണ്. കോടതി വിധി നാടുകടത്താനായിരുന്നു. പക്ഷേ അങ്ങനെയല്ല സംഭവിച്ചത് കപ്പൽ ആഫ്രിക്കയിലെ കേപ്പ്ടൗണിലേക്ക് പുറപ്പെട്ട് കഴിഞ്ഞപ്പോൾ തന്നെ ഡച്ച് കപ്പൽ അധികാരികൾ. ഞങ്ങളെ കൊല്ലുകയായിരുന്നു."

ഞാനൊരു കാര്യം ശ്രദ്ധിച്ചത് അപ്പോഴാണ്. അവർ അന്യോന്യം സംസാരിച്ചിരുന്ന ഭാഷ കൊങ്കണിയായിരുന്നു. കൊങ്കണിഭാഷ അറിയാത്തവരോട്, അവർ സാധാരണ എതിരെ നിൽക്കുന്ന ആളുടെ ഭാഷയ്ക്ക് അനുസരിച്ച് സംസാരിക്കും. ഞാൻ അതേപ്പറ്റി അദ്ദേഹത്തോട് ചോദിക്കാൻ തീരുമാനിച്ചു.

"നിങ്ങൾ അന്യോനും സംസാരിക്കുന്ന ഭാഷ കൊങ്കണി ആണല്ലോ! അപ്പോൾ മലയാളം നിങ്ങൾക്കെങ്ങനെ അറിയാം?"

"എനിക്ക് മലയാളം മാത്രമല്ല അറിയാവുന്നത്. ഉറുദുവും അറബിയും പേർഷ്യനും ഇംഗ്ലീഷും സ്പാനിഷും ലാറ്റിനും അറിയാം. വാണിജ്യത്തിന്റെ ഭാഗമായി ഇതെല്ലാം പഠിച്ചേ പറ്റൂ. എങ്കിലും സംസാരിക്കാൻ ഞങ്ങളുടെ ഭാഷ തന്നെയാണ് ഇഷ്ടം. അത് ഞങ്ങളുടെ സംസ്കാരത്തിന്റെ ഭാഗമാണ്"

ഞാൻ ആലോചിച്ചു. ഏതൊക്കെ ഭാഷയിൽ സംസാരിച്ചാലും മാതൃഭാഷയിൽ സംസാരിക്കുന്നതിന്റെ ഒരു സുഖം അത് വേറെ തന്നെയാണ്. പണ്ട് കുറേക്കാലം ഞാൻ ഗൾഫിലായിരുന്നപ്പോൾ ഏതെങ്കിലും ഒരു മലയാളിയെ കിട്ടിയാൽ സന്തോഷമാണ്. മലയാളത്തിൽ സംസാരിക്കാമല്ലോ!.
ഞാൻചോദിച്ചു.

"നാടുകടത്തപ്പെടാൻ മാത്രമുള്ള രാജ്യദ്രോഹകുറ്റം എന്തായിരുന്നു താങ്കൾ ചെയ്തത്?"

"തിരുവുള്ളക്കേട് തോന്നിയാലും രാജ്യദ്രോഹമാണ്. ഡച്ച്ഗവർണർക്കോ അഡ്മിനിസ്ട്രേറ്റർക്കോ ഇഷ്ടമല്ലാത്തത് ചെയ്താലും രാജ്യദ്രോഹമാണ്. ഡച്ച്കാർക്ക് സംരക്ഷണ നികുതി കൊടുക്കണം. ഞങ്ങൾ അനുഭവിക്കുന്നതായ പ്രയാസങ്ങളും കഷ്ടതകളും ഈ പണം എങ്ങനെയാണ് ഉണ്ടാക്കുന്നതെന്നുള്ള കാര്യമൊന്നും ഇവർക്കാർക്കും അറിയേണ്ടതില്ലല്ലോ!. ഞങ്ങളുടെ ആശ്രിതരെയും ഞങ്ങളുടെ ദൈവത്തെയുമൊക്കെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഞങ്ങൾക്ക് മാത്രമായിരുന്നു. ഞങ്ങൾ മാത്രം നിത്യവും ആക്രമിക്കപ്പെടുന്നു. ഇങ്ങ് കൊച്ചിയിൽ മാത്രമായിരുന്നില്ല ഞങ്ങൾക്ക് കച്ചവടമുണ്ടായിരുന്നത്. എവിടെയെല്ലാം തുറമുഖങ്ങളുണ്ടോ,അവിടെയൊക്കെ ഞങ്ങൾക്ക് വാണിജ്യമുണ്ടായിരുന്നു. മറ്റുദേശങ്ങളിൽ നിന്നുകൂടി സമ്പാദിച്ചുകൊ

ണ്ടുവരുന്ന സ്വത്തിനും ഇവിടെ നികുതി കൊടുക്കണമായിരുന്നു".

"പക്ഷേ, ഞാനറിഞ്ഞത് മറ്റൊന്നായിരുന്നല്ലോ?, ഹൈദരാലിയെ കാണാൻ ചെന്നത് കൊണ്ടാണ് താങ്കൾ നാടുകടത്തപ്പെട്ടത് എന്നാണല്ലോ! ഒരു രാജ്യ ത്ത് നിന്നുകൊണ്ട് മറ്റൊരു രാജ്യത്തിന്റെ ഭരണാധികാരിയെ സഹായത്തി നായി കാണുക എന്നുള്ളത് ആ രാജ്യത്തെ സംബന്ധിച്ചിടത്തോളം രാജ്യ ദ്രോഹം അല്ലേ?"

കളകപ്രഭു ആശ്ചര്യത്തോടെ എന്നെയും മകനെയും ഇട്ടിക്കോരയെയും നോ ക്കിയിട്ട് തുടർന്നു.

"അതിന്റെ പിന്നിൽ ഒരുപാട് കഥകളുണ്ട്. ആദ്യം തന്നെ പറയട്ടെ, എന്റെ സ്വത്ത് വഹകൾ നോട്ടമിട്ട എന്റെ സമാജത്തിലെ തന്നെ ചില ആളുകളുടെ ഒത്താശയോടുകൂടി ഞാൻ വിശ്വസിച്ച എന്റെ കച്ചവട തന്ത്രം കൂടി പഠിപ്പി ച്ചു കൊടുത്ത രണ്ടാം വേദക്കാരനാണ് എന്നെ ചതിച്ചത്. അന്ന് നാട്ടിൽ ര ണ്ടു ജൂതരുണ്ട്. വെളുത്ത ജൂതരും. കറുത്ത ജൂതരും. വെളുത്ത ജൂതരോട് ആയിരുന്നു ഡച്ചുകാർക്ക് കൂടുതൽ താല്പര്യം. അവർക്ക് കൊങ്കണികളെ അങ്ങേയറ്റത്തെ വിശ്വാസമായിരുന്നു. പിന്നീട് വെളുത്ത ജൂതരോട് ആയിരു ന്നു താൽപര്യം. ഹൈദരാലിയുടെ ആക്രമണത്തെ തുടർന്ന് മലബാർ മാപ്പി ളമാരും, കറുത്ത ജൂതരും കൊങ്കണികളായ ഞങ്ങളും ഹൈദരാലിയെ കാ ണാനോ, കാണാൻ ശ്രമിക്കാനോ പാടില്ല എന്ന് തിട്ടൂരം ഇറക്കി. എല്ലാക്കാ ലത്തും ഡച്ചിന്റെ ഒപ്പം നിന്നവരായിരുന്നു ഞങ്ങൾ എന്നിട്ടും ഇങ്ങനെയൊ രു തിട്ടൂരം ഇറക്കുന്നതിന്റെ കാര്യം എന്തായിരുന്നുവെന്ന് ആലോചിച്ചിട്ട് ഒ രു പിടിയും കിട്ടിയിരുന്നില്ല. പിന്നീടാണ് കാര്യങ്ങൾ മനസ്സിലായത്".
കുറച്ചുനേരം ആലോചനയിലായ ശേഷം വീണ്ടും തുടർന്നു.

"ഹൈദരാലി മംഗലാപുരം പിടിച്ചെടുത്തതിനു ശേഷം മംഗലാപുരത്തെ ഗൗ ഡ സാരസ്വത് ബ്രാഹ്മണർ അദ്ദേഹത്തിന്റെ ഒപ്പമായിരുന്നു. അവർ വിദ്യാസ മ്പന്നരായിരുന്നു. സാമൂതിരിയെ ഹൈദരാലി തോൽപ്പിച്ചതിനു ശേഷം, ഹൈ ദരാലിയുടെ കാര്യങ്ങൾ മലബാറിൽ നോക്കിയിരുന്നത് ഹരി പ്രഭുവായിരു ന്നു. ഇതോടുകൂടി കൊച്ചിയിലെ ഗൗഡ സാരസ്വത് സമൂഹം ഹൈദരാലി യുടെ കൂടെ നിൽക്കുമോ എന്നൊരു ആശങ്ക ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി ക്ക് വന്നു. എന്നെ ചതിക്കാൻ തയ്യാറായി എന്റെ സമാജത്തിലെ ചിലരെ കൂ ട്ടുപിടിച്ച്, രണ്ടാം വേദക്കാരനിൽ നിന്നും ഞാൻ വലിയൊരു തുക 10 വർ ഷം മുൻപ് വാങ്ങിയിട്ടുണ്ടെന്ന് പറഞ്ഞ് ഒരു കള്ളക്കേസ് കൊടുത്തിരുന്നു. ഈ കേസും ഞാൻ ഹൈദരാലിയെ കാണാൻ പോയി എന്ന് പറഞ്ഞു കൊ ണ്ടുമാണ് കോടതിവിധി സമ്പാദിച്ചത്. എന്നെയും എന്റെ മകനെയും നാടു കടത്തി. പിന്നീട് എന്റെ സ്വത്ത് വഹകൾ കണ്ടുകെട്ടി രണ്ടാം വേദക്കാരന് കൊടുത്തു. അയാൾ അത് എന്റെ സമാജത്തിലെ ചിലർക്ക് പങ്കിട്ട് കൊടു ത്തു. അയാളും രണ്ട് പങ്കെടുത്തു. കൊടുംചതിയാണ് എന്നോട് ചെയ്തത്. ഞാൻ എന്നെയും എന്റെ കുടുംബത്തെയും രക്ഷിക്കണമെന്ന ആവശ്യമാ

യിട്ടായിരുന്നു ഹരി പ്രഭുവിനെ പോയി കണ്ടത്. ഹൈദരലിയെ കൊണ്ട് എന്നെ സഹായിക്കാമെന്നും ഹരി പ്രഭു വാക്ക് തന്നിരുന്നു. തിരികെ ഞാൻ നാട്ടിലേക്ക് വരുന്നവഴിയിൽ ഫോർട്ട് കൊച്ചിയിൽ വെച്ച് എന്നെ പിടികൂടി. എന്നെയും എന്റെ മൂത്തമകനായ ഇവനെയും നാടുകടത്താൻ ഉത്തരവിടുകയായിരുന്നു. എന്നെ പിന്തുടർന്ന് ഞാൻ എങ്ങോട്ടാണ് പോയിരിക്കുക എന്നും ആരെയാണ് കണ്ടെതെന്നും കണ്ടുപിടിച്ച് അപ്പപ്പോൾ തന്നെ ഡച്ച് അധികാരികൾക്ക് എത്തിച്ചു കൊടുത്തത് എന്റെ കൂട്ടർ തന്നെയായിരുന്നു."

ചോരക പ്രഭു ഇടയിൽ കയറിപറഞ്ഞു.
"ഞങ്ങൾ നമ്പൂതിരിമാരുടെ കയ്യിൽ നിന്നും വാങ്ങിയ ശിവമ്പലം ഞങ്ങളുടെ സമാജത്തിലെ ആളുകൾക്ക് തന്നെ കിട്ടി എന്നതാണ് ഏക ആശ്വാസം. കൊച്ചിക്ക് പുറമേയുള്ള ഞങ്ങളുടെ സ്ഥലങ്ങൾ പലരും കയ്യേറി. മുട്ടത്തെ അതായത് ചേർത്തലയിലെ ഞങ്ങളുടെ ഭൂമി രണ്ടാം വേദക്കാരാണ് കയ്യടക്കിയത്.

വരാപ്പുഴയിലെ ഞങ്ങളുടെ ഭൂമി മൂന്നാം വേദക്കാരും. ഞങ്ങളുടെ കുടുംബത്തെ പോലും ഞങ്ങളിൽ നിന്നും അവർ അകറ്റി. എവിടെയാണെന്നോ എങ്ങോട്ട് പോയെന്നോ ഒരറിവും ആർക്കുമില്ല. പിന്നീട് വന്ന ശക്തൻ തമ്പുരാന് ഈ കഥകളൊക്കെ അറിയാമായിരുന്നു. വീര കേരളവർമ്മ രണ്ടാമൻ രാജാവായിരുന്നകാലത്തും ശക്തൻ തമ്പുരാന് കൊട്ടാരത്തിൽ പ്രത്യേകം സ്ഥാനം ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ ചതിക്കഥകൾ ഒക്കെ അദ്ദേഹത്തിന് നല്ലപോലെ അറിയാമായിരുന്നു"

ഈ സമയം ഞങ്ങളുടെ പുറകിൽ നിന്നും ഒരാൾ നടന്നുവരുന്നുണ്ടായിരുന്നു. കളക പ്രഭുവിനും മകൻ ചോരക പ്രഭുവിനും അദ്ദേഹത്തെ കാണാമായിരുന്നു. ഞങ്ങളോടുള്ള സംസാരം നിർത്തി ഞങ്ങളോട് ഒരു വാക്ക് പോലും പറയാതെ കളക പ്രഭുവും  മകനും എങ്ങോട്ടെന്നില്ലാതെ യാത്രയായി.

ഞാനും ഇട്ടിക്കോരയും തിരിഞ്ഞു നോക്കുമ്പോൾ പ്രതാപശാലിയായ ഒരു പ്രമാണി. ഞങ്ങൾക്ക് നേരെ നടന്നുവരുന്നു. വേഷം കളകപ്രഭുവിന്റെ പോലെതന്നെ. പക്ഷേ കളക പ്രഭുവിനെക്കാളും ഉയരം ഉണ്ടായിരുന്നു.  ഞങ്ങൾക്കഭിമുഖമായി അദ്ദേഹം വന്നുനിന്നു. ഞാൻ അല്പം തലയുയർത്തിയാണ് അദ്ദേഹത്തെ നോക്കിയത്. തലപ്പാവ് ഉണ്ടായിരുന്നില്ല. കുടുമയുണ്ടായിരുന്നു.

ഇട്ടിക്കോര ചോദിച്ചു
"താങ്കളെ കണ്ടപ്പോൾ എന്തിനാണ് കളകപ്രഭുവും മകനും പൊയ്ക്കളഞ്ഞത്...? താങ്കൾ ആരാണ്?"

"ഞാൻ ദേവരശ കിണി...കളക പ്രഭുവിനും മകനും എന്നോടും എന്റെ കുടുംബത്തോടും തെറ്റിദ്ധാരണയുണ്ട്."

“അങ്ങനെ അദ്ദേഹത്തിന് തെറ്റിദ്ധാരണ ഉണ്ടാകാൻ കാരണം?”- ഞാൻ സംശയം പ്രകടിപ്പിച്ചു.

“എന്റെ പൂർവികരാണ് അദ്ദേഹത്തെ ചതിച്ചത് എന്നൊരു അപശ്രുതി പലയിടത്തായി ഞാനും കേട്ടിരുന്നു. പക്ഷേ ഞങ്ങൾ സമാജക്കാർ ആരെയും ചതിക്കാറില്ല. ഞങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഞങ്ങൾ പരസ്പരം കാര്യങ്ങൾ തർക്കിക്കാറുണ്ട്, പിണങ്ങാറുണ്ട്. പക്ഷേ, ഞങ്ങൾ ചതിക്കാനോ ആക്രമിക്കാനോ മുതിരാറില്ല. ഞങ്ങളുടെ കുടുംബബന്ധങ്ങൾ പതിറ്റാണ്ടുകളോ നൂറ്റാണ്ടുകളോ ആയിട്ടുള്ള ബന്ധങ്ങളല്ല മറിച്ച് സഹസ്രാബ്ദങ്ങൾ ആയിട്ടുള്ള ബന്ധമാണ്”.

ഞാൻ ആലോചിച്ചു.സഹസ്രം എന്നുപറഞ്ഞാൽ ആയിരം അല്ലെ! ആയിരം വർഷങ്ങൾ ആയിട്ടുള്ള ബന്ധം അതെന്തു ബന്ധമാണ്.
“ആയിരം വർഷമായിട്ടുള്ള ബന്ധം എന്ന് പറയുമ്പോൾ?”
“ഞങ്ങളുടെ പൂർവികർ ഗോവയിൽ നിന്നും വന്നവരാണ്. ഗോവയ്ക്ക് മുമ്പ് അവർ ദ്വാരകയിൽ ആയിരുന്നു. അതിന് മുമ്പ് അവർ സരസ്വതി നദിയുടെ തീരത്തായിരുന്നു. ഹാരപ്പ-മോഹൻജദാരോ സംസ്കാരത്തിന്റെ ഭാഗമായിരുന്നു ഞങ്ങളുടെ പൂർവികർ. ഞങ്ങളായിരുന്നു ആ സംസ്കാരത്തിൽ ജീവിച്ചിരുന്നവർ. സരസ്വതീനദിയുടെ തീരത്തായിരുന്നതു കൊണ്ടാണ് ഞങ്ങളെ സാരസ്വത് എന്നറിയപ്പെടുന്നത്. വെങ്കിടാചലപതിക്കും സമാജത്തിനും അർപ്പിച്ചതാണ് ഞങ്ങൾ ഓരോരുത്തരുടെയും ജീവിതം”

“ഹാരപ്പ-മോഹൻജദാരോ സംസ്കാരം എന്ന് പറയുമ്പോൾ സിന്ധു നദീതട സംസ്കാരം അല്ലേ? അത് നിങ്ങൾക്ക് മാത്രം എങ്ങനെയാണ് അവകാശപ്പെടാൻ സാധിക്കുന്നത്. ബലൂച്ചികൾ എന്നൊരു വിഭാഗം ഉണ്ട്. അവരും ഈ സംസ്കാരത്തിന്റെയും നാഗരികതയുടെയും ഭാഗമായിരുന്നു.”
“ശരിയായിരിക്കാം, ഞങ്ങളിൽ നിന്നും പിരിഞ്ഞു മറ്റു ദേശത്തേക്ക് പോയവർ ഒരുപാടുണ്ട്. ദ്വാരകയിലേക്ക് വന്നവരാണ് ഞങ്ങൾ. മാത്രമല്ല മറ്റു ദേശത്തേക്ക് പോയവർ വൈഷ്ണവ സംസ്കാരത്തിൽ നിന്നും പുറത്തു പോയിട്ടുണ്ടെങ്കിൽ അവർക്ക് മേൽപ്പറഞ്ഞ സംസ്കാരത്തിന്റെ അവകാശികളാകാൻ സാധിക്കില്ല. ഞങ്ങളാണ് യഥാർത്ഥ ആര്യർ. ഭാരതത്തിൽ അലക്സാണ്ടർ ചക്രവർത്തി യുദ്ധം ചെയ്തു തിരികെ പോകുന്ന വേളയിൽ ചക്രവർത്തിയുടെ കുറേയധികം പടയാളികൾ ഇവിടെത്തന്നെ കൂടിയിരുന്നു. ആര്യാവർത്തത്തിന്റെ ഭാഗമായ ഞങ്ങളുടെ സമൂഹത്തിൽ നിന്നാണ് അവർ മിക്കവരും വിവാഹം കഴിച്ചത്. പക്ഷേ,നിർബന്ധിതമായിരുന്നു അതൊക്കെ. ഞങ്ങളുടെ പെൺമക്കൾ കുറേയധികം അവരിൽ അലിഞ്ഞു. അവർ ഹിന്ദുക്കളായി തന്നെ ജീവിച്ചിരുന്നുവെങ്കിലും അവരുടെ പരമ്പര ഒന്നും ഞങ്ങളുടെ അവകാശത്തിൽ വരില്ല.

പേർഷ്യയുടെ ആക്രമണത്തെ തുടർന്ന് കുറെയധികം ആളുകൾ അതിലും ലയിച്ചു. നാലാം വേദക്കാർ മതം വളർത്തുന്നതിന്റെ ഭാഗമായി ഞങ്ങളുടെ സംസ്കാരത്തെ തച്ചുടക്കുകയും ആക്രമിക്കുകയും ചെയ്തു.

കുറെ പേർ മരണ ഭയം കൊണ്ട് അവരിൽ അലിഞ്ഞു ചേർന്നു. അറേബ്യയിൽ വിഗ്രഹാരാധന നടത്തിയ വിഭാഗവും ഞങ്ങളുടെ പൂർവാശ്രമത്തിൽ നിന്നും പോയവരായിരുന്നു. വിഗ്രഹങ്ങളത്രയും തച്ചുടയ്ക്കപ്പെട്ടിട്ടും നാലാം വേദം സ്ഥാപിതമായതിനെതുടർന്ന് അറുപതിൽപരം വിഗ്രഹങ്ങളും കൊണ്ട് തിരിച്ച് ഞങ്ങളുടെ അരികിലേക്ക് വന്നവരുമുണ്ട്. നിരവധി ആക്രമണങ്ങളെ ചെറുത്തുനിന്നവരാണ് ഞങ്ങൾ. അറേബ്യയിലും പേർഷ്യയിലും നിരവധിയായ ക്ഷേത്രങ്ങളാണ് തകർക്കപ്പെട്ടത്.

ഞങ്ങളുടെ പൂർവികർ എല്ലാത്തിനെയും അതിജീവിച്ച് വൈഷ്ണവ സംസ്കൃതിയുടെ ഭാഗമായി നിലനിന്നവരാണ്. അതുകൊണ്ടുതന്നെ ഞങ്ങളാണ് യഥാർത്ഥ ആര്യർ എന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കും. ദോർക്കേ എന്നാണ് ഇപ്പോൾ ഞങ്ങൾ അന്യോന്യം വിശേഷിപ്പിക്കാറുള്ളത്.

യാത്രാസൗകര്യങ്ങൾ മെച്ചപ്പെട്ടപ്പോഴാണ് പലായനത്തിന്റെ പ്രസക്തി നഷ്ടമായത്. മനുഷ്യൻ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് യാത്ര പുറപ്പെട്ടതിനുശേഷമാണ് സംസ്കാരത്തിലും പ്രകൃതത്തിലും ഒക്കെ വ്യത്യാസമുണ്ടായി തുടങ്ങിയത്. ഈ നാട്ടിൽ വന്നതിനുശേഷം ഞങ്ങൾ ഞങ്ങളുടെ സംസ്കാരത്തെ പിൻപറ്റി ജീവിക്കുകയും അതോടൊപ്പം ഈ നാട്ടിലെ ആളുകളുമായി സഹകരിച്ചു മുന്നോട്ടുപോവുകയുമാണുണ്ടായത്. തിരിച്ചുപോക്കിനെ പറ്റി ഞങ്ങൾ ചിന്തിച്ചിട്ട് പോലുമില്ല.”

ഞാൻ ആ കാലം വെറുതെ ഒന്നാലോചിച്ചു. പലായനവും കുടിയേറ്റവുമൊക്കെ മനസ്സിൽ വല്ലാതെ അലയടിച്ചു.

കിണി തുടർന്നു.
“പോർച്ചുഗീസുകാരുടെ നിർബന്ധിത മതപരിവർത്തനത്തിനെതിരായിരുന്നു ഞങ്ങൾ. അതിനെ തുടർന്നായിരുന്നു വെങ്കടാചലപതിയേയും ചേർത്തുപിടിച്ചുകൊണ്ട് ഈ ദിക്കിലേക്ക് യാത്ര പുറപ്പെട്ടത്. ഒരുപാട് പേർക്ക് നിർബന്ധിത മതപരിവർത്തനം നടത്തേണ്ടി വന്നിട്ടുണ്ട്. ക്രിസ്ത്യാനിയായി ജീവിക്കാൻ താല്പര്യമില്ല എന്നതുകൊണ്ടാണ് സ്വന്തം നാടും വീടും വിട്ട് ഈ ദേശത്തേക്ക് പുറപ്പെട്ടത്. പുറപ്പെട്ടവരിൽ പകുതിയിലധികം പേർ കടലിൽ മരിക്കുകയും ചെയ്തു. വൈഷ്ണവ സംസ്കൃതി മുറുകെ പിടിക്കണം എന്ന നിശ്ചയദാർഢ്യം കൊണ്ടു തന്നെയാണ് മരിച്ചാലും ക്രിസ്ത്യാനിയാകില്ല എന്ന തീരുമാനത്തിൽ ഉറച്ചത്.
കിണി- സാധാ കണക്ക്നോക്കൽ
കമ്മത് -ഉയർന്ന കണക്ക് നോക്കൽ
വാദ്യർ-ജ്യോതിഷം
ഭട്ട് -പൂജാരി, ഉപദേശകർ
മല്ലൻ -ആയോധനകല
മല്ല്യ -ആയോധനകല
ഷേണായ് -വ്യാപാരികൾ
പ്രഭു -ഭൂപ്രഭുക്കൾ
പൈ -പണമിടപാട്

ബാളിക- മലഞ്ചരക്ക് വ്യാപാരം
നായ്ക് -പടയാളികൾ
ഇങ്ങനെയായിരുന്നു ഞങ്ങളുടെ പരമ്പര ഇവിടെ മുന്നോട്ട് പോയത്."

പക്ഷെ, കിണി പറഞ്ഞതിൽ നിന്നും വ്യത്യസ്തമായിരുന്നു എന്റെ അറിവുകൾ. ആധുനിക ഗോവയും, ഗോവയോട് ചേർന്നുള്ള കൊങ്കണിന്റെ ചില ഭാഗങ്ങളും ഉൾപ്പെടുന്ന ഈ പ്രദേശത്ത് അപ്പർ പാലിയോലിത്തിക് മെസോലിത്തിക് ഘട്ടത്തിൽ അതായത് ബിസി 8000-6000കാലഘട്ടത്തിൽ ഹോമോസാപ്പിയൻസ് അധിവസിച്ചിരുന്നെന്ന് കേട്ടിട്ടുണ്ട്.

ബിസി 3500 മുതൽ വേട്ടയാടൽ, മീൻപിടുത്തം, പ്രാകൃത കൃഷിരീതി എന്നിവയെ ആശ്രയിച്ച് ജീവിച്ചിരുന്ന കോൾസ്, മുണ്ടാരികൾ, ഖാർവിസ് തുടങ്ങിയ ഓസ്ട്രിയൻ വംശജരായ ഗോത്രങ്ങൾ നിയോലിത്തിക്ക് കാലഘട്ടത്തിൽ ഗോവയിലും കൊങ്കണിലും സ്ഥിര താമസമാക്കിയിരിക്കാമെന്നാണ് പഠനങ്ങൾ.

ഗൗഡ, കുൻബി തുടങ്ങിയ ജാതികൾ പുരാതന മുണ്ടാരികളുടെ ആധുനിക പിൻഗാമികളാണ്. അവരിൽ നിന്നാണ് കോങ്വാൻ അല്ലെങ്കിൽ കൊങ്കൺ എന്ന പേര് ഉരുത്തിരിഞ്ഞത്. ബിസി 1200 -ൽ തന്നെ കോൾസും മുണ്ടാരിയും ഇരുമ്പ് ഉപകരണങ്ങൾ പോലെ കല്ലും മരവും ഉപയോഗിച്ചിരുന്നിരിക്കാം. കോൾ ഗോത്രം ഗുജറാത്തിൽ നിന്നാണ് വന്നതെന്നും കേട്ടിട്ടുണ്ട്.

"പല ചരിത്രങ്ങളും അന്തർമുഖങ്ങൾ ആണ്. നിങ്ങൾക്കെങ്ങനെയാണ് ഈ 8000 വർഷത്തെ ചരിത്രം പറയാൻ സാധിക്കുക?"

കിണി കുറച്ചുകൂടി ആവേശത്തിൽ മറുപടി പറയാൻ തയ്യാറെടുത്തു.
തങ്ങളുടെ സമുദായത്തെ പറ്റിയും പൂർവികരെ പറ്റിയും സംസ്കാരത്തെ പറ്റിയും  മറ്റൊരാളോട് പറഞ്ഞുകൊടുക്കുക എന്നുള്ളത് വലിയ ഇമ്പം തോന്നിയത് പോലെ. എന്റെയും കിണിയുടെയും സംഭാഷണങ്ങൾ അത്രയും വളരെ ശ്രദ്ധയോടെയാണ് ഇട്ടിക്കോരയും കേട്ടു കൊണ്ടിരുന്നത്.

കിണി തുടർന്നു.

"ഞങ്ങൾ സഹസ്രാബ്ദങ്ങളായി ഞങ്ങളുടെ തലമുറകളെയും പൂർവികരെയും പറ്റി ഞങ്ങളുടെ തലമുറയോട് പറഞ്ഞു കൊണ്ടേയിരുന്നു. അതുകൊണ്ടുതന്നെ ഞങ്ങൾക്ക് ഞങ്ങളെപ്പറ്റി മറ്റൊരാളിൽ നിന്നും കേൾക്കേണ്ടതായോ അറിയേണ്ടതായോ ആവശ്യം വന്നിരുന്നില്ല. ഞാൻ നേരത്തെ പറഞ്ഞല്ലോ, ദ്വാരകയിൽ നിന്നാണ് ഗോവയിലേക്ക് വന്നതെന്ന്. ഗോവയിൽ നിന്നാണ് ഇങ്ങെത്തിയതെന്ന്. ഗോവയിൽ നിന്നും കൂട്ടപ്പലായനം നടന്നത് പോർച്ചുഗീസുകാരുടെ വരവോടുകൂടിയാണ്. അത് ഏതാണ്ട് 1560ൽ ആയിരുന്നു. അതിനു മുൻപേ ജലാലുദ്ദീൻ ഖിൽജിയുടെ കാലത്ത് ഞങ്ങൾ കുറച്ചു പേർ ഇങ്ങ് വന്ന് താമസിച്ചിരുന്നു. പക്ഷേ, കൊച്ചിയിലായിരുന്നില്ല, കോലോത്തു

നാടായിരുന്നു. ഞാൻ നിരവധി ആക്രമണങ്ങളെ പറ്റി പറഞ്ഞല്ലോ ഈ ആക്രമണങ്ങളെയൊക്കെ അതിജീവിച്ചതും വെങ്കിടാചലപതി ഭഗവാനെ കാത്തു സൂക്ഷിക്കാൻ വേണ്ടി മാത്രമായിരുന്നു. തലമുറകളായുള്ള ഞങ്ങളുടെ നിയോഗമായിരുന്നു  അത്".

"പക്ഷേ... ചരിത്രം എന്നു പറയുമ്പോൾ എഴുതപ്പെട്ടത് മാത്രമല്ലേ വിശ്വസിക്കാൻ സാധിക്കൂ?"

"ഇന്നലെ കഴിഞ്ഞുപോയ കാര്യങ്ങൾ ഉൾപ്പെടെ ചരിത്രമാണ്. അതിപ്പോൾ എഴുതപ്പെട്ടാലും എഴുതപ്പെട്ടില്ലെങ്കിലും. എഴുതപ്പെട്ട ചരിത്രങ്ങൾ മാത്രമേ ആളുകൾ വിശ്വസിക്കൂ. അത് അങ്ങനെയാണ്. എഴുതപ്പെട്ടിട്ടില്ലെങ്കിലും ചരിത്രം ചരിത്രം തന്നെയല്ലേ? ചില ചരിത്രങ്ങൾ എഴുതപ്പെടാതെ പോകുന്നതുകൊണ്ടാണ് പിന്നീട് അതിൽ ക്രമക്കേട് നടത്തുന്നത്."

അദ്ദേഹം ചുറ്റും കണ്ണോടിച്ചു..

"കേവലം  പഞ്ചസാര കൊടുക്കാത്തതിന്റെ കാരണത്താലായിരുന്നോ താങ്കളെ ശക്തൻ തമ്പുരാൻ തലവെട്ടി കണികാണിക്കാൻ വിധിച്ചത്?"

ഇട്ടിക്കോരയും സംശയം പറഞ്ഞു
"അതെ ഞാനും വല്ലാതെ ആശ്ചര്യപ്പെട്ടിട്ടുണ്ട്. തിരുവുള്ളക്കേട് തോന്നിയതിന് ഒരു സമുദായത്തിന്റെ പ്രമാണിയെ യാതൊരു കാര്യവുമില്ലാതെ തലവെട്ടി കൊണ്ടുപോവുക എന്നൊക്കെ പറഞ്ഞാൽ!"

കിണി ഞങ്ങളുടെ രണ്ടുപേരുടെയും മുഖത്ത് മാറിമാറിനോക്കി തുടർന്നു.
"എന്റെ മേലിൽ ആരോപിച്ച കുറ്റം അതായിരുന്നു എന്നതാണ് ഞാൻ പോലും ആദ്യം കണക്കാക്കിയിരുന്നത്. എന്നാൽ, മരണാനന്തരം എന്റെ ഘാതകനായ കപ്പിത്താൻ പണിക്കരെ  ഞാൻ കണ്ടുമുട്ടി. അദ്ദേഹത്തോട് കുറച്ചധികം കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. പണിക്കരെ കാണുംവരെ  എന്റെ നാട്ടുകാർ കരുതിയിരുന്നത് പോലെതന്നെ ഞാനും കരുതിയിരുന്നത്. ശക്തൻ തമ്പുരാന്റെ വലിയമ്മ തമ്പുരാട്ടി തൃപ്പൂണിത്തുറ കോവിലകത്ത് തീപ്പെട്ടു. തീപ്പെട്ട 11 ദിവസങ്ങൾക്ക് ശേഷം നടക്കുന്ന തിരുമാസ ചടങ്ങിന് പഞ്ചസാര എത്തിക്കാൻ തലേദിവസം ആയിരുന്നു അറിയിച്ചിരുന്നത്.  എന്റെ കൈവശം പഞ്ചസാരയ്ക്ക് പകരം ശർക്കരയാണ് ഉണ്ടായിരുന്നത്. ശർക്കര കൊടുത്തുവിട്ടത് ഇഷ്ടമാകാത്തത് തിരുവുള്ളക്കേടായി കണക്കാക്കി, പീടികയിൽ വന്ന്  രാജാവിന് കുറച്ച് പട്ട് ആവശ്യമുണ്ടെന്ന് കള്ളംപറഞ്ഞ് മുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.

ആരും കാണാതെ തലയറുത്ത് പട്ടിൽ പൊതിഞ്ഞ് കൊണ്ടുപോയാണ് രാജാവിന് കണിയായി വച്ചത്.  രാജാവ് കണി കാണണമെന്നു മാത്രമേ ഉദ്ദേശിച്ചുള്ളൂവെന്നും കപ്പിത്താൻ പണിക്കർക്ക് അബദ്ധം പറ്റി വധിച്ചതാണെന്നുമാണ് അവർ എന്റെ വീട്ടുകാരെ അറിയിച്ചത്. രണ്ടു നാളുകൾ

ക്കുശേഷം എന്റെ ഭൃത്യരായിരുന്നവർ ചെല്ലാനത്ത് വച്ച് കപ്പിത്താൻ പണിക്കരെ ശ്വാസംമുട്ടിച്ചു കൊന്നതിന് ശേഷം രാജാവ് തൃപ്പൂണിത്തുറ കോവിലകത്തുനിന്നും തൃശ്ശിവപേരൂരിലേക്ക് താമസം മാറ്റി.

എന്നെ വധിക്കുന്നതിന് ഒരാഴ്ച മുമ്പ് ശക്തൻ തമ്പുരാന്റെ നിർദ്ദേശപ്രകാരമാണ് പണിക്കരും കൂട്ടാളികളും ചേർന്ന് തിരുമല ദേവക്ഷേത്രം കൊള്ളയടിച്ചത്. ഞാനായിരുന്നല്ലോ അന്നത്തെ ക്ഷേത്ര വരണാധികാരികളിൽ ഒരാൾ. ഞങ്ങൾ ഞങ്ങളുടെ ജീവനേക്കാൾ വിലകൽപ്പിക്കുന്ന വെങ്കടാചലപതിയേയും മറ്റു രത്നങ്ങളും പ്രസാദം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന മാവിൽ കുഴച്ച് ആലപ്പുഴയിലേക്ക് കടത്തി. വെങ്കിടാചലപതിയുടെ വിഗ്രഹവും വിലപിടിപ്പുള്ള രത്നങ്ങളും കിട്ടാത്ത രാജാവിന് എന്നോടും എന്റെ കൂട്ടാളികളോടും അമർഷമുണ്ടായി. എന്നാൽ എന്നെ വധിച്ചതിൽ ഡച്ചുകാർക്ക് രാജാവിനോട് വലിയ അതൃപ്തിയുമുണ്ടായിരുന്നു."

ഇട്ടിക്കോരയും ഞാനും ആകെ വിഷമത്തിലായി. ആകെ അങ്കലാപ്പിലായല്ലോ കാര്യങ്ങൾ...

കിണി അദ്ദേഹത്തിന്റെ വാദം തുടർന്നു.
"എന്റെ കൂട്ടരുടെ സ്വത്തുവഹകൾ പലരും കൈവശപ്പെടുത്തിയിട്ടുണ്ട്. പലയിടത്തും ദേവസ്വത്തിന്റെ ഭൂമിയുണ്ട്. നാലാം വേദക്കാരായ ചിലരാണ് മട്ടാഞ്ചേരിയിലെ ഞങ്ങടെ ഭൂമി കൈവശപ്പെടുത്തിയിട്ടുള്ളത്. ഫോർട്ട് കൊച്ചിയിലെയും വരാപ്പുഴയിലെയും ഞങ്ങടെ ഭൂമി മൂന്നാം വേദക്കാരാണ് കൈവശം വച്ചിരിക്കുന്നത്. ചേർത്തലയിൽ ഞങ്ങടെ ഭൂമി കൈവശം വച്ചത് രണ്ടാം വേദക്കാരാണ്."

കിണി ഞങ്ങളോട് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾതന്നെ ഒരാൾ നടന്നു വരുന്നുണ്ടായിരുന്നു. ആരോഗ്യമുള്ള ശരീരം. അധികം വെളുത്തതല്ലാത്ത,മേൽമുണ്ട് ധരിക്കാത്ത, തലപ്പാവ് വെക്കാത്ത, തല മുണ്ഡനം ചെയ്ത ആരോഗ്യമുള്ള ഒരാൾ.
കിണിയെ നോക്കി തൊഴുതു. ഞങ്ങൾക്ക് അദ്ദേഹത്തെ പരിചയപ്പെടുത്തി.
"ഇത് ജനകൻ. ഇങ്ങേരുടെ ആളുകളാണ് ചെല്ലാനത്തുവെച്ച് കപ്പിത്താൻ പണിക്കരെ വധിച്ചത്."
ഞാനും ഇട്ടിക്കോരയും ജനകനെ നോക്കി. തിരിഞ്ഞു നോക്കുമ്പോൾ ദേവരശകിണി ഞങ്ങളുടെ മുന്നിലില്ല!.

## ഭാഗം അഞ്ച്

"“എന്താ നിങ്ങൾക്ക് അറിയേണ്ടത്?”

ആശ്ചര്യത്തോടുകൂടി ഞാൻ ഇട്ടിക്കോരയെ നോക്കി. വല്ലാത്ത തെറ്റിദ്ധാരണയോടുകൂടിയാണ് ജനകന്റെ ചോദ്യം എന്ന് തോന്നി. അതേസമയം എന്റെയും ഇട്ടിക്കോരയുടെയും പരസ്പരനോട്ടത്തിൽ എന്തോ പന്തികേടുണ്ടെന്ന് ജനകൻ തിരിച്ചറിഞ്ഞു.

ജനകൻ തുടർന്നു

“മറ്റൊന്നും കൊണ്ടല്ല, ഞങ്ങളുടല്ലാവരുടെയും വിവരങ്ങൾ ചോദിച്ച് അറിയുന്നു!. അതുകൊണ്ട് ചോദിച്ചെന്നേ ഉള്ളൂ... ഏതായാലും എനിക്കറിയാവുന്ന കാര്യങ്ങൾ ഞാനും പറയാം. എന്നെ മൂപ്പൻ എന്ന് വിളിച്ചാൽ മതി. ദേവരശ കിണി ഗോത്ത് പറഞ്ഞത് കുറെ ഞാനും കേട്ടിരുന്നു.

ഞാൻ സംശയത്തോടെ നോക്കി. ആ സമയത്ത് ജനകനെ ഇവിടെ കണ്ടിരുന്നില്ലല്ലോ,പിന്നെ എങ്ങനെയാണ് അദ്ദേഹം കേട്ടത്? ഞാൻ ആ ഭാവം കാണിക്കാതെ അദ്ദേഹം പറയുന്നത് ശ്രദ്ധയോടെ കേൾക്കാൻ ശ്രമിച്ചു.

‘ഗോത്ത്’ എന്നാൽ ഇവരുടെ ഭാഷയിൽ ഉടമസ്ഥൻ എന്നാണെന്ന് ഇട്ടിക്കോര എന്നോട് പതുക്കെ പറഞ്ഞു

മൂപ്പൻ തുടർന്നു

“പോർച്ചുഗീസുകാരുടെ ആക്രമണത്തെ തുടർന്ന്, ഗൗഡ സാരസ്വത്ബ്രാഹ്മണർ മാത്രമല്ല വന്നത് അബ്രാഹ്മണരായ ചിലരുണ്ടായിരുന്നു. അവരിൽ സ്വർണപ്പണിക്കാരും കൂടിയായിരുന്നു. സോനാരെ. രാജാവിന്റെ കൊട്ടാരവുമായി വലിയ ബന്ധം അവർക്കുണ്ട്. കൊങ്കണി വാണിയൻമാരായ ആളുകളും വന്നിരുന്നു. കൂടെ ഞങ്ങളും. പൊതുവെ ഞങ്ങളെ കുടുംബികൾ എന്നാണ് അറിയപ്പെടുന്നത്. മൂപ്പന്മാർ എന്നാണ് ഞങ്ങളെ വിളിച്ചു പോന്നിരുന്നത്.

മത്സ്യവും മാംസവും കഴിക്കും. അതുകൊണ്ടുതന്നെ അവർ ഞങ്ങളെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. വർഷങ്ങളായി ഞങ്ങളാണ് ഇവരുടെ ജോലിക്കാർ. ദേവനെ അകത്തു കയറി പ്രാർത്ഥിക്കാനുള്ള അനുവാദം ഞങ്ങൾക്ക് ഇല്ല. പക്ഷെ, ഞങ്ങളുടെ ദേവനും വെങ്കിടാചലപതി തന്നെയായിരുന്നു. ഗോത്ത് പറഞ്ഞ ചില കാര്യങ്ങളോട് എനിക്ക് അഭിപ്രായവ്യത്യാസമുണ്ട്. അല്ലേലും ചരിത്രം അങ്ങനെയാണ്. അവരവർക്ക് ഇഷ്ടമുള്ള രീതിയിൽ വ്യാഖ്യാനിക്കാനാണ് എല്ലാവരും ശ്രമിക്കുന്നത്”.

ഞാനും അത് ശരിവെച്ചു. കാരണം, ഇന്നലെ നടന്ന ഒരു സംഭവം ഇന്നത്തെ പത്രത്തിലേക്ക് വരുമ്പോൾ നാല് പത്രങ്ങളിലായി നാലു വാർത്തകളാണ് അച്ചടിച്ച് വരാറുള്ളത്. അപ്പോപിന്നെ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ചരിത്രവും അങ്ങനെയൊക്കെ തന്നെ ആയിരിക്കില്ലേ. ചരിത്രത്തെ കെട്ടുകഥ, കടങ്കഥ എന്നൊക്കെ ചിലയാളുകൾ പറയാറുള്ളത് ഇതൊക്കെ കൊണ്ടാകാം.

“പാശ്ചാത്യ രാജ്യത്ത് നിന്നെവിടെയോ കേറി വന്നവരാണ് ഇവരുടെ പൂർവികരും ഞങ്ങടെ പൂർവികരും. പിന്നീട് ഹാരപ്പാ-മോഹൻജദാരോ സംസ്കാരത്തിന്റെ ഭാഗമായി. അതിനുശേഷം ഇവർ പോയത് ദ്വാരകയിലേക്കായിരുന്നില്ല, ബിഹാറിലേക്കായിരുന്നു. ഇവരെ ദോർക്കേ എന്ന് വിളിക്കുന്നത് ദ്വാരകയിലായിരുന്നതുകൊണ്ടല്ല, വൈഷ്ണവരായതുകൊണ്ടാണ്. ഇവിടെ വന്നതിനുശേഷം ആണ് ഇവർ ബ്രാഹ്മിൻ എന്ന നാമം തന്നെ സ്വീകരിച്ചത്. മുൻപ് എല്ലാവരും സാരസ്വതായിരുന്നു.

ആദ്യകാലങ്ങളിൽ ഞങ്ങളുടെയൊക്കെ പൂർവികൻമാർ ഇവരുടെ കൂടെ ഉണ്ടായിരുന്നപ്പോൾ ഇവരെല്ലാവരും ശൈവരായിരുന്നു. പിന്നീട് വൈഷ്ണവരായി മാറിയതാണ്. ഇവരുടെ പല വീടുകളിലും ശൈവരീതിയാണ് തുടരുന്നത്. പ്രാർത്ഥനകളിലെ റാം നാഥ് എന്നുള്ളത് രാമന്റെ നാഥനെയാണ് ഉദ്ദേശിക്കുന്നത്. അതായത് മഹാദേവനെ, ശിവനെ. ഞങ്ങൾ ഇന്നും ശൈവരും കൂടിയാണ്.

ഹാരപ്പ- മോഹൻജദാരോ സംസ്കാരത്തെ പോലെ തന്നെ പ്രാചീനമാണ് ദ്രാവിഡ സംസ്കാരവും. ആ ദ്രാവിഡ സംസ്കാരത്തിന്റെ ഭാഗമാണ് ശിവൻ.

ഗോത്തയെ വധിക്കാൻ വന്ന കപ്പിത്താൻ പണിക്കരും കൂട്ടരും ഞങ്ങളുടെ കൂട്ടത്തിലെ ഞാൻ ഉൾപ്പെടെയുള്ള നാലുപേരെയും കൂടി വധിച്ചു. ഞങ്ങൾ കാലാകാലങ്ങളായി വധിക്കപ്പെടാനും ഇല്ലാതാകാനും വിധിക്കപ്പെട്ടവരായിയിരുന്നു. ഞങ്ങൾ വധിക്കപ്പെട്ടത് ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്തിയില്ല. ഗോത്ത് ബ്രാഹ്മണൻ ആയതുകൊണ്ട് മാത്രം അദ്ദേഹത്തിന്റെ പേര് എല്ലായിടത്തും വന്നു.”

“അപ്പോൾ കപ്പിത്താൻ പണിക്കരെ കൊന്നത് ആരാണ്, എന്തുകൊണ്ടാണ് പണിക്കരെ ശ്വാസംമുട്ടിച്ചു കൊന്നത്?”

“ആദ്യം തന്നെ പറയട്ടെ, ഗോത്തയെ വധിച്ചതിൽ ഞങ്ങൾക്ക് വലിയ വിഷമമുണ്ട്. ചതിയിലൂടെയാണ് ഞങ്ങളെ നാലു പേരെയും വധിച്ചത്. ഗോത്തിനെ വധിച്ചതിന് അല്ല, ഞങ്ങളുടെ കൂട്ടത്തിലെ നാലുപേരെയും കാരണമില്ലാതെ വധിച്ചതിനാലാണ് ഞങ്ങൾ കപ്പിത്താൻ പണിക്കരെ വധിച്ചത്. അദ്ദേഹത്തെ കണ്ടു തലകുമ്പിട്ട് വണങ്ങിയപ്പോഴായിരുന്നു ഞങ്ങളെ അദ്ദേഹം വധിച്ചത്. നൂറ്റാണ്ടുകളായി ഞങ്ങൾ ഈ മണ്ണ് വിട്ടുപോകാതെ ഇവിടെതന്നെ തങ്ങിനിൽക്കുന്നവരാണ്. ഇന്ന് നിങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നതായ എല്ലാ അവകാശങ്ങളും കാണുമ്പോഴൊക്കെ ഞങ്ങൾക്ക് വളരെ സന്തോഷം തോന്നുന്നുണ്ട്.

ഞങ്ങളിൽ പലർക്കും ജീവിച്ചിരിക്കുന്നവരെ കാണാൻ സാധിക്കും. പക്ഷേ ഞങ്ങളെ പലർക്കും കാണാൻ സാധിക്കില്ല. നിങ്ങൾ ഭാഗ്യമുള്ളവനാണ്. അല്ലെങ്കിൽ ഞങ്ങളെ കാണാൻ പറ്റില്ലായിരുന്നു.

ഒരു ബ്രാഹ്മണന്റെ രക്തം ഭൂമിയിൽ പതിക്കുക എന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയ പാപമാണ് എന്നാണ് പഠിപ്പിച്ചിട്ടുള്ളത്. അതുപോലെതന്നെയാണ് ക്ഷത്രിയന്റെ രക്തവും. ക്ഷത്രിയരും ബ്രാഹ്മണരും ഞങ്ങളുമായി യുദ്ധം ചെയ്യാൻ തയ്യാറായിരുന്നില്ല. അത് ഒരിക്കലും പേടിച്ചിട്ടായിരുന്നില്ല, തൊട്ടാൽ അശുദ്ധമാകുമല്ലോ എന്നോർത്തായിരുന്നു. ക്ഷത്രിയന്റെ രക്തം ഞങ്ങളുടെ കൈകളാൽ ഭൂമിയിൽ പതിച്ചാൽ മുപ്പത്തിമുക്കോടി ദൈവങ്ങളുടെ ശാപം ഞങ്ങളെ വിടാതെ പിന്തുടരും. അതുകൊണ്ടാണ് അദ്ദേഹത്തെ ശ്വാസംമുട്ടിച്ചു കൊല്ലാൻ തീരുമാനിച്ചത്.

കപ്പിത്താൻ പണിക്കർ നായരായിട്ടു കൂടി ഞങ്ങൾ ക്ഷത്രിയന് കൊടുക്കുന്ന ബഹുമാനം കൊടുത്തിരുന്നു. അദ്ദേഹം ഞങ്ങളുമായി യുദ്ധം ചെയ്യാൻ തയ്യാറാകില്ല എന്ന് ഞങ്ങൾക്ക് തിരിച്ചറിവുണ്ട്. ഞങ്ങളെ തൊട്ടാൽ അശുദ്ധമാകുമല്ലോ! കപ്പിത്താൻ പണിക്കർ യോദ്ധാവ് എന്നതിനേക്കാളുപരി നല്ല സ്വാത്വികൻ കൂടിയായിരുന്നു. പരകായ പ്രവേശം പോലെയുള്ള സിദ്ധി കൈവരിച്ചയാൾ. അതിനേക്കാളുപരി ശക്തൻ തമ്പുരാന്റെ അടിയുറച്ച സേനാനായകൻ. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്ന നിലയിലായിരുന്നു അദ്ദേഹം പ്രവർത്തിച്ചു പോന്നിരുന്നത്. അദ്ദേഹത്തിന്റെ കുതിരയോട്ടത്തിന്റെ വേഗതയും വാൾ വീശുന്നതിന്റെ വേഗതയൊന്നും അക്കാലത്ത് മറ്റൊരു രാജ്യത്തെയും സേനാധിപനോ പടനായകനോ ഉണ്ടായിരുന്നില്ല. രണ്ട് ഭടന്മാരുമായി വന്ന അദ്ദേഹത്തെ ഞങ്ങളുടെ ആളുകൾ മുക്കുവന്മാരുടെ വലവീശിയാണ് പിടിച്ചത്. ശേഷം വടംവെച്ച് അദ്ദേഹത്തെ കെട്ടി മുറുക്കി. അദ്ദേഹത്തെ വധിക്കാൻ നിയോഗിക്കപ്പെട്ടവർക്ക് നല്ലബുദ്ധിയുണ്ടായിരുന്നു. ഒരുപക്ഷേ അദ്ദേഹം പരകായ പ്രവേശം സ്വീകരിക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രാണൻ പോകുന്നതുവരെ അവിടെ നിൽക്കാൻ തീരുമാനിച്ചു.

അഞ്ചു തലങ്ങളിലാണ് പ്രാണൻ അഥവാ ജീവോർജ്ജങ്ങൾ പ്രത്യക്ഷമാകുന്നത്. പ്രാണവായു,സമാന,അപാന,ഉദാന,വ്യാന എന്നീ പ്രാണന്റെ ഈ 5 തലങ്ങൾക്കും വെവ്വേറെ ധർമ്മങ്ങളാണുള്ളത്. പ്രാണവായുവിന് ശ്വസനത്തിന്റെയും ചിന്താപ്രക്രിയകളുടെയും സ്പർശനത്തിന്റേതുമായ ചുമതലകൾ ആണുള്ളത്. പ്രാചീനകാലം മുതൽ ഒരാൾക്ക് ജീവനുണ്ടോ മര

ണപ്പെട്ടോ എന്ന് നമ്മൾ എങ്ങനെയാണ് പരിശോധിച്ചറിയാൻ കഴിയുക.

അയാളുടെ ശ്വാസം നിലച്ചിട്ടുണ്ടെങ്കിൽ അയാൾ മരണപ്പെട്ടു എന്ന് നമ്മൾ പറയും. പ്രാണവായു ശരീരം വിടാൻ തുടങ്ങുന്നത് കൊണ്ടാണ് ശ്വാസം നിലക്കുന്നത്, എന്നാൽ പൂർണ്ണമായും പ്രാണവായു ശരീരം വിടാൻ ഏതാണ്ട് മൂന്ന് നാഴികനേരം എടുക്കും. ഇക്കാരണത്താലാണ് ഒരാൾ മരിച്ചതിനുശേഷം ഇത്ര സമയത്തിനുശേഷം മാത്രമേ ദഹിപ്പിക്കാൻ പാടുള്ളൂ എന്ന് പറയുന്നത്.

പ്രാണന്റെ അവസാനതലമായ വ്യാന 12 മുതൽ 14 ദിവസം വരെ അവിടെ നിൽക്കും. ഇതൊക്കെ മനസ്സിലാക്കിയാണ് അദ്ദേഹത്തെ ശ്വാസം മുട്ടിച്ച് കൊന്നത്. അദ്ദേഹം മഹാസൂത്രശാലി ആയിരുന്നു. പൊതുവെ കൊങ്കണികൾ രാജാവായിരുന്ന ശക്തൻ തമ്പുരാന് നികുതി കൊടുക്കാറില്ലായിരുന്നു. മറിച്ച് ലന്തക്കാർക്കായിരുന്നു കൊടുത്തിരുന്നത്. അതൊരു സംരക്ഷണ തുക കൂടിയായിരുന്നു. അതോടൊപ്പം സമാജക്കാർ നികുതി  തിരുമല ദേവന് കൂടി കൊടുത്തിരുന്നു.

ഒരിക്കൽ ശക്തൻ തമ്പുരാൻ ഗോത്ത്നോട് നിങ്ങൾ എത്ര പേരാണ് ദേവന് നികുതി കൊടുക്കാറുള്ളത് എന്ന് ചോദിച്ചു. ചോദ്യം മനസ്സിലാക്കിയ ഗോത്തു കഴിവുള്ളവർ കഴിവുള്ള പോലെ എന്ന് മറുപടി പറഞ്ഞു. എന്നാലും എത്ര പേർ വീതം എന്ന ചോദ്യം തമ്പുരാൻ ആവർത്തിച്ചു. അതിന് വ്യക്തമായ ഒരു ഉത്തരം ഗോത്ത് കൊടുത്തിരുന്നില്ല.

കപ്പിത്താൻ പണിക്കര് ശക്തൻ തമ്പുരാന് ഒരു ഉപായം കൊടുത്തു. പണിക്കരുടെ ഉപായത്തിൽ ശക്തൻതമ്പുരാൻ ഗോത്ത് ന് നിർദ്ദേശം കൊടുത്തു. 'നാളെ മുതൽ നിങ്ങൾ ദേവന് സമർപ്പിക്കുന്ന നികുതിയിൽ ഒരു ഉരുള രാജാവിന് ശർക്കര രൂപത്തിൽ വെക്കണം'.

ഗോത്ത് ന്  അത് മനസ്സില്ലായിരുന്നു. ഗോത്തു തിരിച്ചു മറുപടി കൊടുത്തു. ശർക്കര അലിഞ്ഞു പോകില്ലേ, അതുകൊണ്ട് എല്ലാ ഉരുളയും കൂടി ഒരു വലിയ ഉരുളയായി കൊടുത്തു വിടാം എന്ന്. രാജാവിന്  അത് തിരുത്താൻ സാധിച്ചില്ല. രാജാവ് സമ്മതിച്ചു. ഗോത്തു കൊട്ടാരം വിട്ടു പോയതിനു ശേഷം പണിക്കര് രാജാവിനോട് ഗോത്ത് ആളുകളുടെ എണ്ണം കൃത്യമായി മനസ്സിലാക്കാതിരിക്കാൻ വേണ്ടിയാണ് ഒരു വലിയ ഉരുളയായി കൊണ്ടുവന്ന് തരാം എന്ന് പറഞ്ഞതെന്ന് പറഞ്ഞു.

അതേസമയം രാജാവിന് തന്റെ ബുദ്ധി മനസ്സിലായെന്ന് ഗോത്ത്നും പിടികിട്ടി. ഏതുനിമിഷവും ക്ഷേത്രം കൊള്ളയടിക്കപ്പെടാം എന്ന് മനസ്സിലാക്കിയ ഗോത്ത് ഉടനെ വെങ്കിടാചലപതിയേയും അമൂല്യമായ രത്നങ്ങളും ആലപ്പുഴയിലേക്ക്  പ്രസാദത്തിന്റെ മാവിൽ കുഴച്ച് അയക്കാൻ നിർദ്ദേശം നൽകി. തന്നെ നിരന്തരമായി കബളിപ്പിക്കുന്ന ഗോത്ത്നോട് രാജാവിന് വൈരാഗ്യം കൂടിക്കൊണ്ടിരുന്നു.

അതിനേക്കാളുപരി രാജഭക്തി മൂത്ത പണിക്കർക്ക് വിദ്വേഷം കൂടി. ക്ഷേത്രം കൊള്ളയടിക്കപ്പെട്ടപ്പോൾ വിചാരിച്ചതുപോലെതന്നെ ഭഗവാനെയും അമൂല്യമായ രത്നങ്ങളും കിട്ടിയിരുന്നില്ല. തൃപ്പൂണിത്തുറ കോവിലകത്തെ വലിയ തമ്പുരാട്ടിയുടെ തിരുമാസ ചടങ്ങിനോടനുബന്ധിച്ച് പഞ്ചസാര കിട്ടിയില്ല എന്ന ചെറിയ കാരണം ചൂണ്ടിക്കാണിച്ച് തലയെടുക്കാൻ ആവശ്യപ്പെട്ടതും അതുകൊണ്ടുതന്നെയാണ്. ഞങ്ങൾ പണിക്കരെ വധിച്ചില്ലായിരുന്നുവെങ്കിൽ ശക്തൻ തമ്പുരാൻ വീണ്ടും ആക്രമണങ്ങൾ അഴിച്ചുവിട്ടേനെ.

കൊച്ചി രാജാക്കന്മാർക്ക് ഇവരോട് പ്രത്യേക ദേഷ്യം തോന്നിയിരുന്ന പല ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കൊച്ചി രാജാവ് ഹൈദരാലിക്ക് സ്ത്രീകളെയും രത്നങ്ങളും സമ്മാനിക്കുന്ന ഒരു ഏർപ്പാട് ഉണ്ടായിരുന്നു. അന്ന് സ്ത്രീകൾ ലൈംഗിക അടിമകൾ കൂടി ആയിരുന്നല്ലോ. ഹൈദരാലിയുടെ സേനയിൽ ചിലർക്ക് കൊങ്കണി സ്ത്രീകളോടു കൂടി താല്പര്യ തോന്നിയപ്പോൾ അവരെയും കൂടി വിട്ടു തരണമെന്ന് രാജാവിനോട് പറഞ്ഞു.

തുടർന്ന് രാജാവിത് ആവശ്യപ്പെട്ടെങ്കിലും, കൊങ്കണികൾ അതിന് തയ്യാറായില്ല. തങ്ങളുടെ സ്ത്രീജനങ്ങളെ പരിശുദ്ധമായി സംരക്ഷിച്ചു പോന്നിരുന്ന ഇക്കൂട്ടർ അത് കൊടുക്കാത്തതിലും രാജാവിന് വലിയ അമർഷം ഇവരോട് ഉണ്ടായിരുന്നു.

ഞങ്ങളെ ഒരിക്കലും പ്രജകളായി രാജാവ് കണ്ടിരുന്നില്ല. പലായനത്തിലൂടെ എത്തിയ അഭയാർത്ഥികളായി മാത്രമാണ് ഇവർ ഞങ്ങളെ കണ്ടിരുന്നത്. എന്നാൽ ഞങ്ങൾ എത്രയോ കാലങ്ങളായി ഇവിടെ താമസിക്കുന്നു. ജനിച്ച നാടും ജീവിക്കുന്ന മണ്ണും ഒന്നാണെങ്കിൽ അതല്ലേ നമ്മുടെ നാട്? സ്വന്തം മണ്ണിൽ നിന്നും യാത്ര പുറപ്പെട്ടു തിരിച്ചു വരാത്തിടത്തോളം കാലം അത് പലായനം തന്നെയാണ് എല്ലാർക്കും. പിന്നീട് അവരുടെ ഭൂമി, തങ്ങൾ എവിടെയാണോ എത്തിപ്പെട്ടത് അതാണ്. അവരുടെ രാജാവ് ആ നാട്ടിലെ രാജാവാണ്. അതുകൊണ്ടുതന്നെ കൊച്ചി രാജാവ് ഞങ്ങൾക്ക് ഞങ്ങളുടെ രാജാവ് തന്നെയായിരുന്നു.

രാജാവിന് കൃത്യമായ കണക്കുകൾ പറഞ്ഞുകൊടുത്തത് ഈ സമാജത്തിലെ കമ്മത്ത്മാരായിരുന്നു. ഈ ദേശത്ത് ആകെ ആദ്യമായി വസ്തുവിന് മേൽ പണമിടപാട് നടത്താൻ പലിശ കൂട്ടുകയും ഗുണിക്കുകയും ചെയ്യുന്ന സമ്പ്രദായം കൊണ്ടുവന്നത് ഈ സമാജത്തിലെ തന്നെ പൈമാരായിരുന്നു. എല്ലാവരുടെയും ഭക്ഷണത്തിനൊപ്പം ഇഷ്ടവിഭവമായിമാറിയ പപ്പടം ഇവരുടെ തനത് വിഭവമാണ്.

എന്തിനധികം പറയണം! ഇന്ന് ഈ കാണുന്ന മലയാള നാട്ടിലെ ചെമ്മീൻ കൃഷിക്ക് തുടക്കമിട്ടത് ഞങ്ങളാണ്. കൊങ്കിണിമാരുടെ നിർദ്ദേശപ്രകാരം, അവരുടെ ഭൂമിയിലായിരുന്നു. കടമക്കുടിയിലും വരാപ്പുഴയിലും ചെല്ലാനത്തും ഒക്കെ ഞങ്ങളാണ് ഈ കൃഷിപണി നടത്തിപ്പോന്നിരുന്നത്. സ്വർണ്ണത്തിന് മൂല്യം നിശ്ചയിച്ച് പണയമെടുത്ത് പകരം വായ്പയായി പണം കൊടുത്തു തുടങ്ങിയത് ഈ സമാജത്തിന്റെ ഭാഗമായവരാണ്. അങ്ങനെ എന്തെല്ലാമെന്തെല്ലാം മാറ്റങ്ങൾ നടത്തിയിട്ടുണ്ട്."

ഇട്ടിക്കോര സംശയം പ്രകടിപ്പിച്ചു
"എങ്കിലും കപ്പിത്താൻ പണിക്കരെ പോലൊരു പടനായകനെ കൊല്ലാൻനിങ്ങൾക്കെങ്ങനെ ധൈര്യം വന്നു?"

"ഒരു കഥ പറയാം, ഒരിക്കൽ നന്മയും തിന്മയും തമ്മിൽ യുദ്ധം ചെയ്തു. തിന്മ ജയിച്ചു. വീണ്ടും പടയാളികളെ കൊണ്ട് നന്മ തിന്മയ്ക്കെതിരെ യുദ്ധം ചെയ്തു. പിന്നെയും തോറ്റു. വീണ്ടും അവശേഷിച്ച പടയാളികളെ കൊണ്ട് നന്മ തിന്മയ്ക്കെതിരെ പടനയിച്ചു അതിലും തിന്മതന്നെ ജയിച്ചു. ഒടുവിൽ അവശേഷിച്ച ചുരുക്കം പടയാളികളുമൊത്ത് നന്മ തിന്മയ്ക്കെതിരെ പടപൊരുതാൻ ഒരുങ്ങിയപ്പോൾ, തിന്മ ചോദിച്ചു... 'ഇനിയും നിനക്ക് മതിയായില്ലേ തോൽവികൾ ഏറ്റുവാങ്ങാൻ' അപ്പോൾ നന്മ പറഞ്ഞു. "എല്ലാതവണയും

നീ തന്നെ ജയിക്കും എന്ന് വിചാരിക്കരുത്." അവസാന യുദ്ധത്തിൽ തിന്മ തന്നെ വീണ്ടും വിജയിച്ചു. നന്മ പരാജയപ്പെട്ടു. കഥ കേട്ട് നിങ്ങൾ ഒരിക്കലെങ്കിലും വിചാരിച്ചില്ലേ, അവസാന യുദ്ധത്തിൽ എങ്കിലും നന്മ വിജയിക്കുമെന്ന്?. ഇതുതന്നെയാണ് ഞങ്ങളുടെ ജീവിതത്തിന്റെ പ്രശ്നവും എല്ലാതവണയും ഞങ്ങൾക്ക് എന്നെങ്കിലുമൊക്കെ നല്ല കാലം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു. തലമുറകൾ കഴിഞ്ഞു പോയി. എല്ലാതവണയും ഞങ്ങൾ വിചാരിച്ചു ഇത് ഞങ്ങളുടെ വിധിയാണെന്ന്. ഒരിക്കൽ ഞങ്ങൾക്ക് മനസ്സിലായി. ഇത് കലികാലമാണ്, തിന്മയുടെ ലോകമാണ്, തിന്മയെ തിന്മ കൊണ്ട് എതിർത്തില്ലെങ്കിൽ ഞങ്ങൾ വീണ്ടും നിസ്സഹായരായി തുടർന്നുകൊണ്ടിരിക്കുമെന്ന്... അങ്ങനെയാണ് പണിക്കരെ വധിക്കാൻ തീരുമാനിച്ചത്.

ഒരൊറ്റ കൊലപാതകത്തോടുകൂടി ശക്തൻ തമ്പുരാൻ തൃപ്പൂണിത്തുറ കോവിലകം വിട്ട് തൃശ്ശിവപേരൂർ കൊട്ടാരത്തിൽ സ്ഥിരതാമസമായി. ഞങ്ങളെ ആക്രമിക്കുന്നതിൽ നിന്നും ഞങ്ങളെ പുഴുക്കൾ ആയി കാണുന്നതിൽ നിന്നും അവർ പിന്തിരിഞ്ഞു. ഇങ്ങോട്ട് ആക്രമിക്കാത്തിടത്തോളം കാലം ഞങ്ങൾ അങ്ങോട്ട് ആക്രമിക്കില്ല എന്നും കാണിച്ചുകൊടുത്തു. കൂറുള്ളവരാണ് ഞങ്ങൾ. തലമുറ, തലമുറയായി ഭൃത്യരാണ്. ഒരു പരിഭവമോ പരാതിയോ ആരോടും പറയാൻ ഞങ്ങൾ മുതിർന്നിട്ടില്ല. കാരണം ഞങ്ങൾ കൂറുള്ളവരാണ്..."

മൂപ്പൻ അങ്ങേയറ്റത്തെ നിശ്ചയദാർഢ്യത്തോടെയാണ് അത് പറഞ്ഞത്. പറഞ്ഞതത്രയും തികച്ചും ന്യായമായ വാദമായി ഞങ്ങൾക്ക് തോന്നി. വീണ്ടും ഇട്ടിക്കോരയും ഞാനും മാത്രമായി.

ഞങ്ങൾ നടന്ന് നീങ്ങിയപ്പോൾ കുതിരക്കുളമ്പടി കേട്ടു. ആ ദിക്കിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ അവിടെ മട്ടാഞ്ചേരി കൊട്ടാരം കാണാമായിരുന്നു. കൊട്ടാരത്തിന്റെ പടിഞ്ഞാറുഭാഗത്തുനിന്നായി ഒരാൾ കറുത്ത കുതിരയുമായി വരുന്നുണ്ടായിരുന്നു. ഒറ്റനോട്ടത്തിൽ തന്നെ കുതിര പേർഷ്യൻ ആണ് എന്ന് മനസ്സിലാക്കാൻ സാധിച്ചു. ബലിഷ്ഠമായ കൈകളോടുകൂടിയ ഒരു യുവാവ്, ഞങ്ങളുടെ അടുത്തെത്തിയപ്പോൾ കുതിരയെ നിർത്തി വളരെ സൂക്ഷിച്ച് അദ്ദേഹം ഞങ്ങളെ നോക്കി.
ഇട്ടിക്കോര പറഞ്ഞു
"ഇതാണ് കപ്പിത്താൻ പണിക്കർ"
ഇട്ടിക്കോര തൊഴുതു. ഞാനും.
ഇട്ടിക്കോര ചോദിച്ചു.
"താങ്കൾ എന്തിനാണ് കിണിയെയും കൂട്ടരേയും വധിച്ചത്? കേവലം ഒരു പഞ്ചസാരയുടെ പേരിലല്ല എന്ന് കിണിയും കൂട്ടരും ഇപ്പോൾ ഞങ്ങളെ കണ്ടപ്പോൾ പറഞ്ഞല്ലോ?"

പണിക്കർ ദേഷ്യപ്പെട്ടു.
"ഇതൊക്കെ രാജശാസനകൾ ആണ്. കണ്ട മൂന്നാം വേദക്കാരനോടും നാലാം വേദക്കാരനോടൊന്നും ബോധിപ്പിക്കേണ്ട കാര്യമില്ല"

"മരിച്ച് മനുഷ്യരുടെ തലക്കുമുകളിൽ ആത്മാക്കളായ നമുക്ക് എന്ത് വേദങ്ങൾ?" - കുറച്ചു ദേഷ്യത്തിലാണ് ഇട്ടിക്കോര മറുപടി പറഞ്ഞത്.

പക്ഷേ ഞാൻ കുറച്ച് ആശ്ചര്യത്തോടെയാണ് അത് കേട്ടത്. ഞാൻ മരിച്ചു എന്നാണോ ഇട്ടിക്കോര പറഞ്ഞുവരുന്നത്!

അതേസമയം ഇട്ടിക്കോര പതുക്കെ എന്റെ ചെവിയുടെ അടുത്ത് വന്ന് പറഞ്ഞു.
"അദ്ദേഹത്തെ മയപ്പെടുത്തുക എന്നതാണ് ഉദ്ദേശം; അതിനുവേണ്ടി പറഞ്ഞതാണ്".

ഇട്ടിക്കോരയുടെ ആ സംസാരത്തിൽ പണിക്കർ കുറച്ചൊന്ന് വഴങ്ങിയ പോലെ എനിക്കും തോന്നി. എന്റെ ആശ്ചര്യം കൂടിയിരുന്നു. ഞാൻ മരിച്ചോ ഇല്ലയോ എന്നോർത്തു. തത്കാലം ഇപ്പോൾ കപ്പിത്താൻ പണിക്കരുടെ വാദം കേൾക്കാം.

പണിക്കർ പറഞ്ഞുതുടങ്ങി.
"എങ്കിലും രാജശാസന രാജശാസന തന്നെയാണ്. രാജാവ് പടനായകനോട് കൽപ്പിച്ചുവിട്ട കാര്യം മറ്റൊരാളോട് പറയാൻ പാടില്ലാത്തതാണ്."

ഇട്ടിക്കോര ചോദിച്ചു.
"അതിപ്പോൾ ഞങ്ങളോട് പറഞ്ഞെന്ന് കരുതി മരിച്ചുപോയ ശക്തൻ തമ്പുരാന് താങ്കളോട് തിരുവുള്ളക്കേട് തോന്നില്ലല്ലോ?"

"താങ്കൾ പറഞ്ഞത് ശരിയാണ്. പക്ഷേ ധർമ്മം മരണത്തിൽ പോലും പിന്തുടരേണ്ട ഒന്നാണ്. എങ്കിലും ഞാൻ  കാര്യം പറയാം. പള്ളുരുത്തിക്കപ്പുറത്ത് പെരുമ്പടപ്പ് ദേശക്കാരനായ എനിക്ക് ഇങ്ങ് ചെറാളായിയിൽ കിടക്കുന്ന കിണിയോടോ അദ്ദേഹത്തിന്റെ കുടുംബത്തോടോ വൈരാഗ്യം കാണിക്കേണ്ടയാതൊരു കാര്യവുമില്ല. തണ്ടാശ്ശേരി പണിക്കർ കുടുംബത്തിൽ ജനിച്ച എനിക്ക് കർമ്മവും ധർമ്മവും പ്രധാനപ്പെട്ടതാണ്. അതിൽ ഉറച്ചുനിൽക്കുക എന്നതാണ് ഞങ്ങളുടെ ദൗത്യവും."

"നായർപ്പടയുടെ തലവനായ അങ്ങയോട് വാളുകൊണ്ട് മറുപടി പറയാതെ, ഒളിച്ചു നിന്ന് ആക്രമിച്ച് ശ്വാസം മുട്ടിച്ച് കൊന്ന് എന്നുള്ള സത്യം ഞങ്ങൾ മനസ്സിലാക്കിയതാണ്. കേവലം ഒരു കൗതുകത്തിന്റെ പേരിൽ ചോദിച്ചതാണ്. താങ്കൾക്ക് ഇഷ്ടമുണ്ടെങ്കിൽ പറഞ്ഞാൽ മതി." - ഇട്ടിക്കോര പറഞ്ഞു.

"കപ്പിത്താൻ ബാലകൃഷ്ണപ്പണിക്കർ എന്നാണ് എന്റെ പേര്. എന്നെ ശ്വാസം മുട്ടിച്ചാണ് കൊന്നതെന്ന സത്യം നിങ്ങൾ അവരിൽ നിന്നാണെങ്കിലും അറിഞ്ഞല്ലോ. അത് നല്ല കാര്യം. ശേഷം അവരെന്നെ തലയറുത്ത് കൊന്നതാണെന്ന് പ്രചരിപ്പിച്ചു. എന്റെ പ്രാണൻ എന്നിൽ നിന്നും വിട്ടു പോയതിനു ശേഷമാണ് അവരെന്റെ തലയറുത്തത്. അതും വെള്ളത്തിൽ വച്ച്. 18 കളരികൾക്കും ഗുരുക്കളാണ് ഞാൻ. കേവലം കുറച്ചു മുക്കുവരാൽ കൊല്ലപ്പെട്ടു എന്ന് വരുത്തിതീർക്കൽ ആയിരുന്നു അവരുടെ ലക്ഷ്യം.
ഈ ലോകത്ത് ആദ്യമായി നിയമങ്ങളാൽ ചിട്ടപ്പെടുത്തിയ ആയോധനമുറ കളരിപ്പയറ്റാണ്. അത് കൊണ്ട് തന്നെ കളരിപ്പയറ്റിനെ എല്ലാ ആയോധനകലകളുടെയും മാതാവ് എന്ന് വിളിക്കുന്നു. കളരിപ്പയറ്റിൽ നിന്നാ

ണ് മറ്റെല്ലാ ആയോധനകലകളും രൂപപ്പെട്ടത്. ഇതവർക്ക് വശമില്ലായിരുന്നു. ആത്മരക്ഷോപായം എന്നതിലുപരി ജീവിതരീതിയാണ് കളരിപയറ്റ്. അഭ്യാസങ്ങളും ശരീര വഴക്കവും ശക്തിയും മുതൽ മര-ലോഹ ആയുധപ്രയോഗങ്ങളും, വെറും കൈ മുറകളും കൂടാതെ ശരീര ശാസ്ത്രം, ചികിത്സ തുടങ്ങി എല്ലാം കളരികളിൽ അഭ്യസിപ്പിക്കുന്നു.

സ്ത്രീകളോടും കുട്ടികളോടും വൃദ്ധരോടും അക്രമം പാടില്ലെന്ന് കളരിപ്പയറ്റ് നിഷ്കർഷിക്കുന്നുണ്ട്. അധർമത്തിന് വേണ്ടി പോരാടാൻ പാടില്ല. ആയുധമില്ലാത്തവനോട് ആയുധസമേതം പോരാടാൻ പാടില്ല. ചതി പ്രയോഗങ്ങൾ കളരിപ്പയറ്റ് അനുവദിക്കുന്നില്ല. അവരിപ്പോൾ പറയുന്ന കഥകളൊക്കെ ആര് വിശ്വസിക്കാൻ എന്നൊന്നും ഞാൻ ചിന്തിക്കുന്നില്ല. ആളുകൾ ചിന്തിച്ചിട്ടുണ്ടാകും. വിശ്വസിച്ചിട്ടുണ്ടാകും. പക്ഷെ, സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും മുന്നിൽ നിർത്തിയാണ് അവർ എന്നെ കീഴ്പ്പെടുത്തിയത്."

"18കളരികൾ എവിടെയൊക്കെ ആയിരുന്നു?"

"കളരികൾ കൊച്ചിയിലും പുറക്കാടും തിരുവിതാംകൂറുമായിരുന്നു.

12 ചുവടും 6 അടവും ആണ് ഒരു അഭ്യാസി പഠിച്ചിരിക്കേണ്ടത്. അവർ സ്ത്രീകളെ മുൻനിർത്തിയാണ് എന്നെ ആക്രമിച്ചത്. തിരിച്ച് ആക്രമിക്കാൻ എനിക്ക് ശേഷിയില്ലാഞ്ഞിട്ടായിരുന്നില്ല, പക്ഷേ ഞാൻ എന്റെ പരദേവതകൾക്ക് കൊടുത്ത വാക്കായിരുന്നു സ്ത്രീകളെ ആക്രമിക്കില്ല എന്ന്.

ഒരു കാര്യം ഞാൻ പറയാം, ശക്തൻ തമ്പുരാന് കൊങ്ങിണി ഗൗഡ സാരസ്വതരോട് വിദ്വേഷം ഉണ്ടായിരുന്നു.

ഡച്ചുകാരും പുറംനാട്ടുകാരാണ്. ഇവരും പുറനാട്ടുകാരാണ്. പുറന്നാട്ടുകാർ കയ്യേറി ഈ രാജ്യത്ത് വേണ്ട നികുതി കൊടുക്കുന്നില്ല എന്നുള്ള വിദ്വേഷം അദ്ദേഹത്തിന് വലുതായി ഉണ്ടായിരുന്നു. തികച്ചും പഞ്ചസാര കൊടുക്കാത്ത കാരണത്തിന് തന്നെയായിരുന്നു അദ്ദേഹത്തെ വധിക്കേണ്ടി വന്നത്. അതിന്റെ അല കെട്ടടങ്ങുന്നതിനു മുന്നേ തന്നെ അമ്പലവും കൊള്ളയടിക്കണമെന്ന് രാജാവിന്റെ നിർദ്ദേശം ഉണ്ടായതിനുശേഷമാണ് കൊള്ളയടിച്ചത്. കൊള്ളയടിച്ചതിനുശേഷം അല്ല കിണിയെ വധിച്ചത്.

വ്യാപാരങ്ങളുടെ പേരിൽ ഇക്കൂട്ടർ കാരണം ചില കാവുകൾ ഡച്ചുകാരാൽ തകർക്കപ്പെട്ടിട്ടുണ്ട്. പിന്നീട് അതേ സ്ഥലത്ത് ഇവരുടെ പാണ്ടികശാലകൾ ഉയർന്നിട്ടുണ്ട്. കേരളത്തിന്റെ തനതായ കാവുകൾ കവള സംസ്കാരത്തിന്റെ ഭാഗമാണ്. അതൊരു ആവാസ വ്യവസ്ഥ കൂടിയാണ്. ഒരിക്കലും പരദേശികൾക്ക് കാവുകളെ കാവുകളായി കാണാൻ തോന്നിയിട്ടില്ല. അതൊക്കെ എനിക്ക് ഇവരോടുള്ള ദേഷ്യം കൂട്ടിയിട്ടേയുള്ളൂ.

ഇവരോട് മാത്രമല്ല രണ്ടാം വേദക്കാരായ വെളുത്ത ജൂതരോടും മൂന്നാം വേദക്കാരായ ക്രിസ്ത്യാനികളോടും നാലാം വേദക്കാരായ മുഹമ്മദീയരോടും എനിക്ക് ഇതേ വിദ്വേഷം ഉണ്ട്. അതേസമയം ഈ കൂട്ടരിൽ പെട്ടവർ തന്നെ ഞങ്ങളുടെ സംസ്കൃതിയെ ബഹുമാനിച്ചു പോന്നിരുന്നവരും ഉണ്ടായിരുന്നു. അവരോട് എനിക്ക് യാതൊരു തരത്തിലുള്ള വിദ്വേഷവും ഉണ്ടായിരുന്നില്ല. പിറന്ന നാടിന്റെയും ജീവിക്കുന്ന മണ്ണിന്റെയും സംസ്കാരവും പാരമ്പര്യവും നിലനിർത്തി പോകുക എന്നതാണ് ഞങ്ങൾ നായന്മാരുടെ രീതി. അതിനു തടസ്സം വരുന്ന ആരെയും ഞങ്ങൾ ഉന്മൂലനം ചെയ്യാൻ

ശ്രമിക്കും. ഞങ്ങളുടെ ആചാരങ്ങളെക്കാളും വിശ്വാസങ്ങളെക്കാളും വലുതല്ല ഞങ്ങൾക്ക് ഞങ്ങളുടെ ജീവൻ."

"മനുഷ്യന്റെ വളർച്ചയ്ക്ക് അനുസരിച്ചും അവരുടെ വ്യാപാര നിലവാര മാറ്റത്തിനനുസരിച്ചും ഭൂമിക്ക്, അതിന്റേതായ മാറ്റം വരുത്തേണ്ടതല്ലേ?"

കപ്പിത്താൻ ബാലകൃഷ്ണ പണിക്കർക്ക് ദേഷ്യം ഉച്ചിയിൽ കയറി
"കുലവും ഗോത്രവും കുടുംബവും മാറി മൂന്നാം വേദം സ്വീകരിച്ച തനിക്ക് ഒരുപക്ഷേ കാവിന്റെ പ്രത്യേകത അറിയില്ലായിരിക്കും. പാലയും അരയാലും പേരാലും പൂവരശും ഇലഞ്ഞിയും കാഞ്ഞിരവും ഞാവലും പൊങ്ങും പുന്നയും ആഞ്ഞിലിയും ചൂണ്ടപനയും കരിമ്പനയും ആര്യവേപ്പും കുന്നിയും ചെത്തിയും തെച്ചിയും ഉൾപ്പെടെ നിരവധി വൃക്ഷങ്ങളാണ് കാവുകളിൽ ഉള്ളത്.

ജീവന്റെ നിലനിൽപ്പ് പോലും ഈ കാവുകളിലാണ്, ജാതിക്കും വിശ്വാസപരമായ സങ്കൽപ്പങ്ങൾക്കുപരി ശുദ്ധമായ വായുവും വെള്ളവും ലഭിക്കുന്ന ഒരു പ്രദേശം. അവയിൽ ഞങ്ങളുടെ പൈതൃകവും സംസ്കാരവും കുടികൊള്ളുന്നു. ഞങ്ങളുടെ പരദേവതകളുടെ വിഹാരകേന്ദ്രമാണ് അത്. ഞങ്ങളുടെ സ്വന്തം നാഗന്മാരായ നാഗരാജാവും നാഗയക്ഷിയും നാഗകന്യകയും അഖിലസർപ്പവും അധമസർപ്പവും മണിനാഗവും കുഴിനാഗവും കരിനാഗവും പരനാഗവും തമ്പടിക്കുന്ന ഇടം... ഞങ്ങളുടെ ശാസ്താവ് കുടികൊള്ളുന്ന ഇടം... അംഗഭൈരവനും വീരഭദ്രനും ഭദ്രകാളിയും കുടികൊള്ളുന്ന ഇടം... ഭദ്രകാളി രക്തചാമുണ്ഡിയായും ദുർഗ്ഗാദേവിയായും രൂപമാറ്റം സംഭവിക്കുന്നിടം... അഖില യക്ഷിയും ബ്രഹ്മരക്ഷസും കുടികൊള്ളുന്ന ഇടം...

അങ്ങനെ പല സംസ്കൃതിയും തകർത്തുകൊണ്ടാണ് പാണ്ടികശാലകൾക്ക് തുടക്കം കുറിച്ചത്. രാജാവിന് നികുതി കൊടുക്കാത്തവരെയും രാജകല്പനകളെയും രാജ്യശാസനകളെയും ധിക്കരിച്ചവരെയുമാണ് ഞങ്ങൾ ഇല്ലായ്മ ചെയ്തിട്ടുള്ളത്.

"ജാതീയമായി തൊട്ടുകൂടായ്മ ഉള്ളതുകൊണ്ടാണ് നിങ്ങളവരെ തൊടാതിരുന്നതെന്നും, അതിൻ പ്രകാരമാണ് നിങ്ങളെ അവർ ആക്രമിച്ചതെന്നും അവർ പറഞ്ഞല്ലോ?"

"അവർ താണ ജാതിക്കാരായതുകൊണ്ട് ഞാൻ തൊട്ടുകൂടായ്മ കാണിച്ചു എന്നത് ശരിയല്ല. ആത്മരക്ഷയ്ക്ക് വേണ്ടി താണ ജാതിക്കാരൻ ആണെങ്കിലും ഞങ്ങൾ ആക്രമിക്കും. ഞാൻ വീണ്ടും പറയുന്നു. സ്ത്രീകളെയും കുട്ടികളെയും മുൻനിർത്തിയത് കൊണ്ട് മാത്രമാണ് എനിക്ക് ആക്രമിക്കാൻ പറ്റാതെ പോയത്."

കപ്പിത്താൻ ബാലകൃഷ്ണ പണിക്കർ ഇതും പറഞ്ഞ് ദേഷ്യത്തോടെ തന്നെ കുതിരയുമായി നീങ്ങി. അദ്ദേഹം പോയ ദിക്കിൽ നിന്നും ഒരു യോഗ്യനായ വ്യക്തി വന്നു.

വന്ന ഉടനെ അദ്ദേഹം പരിചയപ്പെടുത്തി.

“കൃഷ്ണമൂർത്തി അയ്യർ”

തൊട്ടടുത്ത് പട്ടന്മാരുടെ അഗ്രഹാരത്തിലാണത്രേ അദ്ദേഹം താമസിച്ചിരുന്നത്. പക്ഷേ വർഷം കുറെ കഴിഞ്ഞിരിക്കുന്നു. ഇട്ടിക്കോരയും ഞാനും അദ്ദേഹത്തെ നോക്കി.

അയ്യർ പറഞ്ഞു
“കുളത്തിനടിയിലാണ് ഇളയ താവഴിയിലെ രാജാവ് നിധി കുഴിച്ചിട്ടതെന്ന് ഞങ്ങളുടെ പൂർവികർ കരുതുന്നു. പക്ഷേ, ആരും അതിൽ തൊടാൻ തയ്യാറാകുന്നില്ല. നൂറ്റാണ്ടുകൾ ആയിട്ടുള്ള ചെമ്പോലകൾ ഉൾപ്പെടെയുള്ള അമൂല്യമായ ശേഖരം ഉണ്ടത്രേ അതിൽ. കുളത്തിനടിയിൽ ആയതുകൊണ്ട് ആരും എടുക്കാനും മുതിരുന്നില്ല. രാജശാസന ധിക്കരിക്കാൻ ആർക്കും മനസ്സുണ്ടായില്ല. നിധിശേഖരങ്ങൾ വച്ചതിനുശേഷമാണ് അവിടെ കുളം സ്ഥാപിക്കപ്പെട്ടത്. എന്നാൽ രാജകുടുംബത്തിന്റെ മൂത്തതാവഴി ഇത് വിശ്വസിക്കുന്നില്ല.

“നിങ്ങൾ ഏതു കാലം മുതലാണ് ഇവിടെ താമസിക്കാൻ തുടങ്ങിയത്?”

“ഞങ്ങളുടെ പൂർവികർ പാലക്കാട്ടുനിന്നാണ് വന്നത്. പാലക്കാട് രാജാവിൽ ഞങ്ങൾ സന്തുഷ്ടരായിരുന്നു. എന്നാൽ ഹൈദരാലി വന്നതിനുശേഷം ഞങ്ങളിൽപ്പെട്ട ചിലർക്ക് അതത്ര രസിച്ചില്ല. പലായനം ചെയ്യപ്പെട്ട് തന്നെയാണല്ലോ എല്ലാ മനുഷ്യരും എല്ലായിടങ്ങളിലുമായി എത്തിച്ചേർന്നത്. അയ്യരും അയ്യങ്കാരും ഒക്കെ അങ്ങനെ എത്തിപ്പെട്ടതാണ്. ഞങ്ങളും വൈഷ്ണവരാണ്. കൊച്ചി രാജാവും വൈഷ്ണവനായിരുന്നു. രാജാവിൽ അഭയം പ്രാപിച്ചതിനുശേഷം ഞങ്ങൾ ഇവിടെ തന്നെയാണ്. കേരളത്തിൽ നമ്പൂതിരിമാരെക്കാൾ പാണ്ഡിത്യം ഞങ്ങൾക്ക് ഉണ്ടായിരുന്നതുകൊണ്ടുതന്നെ രാജാവിന് ഞങ്ങളിൽ കൂടുതൽ വിശ്വാസവും ബഹുമാനവും സ്നേഹവും ഉണ്ടായി.
ഉത്തരേന്ത്യയിലെ പൂജാരിമാരായിരുന്ന ഭട്ട് എന്നതിൽ നിന്നാണ്, ദക്ഷിണേന്ത്യയിലേക്ക് എത്തിയപ്പോൾ ഞങ്ങൾ പട്ടരായി മാറിയത്. ഞങ്ങൾ കൂർമബുദ്ധി ഉള്ളവരും സദാ സമാധാനപ്രിയരും ആണ്. പട്ടരിൽ പൊട്ടൻ ഇല്ല എന്ന് പറഞ്ഞതുപോലും കൊച്ചി രാജാവാണ്. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെയും, രാജാക്കന്മാരുടെയും ഉപദേശകരായി ഞങ്ങളിൽ പലരും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ക്ഷേത്രവും അഗ്രഹാരവും ഒക്കെ ഞങ്ങൾ കാലാകാലങ്ങളായി സംരക്ഷിച്ചു പോകുന്നു. അഗ്രഹാരങ്ങളെ ചുറ്റിപ്പറ്റി ഞങ്ങൾക്ക് ഒരുപാട് ഭൂമിയും നെല്ലറകളും ഉണ്ടായിരുന്നു.”

കൃഷ്ണമൂർത്തി അയ്യർ ഞങ്ങളെ പിരിഞ്ഞു പോകുമ്പോൾ ഇട്ടിക്കോര എന്റെ മുഖത്തെ വിഷാദം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഇട്ടിക്കോര പറഞ്ഞു
“നിങ്ങൾ എന്താണ് ആലോചിച്ചതെന്ന് എനിക്കറിയില്ല. എല്ലാ പൂർവികരുടെയും കഥ ഇതൊക്കെ തന്നെയാണ്.”

“ഇട്ടിക്കോരയുടെ പൂർവികരുടെയും?”

"എന്റെ പൂർവികരും ധനികരായിരുന്നു. ഞങ്ങളുടേത് നായർ തറവാട് ആയിരുന്നുവെന്ന് ഞാൻ പറഞ്ഞിരുന്നുവല്ലോ! താവഴിയാണ് ഞങ്ങളുടെ പിന്മുറക്കാർ. അച്ഛന്മാർ എന്നുള്ളത് നമ്പൂതിരിമാരായിരിക്കും. അവരെ അച്ഛാ എന്ന് വിളിക്കാൻ പോലും അവകാശമില്ലായിരുന്നു. വീട്ടിൽ അച്ഛൻ എന്ന് പറയാൻ നായരായ ഒരാൾ ഉണ്ടാകും. ഞങ്ങൾ ഭൂപ്രഭുക്കളായിരുന്നു. ക്രിസ്ത്യാനി ആയതോട്കൂടി മരുമക്കത്തായം മാറി മക്കത്തായമായി. അപ്പോഴും ഭൂസ്വത്തുകൾ ഉണ്ടായിരുന്നു. സ്ഥാനങ്ങൾ മാത്രമേ നഷ്ടമായിരുന്നുള്ളൂ. പക്ഷേ എന്റെ പിൻഗാമികൾക്ക് അത് അനുഭവിക്കാനുള്ള വിധിയുണ്ടായിരുന്നില്ല. മാറിവന്ന രാജ്യങ്ങളുടെ നിയമങ്ങൾ അതുപോലെ ത്യാഗത്തിന്റെ വിലയറിയാത്ത തലമുറയും അതൊക്കെ ഇല്ലാതാക്കി."

ഇട്ടിക്കോരയുടെ അഭിപ്രായത്തെതുടർന്ന് അടുത്തിടെ കണ്ട ഒരു ബിസിനസുകാരന്റെ ഇന്റർവ്യൂയിൽ അയാൾ പറഞ്ഞതോർത്തു.

"എന്റെ അപ്പൂപ്പൻ നടന്നാണ് സ്കൂളിൽ പോയത്. അച്ഛൻ സ്കൂളിൽ പോകാനുള്ള പരുവമായപ്പോൾ ബെൻസ് ആണ് ഉപയോഗിച്ചത്. ഞാൻ റോൾസ് റോയ്സ് ആണ് ഉപയോഗിക്കുന്നത്. എന്റെ മകൻ ബുഗാട്ടിയാണ് ഉപയോഗിക്കുന്നത്. അപ്പോൾ എന്റെ അച്ഛൻ അഭിപ്രായപ്പെട്ടു ചിലപ്പോൾ നിന്റെ മകന്റെ പേരക്കുട്ടി വീണ്ടും നടന്നായിരിക്കും പോവുക എന്ന്. കാരണം ത്യാഗത്തിന്റെ വിലയറിയാത്ത ഒരു തലമുറ ഒരിക്കലും പണം സമ്പാദിക്കുകയല്ല ചെയ്യുക, പണം നശിപ്പിക്കുകയാണ് ഉണ്ടാവുക. ഇതിങ്ങനെയൊരു ചക്രമാണ്. ഇതിങ്ങനെ തുടർന്നുകൊണ്ടിരിക്കും."

എത്ര പെട്ടെന്നാണ് ഇട്ടിക്കോര എന്റെ നല്ല സുഹൃത്തായി മാറിയത്! എന്റെ ചരിത്രാന്വേഷണത്തിൽ സഹായിയായി എന്നോടൊപ്പം ചേർന്നു നിൽക്കാൻ ഇട്ടിക്കോരയ്ക്ക് സാധിക്കുന്നുണ്ട്. കോരയുടെ സംഭാഷണശകലങ്ങളിൽ നിന്ന് എനിക്ക് മനസ്സിലായത് ആ കാലത്ത് ബഹുഭർതൃത്വവും ബഹുഭാര്യത്വവും ഉണ്ടായിരുന്നു എന്നതാണ്.

പാശ്ചാത്യ സംസ്കാര രീതിയൊക്കെ പിന്നീട് എപ്പോഴെങ്കിലുമൊക്കെ ആയിരിക്കാം കേരളീയരിൽ ആവിർഭവിച്ചത്. കൃഷ്ണമൂർത്തി അയ്യരുടെ അഗ്രഹാരത്തിന് എതിർവശത്തായുള്ള കുളവും കൊട്ടാരത്തിന് എതിർവശത്തുള്ള കുളവുമൊക്കെ പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും കാലം കഴിഞ്ഞ് കുറെ കാലത്തിനുശേഷം ആയിരിക്കാം വന്നിരിക്കുക. അപ്പോഴേക്കും കൊച്ചിരാജകൊട്ടാരം തൃപ്പൂണിത്തുറയിലേക്ക് മാറിയിട്ടുണ്ടായിരുന്നിരിക്കണം.

മട്ടാഞ്ചേരിയിൽ ഇരുന്നുകൊണ്ട് മാത്രം രാജഭരണം നടത്തുക. അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നിരിക്കാം. അല്ലേലും കൊച്ചി രാജാക്കന്മാർ വലിയ ധനികരൊന്നുമായിരുന്നില്ലല്ലോ! ജാതീയമായി ചിന്തിക്കുന്ന മനുഷ്യർക്കിടയിൽ മെച്ചപ്പെട്ട ജീവിതം എന്നൊന്നുണ്ടായിരുന്നോ? സംശയമാണ്. സാംസ്കാരികമായ കാര്യത്തിൽ ഞാൻ ജീവിക്കുന്ന സമൂഹവും ഇവർ ജീവിച്ചിരുന്ന സമൂഹവും വളരെ വ്യത്യസ്തമായിരുന്നു.

"ഇട്ടിക്കോര, സത്യത്തിൽ താങ്കൾ ആരാണ്? താങ്കൾ മരിച്ചിട്ട് ഏകദേശം

എത്ര വർഷമായി കാണും? ഞാൻ ജീവിച്ചിരിക്കുന്ന കാലത്തെപ്പറ്റി താങ്കൾക്ക് വല്ല ധാരണയും ഉണ്ടോ?"

"സുഫിയാൻ, നമ്മൾ അന്യോന്യം കാലങ്ങളെ പറ്റി ചർച്ച ചെയ്യേണ്ട കാര്യമുണ്ടോ? താങ്കളാണെങ്കിൽ താങ്കൾ ജീവിച്ചിരിക്കുന്ന മണ്ണിന്റെ ചരിത്രത്തിനെ പറ്റി അറിയാൻ വലിയ ആഗ്രഹം പ്രകടിപ്പിക്കുന്ന ആളാണ്. ഒന്ന് കണ്ണടച്ച് പിടിച്ചാൽ താങ്കൾക്ക് ഒരുപാട് കാര്യങ്ങൾ ഓർമ്മയിൽ വരില്ലേ... താങ്കളുടെ വീട്, കുടുംബം, കൂട്ടുകാർ, അധ്യാപകർ, വായിച്ച പുസ്തകങ്ങൾ, താങ്കൾ നേരിട്ട ദുരനുഭവങ്ങൾ, നിറത്തിന്റെ പേരിലും പണത്തിന്റെ പേരിലും ഏറ്റ അവഹേളനങ്ങൾ... ഇതിലൊന്നും തന്നെ ശ്രദ്ധിക്കാതെ സദാസമയം ചരിത്രത്തെ പറ്റിയും ഈ ഭൂമിയെയും പറ്റിയും ആലോചിച്ചു നടന്നില്ലേ? സുഹൃത്തുക്കൾ കളിക്കാൻ പോയപ്പോൾ പോലും താങ്കൾ എന്തിനെപ്പറ്റിയായിരുന്നു കൂടുതൽ ചിന്തിച്ചിരുന്നത്."

ഇട്ടിക്കോര എന്നെ വലിയൊരു ചിന്തയിലേക്കാണ് തള്ളിവിട്ടത്. എന്റെ ചെറുപ്പത്തിലെ കാര്യങ്ങൾ... കളിക്കാൻ പോകണം എന്ന് പറഞ്ഞപ്പോൾ കളിക്കാൻ വിടാതിരുന്ന വീട്ടുകാർ... വേണ്ടത്ര പരിലാളന കിട്ടാതെ പോയതുകൊണ്ട് മാത്രം വളഞ്ഞുപോയ വൃക്ഷങ്ങളിൽ ഒരാളായിരുന്നു ഞാനും.

ഞാനെന്തിന് ഇട്ടിക്കോരയുടെ ജാതകം അന്വേഷിക്കണം. ഇട്ടിക്കോര കുറഞ്ഞ സമയം കൊണ്ട് എന്റെ നല്ല സുഹൃത്തായി. ഒരുപാട് ചരിത്രങ്ങൾ അറിയാൻ സാധിച്ചു. ഒരുപക്ഷേ ഇട്ടിക്കോര ഉണ്ടായതുകൊണ്ട് മാത്രമായിരിക്കും എനിക്ക് ഇതൊക്കെ സാധിച്ചത്.

ഏയ്യ് അല്ല, അതിനു മുൻപേയും എനിക്ക് സാധിച്ചതല്ലേ?

ഇട്ടിക്കോര ഇപ്പോൾ എന്റെ ഒരു നല്ല സുഹൃത്താണ്...

ഞങ്ങൾ കൊട്ടാരത്തിന്റെ എതിർവശത്തുള്ള പുൽമേട്ടിലൂടെ നടന്നു...

## ഭാഗം ആറ്

താടിയും മുടിയും നീട്ടി വളർത്തി ശരീരം മുഴുവൻ മറയുന്ന വസ്ത്രമണിഞ്ഞ ഒരാൾ. ഞങ്ങൾക്ക് നേരെ വരുന്നത് ഞാൻ ശ്രദ്ധിച്ചു. ഇട്ടിക്കോരയ്ക്ക് അദ്ദേഹത്തോട് വല്ലാത്ത ബഹുമാനം ഉണ്ടെന്ന് എനിക്ക് തോന്നി. ക്രൈസ്തവ പുരോഹിതനാവും അതായിരിക്കാം ഇട്ടിക്കോരയ്ക്ക് ഇത്ര ബഹുമാനം. അദ്ദേഹം അടുത്തെത്തിയപ്പോൾ ഇട്ടിക്കോര മുട്ടുകുത്തി അദ്ദേഹത്തിന്റെ കൈവെള്ളയിൽ ഉമ്മ വച്ചു.

“ശാലോം ഹാലേഷോം”
ഇട്ടിക്കോര അദ്ദേഹത്തോട് പറഞ്ഞു.
അദ്ദേഹം തിരിച്ച് “ഹാലേഷോം ശാലോം” എന്നും പറഞ്ഞു.
ഇട്ടിക്കോര എന്നെ അദ്ദേഹത്തിന് പരിചയപ്പെടുത്തി.

“ഇത് സുഫിയാൻ... എന്റെ സുഹൃത്താണ്.”

അദ്ദേഹം എന്നെ നോക്കി ചെറുതായി പുഞ്ചിരിച്ചു. തല ഒന്ന് അനക്കി സ്വയം പരിചയപ്പെടുത്തി.

“ഞാൻ  നാമിയ ബിൻ എബ്രഹാം മോട്ട”

പേര് കേട്ടമാത്രയിൽ ഞാൻ അദ്ദേഹത്തെ സൂക്ഷ്മമായി നോക്കി. ജ്വലിക്കുന്ന മുഖം. ചെമ്പിച്ച മുടിയും താടിയും. ചെറുതായ പച്ച കൂടിയ ബ്രൗണിഷ് കണ്ണ്. നീണ്ട മൂക്ക്. അധികം തടിച്ചതല്ലാത്ത ശരീരം. എന്റെ നാട്ടിൽ ചരിത്രത്താളുകളിലായി എത്രയോ തവണ ഈ പേര് കേട്ടിരിക്കുന്നു.

നാട്ടിലെ ചക്കാമാടം എന്ന പ്രദേശത്തെ മലബാറി ജൂതരുടേതായ ശവക്കല്ലറ ഉണ്ടായിരുന്ന സ്ഥലത്ത് ഭൂപരിഷ്കരണ നിയമ ഭേദഗതിയെ തുടർന്ന് കയ്യേറ്റം ചെയ്യപ്പെട്ട് കല്ലറകൾ വീടുകളായി മാറിയപ്പോൾ, ഇദ്ദേഹത്തിന്റെ ശവക്കല്ലറയും പൊളിക്കാൻ കയ്യേറ്റക്കാർ വന്നു. കല്ലറയിൽ നിന്നും തീ വരാൻ തുടങ്ങി, ആളുകൾക്ക് മനസ്സിലായി ഇത് പൊളിക്കേണ്ടതായ ശവക്കല്ലറയല്ലാ എന്ന്.

400 വർഷങ്ങളായി ഈ ശവക്കല്ലറ ഇങ്ങനെ നിലനിൽക്കുന്നു. മലബാറി യഹൂദർ എട്ടുദിവസം നീണ്ടുനിൽക്കുന്ന ദേവാലയ പുന:പ്രതിഷ്ഠോത്സവമായ ഹനുക്കായുടെ ഒന്നാം ദിവസം നെഹമിയായുടെ സ്മരണ കൊണ്ടാടുന്നു. പരദേശി ജൂതരും ഇതര സമുദായക്കാരും ഈ അനുസ്മരണത്തിൽ പങ്കുചേരാറുണ്ട്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലിങ്ങളും ഉൾപ്പെടെയുള്ളവർ. ബുദ്ധിമുട്ടുകളിൽ ആശ്വാസം അന്വേഷിച്ചുപോകുന്ന ഗ്രാമദേവതാസ്ഥാനമാണ് ഈ കബറിടം. നെഹമിയായുടെ കബറിടത്തോടു ചേർന്നുള്ള എബ്രായഭാഷാഫലകം അദ്ദേഹത്തെ ഇങ്ങനെ സ്മരിക്കുന്നു:-

'വിഖ്യാതനായ കബ്ബാലിസ്റ്റിന്റെ ഭൗതികശരീരം ഇവിടെ വിശ്രമിക്കുന്നു. അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ പ്രകാശം നാടെങ്ങും പരന്നിരിക്കുന്നു. തികവുറ്റയോഗിയും ഹാസിദീയനും ദൈവഭക്തനും പുണ്യപുരുഷൻ അബ്രാഹം മോട്ടായുടെ മകനുമായിരുന്ന നമ്മുടെ ഗുരു. 5336 കിസ്ലേവു മാസം 25-ാം തിയതി ഞായറാഴ്ച യാത്രയായി. അദ്ദേഹത്തിന്റെ ആത്മാവ് സമാധാനത്തിൽ വിശ്രമിക്കട്ടെ.'

ഫലകത്തിൽ എഴുതിയിരുന്നത് എന്താണെന്ന് മനസ്സിലാക്കാൻ ഞാനൊരു സുഹൃത്തിന്റെ സഹായം തേടിയിരുന്നു. അതിലൂടെയാണ് അതിന്റെ അർത്ഥം എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്.

ഞാൻ പറഞ്ഞു
"താങ്കളെ പറ്റി ധാരാളം കേട്ടിട്ടുണ്ട്. താങ്കളെ കാണാൻ കഴിഞ്ഞതിൽ ഞാൻ വളരെ സന്തോഷവാനാണ്"

"1595ൽ യമനിൽ നിന്നും കൊച്ചിയിലേക്ക് വന്ന ഞാൻ സംസാരിച്ചിരുന്ന ഭാഷ ഹീബ്രുവാണ്. പിന്നീട് മലയാളം പഠിക്കേണ്ടതായി വന്നു. മലയാളം പഠിക്കാൻ സഹായിച്ച മലബാറി ജൂത സ്ത്രീയെ ഞാൻ വിവാഹം കഴിച്ചു. അതിനെ തുടർന്ന് എന്റെ സമൂഹത്തനിടയിൽ എനിക്ക് വളരെ അധികം എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഞാൻ പരദേശി ജൂത സമൂഹത്തിൽ നിന്നും പുറത്താക്കപ്പെട്ടു. എന്റെ കുടുംബം ഇറ്റലിയിൽ നിന്നും യമനിൽ വന്ന് താമസമാക്കിയവരാണ്. ഞാൻ ഒരു കബാലിസ്റ്റ് ആണ്. അതുകൊണ്ടുതന്നെ എനിക്ക് വളരെയധികം എതിർപ്പുകൾ നേരിടേണ്ടിതായി വന്നിട്ടുണ്ട്. പക്ഷേ, എന്നെ അനുകൂലിക്കുന്നവരും ഉണ്ടായിരുന്നു.
"കബാലിസ്റ്റ് എന്ന് പറഞ്ഞാൽ?" ഞാൻ ചോദിച്ചു.

"യഹൂദപശ്ചാത്തലത്തിൽ ഉദ്ഭവിച്ച ഒരു ജ്ഞാനമാർഗ്ഗവും അനുഷ്ഠാനസഞ്ചയവും ചിന്താപദ്ധതിയുമാണ് കബ്ബല്ല. യഹൂദപാരമ്പര്യത്തിന്റെ അവിഭക്തഘടകമെന്ന നിലയിൽ മതപരമായി തുടങ്ങിയ കബ്ബല്ല,വിവിധ ശ്രേണികളിൽ പെട്ട അനുയായികളുടെ പാരമ്പര്യങ്ങളെയും ലക്ഷ്യങ്ങളെയും

ആശ്രയിച്ച് വ്യത്യസ്തമായിരിക്കുമെങ്കിലും എല്ലാറ്റിനും ആധാരമായിരിക്കുന്ന അനന്തമായ നിഗൂഢതയും അതിന്റെ സൃഷ്ടിയായ നശ്വരലോകവും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കാൻ ശ്രമിക്കുന്ന ഒരു ജ്ഞാനസഞ്ചയമാണ്.

പ്രപഞ്ചസ്വഭാവം മനുഷ്യാവസ്ഥ ഉണ്മയുടെ സ്വഭാവ-ലക്ഷ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സത്ത സമസ്യകളെ നിർവചിക്കാനാണ് കബ്ബല്ലയുടെ ശ്രമം. ആത്മസാക്ഷാത്കാരത്തെ സഹായിക്കാനും ശ്രമിക്കുന്നു. യഹൂദമതവുമായി ഗാഢബന്ധം പുലർത്തുന്നെങ്കിലും ഒരു മതമോ, മതശാഖയോ ആയി ഞങ്ങൾ ഇതിനെ പരിഗണിച്ചിട്ടില്ല."

എന്റെ കണ്ണുകളിലേക്ക് അദ്ദേഹം സൂക്ഷ്മമായി നോക്കി ചെറുപുഞ്ചിരിയോടെ അദ്ദേഹം തുടർന്നു.

"ചുരുക്കിപ്പറഞ്ഞാൽ മരിച്ചവരുമായി സംവദിക്കാനുള്ള കഴിവ് ഞങ്ങൾ ആർജ്ജിക്കുന്നുണ്ട്. മരിച്ചുപോയ ആത്മാക്കൾക്ക് ജീവിച്ചിരിക്കുന്ന വരുമായി സംവേദിക്കാൻ കഴിയും എന്നർത്ഥം"

ഇട്ടിക്കോരയും ഞാനും മുഖത്തോട് മുഖം നോക്കി. എന്റെ മുഖത്തുണ്ടായിരുന്ന ആശ്ചര്യത്തിന്റെ ലവലേശം ഇട്ടിക്കോരയിൽ ഉണ്ടായിരുന്നില്ല എന്നതും ഞാൻ ശ്രദ്ധിച്ചു. ഞങ്ങൾ ഇരുവരും അദ്ദേഹത്തെ നോക്കിയപ്പോൾ അദ്ദേഹത്തിൽ എന്തോ പ്രകാശം ജ്വലിച്ചുനിൽക്കുന്നതായി അനുഭവപ്പെട്ടു.

"യഹൂദനായ താങ്കൾ ഇതിലൊക്കെ വിശ്വസിക്കുന്നുണ്ടോ?എന്തൊക്കെ പറഞ്ഞാലും ഇതൊരു നിഗൂഢ ജ്ഞാനമാർഗ്ഗമല്ലേ?"

നാമിയ ചിരിച്ചു
"എന്തുകൊണ്ട് ഇല്ല! ദൈവം ഉണ്ടെങ്കിൽ എല്ലാമുണ്ട്. ദൈവത്തിന്റെ സൃഷ്ടിയാണ് മനുഷ്യനും ഈ ഭൂമിയും ചരാചരങ്ങളും. ആത്മാവ് ജീവനിൽ നിന്നും ദൈവത്തിലേക്കലിയേണ്ടതായ ഒരു കണ്ണിയും. ഈ ഭൂമിയിൽ സദാസമയം ആത്മാവിന് നിലനിൽക്കാൻ സാധിക്കില്ല. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിലും പ്രത്യേക ദിവസങ്ങളിലും ആത്മാവിന് ഭൂമിയിൽ വന്നു പോകാൻ കഴിയും. ജീവിച്ചിരിക്കുന്ന മനുഷ്യരെ കാണാനും സാധിക്കും. പക്ഷേ എല്ലാ ആത്മാവിനും എല്ലാ മനുഷ്യരെയും, അതുപോലെ എല്ലാ മനുഷ്യർക്കും എല്ലാ ആത്മാവിനെയും കാണാൻ സാധിക്കില്ല. മനുഷ്യന് പ്രത്യേകമായ ഇന്ദ്രിയം വേണം. അതുപോലെ ആ ആത്മാവിനും അതുണ്ടാകണം."

ഞാൻ ആലോചിച്ചു. അത് ശരിയാണല്ലോ ജീവിച്ചിരിക്കുന്നവരെക്കാൾ എത്രയോ ഇരട്ടിയുണ്ട് മരിച്ചു പോയവർ. അതിൽ മനുഷ്യരും മൃഗങ്ങളും ഒക്കെ പെടില്ലേ! മരിച്ചുപോയവർ കൂടി ഈ ഭൂമിയിൽ തങ്ങിനിൽക്കുകയാണെങ്കിൽ ഇവിടെ സ്ഥലമില്ലാതെ ആകില്ലേ.

നാമിയ തുടർന്നു
"പരമ്പരാഗത വിശ്വാസമനുസരിച്ച് എല്ലാ ലോക മതങ്ങൾക്കും മുകളിലാണ് കബലയുടെ ഉല്പത്തി. യഹൂദ നിയമം ആയ തോറ ലോകസൃഷ്ടിക്ക് മുൻപേ ദൈവം സൃഷ്ടിച്ചതാണ്. സൃഷ്ടിയിലെ സകലവിധ ദർശനങ്ങളുടെ

യും മതങ്ങളുടെയും ശാസ്ത്രങ്ങളുടെയും, കലകളുടെയും, രാജനീതിയുടെയും, ആദിമാതൃകയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഓട്ടൊമൻ പലസ്തീനയിലുണ്ടായ യഹൂദമിസ്റ്റിക്കൽ നവീകരണത്തിൽ ഞങ്ങൾ പുനർനിർവചിക്കപ്പെട്ടു. ഞാൻ ഉൾപ്പെടെയുള്ളവർ അങ്ങനെയാണ് ഇതിൽ ആകൃഷ്ടരായത്. മനുഷ്യാത്മാക്കൾ പൂർണ്ണതയിലെത്തിയ ശേഷം മാത്രം ദൈവികസത്തയിൽ മടങ്ങിയെത്തുന്നു. പൂർണ്ണതയുടെ പ്രാപ്തിക്ക് ചിലപ്പോൾ ജന്മാന്തരങ്ങൾ വേണ്ടി വരാം.”

ഞങ്ങൾ രണ്ടുപേരെയും മാറിമാറി നോക്കിയതിനുശേഷം അദ്ദേഹം വീണ്ടും തുടർന്നു..

“ഒരു മനുഷ്യാത്മാവ് പൂർണതയിൽ എത്താൻ ഒന്നിൽ കൂടുതൽ ജന്മങ്ങൾ വേണ്ടിവരും. അതിനുശേഷമായിരിക്കും ആ ആത്മാവ് ദൈവികസത്തയിൽ എത്തിച്ചേരുക”

ഞാൻ ആശ്ചര്യത്തിന്റെ കൊടുമുടിയിൽ എത്തി.
“പരദേശി ജൂതർക്കും മലബാറി ജൂതർക്കും ഈ ചിന്ത ഉണ്ടായിരുന്നോ?”

“ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം ഇത് കബാലിസ്റ്റുകൾക്ക് മാത്രം ഉണ്ടായിരുന്ന ചിന്തയാണ്. ഞാൻ നേരത്തെ പറഞ്ഞുവല്ലോ എല്ലാ യഹൂദരും കബാലിസ്റ്റുകൾ അല്ല. പരദേശി ജൂതർക്കിടയിൽ എന്നെ വ്യാജ മിശിഹാ എന്നുവരെ വിശേഷിപ്പിച്ചവരുണ്ട്. മലബാറി ജൂതർ അവഗണന നേരിട്ടവരായിരുന്നു. കൊടിയ പീഡനങ്ങൾക്കിടയിലും വർണ്ണ വിവേചനങ്ങൾക്കിടയിലും അവർ അവരുടെ വിശ്വാസം മുറുകെപ്പിടിച്ചവരാണ്. അവർ ആത്മീയബലമുള്ളവർ ആണ്. പോർച്ചുഗീസുകാരാൽ ഏറ്റവും കൂടുതൽ ആക്രമിക്കപ്പെട്ടവർ ഇവരാണ്. അവരിൽ കുറെ പേരെങ്കിലും എന്നെ അനുഗമിച്ചിരുന്നു. എന്റെ വിശ്വാസത്തിനൊപ്പം നിന്നവരും ഉണ്ടായിരുന്നു.”

ഞാൻ ഇട്ടിക്കോരയെ നോക്കിയ ശേഷം തലകുമ്പിട്ട് കുറച്ചുനേരം ആലോചിച്ചു. അപ്പോൾ ആഭിചാരക്രിയകൾ നടത്തുന്നവർ ആണല്ലേ ഇവർ. നിഗൂഢമാണ് ഇവരുടെ ജ്ഞാനമാർഗ്ഗം. ദൈവത്തെപ്പറ്റിയുള്ള, ആത്മാവിനെ പറ്റിയുള്ള കാഴ്ചപ്പാട് ഒക്കെ വ്യത്യസ്തമായിരുന്നിരിക്കണം. ഇദ്ദേഹത്തിന്റെ മരണത്തെപ്പറ്റി ചോദിച്ചാലോ? അല്ലേൽ വേണ്ട.

ആഹ്... അദ്ദേഹം പറഞ്ഞത് ശരിയാണ്. മലബാരി ജൂതരെ കറുത്ത ജൂതർ എന്നായിരുന്നല്ലോ വിശേഷിപ്പിച്ചിരുന്നത്. അതുതന്നെ ഒരു ജാതിവെറിയുടെ ലക്ഷണമായിരുന്നല്ലോ. സത്യത്തിൽ അവർക്കത് താങ്ങാവുന്നതിലും അപ്പുറമായിരിക്കും.

1948 ൽ ഇസ്രായേലിനെ ജൂതന്മാരുടെ വാഗ്ദത്ത ഭൂമിയായി പ്രഖ്യാപിച്ചതിനുശേഷം ഇവിടെനിന്ന് പലായനം ചെയ്തവരിൽ മഹാഭൂരിപക്ഷം പേരും ഈ പറഞ്ഞ മലബാറി ജൂതസമൂഹം ആയിരുന്നല്ലോ. ഇവർ പോയതിനുശേഷം ആയിരിക്കാം ഈ പ്രദേശങ്ങളൊക്കെ കയ്യടക്കിയത്. ആയിരിക്കാം എന്നല്ല ആണ്. അല്ലെങ്കിൽ അവരുടെ പൂർവികരുടെ മണ്ണ് മറ്റുള്ളവർ വെട്ടിപ്പിടിക്കാൻ അവർ ഇടവരുത്തില്ലായിരുന്നല്ലോ!. കേരളത്തിൽ അങ്ങോളമിങ്ങോളമായി ഇവർക്ക് ഒരുപാട് ഭൂമിയുണ്ടായിരുന്നതല്ലേ... പിന്നീട് അ

തൊക്കെ പോയതല്ലേ... പൗരത്വം നഷ്ടപ്പെട്ടതോടുകൂടി ഈ ഭൂമിക്കുമേൽ ഇവർക്ക് അവകാശപ്പെടാൻ പറ്റില്ലല്ലോ. ഭൂമാഫിയ ഇതൊക്കെ കൈയ്യടക്കിയതാണെന്നുള്ള വിവരം ആർക്കാണ് അറിയാത്തത്.

"താങ്കൾ എങ്ങനെയാണ് മരണപ്പെട്ടത്?" – ഇട്ടിക്കോര സംശയം പ്രകടിപ്പിച്ചു.

ഞാൻ മനസ്സിൽ പറഞ്ഞു. ആ ചോദ്യം വേണ്ടായിരുന്നു. എന്തായാലും ചോദിച്ചതല്ലേ, ഉത്തരത്തിനായി ക്ഷമയോടെ കാത്തിരിക്കാം. ചിലപ്പോൾ ഉത്തരം കിട്ടിയാലോ!

"കബാലിസ്റ്റ് ആയ എന്നെയും എന്റെ കുടുംബത്തെയും ആക്രമിച്ച് കൊല്ലുകയാണ് ഉണ്ടായത്. അതും പോർച്ചുഗീസുകാർ ക്രൈസ്തവർ കൂടി എന്നിലേക്ക് അടുക്കുന്നു എന്നത് അവർക്ക് വലിയ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. അവർ ക്രൈസ്തവ മതത്തെ വിപുലീകരിക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോളായിരുന്നു. ഇപ്പുറത്ത്നിന്നും കബ്ബല്ല സ്ഥാപിക്കാൻ ഉള്ള എന്റെ ഇടപെടൽ. അവർക്കൊട്ടും അതിനോട് യോജിക്കാൻ സാധിച്ചില്ല. എന്നെയും കുടുംബത്തെയും ചതിച്ച് വിഷം തരികയാണുണ്ടായത്. പക്ഷേ മരണത്തിനു തൊട്ടുമുന്നേ എനിക്കറിയാമായിരുന്നു. അത് വിഷമാണെന്നും, കഴിച്ചാൽ ഉടൻ മരണപ്പെടുമെന്നും. എന്നാൽ മറ്റൊരു ദേശത്ത് പുനർജ്ജനിക്കുമെന്ന് അറിയാവുന്നതുകൊണ്ട് ഞാൻ ആ മരണത്തെ പുൽകുകയായിരുന്നു."

ശക്തിയായ ഒരു പ്രകാശം എന്നിലേക്ക് അടുക്കുന്നത് പോലെ എനിക്ക് തോന്നി. കണ്ണിന്റെ ഉള്ളിൽ വെളുത്ത നിറം മാത്രമായിരുന്നു. ചൂടുകാറ്റ് അനുഭവപ്പെട്ടു. വെളിച്ചം മങ്ങിയതിനു ശേഷം ഞാൻ ചുറ്റും നോക്കി. ആരെയും കാണുന്നില്ല. ഒന്നും കാണുന്നില്ല.

വിജനമായ ഒരു സ്ഥലം. ചുറ്റും കണ്ണോടിച്ചു നോക്കി. ഇട്ടിക്കോരയില്ല... നാമിയ ബിൻ എബ്രഹാം മോട്ട ഇല്ല... നിൽക്കുന്ന സ്ഥലം എനിക്കറിയില്ല.

എനിക്കെന്തോ വല്ലാത്തൊരു അനാഥത്വം അനുഭവപ്പെട്ടു. മരുഭൂമിയിൽ അകപ്പെട്ടതുപോലെ... ദിക്കറിയാതെ...എങ്ങോട്ടു യാത്ര ചെയ്യണമെന്നറിയാതെ ആശ്ചര്യപ്പെട്ട് അങ്ങനെ നിന്നു.

ഇട്ടിക്കോരയെ കാണാതെ മനസ്സ് വല്ലാതെ പിടഞ്ഞു. കുറഞ്ഞ സമയത്തിനുള്ളിൽ എന്റെ ആരൊക്കെയോ ആയി ഇട്ടിക്കോര മാറികഴിഞ്ഞിരിക്കുന്നു.

ഞാൻ തലയിൽ കൈവച്ച് ഇരുന്നു. സൂര്യനെയും ചന്ദ്രനെയും ഞാൻ മറന്നു. ഭൂമിയും കടലും കാടും പ്രണയവും കലഹവും വിരഹവും ഞാൻ മറന്നു. ആകാശഭൂമികളെ സംരക്ഷിക്കുന്ന ദൈവത്തെ ഞാൻ ഒരു നിമിഷം സ്മരിച്ചു. അതോടൊപ്പം വിശ്വവിഖ്യാതരായ പലരെയും കാണിച്ചു തന്നതിൽ വലിയ സംതൃപ്തൻ ആയിരുന്നു. ഇനിയെങ്ങോട്ടെന്ന ചിന്തയിൽ ഇരുന്നിടത്ത് നിന്നും എണീറ്റു.

പുറകിൽ നിന്ന് ആരോ എന്റെ തോളിൽ കൈവെച്ചു.
ഞാൻ തിരിഞ്ഞു നോക്കി.

## ഭാഗം ഏഴ്

തിരിഞ്ഞുനിന്നു നോക്കിയപ്പോൾ ഒരു ഉസ്താദ് തലേക്കെട്ടുള്ള, വെള്ളഷർട്ടും, വെള്ളമുണ്ടും ധരിച്ച ഉസ്താദ്. ഷർട്ടിന് നല്ല ഇറക്കം ഉണ്ട്. മുണ്ടാണെങ്കിൽ നെരിയാണിക്ക് മുകളിലാണ് ഉടുത്തിരിക്കുന്നത്. വെളുത്തതും കറുത്തതുമായ താടി. മീശ വലിയ കട്ടിയില്ല. ചുണ്ടുകൾ കാണാമായിരുന്നു. വെളുത്ത മുഖം. പുരികം നന്നായി നരച്ചിരുന്നു. കണ്ണുകളിൽ സുറുമ ഇട്ടിട്ടുണ്ട്. എന്നോട് അദ്ദേഹം സലാം പറഞ്ഞു.

"അസ്സലാമുഅലൈക്കും"

ഞാൻ പ്രത്യാഭിവാദ്യം ചെയ്തു.
"വ അലൈക്കുമുസ്സലാം",

അദ്ദേഹത്തിന്റെ പിറകിലായി ധൃതിയിൽ നടന്നുവരുന്നുണ്ടായിരുന്ന ഇട്ടിക്കോരയെ കണ്ടതും. എനിക്ക് സന്തോഷം അടക്കാൻ സാധിച്ചില്ല. അദ്ദേഹം എന്റെ ഓരം ചേർന്നുനിന്നു. ഇട്ടിക്കോരയാണ് ഉസ്താദിനെ പരിചയപ്പെടുത്തി തന്നത്.

"ഇദ്ദേഹം മസ്താൻ ഉസ്താദ്... പ്രശസ്തനായ പണ്ഡിതനാണ്. ഇദ്ദേഹത്തിന്റെ ഗുരുവിനോട് ഇദ്ദേഹം സദാ കടപ്പെട്ടവനാണ്."

പക്ഷെ എന്റെ നിൽപ്പ് കണ്ടിട്ട് ഇട്ടിക്കോര ചോദിച്ചു.
"എന്താണ് താങ്കൾക്ക് ഒന്നും കാണാൻ പറ്റുന്നില്ലേ",

“ഇല്ല... എന്താണെന്നറിയില്ല,എന്റെ മുന്നിൽ വിശാലമായ മരുഭൂമി മാത്രമു ള്ളു”

ആ നിമിഷം ഉസ്താദ് എന്റെ തലയിലൊന്ന് തലോടിയതിന്ശേഷം. ചെവി യിൽ ഇങ്ങനെ ഓതി,
“അല്ലാഹ് സൗഫായു സയിദുക്ക”
ഞാൻ കണ്ണുകൾ അടച്ചു തുറന്നപ്പോൾ മരുഭൂമി മാറി, മങ്ങിയ വെളിച്ചത്തിൽ എന്റെ മുന്നിൽ വലിയൊരു പള്ളിയും അതിനോട് ചേർന്ന് ഒരു കുളവും വി ശാലമായ ഒരു കബറിടവും ചുറ്റും ചെറിയ വീടുകളും പുൽമേടുകളും മര ങ്ങളും ചെറിയ ചെറിയ കച്ചവട സ്ഥാപനങ്ങളുമൊക്കെ കാണാൻ തുടങ്ങി. അത്ക്രമേണ വ്യക്തമാകാൻ തുടങ്ങി.

“ഇട്ടിക്കോര എനിക്ക് കാണാൻ സാധിക്കുന്നു. ഏതാണ് ഈ പള്ളി?”

“ഇതൊരു ജൂതന്റെ കൈവശം ആയിരുന്നു. പിന്നീട് ദാ... ആ കിടക്കുന്ന മ ഹാനെ കണ്ടില്ലേ; അദ്ദേഹത്തിനാണ് ജൂതൻ ഈ ഭൂമി ഇഷ്ടദാനം കൊടു ത്തത്. അങ്ങനെയാണ് ഇവിടെ ഈ പള്ളി ഉയർന്നത്.”

ഞാൻ ഒരു കബറിടം മാത്രമേ കണ്ടുള്ളൂ. പക്ഷേ ഇട്ടിക്കോരയ്ക്ക് അദ്ദേഹ ത്തെ കാണാൻ പറ്റുമായിരുന്നുവെന്ന് തോന്നുന്നു.

“ആരാണ് അദ്ദേഹം?”

ഇട്ടിക്കോര എന്നെ നോക്കി. ശേഷം മസ്താൻ ഉസ്താദിനെയും. മസ്താൻ ഉസ്താദ് എന്നോട് സംസാരിച്ചുതുടങ്ങി.

“സയ്യിദ് ഇസ്മായിൽ ബുഖാരിയുടെ കബറിടമാണത്.”

“എന്നുവെച്ചാൽ... ആരാണ് അദ്ദേഹം? എനിക്ക് മനസ്സിലായില്ല.”

“സയ്യിദ് ഇസ്മായിൽ ബുഖാരിയുടെ വാപ്പ, സയ്യിദ് അഹമ്മദ് ജലാലുദ്ദീൻ ബുഖാരി തങ്ങളാണ്. പേർഷ്യയുടെ ഭാഗമായ ഉസ്ബക്കിസ്താനിലെ ബു ഖര എന്ന സ്ഥലത്തുനിന്നാണ് ഈ പ്രമുഖ സയ്യിദ് കുടുംബം എത്തിയത്. പ്രവാചകന്റെ ഇരുപത്തിഏഴാമത് സന്താനപരമ്പരയാണ് അദ്ദേഹത്തിന്റേത്. ഇവരുടെ വംശാവലി വളരെ പ്രസിദ്ധമാണ് .

സയ്യിദ് ജാലഉദ്ദിൻ
സയ്യിദ് ഇസ്മായിൽ
സയ്യിദ് മഹാമുദ്
സയ്യിദ് ഹുസൈൻ
സയ്യിദ് സലിം
സയ്യിദ് ജലാലുദ്ദിൻ മഹമ്മദ്
സയ്യിദ് സായ്നുദ്ദിൻ മഹമുദ്
സയ്യിദ് തജുദ്ദിൻ യൂനുസ്

സയ്യിദ് ഇസ്മായിൽ നാസർദ്ദീൻ
സയ്യിദ് ഹുസൈൻ മഖ്ധൂം
സയ്യിദ് അഹ്മദ് അൽ കബീർ
സയ്യിദ് ഹുസൈൻ ജമാളുദ്ദീൻ
സയ്യിദ് മുഅയ്യാട് അലി
സയ്യിദ് ജാഫർ
സയ്യിദ് മുഹമ്മദ്
സയ്യിദ് മഹമൂദ് ബുഖാരി
സയ്യിദ് അഹ്മദ്
സയ്യിദ് അബ്ദുല്ലഹ്
സയ്യിദ് അലി അസ്ഖർ
സയ്യിദ് ജാഫർ സാഖി
സയ്യിദ് അലി അൽ ഹാദി
സയ്യിദ് മുഹമ്മദ് താക്കി അൽ ജവാദ്
സയ്യിദ് അലി റിസ
സയ്യിദ് മുസ അൽ കദീം
സയ്യിദ് ജാഫർ സാദിഖ്
സയ്യിദ് മുഹമ്മദ് ബാഖിർ
സയ്യിദ് സൈൻ അൽ ആബിദൻ
ഇമാം ഹുസൈൻ
ഫാത്തിമ
പ്രവാചകൻ മുഹമ്മദ്

ഈ വംശാവലിയിൽ ആണ് സയ്യിദ് ഇസ്മായിൽ ബുഖാരി തങ്ങൾ വരുന്നത്. അദ്ദേഹം പൊന്നാനിയിൽ നിന്നും ശൈഖ് അബ്ദുൽ അസീസ് മഗ്ധൂം അവർകളുടെ ശിഷ്യനായിരുന്നു. അദ്ദേഹത്തിന്റെ മകനായിരുന്നു സയ്യിദ് മുഹമ്മദ്. അദ്ദേഹം ജീവിച്ചിരുന്നത് വളപട്ടണത്തായിരുന്നു. പിന്നീട് മലപ്പുറത്ത് സ്ഥിരതാമസമായി. എന്റെയും മഹാനായ ടിപ്പുസുൽത്താന്റെയും ഗുരുനാഥനായ സയ്യിദ് മൗലാ ബുഖാരി തങ്ങൾ ആണ് പിന്നീട് ഈ പള്ളി തേക്കുകൊണ്ട് പുനർനിർമ്മിച്ചത്."

"അങ്ങനെ പുനർനിർമ്മിക്കാൻ കാരണം?"

"ഡച്ചുകാരുടെയും,പോർച്ചുഗീസുകാരുടെയും യുദ്ധത്തിനിടയിൽ ഈ പള്ളിക്ക് തീ പിടിച്ചിട്ടുണ്ട്. പള്ളി തീ പിടിച്ചതിനു ശേഷം പുനർനിർമ്മിച്ചെങ്കിലും, വേണ്ടത്ര രീതിയിൽ ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. കായൽ പട്ടണത്തുനിന്ന് വന്ന ചിലരായിരുന്നു ആ കാലത്ത് പള്ളി ഉപയോഗിച്ചിരുന്നത്. പള്ളിയുടെ പുനർനിർമ്മാണത്തിന് വലിയൊരു ചിലവ് വേണ്ടിവരുമെന്നൊക്കെ ആലോചിച്ച് വർഷങ്ങളോളം നീണ്ടുപോയിരുന്നു കാര്യങ്ങൾ.

ആയിടെയാണ് ഞങ്ങളുടെ ഉസ്താദ് മലപ്പുറത്തുനിന്നും ഇവിടെ വന്ന് പള്ളിയുടെ പുനർനിർമ്മാണപ്രവർത്തനം ഏറ്റെടുത്തത്. അദ്ദേഹത്തിന്റെ വാപ്പ സയ്യിദ് ബുഖാരി തങ്ങൾ കവരത്തിയിലാണ് ജനിച്ചത്. പിന്നീട് മലപ്പുറത്ത് അദ്ദേഹം വന്ന് സ്ഥിരതാമസമാക്കി.

ഞാൻ പറഞ്ഞിരുന്നല്ലോ. എന്റെയും എന്റെ പ്രിയ സ്നേഹിതനായ

ടിപ്പുസുൽത്താന്റെയും ഗുരുനാഥനാണ് സയ്യിദ് മൗലാ ബുഖാരി തങ്ങൾ. ഷഞ്ർ എന്ന അദ്ദേഹത്തിന്റെ ജൂത സുഹൃത്തുമായി ചേർന്നാണ് പള്ളി പുതുക്കി പണിതത്. ഷഞ്റുടെ പിതാമഹന്റെ കുടുംബവകയായിരുന്നു ഈ ഭൂമി.

ഭൂമിക്ക് അടുത്തായി വേറെ കുറെ സ്ഥലങ്ങൾ കൂടി അദ്ദേഹം പള്ളിക്ക് വേണ്ടി പതിച്ചുനൽകി. പള്ളിക്ക് വേണ്ട ധാരാളം തേക്കും അദ്ദേഹമാണ് നൽകിയത്. കായൽ പട്ടണത്തിൽ നിന്ന് വന്ന ഷേക്ക് ഉമ്മർ അൽ കാഹ്രി കൂടി മൗല തങ്ങളെ സഹായിക്കാനുണ്ടായിരുന്നു. സൈധിനിയാ ബീവി എന്ന സയ്യിദ് മൗല ബുഖരിയുടെ സഹോദരി നെട്ടൂർ താമസമാക്കിയതിനെ തുടർന്ന് അവിടെയും അവരുടെ ശൃംഖല പടർന്നു. പിന്നീട് ചാവക്കാട്, ഇദ്ദേഹത്തിന്റെ പേരക്കുട്ടികൾ നൂറേക്കർ ഭൂമി ഏറ്റെടുത്ത് പള്ളിപണിതു.

“അപ്പോൾ ഇദ്ദേഹം മാത്രമാണോ പ്രവാചകന്റെ വംശാവലിയിൽ വരുന്നത്?”

“അങ്ങനെ പറയാൻ സാധിക്കില്ല. പല പണ്ഡിതന്മാർക്കും പലതരത്തിലുള്ള അറിവുകളാണ് ലഭിക്കുക. ഈ വംശാവലിയെപ്പറ്റി ഇങ്ങനെ അറിയാൻ സാധിച്ചത് ഞാൻ ഇദ്ദേഹത്തിന്റെ ശിഷ്യനായതുകൊണ്ടാണ്. ഓരോ ഗോത്രങ്ങൾക്കും അറബിയിൽ കബീല എന്നാണ് പറയുന്നത്. ജീവിതരീതി മത പഠനത്തിലൂടെയായതുകൊണ്ടാണ് ഞങ്ങൾക്ക് ഇക്കാര്യങ്ങളൊക്കെ ഓർമ്മയിൽ നിലനിൽക്കുന്നത്.

ജമലുല്ലൈലി ജിഫ്രി, ഹാദി, ശിഹാബ്, ഹൈദ്രോസ്, മശ്ഹൂർ, ബുഖാരി, ബാഫക്കി, സഖാഫ് ഇത്രയുമാണ് അറിയപ്പെടുന്ന തങ്ങൾ കുടുംബങ്ങൾ. ലോകത്തിന്റെ പല ഭാഗങ്ങളിലായി ഈ അഹല്ൽ ബൈത്ത് വിഘടിച്ച് കിടക്കുന്നുണ്ട്.

ടിപ്പു മസ്താൻ ഔലിയയുടെ വംശാവലിയാണ് ഞാൻ. എന്നെ കൂടാതെ ചന്ദനപ്പള്ളി മസ്താനും ഈ വംശാവലിയിൽ വരുന്നുണ്ട്. ശൈഖ് സയ്യിദ് മുഹമ്മദ് ഖാസിം ജീലാനി കവരത്തി, സയ്യിദ് മൗല ബുഖരി തങ്ങളുടെ പിതൃതുല്യനായിരുന്നു. ഉസ്താദിന് എന്നെ കൂടാതെ ശൈഖ് ഉമറുൽ ഖാഹിരി, ടിപ്പു സുൽത്താൻ, ഹൈദറോസ് കുട്ടി മൂപ്പർ, ചന്ദനപ്പള്ളി മസ്താൻ, ശൈഖ് അബ്ദുൽ ഖാദിർ തുടങ്ങിയ ഒരുപാട് പേർ ശിഷ്യന്മാരായി ഉണ്ടായിരുന്നു. അദ്ദേഹത്തെ കബറടക്കിയത് കണ്ണൂരാണ്.

“ടിപ്പു താങ്കളുടെ സുഹൃത്തായിരുന്നു എന്ന് പറയുമ്പോൾ?”

“ഞാൻ പറഞ്ഞിരുന്നുവല്ലോ ഞാൻ ടിപ്പു മസ്താൻ ഔലിയുടെ വംശാവലിയാണ്. അതോടൊപ്പം സയ്യിദ് മൗലാ ബുഖാരി തങ്ങളുടെ ശിഷ്യനും. ഇതേ കാലയളവിൽ തന്നെയാണ് ടിപ്പുസുൽത്താനും അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നത്.

എന്റെ പിതാമഹന്റെ പേരിനോട് സാമ്യപ്പെടുത്തിയാണ് ഹൈദരാലിയും അദ്ദേഹത്തിന്റെ സഹധർമ്മിണിയും ടിപ്പുവിന്, ടിപ്പുക്കൂട്ടി ചേർത്ത് പേരിട്ടത്. ഞങ്ങളും ഖുറൈഷ് കുടുംബമാണ്. ടിപ്പുവും ഖുറൈഷ് കുടുംബമാണ്. പക്ഷേ ഞങ്ങൾ ഇരു കുടുംബവും ബനു ഹാഷിം അല്ല. എന്നാൽ ഞങ്ങളുടെ ഉസ്താദ് ബനൂ ഹാഷിം ആണ്. അദ്ദേഹം അഹലു ബൈത്തുകാ

രൻ ആണ്. അതുകൊണ്ടുതന്നെ ടിപ്പുവിന്റെ ബാപ്പ ഹൈദരാലിക്ക് അദ്ദേഹത്തോട് വലിയ ബഹുമാനമായിരുന്നു. സയ്യിദ് കുടുംബത്തിൽ നിന്നും മകന് അറബി ശിക്ഷണം  ലഭിക്കുക എന്നത് അദ്ദേഹത്തിന് വലിയ അംഗീകാരമായി തന്നെ തോന്നിയിരുന്നു."
"ഖുറൈഷ് കുടുംബം എങ്ങനെയാണ് മൈസൂർ വന്നെത്തിപ്പെടുക?"

"ടിപ്പുവിന്റെ പിതാവായ ഹൈദരലിയുടെ പിതാവ് ഫത്താഹ് മുഹമ്മദ് വടയാർ രാജവംശത്തിന് കീഴിൽ പടയാളിയായിരുന്നു. ആർക്കോട്ടിലെയും സീറയിലെയും നവാബുമാർക്ക് വേണ്ടി സൈനികപദവികൾ അലങ്കരിച്ചിട്ടുണ്ട്. ഫത്താഹ് മുഹമ്മദിന്റെ കുടുംബം ബാഗ്ദാദിൽ നിന്നും സൂറത്തിലേക്ക് കപ്പൽമാർഗ്ഗം എത്തിച്ചേർന്ന ഖുറൈഷ് കുടുംബമാണ്.

അദ്ദേഹത്തിന്റെ പിതാവ് മുഹമ്മദലിയും മുഹമ്മദലിയുടെ പിതാവ് ഷെയ്ഖ് വലി മുഹമ്മദും. മുഹമ്മദ് ആദിൽ ഷായുടെ ബിജാപ്പൂർ ഭരണകാലത്ത് ഉപജീവനത്തിനുവേണ്ടി കർണാടകയിലെ ഖൽബുർഗിലേക്ക് കുടിയേറിവരാണ്. ഫത്താഹ് മുഹമ്മദ് വിവാഹം ചെയ്തത് സയ്യിദ് ബുർഹാനുദ്ദീനിന്റെ മകളെയാണ്. സയ്യദ് കുടുംബത്തിൽ നിന്നും കല്യാണം കഴിച്ചതിനെ തുടർന്ന് ഹൈദരാലി പകുതി സയ്യിദ് ആയി.

ഹൈദരാലി രാജഭരണം പിടിച്ചെടുത്തതോട്കൂടി ടിപ്പു അതിസമർത്ഥനായി വളർന്നു. മതകാര്യത്തിലും ഭരണകാര്യത്തിലും ടിപ്പു സമർത്ഥനായിരുന്നു. സുഹൃദ്ബന്ധങ്ങൾ തുടരുന്നതിൽ അദ്ദേഹം പ്രത്യേക കഴിവുള്ളവൻകൂടിയാണ്. ഫ്രഞ്ച് തലവനായിരുന്ന നെപ്പോളിയൻ ബോണോപാർട്ടിന് അദ്ദേഹവുമായി സഖ്യം ഉണ്ടാക്കിയാൽ കൊള്ളാമായിരുന്നു എന്നു കൂടിയുണ്ടായിരുന്നു.

17 വർഷക്കാലം ടിപ്പു മൈസൂർ ഭരിച്ചു. മൈസൂരിൽ പട്ട് തുണിവ്യവസായത്തിന് തുടക്കം കുറിച്ചത് ടിപ്പു ആണ് കന്നടയും ഹിന്ദുസ്ഥാനിയും പേർഷ്യനും ഫ്രഞ്ചും അറബിയും തുടങ്ങിയ വ്യത്യസ്ത ഭാഷകൾ അദ്ദേഹം കൈകാര്യം ചെയ്യുമായിരുന്നു. ടിപ്പുവിനെ ആക്രമിച്ച പഴശ്ശിരാജയ്ക്ക് ബ്രിട്ടീഷുകാരാൽ ഉപദ്രവം വന്നപ്പോൾ യാതൊരു മടിയും കൂടാതെ പഴശ്ശിരാജയെ സഹായിച്ചത് ടിപ്പു ആയിരുന്നു."

അതെനിക്ക് ദഹിച്ചില്ല. ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ അങ്ങനെയൊന്നുമല്ലല്ലോ!

"പക്ഷെ, ടിപ്പു ഒരുപാട് ആളുകളെ ഉപദ്രവിച്ച കാര്യങ്ങളൊക്കെ ഞാൻ കേട്ടിട്ടുണ്ടല്ലോ? കൂർഗിലെ കൊടവാസ്, മലബാറിലെ നായരായ ഹിന്ദുക്കളെയും മംഗലാപുരത്തെ കത്തോലിക്ക ക്രിസ്ത്യാനികളെയും കൂട്ടക്കൊല ചെയ്തതും കേട്ടിട്ടുണ്ട്.

നിർബന്ധിത മതപരിവർത്തനം ടിപ്പു നടത്തിയതായും നിരവധി ക്ഷേത്രങ്ങളും ക്രിസ്തീയ പള്ളികളും ടിപ്പു ആക്രമിച്ചിട്ടുള്ളതായും ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും പിടിച്ചു വന്ധ്യംകരണം ചെയ്തതായും ഞാൻ കേട്ടിട്ടുണ്ട്.  ഇങ്ങനെയുള്ള ഒരാളെ ന്യായീകരിക്കാൻ നിൽക്കരുത്. എന്തൊക്കെ പറഞ്ഞാലും ഇതൊന്നും അംഗീകരിക്കാൻ പറ്റാത്ത കാര്യങ്ങളാണ്."

"അതല്ലേലും ചരിത്രം എപ്പോഴും വികൃതമാണ്. ഉപദ്രവിച്ച കാര്യങ്ങൾ

മാത്രം ആളുകൾ എപ്പോഴും എടുത്തുപറയും. സഹായിച്ച കാര്യങ്ങൾ പറയാൻ പലപ്പോഴും വിമുഖതയാണ്. എല്ലാക്കാലത്തും എല്ലാവരും അന്യോന്യം ആക്രമിച്ചിട്ടില്ലേ? ബിജാപൂർ ആദിൽഷ മുസ്ലിം പള്ളികൾ ആക്രമിച്ചിട്ടുണ്ട്. നവാബുമാർ മുസ്ലീം പള്ളികൾ ആക്രമിക്കാറുണ്ട്. അതുപോലെതന്നെ പലതരത്തിലും ആക്രമണങ്ങൾ നടക്കാറുണ്ട്.

നിങ്ങൾ പഠിച്ചിരിക്കുന്ന യുദ്ധം എന്താണെന്ന് എനിക്കറിയില്ല. യുദ്ധം എന്നു പറഞ്ഞാൽ വാസ്തവത്തിൽ എന്താണ്? രണ്ടുകൂട്ടർ നടത്തുന്ന സംഘട്ടനമാണ് യുദ്ധമെന്ന് പൊതുവെ പറയാറുള്ളത്. എന്നാൽ ഒരു കൂട്ടർ ആക്രമിക്കുകയും, എതിർകൂട്ടർ പ്രതിരോധിക്കുകയും ചെയ്യുന്നതാണ് യുദ്ധമെന്ന് എത്രപേർക്കറിയാം! ആക്രമിക്കപ്പെടാതിരുന്നാൽ പ്രതിരോധിക്കേണ്ട കാര്യമുണ്ടോ? അപ്പോൾ പിന്നെ അവിടെ യുദ്ധം ഉണ്ടാവില്ല. യുദ്ധത്തിൽ രണ്ടുപേരിൽ ഒരാൾ മാത്രമേ ജയിക്കാറുള്ളൂ. ആക്രമിക്കുന്നയാളും അല്ലെങ്കിൽ പ്രതിരോധിക്കുന്നയാൾ.

യുദ്ധത്തിൽ കൊള്ളയും കൊലപാതകവും പലതും നടക്കും. കൊള്ളയിലൂടെ കിട്ടുന്ന പണമത്രയും രാജ്യത്തിന്റെ പൊതുനികുതിയായി സംരക്ഷിക്കപ്പെടും. എന്നിരുന്നാലും യുദ്ധം നടക്കുന്ന വേളയിൽ സമാധാനം തേടിപ്പോകുന്ന ജനവിഭാഗം പലായനം ചെയ്തുകൊണ്ടേയിരിക്കും.

പൊതുവെ മനുഷ്യർ എപ്പോഴും സമാധാനം ആഗ്രഹിക്കുന്നവരാണ്. ടിപ്പു ക്ഷേത്രങ്ങൾ ആക്രമിച്ച കഥ മാത്രമേ എല്ലായിടത്തും പരക്കാറുള്ളൂ. എന്നാൽ പ്രശസ്തമായ മൈസൂരിലെ ശൃംഗേരി മഠം വലിയ സമ്പത്ത് കൊടുത്ത് സംരക്ഷിച്ചു പോന്നത് ടിപ്പു ആയിരുന്നു. അതുപോലെ മെൽക്കോട്ടിൽ ഉള്ള അമ്പലവും. ഗുരുവായൂർ ക്ഷേത്രത്തിലെ വിഗ്രഹം അമ്പലപ്പുഴയിലേക്ക് കൊണ്ടുപോയി എന്ന പ്രതീതി പരത്തിയിരുന്നു എന്നാൽ ടിപ്പുവിന് അറിയാമായിരുന്നു വിഗ്രഹം അവിടത്തെതന്നെയുള്ള നിലവറയിലാണ് ഒളിപ്പിച്ചതെന്ന്. അത് അദ്ദേഹം കൈക്കലാക്കാൻ മുതിർന്നില്ലല്ലോ.

പെരിയാറിന്റെ വടക്കോട്ടുള്ള എല്ലാ ഭൂമിയും ടിപ്പുവിന്റെ കയ്യിലായിരുന്നു. എന്നിട്ടും ഹിന്ദുവായ കൊച്ചി രാജാവിന് ഇത് വിട്ടുകൊടുക്കുകയാണുണ്ടായത്. കൊച്ചി രാജാവിനെ ആക്രമിക്കാൻ അദ്ദേഹം തയ്യാറായില്ല. കോഴിക്കോട് സാമൂതിരി ആത്മഹത്യ ചെയ്തതിനെ തുടർന്ന് ഹൈദരാലി കോഴിക്കോട് ദേശം മഠണ എന്ന ബ്രാഹ്മണനെയാണ് ഏൽപ്പിച്ചത്. അതും ടിപ്പുവിന്റെ സമ്മതത്തോടുകൂടി മാത്രം.

ഹൈദരാലിയുടെ മുന്നിൽ കീഴടങ്ങിയ കൊച്ചി രാജാവിനോട് ഒരിക്കൽപോലും ടിപ്പു മോശമായി പെരുമാറിയിരുന്നില്ല. നെടുങ്കോട്ടയിലുള്ള സൈനികനീക്കത്തിൽ വച്ച് വൈക്കം പത്മനാഭപിള്ള ടിപ്പുവിനെ വെട്ടിപ്പരിക്കേൽപ്പിച്ചതും. മൈസൂരിനെ ബ്രിട്ടീഷ് ആക്രമിക്കുന്നുവെന്നും കേട്ടതിനെ തുടർന്നാണ് ടിപ്പു കേരളം വിട്ടത്. അധിനിവേശത്തിനെതിരായ നിരന്തര പോരാട്ടം നടത്തിയ മഹാനായിരുന്നു അദ്ദേഹം."

"ഈ പള്ളി കത്തിയത് രേഖകളിൽ എവിടെയെങ്കിലും പരാമർശിച്ചിട്ടുണ്ടോ? എവിടെയെങ്കിലും പള്ളി കത്തി എന്നോ കത്തിച്ചുവെന്നോ എന്റെ അറിവിൽ കേട്ടിട്ടില്ല; അതുകൊണ്ട് ചോദിക്കുന്നതാണ്?"

"പോർച്ചുഗീസുകാരുടെ വരവോടുകൂടി നിരന്തരം ആക്രമിക്കപ്പെടുന്ന ഒന്നാണ് മുസ്ലിം-യഹൂദ പള്ളികൾ. തമിഴ്നാട്ടിലെ കീഴെകരയിൽ നിന്നും വന്നവ

രും ഈ പള്ളിയിലാണ് നമസ്കരിച്ചു പോന്നത്. പിന്നീട് കീഴേകരയിൽ നിന്നും ധാരാളം തമിഴ്വംശജർ ഇങ്ങോട്ടെത്തി. കായൽ പട്ടണം കേന്ദ്രീകരിച്ചാണിവർ വന്നത്. ഉമ്മ വഴി ബന്ധം സ്ഥാപിക്കുന്നവരായിരുന്നു ഇവർ. താച്ചിമാർ എന്നായിരുന്നു ഇവർ ഇവരുടെ ഉമ്മാമ്മാരെ വിളിച്ചിരുന്നത്.

കൊച്ചി രാജാവും താവഴി ബന്ധം സ്ഥാപിക്കുന്നവരായത് കൊണ്ട് രാജാവിന് ഇവരോട് പ്രത്യേക സ്നേഹം ഉണ്ടായിരുന്നു. ഇവരായിരുന്നു ദീർഘകാലം പള്ളി പരിപാലിച്ചിരുന്നത്. പിന്നീട് പള്ളി തകർന്നതിനു ശേഷവും ഇവർ അതിനെ സംരക്ഷിച്ചു പോന്നു.

സയ്യിദ് മൗല തങ്ങൾ പോയതിനു ശേഷവും ഇവരായിരുന്നു പള്ളി കൈകാര്യം ചെയ്തത്. സയ്യിദ് മൗല തങ്ങളുടെ കാലത്താണ് കൊച്ചിയിൽ ഇസ്ലാം മതപ്രചാരണം നല്ല നിലയിലായത്. വ്യവസായികളിൽതന്നെയുള്ള ആയോധനകല പരിശീലിച്ചവർ കൂടിയായിരുന്നു ഇവിടെ കൂടുതലും. എല്ലാരും ഇസ്മായിൽ വംശവലിയാണല്ലോ."

ഉസ്താദ് അതും പറഞ്ഞ് പള്ളിയിലേക്ക് നോക്കി. പള്ളിയിൽ ഒരു തേജസ്വിയായ രൂപം. മുഖം വ്യക്തമല്ല, എങ്കിലും വെളുത്ത കുപ്പായവും വെളുത്ത താടിയും തലപ്പാവും  നെരിയാണിക്ക് മുകളിൽ ഉടുത്തിരിക്കുന്ന മുണ്ടും വ്യക്തമായി കാണാം.കയ്യിൽ ദസ്ബി ഉണ്ട്.

"അദ്ദേഹം ആണ് ഞങ്ങളുടെ ഉസ്താദ്. ഇടയ്ക്കിടെ ഇവിടെ വരാറുണ്ട്. കണ്ടില്ലേ... സദാസമയവും കയ്യിൽ ദസ്ബി കൊണ്ട് ബിസ്മില്ലാ ചൊല്ലലാണ് അല്ലാഹുവിന്റെ നാമം ഏറ്റവും കൂടുതൽ ചൊല്ലുന്നത് ആരാണോ അവന് സ്വർഗ്ഗത്തിൽ മഹനീയ സാന്നിദ്ധ്യം ലഭിക്കും"

ഇതും പറഞ്ഞ് ഉസ്താദ് പള്ളിയിലേക്ക് കയറി,

ഞാനും ഇട്ടിക്കോരയും പള്ളിക്ക് എതിർ ദിശയിലേക്ക് നടന്നു...
പോകുമ്പോൾ പല കാര്യങ്ങൾ എന്റെ മനസ്സിൽ കൂടി കയറിയിറങ്ങി പോയി. ചെയ്യുന്ന കർമ്മങ്ങളും ധർമ്മങ്ങളുമായിരിക്കും ഒരാളെ സ്വർഗ്ഗത്തിൽ എത്തിച്ചേർക്കുക. ഏറ്റവും കൂടുതൽ ബിസ്മി ചൊല്ലുന്നതാണ് അളവുകോലെങ്കിൽ, പള്ളിയിലെ ഖത്തീബിനെക്കാൾ കൂടുതൽ അപ്പുറത്തെ കടയിലെ തൊഴിലാളിയായ മുസ്തഫയ്ക്ക് അല്ലെ സ്വർഗ്ഗത്തിൽ മുൻഗണന ഉണ്ടാവുക ബിസ്മി ചൊല്ലി അങ്ങേര് എത്ര കോഴികളെയാണ് ദിവസവും അറുക്കുന്നത് അങ്ങനെയാണല്ലോ അത് ഹലാൽ ചിക്കൻ ആയി മാറുന്നത്.

"സുഫിയാൻ താങ്കൾ ചരിത്രത്തെക്കാൾ കൂടുതൽ മതവിഷയങ്ങളിൽ അറിവ് നേടിയ ആളാണോ? താങ്കൾ ഇപ്പോൾ മസ്താൻ ഉസ്താദിനെ കണ്ടപ്പോൾ വളരെ സ്നേഹവായ്പ്പോടെ സംസാരിക്കുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു."- ഇട്ടിക്കോര ചോദിച്ചു.

"അങ്ങേക്ക് തെറ്റുപറ്റിയതായാണ്. നമ്മളിപ്പോൾ കണ്ട എല്ലാവരോടും വളരെ സ്നേഹത്തോടും ബഹുമാനത്തോടും കൂടി തന്നെയല്ലേ ഞാൻ സംസാരിച്ചത്. അതിൽ ആരോടെങ്കിലും പ്രത്യേക മമതയോ വിദ്വേഷമോ കാണിച്ചതായി താങ്കൾ ശ്രദ്ധിച്ചിരുന്നോ?"

“സാധാരണ നിലയിൽ താങ്കൾ എന്തെങ്കിലും എതിരഭിപ്രായങ്ങൾ പറയുന്നതായി ഞാൻ ശ്രദ്ധിച്ചിരുന്നു. പക്ഷേ മസ്താൻ ഉസ്താദിനോട് താങ്കൾ എന്തെങ്കിലും എതിർത്ത് സംസാരിക്കുന്നത് കണ്ടിരുന്നില്ല അതുകൊണ്ടാണ്.”

“എനിക്കറിയാവുന്ന വിഷയത്തിൽ ഞാൻ എതിർത്ത് സംസാരിച്ചിരുന്നു.”

ഒരു വലിയ മരം ചൂണ്ടിക്കാണിച്ചു അങ്ങോട്ട് പോകാമെന്ന് ഇട്ടിക്കോര പറഞ്ഞു. ഒരു വളവ് തിരിയുമ്പോഴേക്കും ആ മരത്തിനടുത്തെത്തി. വലിയവൃക്ഷം. അതിനു ചുവട്ടിലായി ചുറ്റുമതിലോടുകൂടിയ ഒരു കബർ. കള്ളി മുണ്ട് ധരിച്ച ഒരു വൃദ്ധൻ നിൽപ്പുണ്ടായിരുന്നു. മരത്തിന് തൊട്ടു പുറകിലായി ഒരു യുവാവിനെയും കണ്ടു. ബലിഷ്ടമായ ശരീരം. വെളുത്ത ഷർട്ടാണ് ധരിച്ചിരിക്കുന്നത്. വെളുത്ത മുണ്ടും തലയിൽ തൊപ്പിയുമുണ്ട്. താടിയുണ്ട്, പക്ഷേ മീശയില്ല. വൃദ്ധൻ ഒന്നും മിണ്ടാതെ കബർസ്ഥാനിൽ അരികിലായി നിൽക്കുന്നുണ്ട്; ഞങ്ങളെ നോക്കി ആ യുവാവ് ചിരിച്ചു.

ഞങ്ങൾ ആ യുവാവിന് അരികിലേക്കെത്തി.

“ഇതെന്റെ സുഹൃത്താണ്... സുഫിയാൻ”

യുവാവ് സ്വയം പരിചയപ്പെടുത്തി.
“എന്റെ പേര് കുട്ടി മരക്കാർ. മരക്കാർ കുടുംബാവലിയാണ്. ഇവിടെ നിന്നും പൊന്നാനിയിലേക്കും കോട്ടക്കലിലേക്കും ഒക്കെ പോയ മരക്കാർ കുടുംബങ്ങളിലെ ഒരു വംശാവലി മാത്രം”

മരക്കാർ കുടുംബം കൊച്ചിയിൽ നിന്നാണ് പോയതെന്ന് കേട്ടിട്ടുണ്ട്. പക്ഷേ, അവർ പിന്നീട് കൊച്ചിയിലേക്ക് വന്നതായി അറിവില്ല. പിന്നെ ഇതേത് മരക്കാർ.

ഞാൻ ചോദിച്ചു.
“അപ്പോൾ കൊച്ചിയിൽ എത്ര മരക്കാർ കുടുംബം ഉണ്ടായിരുന്നു?”

“മരക്കാർ എന്നുള്ളത് ഒരു കുടുംബപ്പേരോ സ്ഥാനപ്പേരോ ആകാം. പരമ്പരാഗതമായി ഞങ്ങൾ കച്ചവടക്കാരാണ്. സൂറത്തിലേക്കും,അറേബ്യയിലേക്കുമൊക്കെ കപ്പലിൽ കൊച്ചിയിൽ നിന്നും മലബാറിൽ നിന്നുമുള്ള സാധനങ്ങൾ വിൽക്കുകയും അവിടെ നിന്ന് സാധനങ്ങൾ ഇറക്കുമതി ചെയ്ത് വിൽക്കുകയും ചെയ്യുന്നവർ. കടലിന്റെ കാറ്റും കോളും ദിശയും മുൻകൂട്ടി അറിയാൻ കഴിവുള്ള പ്രത്യേക ആളുകളാണ് ഞങ്ങളുടെ പൂർവികർ.”

“അതിപ്പോൾ കടൽയാത്ര ചെയ്യുന്ന എല്ലാവരും കടലിന്റെ ദിശയും കാറ്റും ഒക്കെ അറിഞ്ഞല്ലേ യാത്ര ചെയ്യാറുള്ളൂ”

“ശരിയായിരിക്കാം. പക്ഷേ, കടലിന്റെ നിഗൂഢത മനസ്സിലാക്കുന്നവർ വളരെ ചുരുക്കംപേർ മാത്രമായിരിക്കും. സ്ഥിരമായുള്ള കടൽക്കൊള്ളക്കാരുടെ

ആക്രമണങ്ങളെ പ്രതിരോധിക്കാൻ ഒരു പ്രത്യേക കഴിവ് തന്നെ വേണം. ഞങ്ങളുടെ പൂർവികർക്ക് അത് വേണ്ടുവോളമുണ്ട്. കടലിന്റെ വലിപ്പത്തിനും ആഴത്തിനുസരിച്ച് മാത്രമല്ലല്ലോ കടലിൽ കപ്പലുകൾ ഇറക്കുന്നത്, കാറ്റിന്റെ ഗതി നിർണയിക്കാനും അത് നിയന്ത്രിക്കാനും അറിയാവുന്ന കപ്പിത്താന്റെയും കൂടി ബലത്തിലാണ്. യൂറോപ്പ്യൻസ് ഞങ്ങളെ മൂർസ് എന്നാണ് അഭിസംബോധന ചെയ്തിരുന്നത്.

എന്നാൽ എത്യോപ്യയിലെയും സോമാലിയയിലെയും, സുഡാനിലെയും ഒക്കെ അറബികളെ മാത്രം അവർ വിളിച്ചിരുന്ന പേരാണ് മൂർസ് എന്നത്. സിറിയയിലെയും യമനിലെയും ഇറാഖിലെയുമുള്ള അറബികളെ അവരത് വിളിച്ചിരുന്നില്ല. എന്നാൽ ഞങ്ങളുടെ പൂർവികർ സിറിയയിലും യമനിലും ഇറാക്കിലും ഉള്ളവരായിരുന്നു. ഞങ്ങൾ മലബാറിലേക്കും കൊച്ചിയിലേക്കും താമസം മാറ്റിയതിനുശേഷം ഞങ്ങളെയും അവർ മൂർസ് എന്നാണ് വിളിച്ചുപോന്നിരുന്നത്."

"മരക്കാർമാർ കൊച്ചി രാജ്യത്തുനിന്നും പോയി സാമൂതിരിയുമായി കൂട്ടുചേർന്ന് പോർച്ചുഗീസ് പട്ടാളത്തിനെതിരെ യുദ്ധം ചെയ്തവരായിരുന്നില്ലേ? പിന്നീട് താങ്കൾ മാത്രം എങ്ങനെയാണ് ഇവിടെ നിന്നത്?"

"ആദ്യമേ പറയാം... ഞങ്ങൾ കൊച്ചി ദേശക്കാരല്ല. കൊച്ചിയിൽ ഞങ്ങൾ താമസിച്ചിരുന്നു എന്നത് സത്യം. ഞങ്ങൾ ആദ്യം കായൽ പട്ടണത്തായിരുന്നു. അതിനുമുമ്പ് ഞങ്ങൾ ജക്കാർത്തയിലായിരുന്നു. ഇറാക്കിലും സിറിയയിലും കച്ചവടം ചെയ്തവരായിരുന്നു ഞങ്ങളുടെ പൂർവികർ.

പിന്നീട് സൂറത്തിലേക്ക് വന്നു അവിടെ നിന്നും വളപട്ടണത്തേക്കും പന്തലായനിയിലേക്കും. ഇതിനിടയിൽ എപ്പോഴോ ജക്കാർത്തയിലേക്ക് പോയവരും ഉണ്ടായിരുന്നു. ജക്കാർത്തയിൽ നിന്നും വന്നവർ കായൽ പട്ടണത്തിലേക്കും, സൂറത്തുൽ നിന്നും വന്നവർ കൊടുങ്ങല്ലൂരിലേക്കും കൊച്ചിയിലേക്കും വന്നവരാണ്.

മരക്കാർമാരിൽ തന്നെ ഇവിടെ തമ്പടിച്ചിരുന്ന പൂർവികർ ജക്കാർത്തയിൽ നിന്നും കായൽ പട്ടണത്ത് തമ്പടിച്ചിരുന്നവരും വളപട്ടണത്തും പന്തലായിനിയിലും തമ്പടിച്ചവരും തമ്മിലുള്ള സംഗമം ഉണ്ടായതിനെ തുടർന്നാണ് കൊച്ചിയിൽ ഇവർ ഒരുമിച്ചത്.

കൊച്ചി രാജാവ് രമ്യതയോടുകൂടി പോകുന്ന ഒരു മഹാനായിരുന്നു, പോർച്ചുഗീസുകാരുടെ വരവ് വരെ. അവിടെ മുതൽ സ്ഥിതിഗതികൾ മാറി. അറബിക്കപ്പലുകൾ കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്യുകയായിരുന്നു ഇവരുടെ സ്ഥിരം ഏർപ്പാട്. പ്രത്യേകിച്ച് ഹജ്ജ് തീർത്ഥാടനം കഴിഞ്ഞ് വരുന്നവരെ ആക്രമിക്കുന്ന സ്വഭാവം.

കൊച്ചി രാജാവിന് പോർച്ചുഗീസുകാരെ എതിർത്ത് സംസാരിക്കാനുള്ള ശേഷിയില്ലാത്തത് കൊണ്ടും, സാമൂതിരിക്ക് പോർച്ചുഗീസ് പടയെ ആക്രമിക്കണമെന്ന് മോഹമുള്ളതുകൊണ്ടുമാണ് ഞങ്ങളിൽ നിന്നും കുറച്ചു പേർ ഒഴികെ മഹാഭൂരിഭാഗം പേരും പൊന്നാനിയിലേക്ക് പോയത്.

പൊന്നാനിയിലെ വന്നേരി, പെരുമ്പടപ്പ് സ്വരൂപമായിരുന്ന കൊച്ചി രാജ്യത്തിന്റെതായിരുന്നു. പിന്നീട് സാമൂതിരി പിടിച്ചെടുത്തതാണ്. തുടർന്ന് സാമൂതിരിയുടെ കടൽപ്പടയെ നയിച്ചത് ഞങ്ങൾ മരക്കാർമാരായിരുന്നു. ഇവിടത്തെ കച്ചവടവും മറ്റും നോക്കാനായി അപ്പോഴും കുറച്ചുപേർ കൊച്ചി

യിൽ തന്നെ സ്ഥിരതാമസമാക്കിയിരുന്നു. വലിയനേട്ടങ്ങൾ ഒന്നുമുണ്ടായി രുന്നില്ലെങ്കിൽ കൂടിയും ഇവിടെ അങ്ങനെ കഴിഞ്ഞു പോവുകയായിരുന്നു."

"പിന്നെങ്ങനെ ഈ ചെറുപ്രായത്തിൽ താങ്കൾ മരണപ്പെട്ടു!? ആ ഖബർസ്ഥാനിൽ നിൽക്കുന്നത് ആരാണ്?"

"അദ്ദേഹം ഞങ്ങളുടെ പിതാമഹനാണ്. ഇടയ്ക്ക് ഇതിലെ വരും. എന്റെ ഖബറിൽ വന്നിരിക്കും.  എന്നോട് പോലും ഒന്നും മിണ്ടാറില്ല."

മരക്കാർ തുടർന്നു
"എന്നെ പോർച്ചുഗീസുകാർ വധിച്ചതാണ്. യുദ്ധതന്ത്രം അറിയാത്ത എനിക്ക് പറ്റിയ ചില പാകപ്പിഴവുകാരണം അങ്ങനെയങ്ങ് സംഭവിച്ചു."

ഞാൻ, ഇട്ടിക്കോരയെ നോക്കി

"എന്താണ് സംഭവിച്ചത്? താങ്കളെ ഞാൻ മുൻപും കണ്ടിട്ടുണ്ടെങ്കിലും താങ്കളുടെ കാര്യങ്ങൾ ഞാൻ ചോദിച്ചറിഞ്ഞിട്ടില്ല. ചില സൗഹൃദ നിമിഷങ്ങളോടു കൂടി കടന്നുപോകുമായിരുന്നു. എന്റെ സുഹൃത്തിന് താങ്കളെപ്പറ്റി അറിയണമെന്ന് അതിയായ ആഗ്രഹമുണ്ട്. വിരോധമില്ലെങ്കിൽ നമുക്ക് അതൊന്ന് പങ്കുവെച്ചാലോ?"- ഇട്ടിക്കോര ചോദിച്ചു.

"ഞാനും എന്റെ കുടുംബവും ഇതിന് തൊട്ടു പുറകിലായാണ് താമസിച്ചിരുന്നത്. ഞങ്ങൾക്ക് ചുറ്റും യഹൂദരായിരുന്നു കൂടുതൽ.  കുറച്ചു തെക്കുമാറി ക്രിസ്ത്യാനികളും. പടിഞ്ഞാർ ദിക്കിലേക്ക് പോകുമ്പോൾ മാത്രമാണ് ഹിന്ദുക്കളെയും മറ്റും കാണാൻ കഴിയുക. കച്ചവടത്തിന്റെ ഭാഗമായി പല ആളുകളും വന്നു താമസിച്ചുപോകുമായിരുന്നു. അറബികൾ മാത്രമല്ല, ചീനക്കാരും റഷ്യക്കാരും പേർഷ്യക്കാരും അങ്ങനെ ഒരുപാട് ആളുകൾ വന്നു പോകുമായിരുന്നു.

പോർച്ചുഗീസുകാരുടെ വരവോടുകൂടി അവരുടെ സമഗ്രാധിപത്യം സ്ഥാപിക്കപ്പെട്ടു. ഞാനും ഭാര്യയും മൂന്ന് പെൺമക്കളും അടങ്ങുന്ന എന്റെ കുടുംബത്തിൽ ഭാര്യയ്ക്ക് മലേറിയ വന്നാണ് മരിക്കുന്നത്. ഐഷ, ആമിന, ഉമ്മുകുൾസും. ഈ മൂന്ന് പെണ്മക്കളെ എന്നെ ഏൽപ്പിച്ച് അവൾ പോയി. പെൺമക്കൾക്ക് ഉമ്മയില്ലാതെ പറ്റില്ല. അവരുടെ കാര്യങ്ങൾ നോക്കാനും മറ്റും ഉമ്മമാർ നിർബന്ധമായും വേണം.

ഞാൻ ഉടനെ രണ്ടാമത്തെ കല്യാണത്തിന് തീരുമാനിച്ചു. എന്റെ മൂത്തമകൾ ഐഷയുടെ കളിക്കൂട്ടുകാരിയുടെ ഉമ്മയെയാണ് ഞാൻ കല്യാണം കഴിക്കാൻ തീരുമാനിച്ചത്. അവരുടെ വാപ്പ കടലിൽ പോയി തിരിച്ചുവന്നില്ല. കടലിൽ പോയി തിരിച്ചുവരാത്തവരെ രണ്ട് കാര്യങ്ങളിലാണ് കണക്കാക്കാർ. ഒന്ന് മറ്റു ദേശത്ത് പോയി കല്യാണം കഴിച്ചു കൂടിയിട്ടുണ്ടാകും. അല്ലെങ്കിൽ കടൽ കൊണ്ടുപോയിട്ടുണ്ടാകും. ഇതിലേതാണ് സംഭവിച്ചതെന്ന് അറിയില്ല.

ഫാത്തിമയെ കൂടാതെ സൈനബയ്ക്ക് മറ്റൊരു മകൾ കൂടിയുണ്ടായിരുന്നു. സുഹറ, അവൾക്ക് അന്നേ പ്രായപൂർത്തി തികഞ്ഞു നിൽക്കുകയായിരുന്നു. നിക്കാഹ് ഒരു രാത്രിയിൽ ആയിരുന്നു. ഏതാണ്ട് അർദ്ധരാത്രി

ആയപ്പോഴേക്കും സൈനബ വന്നു പറഞ്ഞു. മകളെ കാണാനില്ല. പ്രായപൂർത്തിയായ കുട്ടി അങ്ങനെ രാത്രി എവിടെയും പോകില്ല. അഥവാ പോയാൽ തന്നെ തിരിച്ചു വീട്ടിലേക്ക് വരുന്ന ഒരു പതിവുണ്ടായിരുന്നില്ല. ഒന്നുകിൽ കള്ളന്മാർ പിടിച്ചുകൊണ്ടുപോയി അടിമച്ചന്തയിൽ വിൽക്കും അല്ലെങ്കിൽ അവൾ നശിപ്പിക്കപ്പെടും.

അവളെ അന്വേഷിച്ച് അന്ന് രാത്രി തന്നെ ഞാൻ പുറത്തേക്ക് ഇറങ്ങി. ചോദിക്കാൻ കഴിയുന്ന പലരോടും ചോദിച്ചു. യഹൂദരുടെ കടകംഭാഗം പള്ളിക്ക് എതിർവശത്തായ കടവിൽ കെട്ടിയിട്ടിരുന്ന ചെറുവള്ളത്തിനരികിലായി വിശ്രമിക്കുന്ന പണിക്കാരോട് മകളെ കണ്ടിരുന്നോ എന്ന് ഞാൻ ചോദിച്ചു. അവരാണ് പറഞ്ഞത് സുന്ദരിയും, മാപ്പിളച്ചിയുമായ ഒരു പെൺകുട്ടിയെ നാലു വിനാഴികൾക്ക് മുമ്പ് പറങ്കികൾ കപ്പലിലേക്ക് കൊണ്ടുപോയി എന്ന്.

ഞാൻ അപ്പോൾ തന്നെ അവിടെ കെട്ടിയിരുന്ന ഒരു ചെറുവള്ളം അഴിച്ച് കയ്യിൽ ഉണ്ടായിരുന്ന വാളുമെടുത്ത് കപ്പൽ ലക്ഷ്യം വച്ച് നീങ്ങി. മൂന്ന് കപ്പലുകൾ ഉണ്ടായിരുന്നു. ആദ്യത്തെ കപ്പലിൽ അധികം സായിപ്പുമാർ ഉണ്ടായിരുന്നില്ല. അവരെല്ലാവരും ഉറങ്ങുകയായിരുന്നു. അവരെ വധിച്ചതിനുശേഷം ഞാൻ അടുത്ത കപ്പൽ ലക്ഷ്യം വെച്ചു പോയി. അടുത്ത കപ്പലിൽ എല്ലാവരും മദ്യപിച്ച് അവശരായിരുന്നു. എന്റെ ദത്തുമകൾ സുഹറ അവരിൽ ഒരാളുടെ കിടപ്പറയിൽ വിവസ്ത്രയായി കിടക്കുന്നത് ഞാൻ കണ്ടു.

ഞാൻ അവളെ അവിടെ നിന്നും, വസ്ത്രങ്ങൾ ഉടുപ്പിച്ച് കയറുകെട്ടി വള്ളത്തിലേക്ക് ഇറക്കി. തുടർന്ന് കപ്പലിൽ ഉണ്ടായിരുന്ന എല്ലാ ഭടന്മാരെയും സായിപ്പന്മാരെയും എന്റെ വാളുകൊണ്ട് ഞാൻ അരിഞ്ഞുവീഴ്ത്തി. സുഹറയെ സുരക്ഷിതമായി വീട്ടിലെത്തിച്ചു.

വീട്ടിൽ എല്ലാവരും മാറിമാറി ചോദിച്ചപ്പോൾ ഞാൻ പറഞ്ഞത് ആരും ഒന്നും ചോദിക്കണ്ട എന്റെ മോൾ വിശ്രമിക്കട്ടെ എന്ന് മാത്രമായിരുന്നു. എനിക്കെന്റെ ദേഷ്യത്തെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. എന്റെ ഉള്ളിലെ പോരാളിയുടെ രക്തം തിളച്ചു. മൂന്നാമത്തെ കപ്പൽ ലക്ഷ്യംവെച്ച് ഞാൻ വീണ്ടും യാത്രയായി.

മദ്യപിച്ച് ലക്കില്ലാതെ നിൽക്കുന്ന പടയാളികളെയും സായിപ്പന്മാരെയും വധിക്കുക എന്നത് മാത്രമായി എന്റെ ലക്ഷ്യം. കഴിഞ്ഞ രണ്ട് കപ്പലിലും ചെയ്തത് പോലെ, മൂന്നാമത്തെ കപ്പലിലും ആവർത്തിച്ച് അവരെയെല്ലാം ഇല്ലായ്മ ചെയ്ത് തിരികെ പുരയിലേക്ക് വരാം എന്ന് കരുതിയിരുന്ന എന്റെ വിശ്വാസത്തെ മൂന്നാം കപ്പലിലുള്ള സായിപ്പന്മാർ ചെറുത്തു.

കപ്പലിൽ കയറിയ ഞാൻ കണ്ട കാഴ്ച എല്ലാവരും ആയുധം പരിശീലിക്കുന്നത് ആയിരുന്നു. ഞാൻ കള്ളനാണെന്ന് കരുതി അവരെന്നെ തുണ്ടം തുണ്ടമായി വെട്ടി. നാലോ അഞ്ചോ കഷണങ്ങളായിട്ടാണ് ഞാൻ കടലിലേക്ക് എറിയപ്പെട്ടത്.

ഉടൽ വന്നടിഞ്ഞത് ഈ കടവിലാണ്. മരക്കാരുടെ ദേഹം വന്നടിഞ്ഞ കടവ് പിന്നീട് മരക്കാർ കടവെന്നും മരക്കടവെന്നും അറിയപ്പെടാൻ തുടങ്ങി. കടകംഭാഗം പള്ളിയുടെ പുറകിലായി എനിക്ക് കബർസ്ഥാൻ ഒരുക്കി. ഈ പേരാലിൻ ചുവട്ടിൽ ഞാൻ സംരക്ഷിക്കപ്പെട്ടു.

സൈനബ വീണ്ടും വിധവയായി. ഇക്കുറി ഒരു വ്യത്യാസമുണ്ട് സൈനബാക്ക് രണ്ടല്ല 5 ആണ് മക്കൾ. പോർച്ചുഗീസുകാരോട് യുദ്ധം ചെയ്ത്

വീരമൃത്യുവരിച്ച ഞാൻ അങ്ങനെ ശഹീദ് മരക്കാർ ആയി. ആദ്യം കുറെ കാലമൊക്കെ ആണ്ട് നേർച്ച നടത്തപ്പെട്ടു.

പിന്നീട് വിശ്വാസത്തിന്റെ ഭാഗമായി ഇവിടെ മുട്ടയും പാലും അരയാലിനെ ചുറ്റിപ്പറ്റിയ സർപ്പങ്ങൾക്ക് കഴിക്കാൻ വിധിക്കപ്പെട്ടു. വിശ്വാസങ്ങൾ അല്ലേലും അങ്ങനെയാണല്ലോ. അതിന് ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾ ഇല്ലാതെ, സർവ്വമതസ്ഥരുടെയും ദൈവത്തിൽ നിന്നുള്ള ആശീർവാദം വാങ്ങിച്ചുകൊടുക്കുന്ന ഇടനിലക്കാരനായി. നാട്ടിലെ പകർച്ച വ്യാധികൾക്കും ദീനങ്ങൾക്കും മാറാ ദുരിതങ്ങൾക്കുമൊക്കെ പരിഹാര ദൂതനായി ഞാൻ മാറി.

എന്റെ മക്കൾ പൊന്നാനിയിലേക്കും വളപട്ടണത്തേക്കും കായംകുളത്തേക്കുമായി നിക്കാഹ് കഴിഞ്ഞു പോയി. പോർച്ചുഗീസുകാർക്കെതിരെ യുദ്ധം ചെയ്തതിനെ തുടർന്ന് കൊച്ചിയിലുള്ള മറ്റുമരക്കാർ കുടുംബം നിരന്തരം വേട്ടയാടപ്പെട്ടു. അവരും പിന്നീട് പൊന്നാനിയിലേക്ക് പോയി. കാലങ്ങളായി ഇവിടെ ഞാൻ അന്ത്യവിശ്രമം കൊള്ളുന്നതോടൊപ്പം എന്നെ ദൂതനായി കണക്കാക്കിയും എന്റെ കബറിടം സംരക്ഷിച്ചും പോകുന്ന കുടുംബാംഗങ്ങൾക്ക് ഒരു ആശ്രയമായി ഞാൻ അങ്ങനെ കടന്നുപോകുന്നു.”

“ഒരു വാൾ മാത്രം വെച്ച് കപ്പലിൽ ചെന്ന് പടപൊരുതി എല്ലാവരെയും തോൽപ്പിക്കാം എന്നുള്ളത് ധീരത അല്ല. നിങ്ങളുടെ മകളെ സുരക്ഷിതമായി വീട്ടിലെത്തിക്കാൻ സാധിച്ചുവെങ്കിൽ നിങ്ങൾ വീണ്ടും പോകാതിരിക്കണമായിരുന്നു.” – ഇട്ടിക്കോര പറഞ്ഞു.

“നിങ്ങൾ പറഞ്ഞത് വളരെ ശരിയാണ്. ഞാനെന്തോ അന്നങ്ങനെ ഒരു ബുദ്ധിമോശം കാണിച്ചു. ഒരർത്ഥത്തിൽ അതൊരു നല്ല ബുദ്ധിമോശമായിരുന്നു. അത് ഉദ്ദേശിച്ചത് മറ്റൊന്നും കൊണ്ടല്ല. ഞാൻ തിരിച്ചുവന്ന് സാധാരണ നിലയിൽ ജീവിച്ച് മരിച്ചുപോയിരുന്നെങ്കിൽ എന്നെ ആരെങ്കിലുമൊക്കെ സ്മരിക്കുമായിരുന്നോ?. ഒന്നുമില്ലെങ്കലും കഴിഞ്ഞ 350ൽ പരം കൊല്ലങ്ങളായി ഞാൻ ആളുകൾക്കിടയിൽ ഇങ്ങനെ ഇല്ലേ? അതൊരു നല്ല ബുദ്ധിമോശമായി പോയി എന്നുതന്നെയാണ് ഞാൻ ഇപ്പോഴും ചിന്തിക്കുന്നത്.”

# ഭാഗം എട്ട്

ഇട്ടിക്കോര എന്നെ നോക്കി. എന്റെ കണ്ണുകളിലെ മാറ്റങ്ങൾ ഇട്ടിക്കോര ശ്രദ്ധിച്ചു. എന്നോട് ചോദിച്ചു.

"സുഫിയാൻ,താങ്കൾക്ക് പോകാൻ സമയമായോ?"

എങ്ങോട്ട് പോകുന്ന കാര്യമാണ് ഇട്ടിക്കോര ചോദിച്ചതെന്ന് എനിക്ക് വ്യക്തമായില്ല. പക്ഷേ ശരീരത്തിൽ എന്തോ ഒരു തണുപ്പ് തോന്നുന്നത് പോലെ എനിക്ക് അനുഭവപ്പെട്ടു.

കുട്ടി മരക്കാർ എന്നോടായി പറഞ്ഞു.
"അതെ... താങ്കൾക്ക് പോകാൻ സമയമായെന്ന് തോന്നുന്നു."

തുടർന്ന് ഇട്ടിക്കോരയോട്...
"ഡേവിഡ് റഹാബി എന്ന യഹൂദ മാപ്പിളയുടെ പാണ്ടികശാലക്ക് അപ്പുറത്താണ് നിങ്ങൾക്ക് ഇനി പോകേണ്ടത്. അവിടെ അവരുടെ കബർസ്ഥാൻ ഉണ്ട്. ശ്രദ്ധിച്ചുപോകണം.... അവരെ ബുദ്ധിമുട്ടിക്കാതെ നോക്കണം."

ഇട്ടിക്കോര അദ്ദേഹത്തോട് യാത്ര പറഞ്ഞ് എന്നെയും കൊണ്ടുപോയി. പോകുന്നനേരം ഇട്ടിക്കോര വളരെയേറെ വിഷമാവസ്ഥയിലായിരുന്നെന്ന് തോന്നി. ഓരോ വളവ് തിരിയുമ്പോയും ഞാൻ പോകുന്നതിനെപ്പറ്റി അദ്ദേഹം വ്യാകുലനാണെന്നെനിക്ക് മനസ്സിലായി. അദ്ദേഹത്തിന് എന്നോട് എന്തോ പറയാനുണ്ടെന്ന് എന്റെ ഉള്ളിൽ വെറുതെ തോന്നി.

പെട്ടെന്ന് ഞാനൊന്ന് ഇരുന്നു. കണ്ണുകൾ അടച്ചു. തലയിലേക്ക്

രക്തം കൂടുതലായി പമ്പ് ചെയ്യുന്നതുപോലെ എനിക്ക് തോന്നി. എന്റെ തലയോട്ടിയിൽ തരിപ്പും ശരീരത്തിൽ കൂടുതൽ തണുപ്പ് അനുഭവപ്പെടാനും തുടങ്ങി.

സൈറൺ വിളികളും ആരൊക്കെയോ എന്റെ പേര് വിളിക്കുന്നതുപോലെയും; ആരാണ് എന്നെ വിളിക്കുന്നതെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. ചെവിയിൽ എന്തോ  മൂളുന്നത് പോലെ. അതുവരെ ഇല്ലാതിരുന്ന ചില ഭാവവ്യത്യാസങ്ങൾ എന്നിലുണ്ടായതായി ഞാൻ ശ്രദ്ധിച്ചു. കുറച്ചു നേരം അങ്ങനെ ഇരുന്നതിനു ശേഷം ഞാൻ വീണ്ടും പഴയ അവസ്ഥയിലായി. എണീറ്റു.

ഇട്ടിക്കോരയെ നോക്കി. എന്നത്തേയും പോലെ അദ്ദേഹം എന്നെ ചിരിച്ചുകൊണ്ട് നോക്കിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു.

"സുഫിയാൻ, ഇവിടെ പലയിടങ്ങളിലായി ബലിത്തറകൾ കാണാം. ബലിത്തറകൾക്കുള്ളിൽ നിശബ്ദരായി നിൽക്കുന്ന ഭൂതങ്ങളായ കാപ്പിരികളാണ്. അവർ പുറത്തുണ്ടാകും. അവരാണ് നിധി സംരക്ഷിച്ചു പോരുന്നത്. ചിലപ്പോൾ മാത്രമായിരിക്കും അവർ നമ്മോട് സംസാരിക്കാൻ തയ്യാറാവുക. സംസാരിക്കാൻ തയ്യാറായില്ലെങ്കിൽ അവരെ പ്രകോപിപ്പിക്കാതെ നമുക്ക് അവരെ കടന്നുപോകണം. നിധി മോഷ്ടിക്കാൻ വന്നവരായിരിക്കും എന്നാകും അവർ നമ്മളെ കണക്കാക്കുക. നമുക്ക് നിധിയുടെ ആവശ്യമില്ലല്ലോ, നിധി വന്ന ചരിത്രമല്ലേ നമുക്ക് വേണ്ടത്.

പക്ഷേ അത് അവർക്ക് അറിയില്ലല്ലോ? ഇവിടെ കുറച്ച് കാപ്പിരിത്തറകളെയുള്ളൂ. കൂടുതലും കാപ്പിരിതുരുത്തിലാണ്. പോർച്ചുഗീസുകാരുടെ അടിമകളായ കാപ്പിരികളിൽ ഏറെയും അവിടെയാണ് താമസിച്ചു പോന്നിരുന്നത്. പിൽക്കാലത്ത് പലർക്കും നിധി കിട്ടിയിരുന്നു. ആരും അത് പറയാൻ തയ്യാറായിരുന്നില്ല"

ഇട്ടിക്കോര നിന്നു. കൂടെ ഞാനും. എതിർദിശയിൽ ഒരാൾ ഞങ്ങളെ മുൻകൂട്ടി പരിചയമുള്ളതുപോലെ പെരുമാറി. ഞങ്ങളെ കാത്തിരുന്നതുപോലെ തോന്നി.

അയാൾ സംസാരം തുടർന്നു...

"ഡച്ച് അധിനിവേശ കൊച്ചി പോർച്ചുഗീസുകാരെയും പോർച്ചുഗീസ് ആശ്രിതരെയും സംബന്ധിച്ചിടത്തോളം തികച്ചും ഭയാനകമായ ഓർമ്മകളാണ് 10 ദിവസം നീണ്ടുനിന്ന യുദ്ധം. കരയിലും കടലിലുമായി ആയിരക്കണക്കിനാളുകളാണ് മരിച്ചുവീണത്. അന്നോളം പോർച്ചുഗീസ് അധിനിവേശത്തിന്റെ ഭാഗമായി സ്വരുക്കൂട്ടിവെച്ച വലിയ ഗ്രന്ഥശാല ഡച്ചുകാർ അഗ്നിക്കിരയാക്കി. ഒരുപാട് ചരിത്രരേഖകൾ, കണ്ടെത്തലുകൾ, വിശകലനങ്ങൾ ഇതൊക്കെ അടങ്ങുന്നതായിരുന്നു ആ  ഗ്രന്ഥശാല.

രേഖകൾ നശിക്കാതിരിക്കാനായിരുന്നു പലരും അഗ്നിക്കിരയായ ആ ഗ്രന്ഥശാലയിലേക്ക് എടുത്തുചാടിയത്. സമ്പാദ്യങ്ങൾ അത്രയും വിട്ടേച്ച് മാനം മാത്രം മതി എന്ന് തീരുമാനിച്ച് രക്ഷപ്പെട്ടുപോയ ജന്മങ്ങളുമുണ്ട് ഇക്കൂട്ടത്തിൽ.

പുരുഷന്മാർ നിസ്സഹാരായിരുന്നു. സ്ത്രീകൾ ഇച്ഛാഭംഗം നേരിടേ

ണ്ടി വന്നവരും. മൂപ്പച്ചന്മാരും പാതിരികളും ഗോവയിലേക്ക് കിട്ടിയ പായക്കപ്പലിൽ കയറിപ്പോയി. ഒരു രാത്രിയും പകലും മതിയായില്ല ചോരയിൽ കുളിച്ചുകിടന്ന ശവശരീരങ്ങൾ മറവുചെയ്യാൻ. ഒരു മര്യാദയോ കരുണയോ ഇല്ലാതെയാണ് ഞങ്ങളുടെ ഉറ്റവരെയും മറ്റും കായലിലേക്ക് തള്ളിയത്. അറബിക്കടലിന്റെ സംഗമതീരമായതുകൊണ്ട് പലരുടെയും മൃതദേഹം എവിടെയൊക്കെയോ പോയി അടിഞ്ഞുകൂടി.”

എന്റെ മുന്നിൽ നിന്ന് കൊണ്ട് വിതുമ്പിക്കരഞ്ഞ ആ രൂപത്തിനെ ഞാൻ സൂക്ഷിച്ചുനോക്കി. കറുത്തതടിച്ച ഉയരമുള്ള ശരീരം. ഏകദേശം ആറോ,എഴോ അടി ഉയരം. ഒറ്റനോട്ടത്തിൽ ഒരു ചെറുപ്പക്കാരൻ. എന്റെ കേട്ടറിവിൽ അയാളുടെ രൂപം കണ്ടിട്ട് അയാൾ ഒരു കാപ്പിരി ആണ്.

അയാളോട് പേര് ചോദിച്ചു,

“എന്റെ പേര് ആംബ്രോസ്, എന്റെ അച്ഛൻ മിഖയാലിന്റൊപ്പമാണ് ഞാൻ കൊച്ചിയിലേക്ക് വന്നത്. അച്ചക്കോ കപ്പിത്താൻ. പ്രത്യാശാമുനമ്പിലെ അടിമച്ചന്തയിൽ നിന്നും അപ്പനെയും, ഞങ്ങൾ മൂന്നു മക്കളെയും വില കൊടുത്തു വാങ്ങിയതാണ്.

സത്യത്തിൽ ഞങ്ങൾ ആഫ്രിക്കയിലെ കോംഗോ ഗോത്രക്കാരാണ്. പോർച്ചുഗീസ് അസ്വാരസ് മാടമ്പിയായ അച്ചക്കോ കപ്പിത്താൻ കൊച്ചിയിലെ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി അച്ഛനെയും ഞങ്ങളെയും ഇവിടെ കൊണ്ടുവന്നതാണ്.

ഞങ്ങളെ പലരും കണ്ടു തെറ്റിദ്ധരിച്ചിട്ടുണ്ട്. ‘കോക്കായി’ എന്നാണ് ദേശക്കാർ ഞങ്ങളെ പറയാറുള്ളത്. എന്നെ കൂടാതെ വേറെയും ഒരുപാട് കാപ്പിരിത്തറകൾ ഇതിന് ചുറ്റും പലയിടങ്ങളിലായി ഉണ്ട്. അച്ചക്കോ കപ്പിത്താന്റെ കുതിരാലയത്തിലാണ് ചേട്ടന്മാരും അപ്പച്ചനും ജോലിക്ക് പോയിരുന്നത്.

എന്നാൽ ഞാൻ ബംഗ്ലാവിന്റെ കാവൽക്കാരനായിരുന്നു. അമരാവതിയിലെ വേശ്യാതെരുവിനോട് ചേർന്ന അടിമച്ചന്തയിൽ നിന്നാണ് അച്ചക്കോ കപ്പിത്താൻ കാർത്യായനി എന്ന തീണ്ടലായ അന്തർജ്ജനത്തെയും ഉണ്ണീലി എന്ന കുളി തെറ്റിയ ശൂദ്രച്ചിയെയും അടിമകളായി വിലക്ക് വാങ്ങിയത്. ശേഷം കത്രീന എന്നും റജീന എന്നും പെരുമാറ്റി മാമോദിസ മുക്കി മതം മാറ്റി.

പിന്നീട് ചേട്ടന്മാരായ ജൊാക്കിക്കും പാവലിനും കെട്ടിച്ചു കൊടുത്തു. എനിക്കാണെങ്കിൽ അച്ചക്കോ കപ്പിത്താൻ ആഫ്രിക്കയിലുള്ള അടിമചന്തയായ മുഖദ്ഷൂയിൽ നിന്നും അടിമയായി വാങ്ങിയ റീത്തയെയാണ് കെട്ടിച്ചു തന്നത്.

അച്ചക്കോ കപ്പിത്താന്റെ കുതിരാലയത്തിലായിരുന്നു ആദ്യം ഞങ്ങളുടെ ജോലിയെങ്കിലും, രാജാവിനെ തൃപ്തിപ്പെടുത്താൻ രാജാവിന്റെ കുതിരകളെ കൂടി ഞങ്ങൾക്ക് പരിചരിക്കേണ്ടതായി വന്നിട്ടുണ്ട്. അച്ചക്കോ കപ്പിത്താനെയും മറ്റു മാടമ്പിമാരെയും വെച്ചുനോക്കുമ്പോൾ രാജാവ് വലിയ ധനികനായി ഞങ്ങൾക്ക് തോന്നിയിട്ടില്ല.

പോർച്ചുഗീസ് രാജാവ് വർഷംതോറും കൊടുക്കുന്ന ഇനാം ആയിരുന്നു കൊച്ചി രാജാവിന്റെ പ്രധാന വരുമാനമെന്ന് കേട്ടിട്ടുണ്ട്. രാജാവിന്റെ സേനയിലാകട്ടെ ഞങ്ങടെ കൂറ്റുകാർ ഉൾപ്പെടെ പലരും പടയാളികൾ ആ

യിരുന്നു.

അസ്വാരസ് മാടമ്പിമാരെ അനുസരിച്ച് കഴിഞ്ഞിരുന്ന അടിമകളായിരുന്നു ഞങ്ങളെല്ലാവരും. അപ്പോഴാണല്ലോ യുദ്ധം പുറപ്പെട്ടത്. യുദ്ധത്തിൽ പോർച്ചുഗീസ് സേന പരാജയപ്പെട്ടു. സേനയെ സഹായിക്കാൻ ചെന്ന ആസ്വാരസ് മാടമ്പിമാരായ അച്ചക്കോകപ്പിത്താനും അദ്ദേഹത്തിന്റെ മക്കളും മരണമടഞ്ഞു.

അദ്ദേഹത്തെ സഹായിക്കാൻ പോയ ജോക്കിയേട്ടനും പാവലേട്ടനും വെട്ടേറ്റു മരണത്തിന് കീഴടങ്ങി. അതൊരു ജനുവരി മാസം ആറാം തീയതി ആയിരുന്നു. എനിക്ക് വയസ്സ് 33. ദൈവപുത്രനായ യേശു ക്രിസ്തു കുരിശിലേറിയതും 33 വയസ്സിലായിരുന്നുവെല്ലോ.

അച്ചക്കോ കപ്പിത്താന്റെ ഭാര്യ ഇസബല്ല സിസി, മലയരയരുടെ സഹായത്തോടുകൂടിയും മൂപ്പച്ചൻമാരുടെ അറിവോടും സമ്മതത്തോടുകൂടിയും പഴയ നിയമത്തിന്റെ പരിശുദ്ധ മാതാവിന്റെ ലുത്തീനിയകളെ സാക്ഷി നിർത്തിക്കൊണ്ട് എന്നെ ഭൂതമാക്കി. അസ്വാരസ് മാടമ്പിമാർ അത്രയുനാൾ കഷ്ടപ്പെട്ടുണ്ടാക്കിയ നിധിയത്രയും സൂക്ഷിക്കാനുള്ള ചുമതല എന്നിൽ അർപ്പിക്കപ്പെട്ടു.

ഏതെങ്കിലും ഒരു കാലഘട്ടത്തിൽ അസ്വാരസ് കുടുംബത്തിന്റെ ഏഴു തലമുറകൾക്കുള്ളിലുള്ള ആൺതരി വന്നാൽ, അയാൾക്ക് ഈ നിധി തിരികെ ഏൽപ്പിക്കണമെന്നതായിരുന്നു എന്റെ ഉത്തരവാദിത്വം. ഞാൻ ഭൂതമായി മാറിയാൽ അതിനുശേഷം എന്റെ കുടുംബത്തിൽ പിറക്കുന്ന ഓരോ ആൺതരികളും ഈ ശപഥം നിറവേറ്റാൻ ബാധ്യസ്ഥരാണ്.

പന്ത്രണ്ടാം തീയതി രാത്രി ഞാൻ എല്ലാവർക്കും ഭക്ഷണം വിളമ്പി കൊടുത്തു. യേശു പെസഹാവ്യാഴത്തിന് ചെയ്തതുപോലെ എല്ലാവരുടെയും കാലുകൾ കഴുകി. എല്ലാവർക്കും വേണ്ടി മാതാവിന്റെ ലുത്തീനിയ ചൊല്ലി. മുഴുവനായ വെളുത്ത വസ്ത്രം ധരിച്ച് ഭൂതം ആകാനുള്ള പ്രാപ്തി നേടിക്കൊണ്ട് എല്ലാവർക്കും അന്ത്യഅത്താഴം വിളമ്പി. എല്ലാവരും ഉറങ്ങിക്കിടന്നപ്പോൾ ഞങ്ങൾ മലയരയന്മാരുമൊത്ത് മൂപ്പച്ചന്മാരും ഇസബല്ലസീസിയും, കൂവക്കാട് കഴിഞ്ഞ് പാമ്പും, മുതലയും ഒക്കെയുള്ള കുളം കഴിഞ്ഞ് രാജാവിന്റെ കൊട്ടാരത്തിന് തെക്കുകിഴക്കായി അസ്വാരസ് മാടമ്പിമാരുടെ ഇഞ്ചിക്കളത്തിനും പുറകിലായി പ്രത്യേകമായി തയ്യാറാക്കി വെച്ച സ്ഥലത്തെത്തി.

ഏതാണ്ട് 5000 ത്തിൽ അധികം വർഷം പഴക്കംചെന്ന ഒരു ജനസമൂഹമാണ് മലയരയന്മാരുടേത്. ആ ഗോത്രത്തിലേക്ക് പുറത്തുനിന്ന് ആർക്കും പ്രവേശനമില്ല. അതുപോലെ തന്നെ ആ ഗോത്രത്തിന്റെ രഹസ്യങ്ങൾ ആർക്കും പറഞ്ഞുകൊടുക്കുകയുമില്ല. അസ്വാരസ് മാടമ്പിമാർക്ക് ഇടുക്കിയിൽ നിന്നും കുരുമുളകും മറ്റും എത്തിച്ചിരുന്നത് ഇവരായിരുന്നു.

ചൈനയിൽ നിന്നാണ് മലയരയന്മാർ ഇന്ത്യയിലേക്ക് എത്തിയത്. അവർ കൊണ്ടുവന്നതാണ് ഇഞ്ചി. മലയരന്മാരുടെ ഭൂതങ്ങളെ മൂത്തന്മാർ എന്നാണ് വിളിക്കാറുള്ളത്. സൂര്യൻ ഉദിക്കും മുമ്പേ അവരുടെ മന്ത്രങ്ങൾക്കൊടുവിൽ എന്റെ ശിരച്ഛേദം സംഭവിച്ചു. ആദ്യം എന്റെ ഉടൽ മണ്ണിലേക്ക് ഇറക്കിവെച്ചു. അതിനുശേഷം അസ്വാരസ് മാടമ്പിമാരുടെ നിധി ഇറക്കി വെച്ചു.

പിന്നീട് വർഷങ്ങളായുള്ള മലയരയന്മാരുടെ ഊന്നുവടി നിധിക്ക് മുകളിലായി വെച്ചു. ഏറ്റവും ഒടുവിൽ എന്റെ തല വെച്ചു. ശേഷം മണ്ണിട്ട് മൂടി. ശിവലിംഗത്തിന്റെ ആകൃതിയിലുള്ളൊരു കല്ല് വച്ചതിനു ശേഷം അതിൽ

ഒരു വിളക്ക് വെച്ചു. അങ്ങനെ ഞാൻ മലയരയന്മാരുടെ ഭൂതമായി.

ഇസബെല്ല സീസിയും മൂപ്പച്ചന്മാരും മുമ്പിൽ നടന്നു. മലയരയന്മാർ പിന്നിലായി മന്ത്രങ്ങൾ ചൊല്ലി നടന്നു. മലയരയന്മാരുടെ പ്രധാന കൂട്ടാളികൾ ചാത്തന്മാരായിരുന്നു. ചാത്തന് വേണ്ട കുഴിമുയലും കള്ളും എന്നും എന്റെ തറയിൽ വെക്കുമായിരുന്നു.

എന്റെ ഭാര്യ റീത്തയെയും ഏക മകൾ സലോമിയെയും, അസ്വാരസ് കുടുംബത്തിലെ അവശേഷിക്കുന്ന പെൺമക്കളെയും കൊണ്ട് ഇസബെല്ല സിസി പോർച്ചുഗലിലേക്ക് പോയി. അന്നുമുതൽ ഞാൻ എന്റെ അനന്തരാവകാശികൾക്ക് വേണ്ടിയും അസ്വാരസ് കുടുംബത്തിലെ അനന്തരാവകാശികൾക്ക് വേണ്ടിയും കാത്തിരിക്കുകയാണ്.

ആദ്യമൊക്കെ മലയരയന്മാർ വിളക്ക് വെക്കുമായിരുന്നു. ഞാൻ ക്രിസ്ത്യാനിയാണ് എന്നറിഞ്ഞതിനു ശേഷം, മൂപ്പച്ചന്മാർ എന്റെ വയസ്സിനൊത്ത, അതായത് 33 മെഴുകുതിരി വെക്കുമായിരുന്നു. പിന്നീട് വന്നവർ മെഴുകുതിരി വെക്കുമായിരുന്നെങ്കിലും 33 എന്തിനാണ് വെക്കുന്നതെന്ന് പോലും അവർക്ക് അറിയാതായി"

"അപ്പോൾ നിങ്ങളുടെ തറയ്ക്ക് അടിയിൽ ഇന്നും നിധിയുണ്ടോ?" - ഞാൻ ചോദിച്ചു.

"ഇല്ല, അസ്വാരസ് കുടുംബാംഗങ്ങളുടെ മൊത്തം എണ്ണം 13 ആയിരുന്നു. അതുകൊണ്ട് 13 അടി താഴ്ചയിലാണ് എന്നെയും നിധിയും സൂക്ഷിച്ചുവെച്ചിരുന്നത്. എന്നാൽ, അത് അപഹരിക്കപ്പെട്ടു.

ഞാൻ ഭൂതമായി മാറുകയും അർഹതപ്പെടാത്തവർ നിധി അപഹരിച്ചതിന് ഞാൻ അവരെ ശപിച്ചു. അത് അനുഭവിക്കാൻ കഴിയാതെ അവർ മാറാദീനം വന്ന് മരണത്തിന് കീഴടങ്ങി. ആ നിധി ഏതാണ്ട് 6 ഇടങ്ങളിലായിട്ടാണ് അവർ കുഴിച്ചിട്ടത്. രണ്ടു ഭാഗങ്ങൾ രണ്ട് കുടുംബത്തിനായി കിട്ടി. അവർക്കും അതുപോലെതന്നെ അനുഭവിക്കാൻ വിധിയുണ്ടായില്ല. അവരുടെ കുടുംബങ്ങൾക്ക് ഏതാണ്ടൊക്കെ അതിന് സാധിച്ചു. ബാക്കി നാല് പങ്ക് ഇന്നും മണ്ണിനടിയിലുണ്ട്.

അവർ അപഹരിച്ചത് ആരും അറിയാതിരിക്കാൻ എന്റെ കൽത്തറ അതേ പോലെ നിലനിർത്തി. എന്റെ ശപഥത്തിന് ഭംഗം വരുത്തിയ കൂട്ടരെ ഞാൻ ശപിക്കുകയും ഒരു നാടിന് മൊത്തം മാറാദീനവും ദുരിതവും ഞാൻ സമ്മാനിച്ചു. എന്നെ ഭൂതമാക്കിയ മലയരയന്മാരുടെ പ്രാർത്ഥനയും അവരുടെ ആഭിചാരക്രിയകളുടെയും അടിസ്ഥാനത്തിൽ മാത്രമായിരുന്നു. ആ ദീനം ഇവിടെ നിന്നും ഒഴിഞ്ഞുപോയത്. അവർ 'സാൽവനോസ്' മാറാതെ ചൊല്ലിക്കൊണ്ടെയിരിന്നിരുന്നു!"

"നിങ്ങൾ പറഞ്ഞതുപോലെ ഏഴു തലമുറ കഴിഞ്ഞില്ലേ, പിന്നെ ഈ നിധി ആരെടുത്താലും എന്താണ്?"

"ശരിയാണ്. ഏഴ് തലമുറ കഴിഞ്ഞു. ഈ നിധി അസ്വാരസ് കുടുംബത്തിലെ ആരും അന്വേഷിച്ചു വന്നില്ലെങ്കിൽ എന്റെ പിൻഗാമികൾക്ക് എടുക്കാം. എന്റെ പിൻഗാമികളല്ലാതെ മറ്റാരെങ്കിലും എടുത്താൽ എന്റെ ത്യാഗത്തിന് വിലയില്ലാതെ ആവുകയും എന്റെ ശാപം മൂലം അവരുടെ പിൻഗാമികൾക്ക്

മാറാദീനം പിടിപെട്ട് കൊണ്ടേയിരിക്കും.''

"നിധി അന്വേഷിച്ച് വരുന്നത് അസ്വാരസ് കുടുംബത്തിലെ അംഗങ്ങൾ തന്നെയാണെന്ന് നിങ്ങൾക്കെങ്ങനെ മനസ്സിലാകും?''

"അതിനുള്ള കഴിവാണ് ഈ ഭൂതമായി മാറിയതിൽ എനിക്ക് ലഭിച്ചത്. എനിക്ക് മനുഷ്യരെ ഉപദ്രവിക്കാനോ അവരെ ശിക്ഷിക്കാനോ ഉള്ള കഴിവില്ല. പക്ഷെ, അവരെ ശിക്ഷിക്കാൻ വേണ്ടി പ്രാർത്ഥിക്കാം. എന്റെ പ്രാർത്ഥന പെട്ടെന്ന് ഫലിക്കും. ഞാൻ ക്രിസ്തുവിനെ പോലെ ത്യാഗം ചെയ്തവൻ ആണല്ലോ, അതുപോലെ അവരെ രക്ഷിക്കാൻ വേണ്ടിയും എനിക്ക് പ്രാർത്ഥിക്കാൻ സാധിക്കും.

കുറേക്കാലത്തോളം എന്നെ ഇവിടെ വന്ന് സേവിച്ചിരുന്നത് മലയരയന്മാരായിരുന്നു. ഇവർ എന്റെ ബലിത്തറയിൽ വച്ചിരുന്ന കല്ലെടുത്ത് ചേർത്തലയിലേക്ക് കൊണ്ടുപോയി. എന്നെ കാപ്പിരി മൂത്തൻ എന്ന് അവർ പേരു മാറ്റി.

പക്ഷേ, ഞാനിപ്പോഴും ഇവിടെ കുടികൊള്ളുന്നു. എന്നെ നിധിഭൂതമാക്കി മാറ്റിയ ചാത്തനും, ചാത്തന്റെ ഇഷ്ട പ്രണയിനിയായ ബ്രഹ്മരക്ഷസ്സും എന്നോടൊപ്പം എപ്പോഴും ഉണ്ടാകും. അസ്വാരസ് മാടമ്പിമാരെ പോലെ പലരുടെയും സ്വത്തുവഹകൾ എന്നെപ്പോലെയുള്ള നിരവധിയായ അടിമ കാപ്പിരികളാണ് സംരക്ഷിച്ചു പോകുന്നത്.

പല ദേശത്തായി തലയറുക്കപ്പെട്ടവരും ഭൂതങ്ങളായി മാറി. ഇടയ്ക്ക് എപ്പോഴൊ ആരെയൊക്കെയോ ഞാനും കണ്ടുമുട്ടിയിരുന്നു. അവകാശികൾ ആരും ഇന്നോളം എത്തിയിട്ടില്ല. കാത്തിരിപ്പിലാണ്. ഇനിയും എത്രനാളെന്ന് അറിയില്ല. പക്ഷേ ഇനി അസ്വാരസ് കുടുംബത്തിനും കൊടുക്കണമെന്ന നിർബന്ധമില്ല. എന്റെ കുടുംബക്കാർ ആരെങ്കിലും അന്വേഷിച്ചു വന്നാൽ അവർക്ക് കൊടുക്കാമായിരുന്നു. നിങ്ങൾക്ക് എന്നെ ഒന്ന് സഹായിക്കാമോ?''

"ഞാനോ! ഞാൻ എങ്ങനെയാണ് നിങ്ങളെ സഹായിക്കുക?'' - ഞാൻ ചോദിച്ചു.

"നിങ്ങൾക്കെന്നെ കാണാനും എന്റെ ചരിത്രമറിയാനും അവസരം കിട്ടിയതല്ലേ? ആ നിങ്ങൾക്ക് എന്റെ തലമുറയിൽ പെട്ടവരയോ അസ്വാരസ് കുടുംബാംഗങ്ങളെയോ കണ്ടുപിടിക്കാൻ പ്രയാസമുണ്ടാവില്ല. എനിക്ക് തോന്നുന്നത് നിങ്ങൾക്ക് എന്നെ സഹായിക്കാൻ സാധിക്കും എന്നുതന്നെയാണ്. പരന്നുകിടക്കുന്ന എന്റെ കുടുംബാവലിയിൽ ആരെയെങ്കിലും ഒരാളെ കണ്ടെത്തിയാൽ മതി. അതിന് സാധിച്ചില്ലെങ്കിൽ കൂടി അസ്വാരസ് കുടുംബങ്ങളിൽ പെട്ട ആരെയെങ്കിലും ഒന്ന് കണ്ടെത്തിയാലും മതി.''

"350 വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവത്തിന്റെ തുടർച്ച ഞാനെങ്ങനെ കണ്ടെത്താനാണ്? അതിന് ശ്രമിച്ചാൽ തന്നെ എവിടെ നിന്നും ആരംഭിക്കും?''

"350 വർഷം മുമ്പ് മരണപ്പെട്ടുപോയ എന്നെ നിങ്ങൾക്ക് കാണാനും സംസാരിക്കാനും സാധിച്ചില്ലേ... നിങ്ങൾക്കെന്നെ സഹായിക്കാൻ കഴിയുമെന്ന്

ഈശോമിശിഹാ എന്റെ ചെവിയിൽ ഓതുന്നത് പോലെ എനിക്ക് തോന്നുന്നു. കഴിഞ്ഞ കുറെ വർഷമായി ഞാൻ പരിശുദ്ധമാതാവിന്റെ അടുക്കലേക്ക് പോകാതെ ഇവിടെ ഇങ്ങനെ ഭൂതമായി ഈ നിധിയും കാത്തുസൂക്ഷിച്ചു പോവുകയാണ്.

എനിക്കും എന്റെ ചേട്ടന്മാരെ, തലമുറയെ പോലെ പരിശുദ്ധ മാതാവിന്റെ അടുക്കലേക്ക് മോക്ഷംതേടി പോകണമെന്ന് ആഗ്രഹം ഉണ്ട്. എന്നെ ഭൂതമാക്കിയ മലയരയന്മാരുടെ പ്രാർത്ഥനയും ചാത്തന്റെ കഴിവും ഈശോമിശിഹായുടെ അനുഗ്രഹവും നിങ്ങൾക്കുണ്ടാകും."

അതും പറഞ്ഞയാൾ എന്റെ ചുമലിൽ കൈകൾ കൊണ്ട് അമർത്തി ഞെക്കിയതിനു ശേഷം ഒന്നു കുലുക്കി.

ഞാൻ ഇട്ടിക്കോരയെ നോക്കി. കണ്ണുകളിൽ ഇരുട്ട് കയറുന്നു... പൂർണ്ണമായും ഇരുട്ടായി. കണ്ണുകളടച്ച് അനങ്ങാതെ നിന്നു.

കണ്ണു തുറന്നപ്പോൾ ചുറ്റും പ്രകാശം... റൂമിൽ ലൈറ്റിട്ടിരിക്കുന്നു. കുറെ നേരമായി ഞാൻ ഉറങ്ങുകയായിരുന്നെന്ന് തോന്നുന്നു. ശരീരത്തിന് വല്ലാത്തക്ഷീണം... കൈകാലുകളനക്കാൻ പ്രയാസം നേരിടുന്നത് പോലെ... കയ്യിൽ ഡ്രിപ്പിട്ടിട്ടുണ്ട്.

ഞാൻ കണ്ണ് തുറന്നത് കണ്ട് സിസ്റ്റർ വാതിൽ തുറന്നുനോക്കി. അപ്പോൾ തന്നെ വാതിൽ അടച്ച് പുറത്തേക്ക് പോയി. കുറച്ചുനേരം കഴിഞ്ഞ് ഡോക്ടറും സിസ്റ്ററും കൂടി വന്ന് എന്നോട് ചോദിച്ചു
"എന്താണ് നിങ്ങളുടെ പേര്?"
"സുഫിയാൻ"
"ഇന്ന് എത്രാം തീയതിയാണെന്ന് നിങ്ങൾക്കറിയോ?"
"ഏപ്രിൽ 30... അല്ലേ..?"

ഡോക്ടർ ചിരിച്ചുകൊണ്ട് നേഴ്സിനോട് എന്തേക്കെയോ മരുന്നിന്റെ പേരുകൾ പറഞ്ഞു.
അതിനുശേഷം എന്നോട് ചോദിച്ചു.

"എന്താണ് സംഭവിച്ചതെന്ന് വല്ല ഓർമ്മ ഉണ്ടോ?"

എനിക്കാണെങ്കിൽ എന്താണ് സംഭവിച്ചതെന്ന് ചോദിച്ചപ്പോൾ ആശ്ചര്യം തോന്നി... എന്ത് സംഭവിക്കാൻ.

ഡോക്ടർ തുടർന്നു.
"ഇന്ന് മെയ് 13 തീയതിയാണ്. നിങ്ങൾ ഇവിടെ അഡ്മിറ്റ് ആയിട്ട് പതിമൂന്നു ദിവസമായി. നിങ്ങൾ അബോധാവസ്ഥയിലായിരുന്നു.. നിങ്ങളുടെ ശരീരം പ്രതികരിച്ചു തുടങ്ങിയപ്പോൾ നിങ്ങളെ ഐസിയുവിൽ നിന്നും മാറ്റി. ഇതും ഒരു തരത്തിൽ ഐസിയൂ തന്നെയാണ്. കുറച്ചുനേരം കൂടി വിശ്രമിക്കൂ..."

എന്റെ മനസ്സിൽ ഒരുപാട് കാര്യങ്ങൾ ഓടിയെത്തി. ന്യൂ നോ അൽവാരസ്

ബോട്ടൽ ഹോ, ശങ്കുണ്ണിനായർ, ഇമ്മാനുവൽ കാർനേറോ, ഈച്ചരനമ്പൂരി, ദേവരശകിണി, കളകപ്രഭു, മകൻ ചോരക പ്രഭു, ഇട്ടിക്കോര, റാണി ഗംഗാധ രലക്ഷ്മിതമ്പുരാൻ, വാൻ റീഡ് പ്രഭു, ഹോർത്താ, കൊട്ടാരം, യുദ്ധം, കപ്പി ത്താൻ ബാലകൃഷ്ണപ്പണിക്കർ, മൂപ്പൻ, നാമിയ ബിൻ അബ്രഹാംമോട്ട, മര ക്കാർ, മൗല തങ്ങൾ, മസ്താൻ ഉസ്താദ്, ടിപ്പു സുൽത്താൻ, പള്ളി, അം ബ്രോസ്, കൃഷ്ണമൂർത്തി അയ്യർ...

എന്തിനായിരിക്കും ആംബ്രോസ് എന്നെ ഈ നിയോഗത്തിലേക്ക് വലിച്ചിട്ടത്. ഞാൻ കണ്ടത് സ്വപ്നമായിരുന്നോ അതോ... ഇതൊരു നിയോ ഗമായിരിയ്ക്കാം ആംബ്രോസിന്റെ കുടുംബത്തെയോ അസ്വാരസ് കുടുംബ ത്തെയോ കണ്ടെത്താനുള്ള എന്റെ ശ്രമം ഞാൻ തുടരും.

ഇത് ഞാൻ മനസ്സിൽ ആവർത്തിച്ചു. ആരും ഈ നിമിഷംവരെ ഇ ങ്ങനെ ഒരു നിയോഗത്തിലേക്ക് ഇറങ്ങിവരണമെന്ന് ആവശ്യപ്പെട്ടിരുന്നില്ല ല്ലോ! ഞാൻ വീണ്ടും ഉറക്കത്തിലേക്ക് പോയി.

കണ്ണു തുറന്നു നോക്കുമ്പോൾ അവിടെ ഒരു വൃക്ഷത്തിന്റെ ചുവ ട്ടിൽ ഇട്ടിക്കോര ഇരിക്കുന്നു.

ഇട്ടിക്കോര ചോദിച്ചു
“ഞാൻ കുറെ നേരമായില്ലേ ചോദിക്കുന്നു. പോകാൻ സമയമായില്ലേ സമയ മായില്ലേ എന്ന്. ജീവിതത്തിനും മരണത്തിനും ഇടയിലുള്ള നേർത്ത വരമ്പി ലാണ് നമ്മൾ കണ്ടുമുട്ടിയത്. നിങ്ങൾക്ക് ചരിത്രത്തോടുള്ള അഭിനിവേശം പോലെ തന്നെ എനിക്കും ചരിത്രത്തോടും ഈ ഭൂമികയോടും പ്രത്യേകം താൽപര്യവും വാത്സല്യവും ഒക്കെയുണ്ട്. അതുകൊണ്ടാണ് ഒരു നിയോഗം പോലെ എനിക്ക് നിങ്ങളെയും നിങ്ങൾക്കെന്നെയും കാണാൻ സാധിച്ചത്. എനിക്കൊരു ലക്ഷ്യമുണ്ട്. അതിലേക്കെത്താനുള്ള പ്രയാണത്തിലാണ് ഞാൻ. ഒരുപക്ഷെ നമുക്കിനിയും കാണാൻ സാധിച്ചേക്കും.”

ഇട്ടിക്കോര അദ്ദേഹത്തിന്റെ കൈകൾ കൊണ്ട് എന്റെ മുഖംമറച്ചു.

ഞാൻ കണ്ണ് തുറന്നു നോക്കുമ്പോൾ എന്റെ ബെഡ്ഡിനടുത്തുള്ള കസേര യിൽ അൻഫാസ് ഇരിക്കുന്നുണ്ട്... ഞാൻ അവനോട് സംസാരിക്കാൻ ശ്രമി ച്ചു. പക്ഷെ കഴിയുന്നില്ല.

അവൻ ചോദിച്ചു
“നീ ഓക്കെ ആയോ?”

സത്യത്തിൽ ഡോക്ടറുടെ ചോദ്യത്തിനും ഇവന് ചോദിച്ചതിനും എന്താണ് ഉത്തരം കൊടുക്കേണ്ടതെന്ന് അറിയില്ലായിരുന്നു. തലയുടെ പുറകിലായി എന്തോ വേദന തോന്നിയത് അപ്പോൾ മാത്രമാണ്. എണീറ്റ് ഒന്നിരിക്കണ മെന്നുണ്ട്... ശരീരം അനക്കണമെന്നുണ്ട്... പക്ഷേ, എന്തോ ഒരു തടസ്സം. സം സാരിക്കാൻ വല്ലാത്ത പ്രയാസം.

ഞാൻ അവനോട് ചോദിച്ചു.
“ഇതെവിടെയാണ്..? ആയുർവേദ ഹോസ്പിറ്റലല്ലല്ലോ?”

അവൻ വീണ്ടും ചോദിച്ചു.
“നീ ഓക്കെയാണോ?”

എന്താണ് ഇങ്ങനെ കൂടെ കൂടെ ചോദിക്കുന്നത്. എന്തായിരിക്കും പ്രശ്നം.. ഞാനവനോട് പറഞ്ഞു.
“എനിക്ക് കുറച്ചു നേരം കൂടി ഉറങ്ങണം”

ഞാൻ കണ്ണുകളടച്ചു. ഒരു തവണകൂടി ഇട്ടിക്കോരയെ കാണാൻ സാധിച്ചിരുന്നെങ്കിൽ,!

ഇന്ന് ഞാൻ കുറെകൂടി ഉത്സാഹത്തോടെയാണ് ഉണർന്നത്. കുറച്ച് ഭേദമായി. എന്റെ കൈകാലുകൾ പഴയതുപോലെ അനക്കാം. ഇന്ന് അടുത്ത് ആരുമില്ല, കസേര ഒഴിഞ്ഞുകിടക്കുന്നു. മുറിയിൽ നിശബ്ദത. ഞാൻ നഗ്നനാണ്, ഒരു നീലത്തുണി മാത്രം എന്റെ ശരീരത്തിൽ കെട്ടി വെച്ചിട്ടുള്ളൂ. മൂത്രം പോകാൻ ഒരു ട്യൂബ് ഫിറ്റ് ചെയ്ത് സൈഡിൽ ഒരു ബാഗ് തൂക്കിയിട്ട് ഉണ്ട്.

ഞാൻ കൈ പൊക്കി. തലയിലൊന്ന് തൊട്ടുനോക്കി. തലയിൽ എവിടെയോ ഒരു പൊട്ടലുണ്ടെന്നും അവിടെ കെട്ടിവെച്ചിട്ടുണ്ടെന്നും മനസ്സിലായി. ചെറുതായൊരു നീറ്റലും വേദനയും അനുഭവപ്പെടുന്നുണ്ട്. ഞാൻ കുറേക്കൂടി ഭേദപ്പെട്ടു എന്നെനിക്ക് മനസ്സിലായി. എഴുന്നേറ്റ് ഇരിക്കാൻ നേഴ്സിനോട് സഹായം ചോദിച്ചു.

അൻഫാസ് കയറി വന്നു.
“നിനക്ക് ഓർമ്മയുണ്ടാകാൻ വഴിയില്ല. ആയുർവേദ ഹോസ്പിറ്റലിൽ നിലത്തുവീണു കിടക്കുന്നതായാണ് നിന്നെ കണ്ടത്. അവർ പറഞ്ഞത് നിന്റെ തലയിൽ പൊട്ടലുണ്ടെന്നും ചോര അധികം പോയില്ലായിരുന്നുമാണ്.

നിനക്ക് അപ്പോൾ ബോധം ഉണ്ടായിരുന്നില്ല. അവിടെനിന്ന് നിന്നെ ഇങ്ങോട്ട് മാറ്റി. നീ ഇവിടത്തെ ഐസിയുവിലായിരുന്നു കുറച്ചുദിവസം. ഇതും ഒരർത്ഥത്തിൽ ഐസിയുവിന്റെ ഭാഗമാണ്, സെപ്പറേറ്റ് മുറിയാണ് എന്ന് മാത്രം. സന്ദർശകർക്ക് ഒരു ദിവസം അവർ പറയുന്നതനുസരിച്ച് ഒന്നോ രണ്ടോ പേർക്ക് കേറി കാണാം.

എനിക്ക് നീ ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് നല്ല പ്രതീക്ഷയുണ്ടായിരുന്നു; മറ്റ് പലർക്കും അതുണ്ടായിരുന്നില്ല. പണ്ട് നിന്റെ ഒരു കൂട്ടുകാരൻ സന്തോഷ് ഉറക്കത്തിൽ കട്ടിലിൽ നിന്നും വീണ് മരിച്ചത് ഓർമ്മയില്ലേ? എല്ലാരും അതുപോലെ സംഭവിക്കും എന്നാണ് വിചാരിച്ചത്. എനിക്ക് ഉറപ്പുണ്ടായിരുന്നു നിനക്കൊന്നും പറ്റില്ലായിരുന്നുവെന്ന്”

അല്ലേലും അവൻ എന്റെ നല്ല സഹോദരനാണ്. മൂത്ത സഹോദരനെക്കാളുപരി നല്ല സുഹൃത്തു കൂടിയാണ്. പല വിഷമഘട്ടങ്ങളിലും എന്നെ സപ്പോർട്ട് ചെയ്ത് അവൻ നിന്നിട്ടുണ്ട്. എന്നെ വലിയ കാര്യമാണെങ്കിലും ചിലപ്പോഴൊക്കെ എന്നെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രം പല പ്രശ്നവിഷയങ്ങളും സന്ദർഭത്തിന്നുസരിച്ച് നിസ്സാരവൽക്കരിക്കാൻ അവൻ ശ്രമിച്ചിട്ടുണ്ട്.

പണ്ട്... കുറെ പണ്ട് ഞങ്ങളുടെ ചെറുപ്പത്തിൽ നാട്ടിലെ ഒരു ഐ

സ് ഫാക്ടറിയിൽ നിന്നും അമോണിയ ലീക്കായപ്പോൾ, ആ സമയം ഞാനും അവനും സൈക്കിൾ ചവിട്ടി വരികയായിരുന്നു. വിഷവാതകം ശ്വാസകോശത്തെ ബാധിച്ച് തുടങ്ങിയപ്പോൾ ഞാൻ എന്റെ സൈക്കിൾ നിലത്തിട്ടിട്ട് അവനോട് ഓടിക്കോ എന്ന് പറഞ്ഞു.

പക്ഷേ, എന്റെ സൈക്കിൾ അവനാണ് എടുത്തുകൊണ്ടുവന്നത്. കുറച്ചു ദൂരം ഓടിയതിന് ശേഷം ഉടനെ അവനും ഞാനും കൂടി പറവാന മുക്കിലുണ്ടായിരുന്ന പോലീസ് സ്റ്റേഷനിൽ പോയി വിവരം അറിയച്ചതൊക്കെ ഓർമ്മ വന്നു...

"എടാ... എന്റെ ആത്മാവ് ഒരു സൂക്ഷ്മ സഞ്ചാരത്തിൽ ആയിരുന്നു. ആത്മാവ് സഞ്ചരിച്ച്, ഫോർട്ടുകൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും ചരിത്രഭൂമിയിലൂടെപോയി അവിടെ ഉണ്ടായിരുന്ന ചരിത്രപുരുഷന്മാരുമായി സംവദിച്ച് അക്കാലത്ത് നടന്ന കാര്യങ്ങൾ ഒക്കെ മനസ്സിലാക്കുകയായിരുന്നു."

കുറഞ്ഞസമയം കൊണ്ട് തന്നെ അതുവരെ ഞാനനുഭവിച്ച എന്റെ മാത്രമായ അനുഭവങ്ങൾ ഓരോന്നോരോന്നായി അവനെ അറിയിച്ചു. ബോട്ടലഹോ മുതൽ ആംബ്രോസ് വരെയുള്ള കാര്യങ്ങൾ അവനോട് ഓരോന്നായി പറഞ്ഞു. ഓരോ കാര്യവും അവൻ വളരെ ശ്രദ്ധയോടെയും സൂക്ഷ്മമായി നിരീക്ഷിച്ചുമാണ് കേട്ടത്.

ഞാൻ സംസാരിച്ചു തീർന്നപ്പോൾ, ആ സമയം വന്ന നേഴ്സിനോട് അവൻ ചോദിച്ചു.
"സിസ്റ്ററെ... ഇവന് കുറച്ചു വെള്ളം കൊടുക്കാമോ?"

കൊടുത്തോള്ളൂ എന്ന് ആംഗ്യം കാണിച്ചു നേഴ്സ് പോയി.

ഞാൻ കുറച്ച് വെള്ളം കുടിച്ചു. തൊണ്ടയിൽ നിന്നും ആദ്യം ഇറങ്ങുന്നുണ്ടായിരുന്നില്ല. മരുഭൂമിയിൽ പെയ്ത മഴപോലെ എനിക്ക് തോന്നി. അവൻ ഒഴിച്ചുതന്ന വെള്ളം മുഴുവനും ഞാൻ കുടിച്ചുതീർത്തു. കസേരയിൽ വലതുകാൽ ഇടതുകാലിന്റെ മുകളിൽ കയറ്റിവെച്ച്, നെറ്റിയിൽ കൈവെച്ചിട്ട് എന്നോടവൻ ചോദിച്ചു.

"കഴിഞ്ഞോ?"

ഞാനാദ്യം കരുതിയത് വെള്ളം കുടിച്ചു കഴിഞ്ഞോ എന്നായിരുന്നു. പിന്നീടെനിക്ക് മനസ്സിലായി ഞാനവനോട് പറഞ്ഞ അനുഭവകഥ കഴിഞ്ഞോ എന്നാണവൻ ചോദിച്ചത്.

"ആഹ്... കഴിഞ്ഞു"

"നീ കണ്ടതത്രയും സ്വപ്നമായിരുന്നു. ഒരു സ്വപ്നത്തിന് നാലോ അഞ്ചോ സെക്കൻഡ് മാത്രമാണ് ദൈർഘ്യം. അതാണ് ബറാക്ക് മൈതാനത്തിൽ നിന്നും ഒന്ന് വളഞ്ഞ് തിരിഞ്ഞപ്പോഴേക്കും നീ വെളിയിൽ എത്തിയത്. ഒരുപാട് സ്വപ്നങ്ങളുടെ കണക്റ്റിംഗാണ് ഉണ്ടായിരുന്നത്."

പക്ഷെ എന്റെ ചിന്ത ഞാൻ ഇത്രയൊക്കെ ഇവനോട് പറഞ്ഞിട്ടും ഇവനെന്താണ് ഇതൊന്നും മനസ്സിലാകാത്തത് എന്നതായിരുന്നു.

അവൻ ചിരിച്ചുകൊണ്ട് എന്നോട് ചോദിച്ചു.
"ക്രിസ്റ്റഫർ നോളൻ സംവിധാനം ചെയ്ത 'ഇൻസെപ്ഷൻ' എന്ന ഹോളിവുഡ് ചിത്രം നീ അടുത്തകാലത്ത് വല്ലതും കണ്ടിരുന്നോ? ലിയനാർഡോ ഡി കാപ്രിയോയും, ജോസഫ് ലെവിറ്റുമാണ് പ്രധാന വേഷങ്ങളിൽ"

"ലിയനാർഡോ ഡി കാപ്രിയോ.. അറിയാം... ടൈറ്റാനിക്കിൽ അഭിനയിച്ച നടൻ അല്ലെ? ജോസഫ് ലെവിറ്റ് ആരാണ്?"

"പുള്ളി അത്യാവശ്യം ക്ലാസ്സ് സിനിമയിൽ ഒക്കെ ആണ് അഭിനയിക്കുക. നീ കാണുന്ന തരത്തിലുള്ള കൊമേഷ്യൽ ചിത്രങ്ങളിൽ കാണാൻ സാധ്യതയില്ല. പറഞ്ഞുവന്നത്... ഇൻസെപ്ഷൻ എന്ന സിനിമയ്ക്ക് നിന്റെ സ്വപ്നത്തിലെ കഥയുമായി സാമ്യം തോന്നി എനിക്ക്.

സ്വപ്നം എന്ന്ത് ശാസ്ത്രത്തിനു പോലും നിർവചിക്കാൻ പറ്റാത്ത ഒരു സംഗതിയാണ്. ആഴമുള്ള നല്ല ഉറക്കത്തിൽ തലച്ചോറ് പൂർണ്ണമായും പ്രവർത്തനരഹിതമാകുന്നു. അതുകൊണ്ടുതന്നെ ബോധത്തോടെയുള്ള മാനസികപ്രവർത്തനങ്ങൾ അപ്രത്യക്ഷമാകും.

എന്നാൽ ഈ ബോധംകെട്ടുള്ള ഉറക്കം മുഴുവൻ സമയവുമുണ്ടാകുന്നുമില്ല. ബാക്കിസമയം നേരിയ ഉറക്കത്തിലായിരിക്കും. ഈ സമയത്ത് തലച്ചോറ് ഭാഗികമായി പ്രവർത്തിക്കുവാനാരംഭിക്കുകയും ബോധമനസ്സ് ചെറിയതോതിൽ ഉണരുകയും ചെയ്യും.

ഇങ്ങനെ നേരിയ ഉറക്കത്തിൽ നടക്കുന്ന മാനസികപ്രവർത്തനമാണ് സ്വപ്നം.

ഉറങ്ങാൻ കിടന്നയുടനെയോ, ഉണരുന്നതിന് അല്പം മുമ്പോ ആയിരിക്കും സ്വപ്നങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ഉറക്കത്തിനും ഉണർവിനും ഇടയിലെ ഒരു സഞ്ചാരമാണത്. ഉറങ്ങാൻ കിടക്കുമ്പോൾ മനസ്സ് ഒരു ചിന്തയെ മാത്രം പിന്തുടരുകയും, അത് പൂർണ്ണമാവാതെ. നമ്മൾ തളർച്ചയിലേക്കും മയക്കത്തിലേക്കും പോകുന്നു. അത് പൂർത്തികരിക്കാനുള്ള അബോധമനസ്സിന്റെ പ്രവർത്തനത്തിന്റെ പരിണതഫലമാണ് ഈ സ്വപ്നം.

ഞാൻ പറഞ്ഞല്ലോ; സ്വപ്നങ്ങൾ സാധാരണയായി ഏതാനും നിമിഷങ്ങൾ മാത്രം നീണ്ടുനിൽക്കുന്നവയാണ്. 20-30 മിനിറ്റുകൾ വരെ നീണ്ടുനിൽക്കുന്ന സ്വപ്നങ്ങളുമുണ്ട്. നീണ്ടകാലയളവിൽ സംഭവിക്കുന്ന കാര്യങ്ങൾ സ്വപ്നത്തിൽ കാണുന്നതിന് സെക്കൻഡുകൾ മാത്രമാണ് എടുക്കുന്നതെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

അതും പൂർണ്ണമല്ല. നിരവധിയായ സ്വപ്നങ്ങളുടെ കൺഫ്യൂഷനാണ് നീ കണ്ടുകൊണ്ടിരുന്നത്. മരുന്നിനോട് പൊരുത്തപ്പെടാതെ നിന്റെ ശരീരം ഈ സ്വപ്നത്തിൽ അലിഞ്ഞുചേർന്നു. സാധാരണ സ്വപ്നങ്ങൾ കാണുന്നയാളുടെ നിയന്ത്രണത്തിലായിരിക്കില്ല. അതുപോലെ മറ്റൊരു അവസ്ഥ കൂടിയുണ്ട്.

ലൂസിട് ഡ്രീമിംഗ്... ഇതിൽ സ്വപ്നം കാണുന്നയാൾക്ക് സ്വബോധം ഉണ്ടായിരിക്കും. നിനക്ക് ഞാൻ, വേണമെങ്കിൽ ഡ്രീം ക്യാച്ചർ വാങ്ങിത്തരാം. അമേരിക്കൻ സംസ്കാരത്തിൽ തൊട്ടിലുകളിൽ കെട്ടിതൂക്കിയിട്ടിരുന്ന

ഒരു വസ്തുവാണ് ഡ്രീം ക്യാച്ചർ. വൃത്താകൃതിയിലുള്ള ചട്ടക്കൂടിനകത്ത് നൂലുകൾ കൊണ്ട് വല പോലെ കെട്ടിയുണ്ടാക്കി തൂവാല കൊണ്ട് അലങ്കരിച്ച ഒന്നാണിത്. നീ കണ്ടിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ചില കാറുകളിൽ ഇത് തൂക്കിയിടാറുണ്ട്.

ഇതിന്റെ പിന്നിലെ വിശ്വാസം വളരെ സിംപിളാണ്. ദു:സ്വപ്നങ്ങൾ തടഞ്ഞുവെച്ച് കൊണ്ട് നല്ല സ്വപ്നങ്ങളെ മാത്രം കടത്തിവിട്ടു ഡ്രീം ക്യാച്ചർ അതിരിക്കുന്ന മുറിയിൽ കിടക്കുന്ന ആളുകൾക്ക് സുഖകരമായ ഉറക്കം നൽകും എന്നാണ് വിശ്വാസം. 1980കളിൽ മാർക്കറ്റ് ചെയ്യപ്പെട്ട ഇത്, ഹാഡിക്രാഫ്റ്റ് എന്ന നിലയിലാണ് വിപണി കീഴടക്കിയത്.

അമേരിക്കൻ ഗോത്ര സമൂഹമായ ഒജിബ്വേ ചിപ്പേവ ആണ് ഡ്രീം കാച്ചെർ എന്ന വിശ്വാസത്തിനു പിന്നിൽ. ചെറിയ കുട്ടികളുടെ സംരക്ഷണത്തിനായി അവർ ഉപയോഗിച്ചിരുന്ന വസ്തുവാണിത്. ചെറുപ്പത്തിൽ എന്റെയും നിന്റെയുമൊക്കെ അരയിൽ കറുത്തചരട് കെട്ടിതന്നിട്ടുണ്ട്. ഓർക്കുന്നുണ്ടോ? അത് ഉസ്താദിന്റെ അടുത്തു കൊണ്ടുപോയിട്ട് മന്ത്രിച്ച് തരുന്നതല്ലേ? അതൊരു വിശ്വാസമാണ്, ഒന്നുംവരില്ല എന്നൊരു വിശ്വാസം. അത് പോലെയുള്ള ഒന്നാണ് ഡ്രീം കാച്ചർ നിനക്ക് ഉസ്താദിന്റെ കൈയിൽ നിന്നുള്ള ചരട് വേണേൽ അതും കൊണ്ട് വന്ന് തരാം.”

ഡ്രീം ക്യാച്ചറിനെ പറ്റി അൻഫാസ് പറഞ്ഞതത്രയും ഒരു പരിഹാസം പോലെയാണ് തോന്നിയത്. കാര്യം നല്ല സഹോദരനൊക്കെയാണെങ്കിലും സ്വഭാവത്തിൽ ഇങ്ങനെ ഒരു കാര്യം ഉണ്ട്... അവൻ അങ്ങനെയാണ്.എല്ലാ കാര്യങ്ങളെയും ഒരു പുച്ഛത്തോടെ മാത്രമേ സമീപിക്കാറുള്ളൂ.

ശാസ്ത്രം അംഗീകരിച്ചവയെ മാത്രം ഉൾക്കൊള്ളുന്ന ഒരു പ്രത്യേക പ്രകൃതം. ഇത്തരം കാര്യങ്ങളെ അവൻ സ്യൂഡോ സയൻസായിട്ടാണ് കണക്കാക്കാറ്. അവനെ റൂമിൽ നിന്നും ഒഴിവാക്കാൻ ഉറക്കംവരുന്നത് പോലെ കാണിക്കാൻ തീരുമാനിച്ചു.

അങ്ങോട്ടുമിങ്ങോട്ടും ചരിഞ്ഞ് കിടന്ന് ഞാൻ എനിക്ക് ഉറക്കം വരുന്നുവെന്ന് അവനോട് പറഞ്ഞു. അവൻ മുറി വിട്ട് പുറത്തേക്ക് പോയി..

അൻഫാസ് പുറത്തിറങ്ങിയപ്പോൾ ഷാഹിനയും അവളുടെ വീട്ടുകാരും ഉണ്ടായിരുന്നു അവരോട് പറഞ്ഞു.

“അവനിപ്പോൾ വലിയ കുഴപ്പമൊന്നുമില്ല. പത്ത്,പതിമൂന്ന് ദിവസം ഉറങ്ങിതകർത്തപ്പോൾ കണ്ട സ്വപ്നവിശേഷങ്ങൾ പറയുകയായിരുന്നു എന്നോട്. നിലത്ത് വീണപ്പോൾ ചെറിയ കിളി പറന്നു പോയിട്ടുണ്ട്. മരിച്ചുപോയ ആളുകളെ ആത്മാക്കളായി കണ്ടെന്നും, അവരോട് സംസാരിച്ചെന്നുമൊക്കെയാണ് പറയുന്നത്... ഒന്നുമില്ലാതെ രക്ഷപ്പെട്ട് വന്നാൽ മതിയായിരുന്നു. സ്വപ്നവും അതിന്റെ പുറകിലുള്ള തള്ളൊക്കെ കേട്ടിരിക്കാൻ തയ്യാറാണ്...”

സ്ഥിരമായുള്ള പുച്ഛഭാവത്തോടെ ചിരിച്ച് കൊണ്ടാണ് അവൻ അത് പറഞ്ഞത്. ഷാഹിനയും അവളുടെ വീട്ടുകാരും അവൻ തമാശ പറഞ്ഞതാണെന്ന ഭാവത്തിൽ ചിരിച്ചു.

ഐ സി യു വിന്റെ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ളവയിൽ പതിമൂന്നാം നമ്പർ റൂം ആയിരുന്നു എനിക്ക് കിട്ടിയത്. അതിന്റെ മുന്നിലുള്ള

കുഷ്യൻ കസേരകളിലായിരുന്നു സന്ദർശകർ ഇരുന്നിരുന്നത്. അതും അധികം സമയം ഇരിക്കാൻ പറ്റില്ല. ബൈസ്റ്റാൻഡർക്ക് കിടക്കാൻ പ്രത്യേകം മുറിയുണ്ട്. ആ സമയം എന്റെ ചെറുപ്പം മുതലുള്ള സുഹൃത്തുക്കളിൽ ഒരാളായ പ്രശാന്ത് എന്നെ കാണാൻ വന്നിരുന്നു. പ്രശാന്ത് തികഞ്ഞ ഈശ്വര വിശ്വാസിയാണ്. അൻഫാസ് തികഞ്ഞ നിരീശ്വരവാദിയും. ഇവർ തമ്മിൽ കണ്ടാൽ എപ്പോഴും എന്തെങ്കിലുമൊക്കെ വാക്കുതർക്കത്തിൽ ഏർപ്പെടാറുണ്ട്. എന്നാൽ മിക്കപ്പോഴും അൻഫാസ് ജയിച്ചു എന്ന ഭാവത്തിൽ പ്രശാന്ത് മാറി കൊടുക്കുന്നതാണ് കാണാറുള്ളത്.

പ്രശാന്ത് വീട്ടുകാരെ എല്ലാവരെയും നോക്കി ചിരിച്ചതിനുശേഷം ഷാഹിനയോട് ചോദിച്ചു.
"ഇപ്പോൾ എങ്ങനെയുണ്ട്?"
"കുഴപ്പമില്ല... ഞാൻ ഒരു തവണ കേറി കണ്ടിരുന്നു. അപ്പോൾ ഉറങ്ങുകയായിരുന്നു. ഇപ്പോൾ ഇക്കാക്ക സംസാരിച്ചു പുറത്തേക്ക് ഇറങ്ങിയതേയുള്ളു"

അൻഫാസ് പ്രശാന്തിന്റെ കയ്യിലെ ചെറിയ പൊതിനോക്കി.
"എന്താണത്... അമ്പലത്തിലേ പ്രസാദമാണോ...?"

ഞാൻ ഇടക്ക് പ്രശാന്ത് കൊണ്ടുതരുന്ന പ്രസാദം കഴിക്കുന്നത് അൻഫാസ് കാണാറുണ്ട്. ഭക്ഷണം എന്ന നിലയിൽ അൻഫാസും കഴിക്കാറുണ്ട്. എന്നാൽ പ്രസാദമാണെന്ന് പറഞ്ഞു കൊടുത്താൽ അവൻ കഴിക്കാറില്ല.

"ഇത് പ്രസാദമല്ല, പക്ഷേ അമ്പലത്തിലേക്കുള്ള സാധനമാണ്. അവനെ ഒന്ന് കണ്ടിട്ട് പോകാം എന്ന് കരുതി; കാണാൻ സൗകര്യപ്പെടുമോ?"

"ഉറങ്ങാൻ പോകുന്നെന്നാണ് പറഞ്ഞത്. കാണാൻ സാധിക്കുമോ എന്ന് അറിയില്ല" അൻഫാസ് പറഞ്ഞു.

"സാരമില്ല, ഞാൻ കുറച്ചുനേരം കാത്തിരിക്കാം. എന്തായാലും ബോധം വന്നല്ലോ! ഇതിനുമുൻപ് രണ്ടുതവണ ഞാൻ വന്നിരുന്നു. അപ്പോഴൊന്നും ബോധം വന്നില്ലെന്നാണ് പറഞ്ഞത്. കുറച്ചുനേരം കഴിയുമ്പോൾ എണീക്കുമല്ലോ അവൻ എണീറ്റതിനുശേഷം ഒന്ന് കണ്ടിട്ടേ പോകുന്നുള്ളൂ. ഇന്ന് വൈകിട്ടോടുകൂടി വീട്ടിൽ എത്തിയാൽ മതിയാകും. പൂജയുണ്ട്."

നേഴ്സ് വന്നു പറഞ്ഞു,
"ഒരാൾക്ക് കൂടി വേണമെങ്കിൽ കയറി കാണാം.
ഇന്നിനി ആരെയും കയറ്റില്ല."

ഷാഹിനയുടെ ആങ്ങളയും ഭാര്യയും കാണാൻ വന്നിരുന്നു. അപ്പോഴാണ് പ്രശാന്ത് വന്നത്. പ്രശാന്തിനെ കണ്ടതോടുകൂടി ആങ്ങളയുടെ ഭാര്യ അർഷിത പറഞ്ഞു,

" ചേട്ടൻ കയറി കണ്ടോളൂ, രണ്ടുതവണ വന്നിട്ടും കാണാതെ പോയതല്ലേ! ഞങ്ങൾക്ക് നാളെ ആണെങ്കിലും വന്നു കാണാമല്ലോ... അളിയന് ഒന്നും ഇ

ല്ലാതിരുന്നാൽ മതി”

അർഷിത സമയോചിതമായി ഇടപെട്ടതാണ് എന്ന് എല്ലാവർക്കും മനസ്സിലായി. പ്രശാന്ത് എന്നെ കാണാൻ റൂമിലേക്കു കയറി. പ്രശാന്തിനെ പലർക്കും അറിയില്ല. ഷാഹിനക്ക് പോലും വലിയ പരിചയമില്ല. ഞാൻ പറഞ്ഞിട്ടുള്ള അറിവ് മാത്രമേയുള്ളൂ.

അൻഫാസിന് അറിയാം. മുമ്പ് പ്രശാന്ത് വിപ്ലവകാരി ആയിരുന്നു. അടിച്ചുപൊളിച്ചുള്ള ജീവിതം ആയിരുന്നു. യാത്രകൾ, പ്രണയം, കലഹം, വിരഹം, ഭോഗം... കുറഞ്ഞ കാലത്തിനിടയിൽ ഒരുപാട് അനുഭൂതികൾ അറിഞ്ഞു. ഇപ്പോൾ അവൻ വളരെ ലളിതജീവിതത്തിലാണ്. അവന്റെ വീടിന്റെ അടുത്തുള്ള വീട്ടുകാരൊക്കെ പറയുന്നത് അവൻ ചാത്തൻ സേവയുടെ ആളാണെന്നാണ്.

അവൻ ചതുർവേദങ്ങളിൽ നാലാമത്തെ വേദമായ അഥർവ്വം ഫോളോ ചെയ്യുന്ന ആളാണെന്ന് എനിക്കറിയാം. ഈശ്വരോപാസന കൂടാതെ ആഭിചാരപ്രയോഗങ്ങളും, ആത്മരക്ഷ, ശത്രുനിവാരണം, ഐശ്വര്യപ്രാപ്തി എന്നിവയും ഈ ഗ്രന്ഥത്തിൽ ഉണ്ടെന്ന് എന്നോട് പറയാറുണ്ട്.

അവൻ എന്നോട് ഇതേപറ്റിപറഞ്ഞ കാര്യങ്ങൾ എനിക്ക് ഓർമ്മ വന്നു. മറ്റ് വേദങ്ങളേക്കാൾ ആധുനികമാണ് അഥർവ്വം ചാതുർവർണ്ണ്യ സാമൂഹികവ്യവസ്ഥ നിലനിന്നിരുന്നതായി ചില മന്ത്രങ്ങളിൽ നിന്നും മനസ്സിലാക്കാൻ പറ്റും.

ഭൂതപ്രേതപിശാചുക്കൾ, രക്ഷസ്സുകൾ എന്നിവയെ അടക്കുന്ന മന്ത്രങ്ങളും ആരോഗ്യരക്ഷക്കുള്ള മന്ത്രങ്ങളും അഥർവ്വ വേദത്തിലുണ്ടത്രേ. പുരോഹിതനും മന്ത്രവാദിയും ഒരാൾ തന്നെ ആയിരിക്കും. മറ്റു പുരോഹിതരിൽ നിന്നും അവൻ തികച്ചും വ്യത്യസ്തനാണ്. ആരോടും കയർത്തു സംസാരിക്കാനോ തർക്കിക്കാനോ ശ്രമിക്കാറില്ല.

പിശാചുക്കൾ, ശത്രുക്കൾ, മന്ത്രവാദികൾ എന്നിവർക്കെതിരായി പ്രയോഗിക്കേണ്ട. പീഡനം, മാരണം, മോഹനം, സ്തംഭനം, വശീകരണം മുതലായ ആഭിചാരങ്ങളും, ആഭിചാരങ്ങൾക്കെതിരായി ചെയ്യുന്ന കൃത്യാപ്രതിവിധികൾ എന്നു പറയുന്ന പ്രയോഗങ്ങളും അവൻ ചെയ്യാറുണ്ട്.

പ്രശാന്തിന്റെ അപ്പൂപ്പൻ വിശ്വംഭരൻ പേരുകേട്ട മന്ത്രവാദിയായിരുന്നു. ആദ്യം ഇത്തരം ചിന്തകൾ ഒന്നുമുണ്ടായിരുന്നില്ലെങ്കിലും ഏതോ ഒരു കോണിൽവച്ച് അവനും അപ്പൂപ്പനെ പോലെ മന്ത്രവാദിയായി. അപ്പൂപ്പൻ പഠിപ്പിച്ചുകൊടുത്ത മന്ത്രതന്ത്രവിധികളിൽ നിന്നും വ്യത്യസ്തമായി അവൻ അവന്റേതായ ശൈലി രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്.

ഒരിക്കലും ഒരാളിൽ നിന്നും പണം മോഹിച്ച് പ്രശാന്ത് ഒന്നും ചെയ്യാറില്ല. മുന്നിൽ വരുന്നവരുടെ ആത്മസംതൃപ്തി മാത്രമാണ് അവന്റെ ലക്ഷ്യം. ഇപ്പോൾ എന്നെ ഉപദ്രവിക്കാൻ ഒരാൾ അവന്റെ അടുത്ത് വന്നെന്നിരിക്കട്ടെ. എന്നോടുള്ള ഇഷ്ടം കൊണ്ട് അവൻ അയാളെ പറഞ്ഞു തെറ്റിദ്ധരിപ്പിച്ച് വിടും. അതേസമയം വന്നയാൾക്ക് എന്നെക്കാൾ മുകളിലാണ് അവന്റെ മനസ്സിൽ സ്ഥാനമെങ്കിൽ അയാളോട് നിങ്ങൾ ഉപദ്രവിക്കാൻ ഉദ്ദേശിക്കുന്ന ആൾ എന്റെ സുഹൃത്താണെന്നും നമുക്കൊരു രമ്യതയിൽ എത്തിക്കൂടെ എന്നും പറയും.

എനിക്ക് നേരിട്ടുള്ള ഒന്ന് രണ്ട് അനുഭവങ്ങൾ അവൻ പറഞ്ഞ് അറിയാമായിരുന്നു. അവന്റെ അപ്പൂപ്പൻ ശ്രീഭഗജപം ഉൾപ്പെടെയുള്ള വലിയ താ

ന്ത്രികവിദ്യകൾ വരെ ചെയ്യാറുണ്ട്. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ വളരെ വ്യത്യസ്തനായത് കൊണ്ട് അത്തരത്തിലുള്ള കാര്യങ്ങൾ ഒന്നും അവൻ ചെയ്യാറില്ലായിരുന്നു.

അഥർവ്വ വേദത്തിന് ആയുർവേദവുമായി നല്ല ബന്ധമുണ്ട്. ഇവനുമായുള്ള സംസർഗ്ഗം തന്നെയാണ് എന്നെ ആയുർവേദത്തിലേക്ക് കൂടുതൽ അടുപ്പിച്ചത്.

# ഭാഗം ഒൻപത്

പ്രശാന്ത് എന്നെത്തെയും പോലെ ഷർട്ടും മുണ്ടും തന്നെയാണ് ധരിച്ചിരിക്കുന്നത്. സാധാരണ അവനെ കാണുമ്പോൾ നെറ്റിയിൽ ഭസ്മം ഉണ്ടാകാറുണ്ട്. ഇന്ന് അതുണ്ടായിരുന്നില്ല.

ഞാൻ അവനെ കണ്ട സന്തോഷത്തിൽ എണീറ്റ് ഇരിക്കാൻ ശ്രമിച്ചു. അവൻ വേണ്ട എന്ന് ആംഗ്യം കാണിച്ചു. കസേര വലിച്ചിട്ട് അടുത്തിരുന്നു. എന്താണെന്ന് അറിയില്ല വളരെ പതുക്കെ ആണ് ഇപ്പോൾ അവൻ സംസാരിക്കാറുള്ളത്.

"ഇപ്പോൾ എങ്ങനെയുണ്ട്?" – പ്രശാന്ത് ചോദിച്ചു.

ഞാൻ തല തടവി കൊണ്ട് പറഞ്ഞു..
"ഭേദമുണ്ട്, വേദനയില്ലെങ്കിലും എന്തൊക്കെയോ ഒരു ബുദ്ധിമുട്ട്."

"കഴുത്തിലെ വേദന എങ്ങനെയുണ്ട്.?"

"കഴുത്തിലും വേദന തോന്നുന്നില്ല.
എണീറ്റ് നടക്കുമ്പോൾ ഒരുപക്ഷെ വേദന വരുമായിരിക്കും."

"ഡിസ്ചാർജ് ആയതിനുശേഷം അസുഖം അല്പം ഭേദമായി എന്ന് തോന്നുമ്പോൾ പറയണം. ഞാനൊരു മരുന്ന് ഉണ്ടാക്കി തരാം. അത് എല്ലാ ദിവസവും രാവിലെ ഭക്ഷണത്തിന് മുമ്പും രാത്രി ഭക്ഷണ ശേഷവും കഴിച്ചു കിടന്നാൽ മതി. ഇത് കഴിച്ചതിനുശേഷം ആണ് അസുഖം പൂർണമായും ഭേദമായതെന്ന് തോന്നിയാൽ, ഞാൻ തന്ന മരുന്നു കഴിച്ചാണ് അസുഖം ഭേദമാ

യതെന്ന് ആരോടും പറയരുത്."

അവൻ അല്ലേലും അങ്ങനെയാണ്. സംസാരത്തിലും പ്രവർത്തിയിലും പെരുമാറ്റത്തിലുമൊക്കെ ഒരു നിഗൂഢത സൂക്ഷിക്കും അടുത്ത നിമിഷം നമ്മൾ എന്താണ് പറയാൻ പോകുന്നതെന്ന് അവൻ മുൻകൂട്ടി ചിന്തിച്ചിട്ടുണ്ടാകും.

"പുറത്ത് കുറച്ചധികം പേർ കാണാൻ കാത്തിരിക്കുന്നുണ്ട് ഒരാൾക്ക് മാത്രമേ കാണാൻ സാധിക്കുകയുള്ളൂ എന്ന് അവർ പറയുന്നുണ്ടെങ്കിലും ഞാൻ പെട്ടെന്ന് ഇറങ്ങിയാൽ ഒരുപക്ഷേ, അവർക്ക് ആർക്കെങ്കിലും കൂടി കാണാൻ സാധിക്കും. ഞാൻ പോയിട്ട് പിന്നെ വരാം."

അവൻ പോകാൻ എണീറ്റു. അപ്പോഴാണ് ഞാൻ കണ്ട സ്വപ്നത്തിന്റെ കാര്യം അവനോട് പറഞ്ഞാലോ എന്നാലോചിച്ചത്. അവൻ ഡോറിന്റെ അടുത്ത് എത്തിയപ്പോൾ ഞാൻ അവനെ തിരികെ വിളിച്ചു. ഇരിക്കാതെ നിന്നുകൊണ്ടുതന്നെ അവൻ ചോദിച്ചു.

"എന്തുപറ്റി?"

"പോയിട്ട് അത്യാവശ്യമുണ്ടോ? എനിക്ക് കുറച്ചുകാര്യം
സംസാരിക്കാനുണ്ടായിരുന്നു"

പ്രശാന്ത് കസേര വലിച്ച് അടുത്തിരുന്നു. എന്നോട് ചോദിച്ചു.

"കാശിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ?"
"അതൊന്നുമല്ല കാര്യം!"

"പിന്നെന്താ, പറഞ്ഞോ... പുറത്തു കുറച്ചുപേർ നിന്നെ കാണാൻ ഇരിക്കുന്നുണ്ടായിരുന്നു. അവർക്ക് വേണ്ടി സൗകര്യം ഒരുക്കി കൊടുക്കാൻ വേണ്ടിയായിരുന്നു പോകാമെന്ന് വെച്ചത് അല്ലാതെ ധൃതി ഉണ്ടായിട്ടൊന്നുമല്ല. വൈകിട്ട് പോയാൽ മതി. സന്ധ്യയ്ക്ക് ഒരു പൂജയുണ്ട് അത്രയേ ഉള്ളൂ ഇന്നത്തെ പണി."

ഞാൻ ആയുർവേദ ഹോസ്പിറ്റലിൽ തലകറങ്ങി വീണതും തുടർന്ന് എണീറ്റപ്പോൾ ബോട്ട ലോഹയെ കണ്ടതും അവിടെ നിന്നും ബാറാക് ഗ്രൗണ്ടിലേക്ക് യാത്ര പോയതും അവിടെനിന്ന് ശങ്കൂണ്ണിനായരെയും, ഇമ്മാനുവൽ കാർനേറോയെയും നമ്പൂരിച്ചനെയും ഇട്ടിക്കോരയെയും കണ്ടുമുട്ടിയതും ഇട്ടിക്കോര സുഹൃത്തായി മാറിയതും, തുടർന്ന് കളകപ്രഭുവിനെയും മകൻ ചോരക പ്രഭുവിനെയും, ദേവരശകിണിയെയും, മൂപ്പനെയും, കപ്പിത്താൻ പണിക്കരേയും കൃഷ്ണമൂർത്തി അയ്യരെയും, നാമിയ മോട്ടയയും, മസ്താൻ ഉസ്താദിനെയും കുട്ടി മരക്കാരെയും. ആംബ്രോസിനെയും കണ്ടതും. ഒക്കെ വിവരിച്ചു.

കുറച്ചു സമയം എടുത്തിട്ടാണെങ്കിലും ഞാൻ ആ വിവരങ്ങളൊക്കെ വിശദമായി പറഞ്ഞു. കഥാസന്ദർഭങ്ങളും വാക്യങ്ങളും രൂപവുമൊക്കെ വിശകലനം ചെയ്തു തന്നെ വിശദീകരിച്ചു. എന്റെ സംസാരത്തിൽ ഒരിടത്ത്

പോലും അവൻ അശ്രദ്ധപുലർത്താതെ ഞാൻ പറഞ്ഞത് വളരെ സൂക്ഷ്മത യോടു കൂടി കേട്ടിരുന്നു. എല്ലാം പറഞ്ഞു തീർന്നിട്ടും അവൻ ഒരക്ഷരം മിട്ടാതെ കൈകെട്ടി എന്റെ മുഖത്തുനോക്കി അങ്ങനെ കുറച്ചു നേരം ഇരുന്നു.
“ഇങ്ങനെയൊക്കെ സ്വപ്നം കാണുന്നത് അപലക്ഷണമാണോ?”

പ്രശാന്ത് എന്റെ കയ്യിൽ പിടിച്ചു.
“കണ്ടത് സ്വപ്നമാണെന്നും അപലക്ഷണം ആണെന്നൊക്കെ നിന്നോട് ആരാണ് പറഞ്ഞത്. അൻഫാസ് ആയിരിക്കും അല്ലേ? അവൻ അങ്ങനെയല്ലേ പറയൂ. എന്റെ അഭിപ്രായത്തിൽ തന്റെ ആത്മാവ് തന്റെ ദേഹം വിട്ട് യാത്ര ചെയ്തതാണ്.”

“പരകായ പ്രവേശമാണോ ഉദ്ദേശിച്ചത്.”

“പരകായ പ്രവേശം എന്ന് പറയുന്നത് ഒരാളുടെ ദേഹത്തുനിന്നും ആത്മാവ് മറ്റൊരാളുടെ ശരീരത്തിലേക്ക് കയറുന്നതിനെയാണ്. നിന്റെ ശരീരം ഇവിടെ ഉപേക്ഷിച്ച് നിന്റെ ആത്മാവ് യാത്ര ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിനെ പറയുന്നത് സൂക്ഷ്മസഞ്ചാരം എന്നാണ്.

പുരാണത്തിൽ ദ്രോണർ തന്റെ മകൻ മരിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി തന്റെ ശരീരം ഉപേക്ഷിച്ച് സൂക്ഷ്മ സഞ്ചാരം നടത്തിയതായി പറയുന്നുണ്ട്. അതുപോലെതന്നെ ആദിഗുരു ശങ്കരാചാര്യർ ഒരുവേളയിൽ തന്റെ ശിഷ്യന്മാരോടൊപ്പം പോകവേ തന്റെ ദേഹം ഒരു ഗുഹയിൽ വെച്ചതിനുശേഷം ഇതുപോലെ സൂക്ഷ്മ സഞ്ചാരം നടത്തിയിട്ടുണ്ട്.

ആത്മാവിന് ശരീരം വിട്ടതിനുശേഷം തിരിച്ച് ആ ശരീരത്തിലേക്ക് കയറാൻ 14 ദിവസം വരെ സമയമുണ്ട്. ഈ സൂക്ഷ്മസഞ്ചാരവേളയിൽ ആ ആത്മാവ് മറ്റൊരു ആത്മാവില്ലാത്ത ശരീരത്തിൽ പ്രവേശിച്ചാലാണ് പരകായപ്രവേശം ആകുന്നത്. ആത്മാവ് ഉള്ള ശരീരത്തിലും കയറാറുണ്ട്. പക്ഷേ ആ ശരീരത്തിന്റെ യഥാർത്ഥ ആത്മാവ് അപ്പോൾ ഉറങ്ങിക്കിടക്കുകയായിരിക്കും. ആ ശരീരത്തിൽ നിന്നും തിരിച്ച് ഈ ശരീരത്തിലേക്ക് എത്താനും 14 ദിവസത്തെ സമയമുണ്ട്. അതിനുള്ളിൽ എത്തിയാൽ അയാൾക്ക് അയാളുടെ പഴയ ശരീരം സ്വീകരിക്കാം.

അതല്ലങ്കിൽ തന്റെ സ്വന്തം ശരീരം അയാൾ ഉപേക്ഷിക്കുകയാണ് നല്ലത്. നിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. നീ കൃത്യം 13 ദിവസത്തിനുള്ളിൽ നിന്റെ ശരീരത്തിലേക്ക് നിന്റെ ആത്മാവിനെ പ്രവേശിപ്പിച്ചു. നിന്റെ സഹോദരനോ നീയോ ചിലപ്പോൾ നിന്റെ വീട്ടുകാരോ നിന്നെ അറിയാവുന്നവരോ ഒക്കെതന്നെ ഈ കഥ കേവലം സ്വപ്നം മാത്രമായി കണക്കാക്കിയേക്കാം.

സയൻസിൽ ഇതിനെ ലൂസിഡ് ഡ്രീം എന്നൊക്കെ പറയാറുണ്ട്. പ്രാണന്റെ അവസാനമായ വ്യാനാ 14 ദിവസം വരെ കാത്തിരിക്കും. ഒരുപക്ഷേ നീ ഒന്നുകൂടി ശ്രമിച്ചാൽ നിന്റെ അബോധമനസ്സിൽ നീ കണ്ട സൂക്ഷ്മ സഞ്ചാരത്തിലുള്ള വ്യക്തികളെ നിനക്ക് ബോധമനസ്സിലൂടെ കാണാൻ സാധിക്കും. പക്ഷേ അതിന് ഒരുപാട് പരീക്ഷണങ്ങൾ നേരിടേണ്ടി വരും.

ഞാൻ മനസ്സിലാക്കിയിടത്തോളം നീ കണ്ടിരിക്കുന്ന ഏതാനും ചിലർ ദുരാത്മാക്കളാണ്. പ്രത്യേകിച്ച് ഇട്ടിക്കോര! അദ്ദേഹത്തിന് നിന്നോട് എന്തോ പറയാനുണ്ട്. നീ അത് കേൾക്കാനുള്ള സാവകാശം കാണിക്കാതെ

അകത്തേക്ക് കയറി. ഒരുപക്ഷെ ശ്രമിച്ചാൽ എന്താണ് അയാൾക്ക് പറയാനുള്ളതെന്ന് നിനക്ക് മനസ്സിലാക്കാൻ  സാധിക്കുമായിരിക്കും.

ഇന്ന് രാത്രി നീ ഒന്നുകൂടി ശ്രമിച്ചാൽ നിനക്ക് അതിന് സാധിക്കും. ഞാൻ പോയിട്ട് പിന്നെ വരാം... നിനക്ക് ഒരു പാനീയം തരാം... അത് കുടിച്ച് രാത്രി കിടന്നാൽ മതി."

എന്റെ മനസ്സിൽ ഒരുപാട് ചിന്തകൾക്ക് വിത്ത് പാകികൊണ്ട് പ്രശാന്ത് പോയി. പുറത്തിറങ്ങിയ പ്രശാന്ത് അൻഫാസിനെ കണ്ടിരുന്നു. ഞാനും അൻഫാസും തമ്മിൽ സംസാരിച്ച കാര്യങ്ങളിലുള്ള സ്വന്തം അഭിപ്രായം പ്രശാന്ത് അൻഫാസിനോട് പറഞ്ഞു.

"നിങ്ങൾ നിരീശ്വരവാദികൾക്ക് ഒരു ധാരണയുണ്ട്, ലോകത്തെ 90% വരുന്ന വിശ്വാസികൾ മണ്ടന്മാരും 10 ശതമാനം വരുന്ന നിരീശ്വരവാദികൾ മാത്രമാണ് ബുദ്ധിമാന്മാരും എന്നുള്ളത്. ഈ പ്രപഞ്ചത്തിന് കീഴിലുള്ള എല്ലാ കാര്യങ്ങളെപ്പറ്റിയും നിങ്ങൾക്കറിയാം എന്ന നിങ്ങളുടെ ചിന്തയും അഹങ്കാരവും ആണ് ഇതൊക്കെ നിങ്ങളെക്കൊണ്ട് പറയിക്കുന്നത്.

ആസ്ട്രൽ പ്രൊജക്ഷൻ അഥവാ സൂക്ഷ്മ സഞ്ചാരത്തെ നിങ്ങൾ കേവലം ഒരു സ്വപ്നം മാത്രമായി കണക്കാക്കി ആ ചെറുക്കനെ ഇൻസൾട്ട് ചെയ്തതായി ഞാൻ അറിഞ്ഞു. അവന്റെ സഹോദരൻ എന്നുള്ള നിലയിലുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് ഞാൻ പറയട്ടെ, നിങ്ങൾ കാണുന്നത് മാത്രമാണ് ലോകം എന്ന് വിശ്വസിക്കരുത്. അതിനപ്പുറത്തും ലോകമുണ്ട്. അത് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലെന്ന് മാത്രമേയുള്ളൂ.

മതങ്ങളുടെ വിശ്വാസസംഹിത നിങ്ങൾ ഉൾക്കൊള്ളണമെന്നില്ല. ദൈവം ഉണ്ടെന്ന സത്യം നിങ്ങൾ തിരിച്ചറിഞ്ഞേ മതിയാകൂ. നിങ്ങൾക്ക് ഒരു കാര്യത്തോട് യോജിക്കാം, വിയോജിക്കാം. അത് നിങ്ങളുടെ മാത്രം ഇഷ്ടമാണ്. ഒരിക്കലും നിങ്ങളുടെ കാഴ്ചപ്പാട് മാത്രമാണ് ശരിയെന്ന് സമർത്ഥിക്കാൻ ശ്രമിക്കരുത്.

ഈ ലോകത്തുണ്ടായ എല്ലാ കണ്ടുപിടുത്തങ്ങളും, ഇവിടെ നടത്തിയിട്ടുള്ള എല്ലാ വിശകലനങ്ങളും വിശ്വാസങ്ങളുടെയും ദൈവഹിതത്തിന്റെയും പശ്ചാത്തലത്തിൽ തന്നെയാണ് എന്നാണ് ഞങ്ങൾ ദൈവവിശ്വാസികൾ അടിയുറച്ചു വിശ്വസിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് പുതിയ സംസ്കാരം രൂപപ്പെട്ടിട്ടുണ്ടല്ലോ, 'ഭക്ഷിക്കുക, ഭോഗിക്കുക, വിശ്രമിക്കുക'  എന്നത്. എന്നാൽ, 'ഞങ്ങൾ ഭക്ഷിക്കുക,പ്രാർത്ഥിക്കുക,ലക്ഷ്യസ്ഥാനത്തേക്ക് എത്തുക' എന്ന കർത്തവ്യമാണ് പിന്തുടരുന്നത്.

ഓരോ മനുഷ്യനും ഭൂമിയിൽ ജനിക്കുന്നതിന് ഒരു ലക്ഷ്യമുണ്ട് എന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ.

"നിങ്ങൾ പറയുന്നതുപോലെ ഇത് ആത്മാവിന്റെ സൂക്ഷ്മ സഞ്ചാരം അതായത് ആസ്ട്രൽ പ്രൊജക്ഷൻ ആണ് എന്ന്  എനിക്ക് തോന്നുന്നില്ല. അവൻ പറഞ്ഞ പല ചരിത്രങ്ങളും ചരിത്രവുമായി ബന്ധമില്ല. അതൊക്കെ അവന്റെ നിഗമനങ്ങളും തോന്നലുകളും മാത്രമാണ്.

ചരിത്രത്തിൽ അവൻ പറഞ്ഞതുമായി എന്തെങ്കിലുമൊക്കെ സാമ്യമുണ്ട് എന്നത് ശരിയാണ്. പക്ഷേ മഹാഭൂരിഭാഗം കാര്യങ്ങളും അവന്റെ നിഗമനങ്ങളാണ്. ആ നിഗമനങ്ങളാണ് സ്വപ്നത്തിലൂടെ അവന്റെ ഇഷ്ടപ്പെട്ട

ചരിത്ര പുരുഷൻമാർ പറഞ്ഞതായി അവൻ കണക്കാക്കുന്നത്."

"ഞാൻ നിങ്ങളെ തിരുത്തുന്നില്ല. നിങ്ങൾക്ക് ഇഷ്ടമുള്ളത് വിശ്വസിക്കാം, വിശ്വസിക്കാതിരിക്കാം. അതൊക്കെ നിങ്ങളുടെ വ്യക്തിപരമായ കാര്യം. ജീവിതത്തിന്റെ ഊർജ്ജം കളഞ്ഞുകൊണ്ടുള്ള തർക്കവാദങ്ങൾക്ക് ഞാൻ നിൽക്കുന്നില്ല. ശരീരത്തിന്റെ ഊർജ്ജം കളയേണ്ടത് ജ്ഞാനത്തിനുവേണ്ടിയായിരിക്കണം എന്നാണ് ഞാനും എന്റെ ഗുരുക്കളും വിശ്വസിക്കുന്നത്.

അവസാനമായി എനിക്ക് നിങ്ങളോട് ഒറ്റ കാര്യം മാത്രം പറയാനുള്ളൂ. എന്തിനെയും അമിതമായി വിശ്വസിക്കുകയും അമിതമായി എതിർക്കുകയും ചെയ്യരുത്. അമിതമായി വിശ്വസിക്കുന്നത് അടിമത്തം ആണെങ്കിൽ അമിതമായി എതിർക്കുന്നത് അഹങ്കാരമാണ്. ശരി... ഞാൻ പോകുന്നു."

പ്രശാന്ത് പോയതിന് പുറകെ അൻഫാസ് ഷാഹിനയോടും അവിടെ നിന്നിരുന്ന ഷാഹിനയുടെ വീട്ടുകാരോടും പറഞ്ഞു.

"ഇവന് ഭ്രാന്തായതാണെന്ന് തോന്നുന്നു. കട്ടിലിൽ നിന്ന് വീണപ്പോൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ കിളി പോയതാണ്. അല്ലെങ്കിൽ ഇത്തരം വിഡ്ഢിത്തരങ്ങളൊക്കെ കേൾക്കാൻ സമയം കണ്ടെത്തുമെന്ന് തോന്നുന്നുണ്ടോ? മരുന്നിനോട് പൊരുത്തപ്പെട്ട് ജീവിതത്തിലേക്ക് തിരിച്ചുവരാൻ പറ. അല്ലാതെ മന്ത്രവാദം തന്ത്രവാദം എന്നൊക്കെ പറഞ്ഞ് വെറുതെ പുരോഗമനം കൈവരിക്കാതെ പ്രാചീനതയിലേക്ക് പോകല്ലേന്ന് പറ. ഞാൻ പറഞ്ഞാൽ കേൾക്കില്ല. നീ പറഞ്ഞാൽ പിന്നെയും കേൾക്കും."

ഷാഹിനയും വീട്ടുകാരുമൊക്കെ ആശങ്കപ്പെട്ടു. എന്താണ് ഇവിടെ സംഭവിക്കുന്നത് എന്നറിയാതെ. അവൾ റൂമിലേക്ക് കയറി.

ഷാഹിന എന്നോട് ചോദിച്ചു.
"എന്തെങ്കിലും പ്രശ്നമുണ്ടോ? എന്തൊക്കെയാണ് ഇവിടെ നടക്കുന്നത്.! ഇക്ക എന്തെങ്കിലും സ്വപ്നം കണ്ടാൽ ആ സ്വപ്നത്തിൽ നിന്നാൽ പോരെ? എന്തിനാണ് അത് ഇക്കാക്കയോടും കൂട്ടുകാരോടൊക്കെ പറയുന്നത്? നമ്മൾ എല്ലാ ദിവസവും ഓരോ സ്വപ്നങ്ങൾ കാണില്ലേ? അതിന്റെയൊക്കെ പിറകിൽ പോകലാണോ നമ്മുടെയൊക്കെ പണി?

വെറുതെ ആവശ്യമില്ലാതെ ഓരോ കാര്യങ്ങൾ ചിന്തിച്ചു കൂട്ടുന്നത് എന്തിനാണിക്കാ. നിങ്ങൾ കണ്ട സ്വപ്നം എന്താണെന്ന് എനിക്കറിയില്ല. ഇതുപോലെയുള്ള സ്വപ്നങ്ങൾ പലരും കാണാറുണ്ട്. അതിന്റെ പുറകെ ആരും പോകാറില്ല. പിറ്റേന്ന് രാവിലെയാകുമ്പോൾ നമ്മൾ യാഥാർത്ഥ്യത്തിലേക്ക് വരില്ലേ?

അതുപോലെ പതിമൂന്ന് ദിവസം ബെഡിൽ കിടന്നപ്പോൾ ഇക്കാ കണ്ടുതീർത്തതാണ് ഇത്തരം സ്വപ്നങ്ങൾ. വിട്ടുകള... ഇനി ഇതിന്റെ പിറകിൽ വെറുതെ പോകണ്ട. മരുന്നിനോട് പ്രതികരിക്കൂ.

നമുക്ക് എത്രയും പെട്ടെന്ന് വീട്ടിലേക്ക് പോകണ്ടേ? കട നോക്കണ്ടേ? നമ്മുടെ പിള്ളേര്... നമ്മുടെ ജീവിതം... അതിലേക്ക് തിരിച്ചു വാ. എന്തിനാണ് ഇത്തരം കാര്യങ്ങൾ ചിന്തിച്ച് കൂട്ടുന്നത്?"

ഷാഹിന പറഞ്ഞതെല്ലാം ഞാൻ മൂളി കേട്ടു. തിരിച്ച് തർക്കിക്കാനോ എന്റെ ഉള്ളിലെ തോന്നലുകൾ പറയാനോ ഒന്നിനും നിന്നില്ല. കാരണം എന്റെ മനസ്സ് അപ്പോഴേക്കും പ്രശാന്ത് പറഞ്ഞതിനോട് പൊരുത്തപ്പെട്ടു കഴിഞ്ഞിരുന്നു.

എന്തോ ഒരു ലക്ഷ്യത്തിന് വേണ്ടി ആയിരിക്കാം ആ ആത്മാക്കൾ എന്നെ സമീപിച്ചത്. അല്ലെങ്കിൽ ഒരേ സ്വപ്നത്തിന്റെ തന്നെ തുടർച്ച ഞാൻ കാണാൻ സാധ്യതയില്ലല്ലോ. ഒരേ കാലഘട്ടത്തിൽ നടന്ന ഒന്നിലധികം സംഭവികാസങ്ങൾ..! അതിൽ ഇട്ടിക്കോരയുടെ റോൾ എന്തായിരുന്നു!?

ഞാൻ ഇട്ടിക്കോരയുടെ മുഖം ഓർത്തെടുക്കാൻ ശ്രമിച്ചു. പ്രശാന്ത് പറഞ്ഞത് ശരിയാണ്. എന്തൊക്കെയോ നിഗൂഢത അയാളുടെ മുഖത്ത് ഞാൻ കണ്ടിരുന്നു. അതുപോലെ പലയിടങ്ങളിലുമായി ഇട്ടിക്കോരക്ക് മാത്രം ഇവരെയെല്ലാവരെയും എങ്ങനറിയാം?

മരിച്ചവരുമായി സംസാരിക്കാനുള്ള ഒരു കഴിവ് ഞങ്ങൾ ആർജ്ജിച്ചിട്ടുണ്ടെന്ന് നാമിയ ബിൻ അബ്രഹാം മോട്ട പറഞ്ഞകാര്യം ഓർമ്മ വരുന്നു. പ്രശാന്ത് പറഞ്ഞതും ഏതാണ്ട് ഇതൊക്കെ തന്നെയാണ്. ആ സമയം ഞാൻ ഇട്ടിക്കോരയെ നോക്കിയപ്പോൾ എന്റെ മുഖത്ത് ഉണ്ടായ ആശ്ചര്യം ഞാൻ ഇട്ടിക്കോരയിൽ കണ്ടിരുന്നില്ലല്ലോ.

അപ്പോൾ ഇട്ടിക്കോരയും ഒരു ദുരാത്മാവാണോ? ഞാൻ കണ്ണുകളടച്ചു അനങ്ങാതെ കിടന്നു... ഇതൊക്കെ ആലോചിച്ച് കിടന്നത് കൊണ്ടായിരിക്കാം എണീറ്റപ്പോൾ എത്രനേരം ഞാൻ അങ്ങനെ കിടന്നെന്ന് എനിക്കറിയില്ലായിരുന്നു. കുറെ കഴിഞ്ഞ് എന്റെ അരികിലായി പ്രശാന്ത് വന്നിരുന്നു.

പ്രശാന്ത് വിളിച്ചു
“ടാ, നീ ഉറങ്ങുവാണോ?”

ഞാൻ കണ്ണ് തുറന്നുനോക്കി. റൂമിൽ മറ്റാരുമില്ല... ഞാനും പ്രശാന്തും മാത്രം. അവൻ റൂം ലോക്ക് ചെയ്തിട്ടാണ് അകത്തേക്ക് കയറിയതെന്ന് എനിക്ക് മനസ്സിലായി.

“നീ വരുന്നത് അവരരെങ്കിലും കണ്ടിരുന്നോ?”

‘ഇല്ല, പുറത്തെ ഡ്യൂട്ടി നേഴ്സിനോട് മാത്രമാണ് ഞാൻ അകത്തേക്ക് കയറുന്ന കാര്യം പറഞ്ഞത്. പെട്ടെന്ന് ഇറങ്ങണം. രാത്രി വിസിറ്റേഴ്സ് അനുവദനീയമല്ലെന്നുകൂടി അവർ പറഞ്ഞിരുന്നു. ഇന്നുണ്ടായിരുന്ന പൂജ ഞാൻ പിന്നീട് ഒരു ദിവസത്തേക്ക് മാറ്റിവെച്ചു. അതിനുള്ള പ്രതിവിധി കൂടി ചെയ്തിട്ടാണ് ഞാൻ പെട്ടെന്ന് വന്നത്... നിനക്ക് വേണ്ടി മാത്രം.”

“നീ എങ്ങനെ അകത്ത്കയറി! രാത്രി ഒട്ടും വിസിറ്റേഴ്സ് അനുവദനീയമല്ലെങ്കിൽ നിനക്ക് എങ്ങനെ കയറാൻ സാധിച്ചു?”

“പി ആർ ഓ എന്റെ ഒരു ക്ലയന്റ് ആണ്, ആരാണ് അയാളെന്ന് ഞാൻ പറയില്ല. നമുക്ക് സമയമില്ല. നീ ഒന്നുകൂടി ശ്രമിക്ക്, ഇപ്പോൾ നിന്റെ ബോഡി സൂക്ഷ്മ സഞ്ചാരത്തിന് യോജിച്ചതല്ലങ്കിലും, നീ കണ്ട സ്വപ്നം പൂർണമായും തീർന്നിട്ടില്ല.

ആ സ്വപ്നത്തിലൂടെ നിന്റെ സുഹൃത്തായ ദുരാത്മാവിനെ ഒരിക്കൽ കൂടി കാണാൻ സാധിച്ചാൽ തീർച്ചയായും ഇവിടെ നിന്നും ഇറങ്ങുന്ന നാൾ മുതൽ നീ തുടങ്ങേണ്ട ചില വ്രതങ്ങളും ചൊല്ലേണ്ടതായ മന്ത്രങ്ങളും ഞാൻ പറഞ്ഞുതരാം. അതിൻ പ്രകാരം നിനക്ക് ആ ദുരാത്മാവ് എന്താണോ ലക്ഷ്യം വെച്ചിരിക്കുന്നത് അതിലേക്ക് എത്തിച്ചേരാൻ സാധിക്കും."

പ്രശാന്ത് ഒരു കുപ്പിയിൽ നിന്നും ചുവന്ന നിറമുള്ള പാനീയം ഗ്ലാസ്സിൽ ഒഴിച്ചു.

"എന്താണത്? രക്തം ആണോ..? ഞാൻ കുടിക്കില്ല".

"നീ രക്തം കുടിക്കില്ല എന്ന് നിന്നെക്കാൾ നന്നായി എനിക്കും അറിയാം. ഞാനും കുടിക്കാറില്ല. ഇത് ബീറ്റ് റൂട്ടും മാതളനാരങ്ങയും ഭസ്മവും ചാലിച്ചെടുത്ത ഒരു പാനീയമാണ്. കുറച്ച് ചെമ്പരത്തി നീര് കൂടി ചേർത്തിയിട്ടുണ്ട്. രുചിയൊന്നും കാണില്ല പക്ഷേ, നീ ഒറ്റ വലിയ്ക്ക് കുടിച്ചു തീർക്കണം."

അവൻ പറഞ്ഞതുപോലെ ഞാൻ അത് ഒറ്റവലിക്കു കുടിച്ചു. ഒരു രുചിയും തോന്നിയില്ല. ഞാൻ കുടച്ച് തീർന്നതിനു ശേഷം അവൻ സംസാരം തുടർന്നു.

"പ്രപഞ്ചം പഞ്ചഭൂതനിർമിതമാണ്. അഗ്നി, വായു, ജലം, ഭൂമി, ആകാശം എന്നിവയാണ് അവ. സത്യമെന്നത് ഇന്ദ്രിയങ്ങൾ അനുഭവിക്കുന്നതല്ല. ഇന്ദ്രിയങ്ങൾ മായയാണ്.

പാരമ്പര്യസിദ്ധമായ അറിവിന്റെ ലോകങ്ങളിലേക്ക് പ്രവേശിക്കണം. എന്നാലേ മായയിൽനിന്നു മുക്തിയുള്ളൂ. അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം. എന്നീ അഞ്ച് കോശങ്ങളോടു കൂടിയതാണ് ശരീരം.

മൃതശരീരത്തിലല്ല, ജീവനുള്ളതിലാണ് പരീക്ഷണം നടത്തേണ്ടത്. നീയതിന് തയ്യാറായാൽ നിനക്കും പല കാര്യങ്ങളും അറിയാൻ സാധിക്കും. നേടാനും സാധിക്കും. പക്ഷേ ഒരിക്കലും ഒറ്റു കൊടുക്കരുത്. സ്വന്തം ആത്മാവിനെ വഞ്ചിക്കുകയും ചെയ്യരുത്. ജീവൻ എന്നത് സ്വന്തമല്ലെന്ന് നിരന്തരം ബോധിപ്പിക്കുന്നത് അന്നമയമാണ്.

അന്നമയകോശത്തെ പഠിക്കാൻ മുപ്പത് ദിവസം അന്നമൊന്നും കഴിക്കാതിരിക്കണം. അപ്പോൾ സംസാരിക്കാൻ കഴിയാതാകും; കാഴ്ചയില്ലാതാകും. കാമമയകോശമാണ് ആസ്ട്രൽ ബോഡി എന്നറിയപ്പെടുന്നത്. കുശുമ്പ്, ദേഷ്യം, അധമവികാരങ്ങളായ അസൂയ, അസഹിഷ്ണുത, അഹങ്കാരം തുടങ്ങിയവയുടെ കൂടാരം.

സഹനശക്തി കുറയുന്നതും പ്രകോപിതരാകുന്നതും ഭയപ്പെടുന്നതും കാമമയത്തിന്റെ അസ്ഥിരത കൊണ്ടാണെന്ന് നിനക്ക് ഒരുനാൾ ബോധ്യമാകും. ഇതൊന്നും ഞാൻ നിന്നെ പേടിപ്പിക്കാൻ വേണ്ടി പറയുന്നതല്ല. ഇപ്പോൾ നീ ചെയ്യാൻ വേണ്ടി പോകുന്നത് സാധാരണ നീ ഉറക്കത്തിലേക്ക് പോകുമ്പോൾ ചെയ്യാറുള്ളത് പോലെയുള്ള ഒന്നാണ്. പിന്നീട് നിനക്ക് ഇത് ആവശ്യമുണ്ടെന്ന് തോന്നുന്നെങ്കിൽ മാത്രം നീ ചെയ്താൽ മതി.

ഇപ്പോൾ നിന്റെ മനസ്സിന്റെ ആശ്വാസത്തിന് വേണ്ടി മാത്രം ആ ദുരാത്മാവ് എന്തിനുവേണ്ടിയാണ് നിന്നെ സമീപിച്ചതെന്ന് നീ അറിയണം. അതിനുവേണ്ടി മാത്രം നീ ഞാൻ പറയുന്ന ജപം ചൊല്ലിയാൽ മതി. ഉറക്കത്തിലേക്ക് പോയാൽ ആരു വന്നു വിളിച്ചാലും എണീക്കരുത്. തൊട്ടടുത്ത്നിന്ന് ഞാൻ വിളിച്ചാൽ പോലും എണീക്കരുത്. ഇട്ടിക്കോര നിന്നോട് പോകാൻ ആവശ്യപ്പെടുമ്പോൾ മാത്രം നീ എണീക്കാൻ ശ്രമിക്കുക.”

“ശരി... ഞാനിപ്പോൾ തന്നെ കിടക്കാം”
“ആദ്യം നിന്റെ ഫോൺ ഫ്ളൈറ്റ് മോഡിൽ ഇടുക. ഞാനും ഫ്ളൈറ്റ് മോഡിൽ ഇട്ടിട്ടുണ്ട്. കുറച്ചു കാര്യം കൂടി എനിക്ക് ഇതിനെപ്പറ്റി നിന്നോട് പറയാനുണ്ട്. അതുകൂടി നീ കേൾക്കണം. നമ്മൾ ഇപ്പോൾ ചെയ്യുന്നത് ഈ ദുരാത്മാവിന് മാത്രം വേണ്ടിയാണ്.

ആസ്ട്രോൾ പ്രൊജക്ഷൻ എന്നുള്ളത് മറ്റൊരു സംവിധാനമാണ്. മൂന്നു കാര്യങ്ങൾ ആസ്ട്രൽ പ്രൊജക്ഷന് നിർബന്ധമായും വേണം. അപാര മനഃശ്ശക്തി, ഉറച്ച വിശ്വാസം, സ്വയം നിയന്ത്രണം. ഉൾബോധത്തിന്റെ തുറന്ന സമീപനം ഈ ക്രിയക്ക് ആവശ്യമാണ്. ഇല്ലെങ്കിൽ അസാധാരണ അനുഭവങ്ങളെ സ്വീകരിക്കാതെ മനസ്സ് തള്ളിക്കളയും.

സ്വപ്നസമാനമായ അനുഭവമാണെങ്കിലും ഇത് കഴിഞ്ഞാൽ. ഇത് യാഥാർഥ്യമാണെന്ന 'സ്വയംനിയന്ത്രണം' മറന്നുപോകരുത്. പൂർണ്ണ നിശബ്ദമായ മുറിയാണ് ആസ്ട്രൽ പ്രൊജക്ഷന് പൊതുവെ ഞങ്ങൾ തെരഞ്ഞെടുക്കുന്നത്. അരണ്ട ചുവന്ന വെളിച്ചം നല്ലതാണ്. കട്ടിലിൽ മലർന്ന് കിടക്കണം. ചിന്തകളെ പൂർണമായി ഒഴിവാക്കണം. മനസ്സും ശരീരവും ശാന്തമാകണം. പേശികൾ അയച്ചിടണം. യാതൊരു ബലംപിടുത്തവും പാടില്ല. ഏതാനും മിനിറ്റുകൾ ദീർഘ ശ്വാസോച്ഛ്വാസം എടുക്കണം. മുറിയിൽ ശ്വാസനിശ്വാസത്തിന്റെ ശബ്ദതാളം മാത്രം... ജപം മാത്രം... ഉരുവിടാൻ ശ്രമിക്കണം. വേറൊരു അവസ്ഥയിൽ എത്തിയതായി തോന്നും. അപ്പോൾ ശരീരത്തെ വേർപെടുത്തി ഉയർത്തുന്നതായി സങ്കൽപ്പിക്കണം. എന്നാൽ ശരിയായ ശരീരം അനങ്ങുകയുമരുത്.

തുടർക്രിയകൾക്ക് ശക്തമായ മനോബോധ്യം വേണം. ഇല്ലെങ്കിൽ മനോനില തെറ്റും. ചികിത്സയെന്നും ഫലിക്കാതെ വരാം. പല സാധനകൾക്ക് ശേഷം ശരീരത്തിനകത്ത് തീപ്പൊള്ളലേറ്റതായി തോന്നും. ചെവിയിൽ എന്തോ ഇരമ്പും.

മുറിയ്ക്കകമാകെ ഗൂഢത തങ്ങിനിൽക്കും. അഗാധഗർത്തത്തിലേക്കും കൊടുമുടി തുമ്പിലേക്കും മാറിമാറി പോകുന്നതായി അനുഭവപ്പെടും. ഈ അവസ്ഥയിൽ വലിയ ഭയം അനുഭവപ്പെടും. കൂരിരുട്ടിൽ നടുക്കടലിൽ ഒറ്റപ്പെട്ട പോലെ. ഭയപ്പെടരുത്. കരയരുത്. അങ്ങനെ ചെയ്താൽ ഭ്രാന്തായിപ്പോകും.

ഈ ദുരിതങ്ങളിലൂടെ കടന്നുപോയാൽ പിന്നീടെത്തുക ശരീരത്തിന് ഭാരമില്ലാത്ത അവസ്ഥയിലാകും. കണ്ണ് തുറന്നാൽ ചുറ്റിലും നിറങ്ങളുടെ ഘോഷയാത്ര... സ്വശരീരത്തെ മുകളിൽ നിന്ന് കാണാം. മൃതദേഹം പോലെ തോന്നും. പക്ഷേ മരിച്ചെന്ന് കരുതി സങ്കടപ്പെടരുത്. പതിയെ സ്വന്തം ശരീരത്തിൽ നിന്ന് നീങ്ങാനാവും. ചുറ്റുമുള്ള ലോകത്തേക്ക് പാറിപ്പറക്കാം. എവിടെയും പോകാം. ആരെയും കാണാം. ഞാൻ ഒരിക്കൽ കൂടി പറയുന്നു നല്ല മനോധൈര്യം ഉണ്ടെങ്കിൽ മാത്രം ഇത് തുടർന്നാൽ മതി.

ഓരോ വാക്കുകളും ഞാൻ സൂക്ഷ്മമായി കേട്ടു. അവൻ പറഞ്ഞതു പോലെ മലർന്നുകിടന്നു. ശരീരത്തിലെ എല്ലാപേശികളെയും ഞാൻ തളർത്തി. യാതൊരു ബോധവുമില്ലാത്ത അവസ്ഥയിൽ അങ്ങനെ കിടന്നു. അവൻ എന്റെ ചെവിയിൽ പതുക്കെ ഒരു മന്ത്രം ചൊല്ലി.

“ഓം ക്രൂഹ്, ഇന്ദ്രയാ നമഃ, ഓം ക്രൂഹ് ബ്രിഹസ്പതായ നമഃ”
ഇത് ആവർത്തിച്ച് എന്നോട് ചൊല്ലാൻ പറഞ്ഞു..
ഞാൻ രണ്ടോ മൂന്നോ തവണ ചൊല്ലി. ഞാൻ ഒരു ഉറക്കത്തിലേക്ക് അങ്ങനെ പോയി. എന്റെ ചുറ്റിലും ആരുമില്ല... ഞാൻ പൂർണ്ണമായും ഉറക്കത്തിലേക്ക്...

ഞാൻ കണ്ണ് തുറന്നപ്പോൾ എന്റെ മുന്നിൽ ഒരു ചോരപ്പുഴ.ആ ചോര നിറം ക്രമേണ കറുത്ത് കറുത്ത് കറുത്ത ഒരു തോടായി മാറി. റോഡിനരികിൽ ഞാൻ അയാളെ ഒരുതവണ കൂടി കണ്ടു...ഇട്ടിക്കോര!

“ഇട്ടിക്കോര, ഞാൻ എന്താണ് ഈ കേൾക്കുന്നതൊക്കെ? താങ്കൾ ഒരു ദുരാത്മാവ് ആണോ? എന്നിൽ നിന്നും എന്തെങ്കിലും ലക്ഷ്യം നേടാൻ ഉണ്ടോ? എന്തിനാണ് എന്നെ തന്നെ താങ്കൾ നിയോഗിച്ചത്?”

ഇട്ടിക്കോര എന്റെ അടുത്തു വന്നു ചിരിച്ചു.
ശാന്തമായി സാവധാനത്തിൽ പറഞ്ഞു.

“താങ്കളുടെ സുഹൃത്തിൽ നിന്നും എന്നെപ്പറ്റി കേട്ട എല്ലാ കാര്യവും സത്യമാണ്. ഞാൻ ദുരാത്മാവാണ്. താങ്കൾ ഞങ്ങളുടെ ലോകത്തിലേക്ക് വരുന്നു എന്നാണ് ഞാൻ ആദ്യം കരുതിയിരുന്നത്. എന്നാൽ ആംബ്രോസിനെ കാണുന്നതിനു തൊട്ടുമുന്നേ എനിക്ക് മനസ്സിലായി താങ്കൾ തിരിച്ച് പോവുകയാണെന്ന്.

അതു കൊണ്ടുതന്നെ എനിക്ക് താങ്കളോട് ചിലത് പറയാൻ സാധിക്കാതെ പോയി. ഞാനൊരു അന്വേഷണത്തിലാണ്. നിങ്ങൾക്കെന്നെ സഹായിക്കാൻ സാധിക്കുമോ? കൊച്ചി രാജകുടുംബത്തിന്റെ കൈവശം 5000 വർഷത്തോളം പഴക്കമുള്ള ചെമ്പോലകൾ ഉണ്ടായിരുന്നു. ചോള, പാണ്ട്യ, ചേര രാജാക്കന്മാർ കാലം തൊട്ടുള്ളതാണ് ഈ ചോമ്പോലകൾ.

കൈവശാവകാശം കൈമാറിയപ്പോൾ എങ്ങനെയോ കൊച്ചി രാജകുടുംബത്തിന്റെ കയ്യിൽ വന്നുപെട്ടതാണ്. പിന്നീട് ഈ ചെമ്പോലകൾ ആർക്കും കിട്ടാതിരിക്കാൻ വേണ്ടി അവർ അത് നിധി കൂടത്തിനുള്ളിൽ ഒളിപ്പിച്ചു വെച്ചത്.

അത് എവിടെയാണെന്ന് ആർക്കുമറിയില്ല. വർഷങ്ങളായി ഞാൻ ഇതിനുവേണ്ടി പ്രയത്നിക്കുന്നു. ഇതിനുവേണ്ടി മാത്രമാണ് ഞാൻ മലയരയന്മാരുടെ അടുത്ത് പോയത്.

കബ്ബല്ല പരിശീലനം ചെയ്തത്. ഏതെങ്കിലും മരണപ്പെട്ട വ്യക്തിയുടെ ശരീരത്തിലേക്ക് കയറണം. ആ വ്യക്തിയായി മാറി ഈ രഹസ്യത്തെ അന്വേഷിക്കണം. ആ ചെമ്പോലകളിൽ വളരെ പുരാതനമായ ഒരുപാട് രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ട്. അതൊന്നും നശിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പാണ്. അതെങ്ങനെയെങ്കിലും നേടിയെടുക്കണം.

ജീവിച്ചിരിക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ എന്നെ അതിൽ സഹായിക്കാൻ പറ്റുള്ളൂ. അല്ലെങ്കിൽ കുറേക്കൂടി ജ്ഞാനിയായ ഒരു വ്യക്തി അദ്ദേ

ഹത്തിന്റെ ആത്മാവ് ശരീരം ഒഴിഞ്ഞ് പോകുന്ന സമയം എനിക്ക് ഉപകാര പ്പെടുത്താൻ സാധിക്കും.

പക്ഷേ, ഇന്നുവരെ അങ്ങനെ ഒരു വ്യക്തിയെ കണ്ടെത്താൻ എനിക്ക് സാധിച്ചിട്ടില്ല. ചെമ്പോലകൾ കൈയിൽ എത്തിയാൽ കുറെ കാര്യങ്ങൾ കൂടി എനിക്ക് ഈ ഭൂമിയിൽ നിന്നും നേടിയെടുക്കാൻ സാധിക്കും. താങ്കൾ എന്നെ വെറുതെ സഹായിക്കണ്ട.

താങ്കൾക്കും താങ്കളുടെ കുടുംബത്തിനും ബന്ധുമിത്രാദികൾക്കും ഒക്കെ രക്ഷപ്പെടാനുള്ളത്ര നിധി ഞാൻ കാണിച്ചു തരാം. പലയിടങ്ങളിലായി കാപ്പിരികളാൾ സംരക്ഷിക്കപ്പെട്ടു പോകുന്ന ഈ നിധികുംഭങ്ങൾ കൊച്ചിയിൽ ഇപ്പോഴുമുണ്ട്.

അവ എവിടെയൊക്കെയാണ് എന്നും എങ്ങനെയൊക്കെ കരസ്ഥമാക്കാമെന്നുമുള്ള വിദ്യ ഞാൻ പറഞ്ഞു തരാം. പകരം എനിക്ക് ഈ സഹായം ചെയ്തു തന്നേ പറ്റൂ... അതിനാണ് ഞാൻ താങ്കളുടെ ആത്മാവുമായി കൂട്ടുപിടിച്ചത്. ഒരു കാര്യം കൂടി പറയാനുണ്ട്. ഇപ്പോൾ സൂക്ഷ്മ സഞ്ചാരത്തിനു വേണ്ടി താങ്കളെ സഹായിക്കുന്ന കൂട്ടുകാരനോട് പോലും എന്റെ ലക്ഷ്യത്തിലേക്ക് നമ്മൾ എത്തുന്നതുവരെ ഇതാണ് ലക്ഷ്യം എന്ന് പറയരുത്.

ഞാനും താങ്കളും മാത്രമറിയാവുന്ന ഒരു രഹസ്യം ആയിരിക്കണം ഇത്. ചെമ്പോലകൾ എന്റെ കയ്യിൽ കിട്ടിയതിനുശേഷം അതിലെ രേഖകൾ എന്തൊക്കെയാണെന്ന് എനിക്കും മനസ്സിലാക്കാൻ സാധിച്ചതിനു ശേഷം, നിധിയെടുക്കാൻ ഞാൻ താങ്കളെ സഹായിക്കാം.

നിധി കിട്ടിക്കഴിഞ്ഞാൽ പിന്നീട് എപ്പോഴെങ്കിലും എന്റെ ലക്ഷ്യസ്ഥാനത്തിന്റെ കാര്യങ്ങളെ പറ്റിയോ താങ്കൾക്ക് നിധി കിട്ടിയതിനെപ്പറ്റിയോ താങ്കൾക്ക് വേണമെങ്കിൽ പറയാം. ഈ നിബന്ധന അംഗീകരിക്കാമെങ്കിൽ നമുക്ക് ഇതുമായി മുന്നോട്ടു പോകാം. അല്ലെങ്കിൽ താങ്കൾക്ക് തിരിച്ച് ജീവിതത്തിലേക്ക് പോകാം."

ഇട്ടിക്കോരയുടെ മുഖത്തുനോക്കി പറ്റില്ല എന്ന് പറയാൻ തോന്നിയില്ല. എന്റെ മൗനത്തെ വളരെ സംശയത്തോടുകൂടിയാണ് ഇട്ടിക്കോര വീക്ഷിച്ചത്.

"ഞാൻ ശ്രമിക്കാം, പക്ഷേ എനിക്ക് കുറച്ച് സമയം വേണം."
ഞാൻ പറഞ്ഞു.

"ശരി... ഞാൻ അംഗീകരിക്കുന്നു.
നമുക്കിനി താങ്കൾ പറയുന്ന വേളയിൽ മാത്രം കാണാം.
അതുവരെ എന്നെ കാണില്ല."

ഇട്ടിക്കോര ഇത് പറഞ്ഞ് അപ്രത്യക്ഷമാകാൻ തുടങ്ങുമ്പോൾ അദ്ദേഹത്തിന്റെ പുറകിലായി ഒരുപാട് ദുരാത്മാക്കളുടെ രൂപം... മുഖം വ്യക്തമാകാത്ത ആ രൂപങ്ങൾ എന്നെ നോക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. ഇട്ടിക്കോരയും ആത്മാക്കളും പോയി.

വീണ്ടും ആ കറുത്ത വെള്ളം മുന്നിലേക്ക് പ്രത്യക്ഷപ്പെട്ടു. പിന്നീട് അത് ചുവന്ന ഒരു പുഴയായി അവശേഷിച്ചു. കണ്ണുകൾ അടച്ചു... പതുക്കെ

ഞാൻ കണ്ണുകൾ തുറന്നുപ്പോൾ. മുറിയിൽ വെളുത്ത പ്രകാശം. തൊട്ടടുത്തായി എന്നെ മാത്രം നോക്കിനിന്ന പ്രശാന്തിനെ കണ്ടു. പതുക്കെ എണീറ്റിരുന്നു. അവനെ നോക്കി. ഞാൻ എന്താണ് പറയാൻ പോകുന്നതെന്ന് ആകാംക്ഷയോടെ നോക്കി.

"ശരി... ആരോടും പറയണ്ട. നമുക്ക് ഇതുമായി മുന്നോട്ടു പോകാം. എനിക്ക് കുറച്ച് ലക്ഷ്യങ്ങളുണ്ട്... ആ ലക്ഷ്യത്തിനുവേണ്ടി എന്നെ നീ സഹായിക്കണം. ആ ലക്ഷ്യം എന്താണെന്നോ, എന്തിനാണെന്നോ എന്നോട് ചോദിക്കരുത്. പണത്തിനോട് ആർത്തിയുള്ള ആളല്ല നീ എന്നെനിക്കറിയാം. എങ്കിലും, നമുക്കെന്തെങ്കിലും ഗുണം ഉണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നുണ്ട്."

പ്രശാന്ത് ചിരിച്ചു,

ആരോ ഡോറിൽ മുട്ടി. പ്രശാന്ത് വാതിൽ തുറന്നു. അത് ആ നേഴ്സ് ആയിരുന്നു. നിങ്ങൾ ഉടനെ പുറത്തു പോകണമെന്നും വേറെ നേഴ്സുമാർ ആരെങ്കിലും വന്നാൽ ബുദ്ധിമുട്ടാകുമെന്നും ആ നേഴ്സ് അവനോട് പറഞ്ഞു.

അവൻ പുറത്തേക്ക് പോയി.

ഞാൻ വീണ്ടും ഉറങ്ങാൻ കിടന്നു. ലൈറ്റണക്കാൻ എന്തോ പേടി തോന്നുന്നു. ആരൊക്കെയോ എന്നെ സഹായിക്കാനുണ്ടെന്ന് തോന്നലിന്റെ പുറത്ത് മാത്രം ലൈറ്റണച്ചു.

ഉറക്കത്തിലേക്ക് പോയപ്പോൾ ആരോ എന്റെ ചെവിയിൽ മന്ത്രിക്കുന്നതുപോലെ തോന്നി. അവ്യക്തമായിരുന്നെങ്കിലും ചില കാര്യങ്ങൾ എന്റെ ചെവിയിൽ തങ്ങി നിന്നു.

"ഒരാളുടെയും സഹായമില്ലാതയല്ലേ നമ്മൾ കണ്ടതും പരിചയപ്പെട്ടതും. പിന്നെ എന്തിനായിരുന്നു നമുക്കിടയിൽ മൂന്നാമതൊരാളെ കൊണ്ടുവരേണ്ടിയിരുന്ന കാര്യം?... ആരുടെയും സഹായമില്ലാതെ തന്നെ നമ്മുക്ക് തമ്മിൽ കാണാൻ സാധിച്ചതല്ലേ?

നമുക്കിടയിൽ മൂന്നാമതൊരാൾ നിങ്ങൾക്ക് ഇനി അയാളുടെ സഹായമില്ലാതെ എന്നെ കാണാൻ സാധിക്കില്ല എന്ന തോന്നൽ വന്നുകൊണ്ടിരിക്കും. അതുകൊണ്ടുതന്നെ അയാളുടെ സഹായമില്ലാതെ എനിക്ക് നിങ്ങളെയോ, നിങ്ങൾക്ക് എന്നെയോ കാണാൻ ഇനി സാധിക്കുമെന്ന് തോന്നുന്നില്ല..."

ഞാൻ ഉടനെ ചാടി എണീറ്റു. കാലുകൾ ആകെ തരിച്ചിരിക്കുന്നു. തലയിൽ രക്തയോട്ടം നിലച്ചതുപോലെ...വശം തിരിഞ്ഞു കൊണ്ടതാകണം മുഖത്തും കൈകളിലും വല്ലാത്ത തരിപ്പ്... ഞാൻ അങ്ങനെ ഇരുന്ന് വലം കൈകൊണ്ട് മുഖം തടവിനോക്കി. വലം കൈകൊണ്ട് തന്നെ ഇടംകൈയും തൊട്ടുനോക്കി... പ്രത്യേകിച്ച് പ്രശ്നങ്ങളൊന്നും തോന്നിയില്ല. വീണ്ടു ഞാൻ കിടന്നു. ഉറങ്ങാൻ കഴിയുമോ എന്നുറപ്പില്ല. എങ്കിലും അങ്ങനെ തന്നെ കിടന്നു.

രാവിലെ നേഴ്സ് വന്ന് ഗുളിക തന്നപ്പോഴാണ് എണീറ്റത്. ഇപ്പോൾ എനിക്ക് പഴയതിനേക്കാളും ഭേദം തോന്നുന്നുണ്ട്. ഒരുപക്ഷേ ഇന്നോ നാളെയോ എന്നെ ഡിസ്ചാർജ് ചെയ്യുമെന്നോ സാധാരണ റൂമിലേക്ക് മാറ്റുമെന്നോ കരുതുന്നു.

ഡോക്ടർ റൗണ്ട്സിന് വന്നു. യൂറിൻ ട്യൂബ് റിമൂവ് ചെയ്യാനും എന്നെ ബൈസ്റ്റാൻഡറുടെ റൂമിലേക്ക് തന്നെ മാറ്റാനും. നേഴ്സിനോട് നിർദ്ദേശിച്ചു.

ഡോക്ടർ പറഞ്ഞതുപോലെ എന്നെ റൂമിലേക്ക് മാറ്റാൻ കമ്പോണ്ടർ വന്നു. സാധാരണ വസ്ത്രം ധരിപ്പിച്ചു. വീൽചെയറിൽ ഇരുത്തി കൊണ്ടുപോവുകയായിരുന്നു. എന്റെ പുറകിൽ കമ്പൗണ്ടറിനെ കൂടാതെ മറ്റ് ആരോ കൂടിയുണ്ട് എന്ന് എനിക്ക് വല്ലാതെ തോന്നി. രണ്ടുതവണ ഞാൻ തിരിഞ്ഞു നോക്കി.

കമ്പൗണ്ടർ എന്നോട് ചോദിച്ചു

"എന്ത്പറ്റി"

ഒന്നുമില്ലെന്ന് തല കൊണ്ട് ആംഗ്യം കാണിച്ചു. മുറി എത്തുന്നതുവരെ എന്റെ കൂടെ മാറ്റാരോ ഉണ്ടെന്ന തോന്നലായിരുന്നു മനസ്സിൽ.

റൂമിൽ ഉമ്മ ഉണ്ട്. ചെറിയ കുട്ടിയുള്ളത് കൊണ്ട് ഷാഹിന വീട്ടിൽ തന്നെയായിരുന്നു. ഉമ്മയുള്ളപ്പോൾ അവൾക്കും അവൾ ഉള്ളപ്പോൾ ഉമ്മയ്ക്കും വരാൻ പറ്റില്ലാ.

ഞാൻ ബെഡിലേക്ക് കിടന്നു. ഇപ്പോൾ വേദനയ്ക്കും തലയിലെ തരിപ്പിനും വല്ലാത്ത ആശ്വാസമുണ്ട്. പ്രതീക്ഷിച്ചതുപോലെ ഇന്നോ നാളെയോ പോകാൻ പറ്റുമായിരിക്കും.

ഇൻഷുറൻസ് കാർഡ് ഉള്ളതുകൊണ്ട് അതിന്റെ ഫോർമാലിറ്റീസ് ഒക്കെ ചെയ്യേണ്ടത് മാത്രമേ ഒരു പ്രശ്നമായി തോന്നിയുള്ളൂ. ഞാൻ കണ്ണുകളടച്ച് കിടന്നു.

## ഭാഗം പത്ത്

മുറിയിലെ കസേരയിൽ ആരോ ഇരിക്കുന്നത് പോലെ തോന്നിയിട്ടാണ് ഞാൻ കണ്ണുതുറന്നു നോക്കുന്നത്. ആരും ഉണ്ടായിരുന്നില്ല. ഉമ്മയെ കാണുന്നില്ല. ഞാൻ ചുറ്റും കണ്ണോടിച്ചു. പക്ഷേ, കസേരയിൽ ആരോ ഇരിന്നിരുന്നത് പോലെ എനിക്ക് അനുഭവപ്പെട്ടിരുന്നു. ഞാൻ വീണ്ടും കണ്ണുകൾ അടച്ചു. റൂമിലെ ഓരോ അനക്കവും അറിയുന്നതിന് വേണ്ടി. ചെവി കൂർപ്പിച്ചുവെച്ചു... ഒന്നുംതന്നെ കേട്ടില്ല. ഉമ്മ വന്നു.

ഞാൻ ഉമ്മയോട് ചോദിച്ചു.
"ഉമ്മാ ഇപ്പോ ആരെങ്കിലും വന്നോ ഇവിടെ?"
"ഇല്ലല്ലോ മോനെ"

എനിക്ക് എന്തോ പന്തികേട് തോന്നി. കുറച്ചുനേരം കിടന്നുറങ്ങി. പിന്നീട് എത്രമണിക്കാണ് എണീറ്റതെന്ന് എനിക്കറിയില്ല.

"ഭക്ഷണം കഴിക്കേണ്ടേ"
എന്ന ഉമ്മയുടെ ചോദ്യമാണ് ഉണർത്തിയത്.
ഭക്ഷണം കഴിക്കാൻ എണീറ്റിരുന്നു. ആരോ എന്റെ അടുത്തിരിക്കുന്നത് പോലെ എനിക്ക് അപ്പോഴും തോന്നലുണ്ടായിരുന്നു. പക്ഷേ ആരാണെന്ന് എനിക്കറിയാൻ കഴിയുന്നില്ല. കഴിച്ചുകൊണ്ടിരുന്നപ്പോൾ പ്രശാന്ത് കയറി വന്നു. ഞാൻ ഉടനെ ഭക്ഷണം കഴിക്കുന്നത് നിർത്തി ഉമ്മയോട് പറഞ്ഞു.

"ഉമ്മ വേണമെങ്കിൽ പൊയ്ക്കോളൂ ഇപ്പോൾ പ്രശാന്ത് ഉണ്ടല്ലോ! രാത്രി ഇക്കാക്കയോട് വരാൻ പറഞ്ഞാൽ മതി"
ഉമ്മ ആദ്യം പോകാൻ തയ്യാറായില്ലെങ്കിലും പിന്നീട് ഒരാൾ ഉണ്ടല്ലോ

എന്ന സമാധാനത്തിൽ പോയി. എന്നെ ആരോ പിന്തുടരുന്നുണ്ടെന്നും, ആരൊക്കെയോ വീക്ഷിക്കുന്നുണ്ടുന്നും ഞാൻ പ്രശാന്തിനോട് സൂചിപ്പിച്ചു.
"ഞാൻ ആദ്യമേ പറഞ്ഞില്ലേ... നല്ല മനോധൈര്യം വേണം. ഒട്ടും പേടിക്കാനും പാടില്ല. സ്വന്തം ആത്മാവിൽ മാത്രം വിശ്വസിക്കുക." പ്രശാന്ത് പറഞ്ഞു.

ഭക്ഷണം കഴിച്ചതേ ഉണ്ടായിരുന്നുള്ളു. പക്ഷെ അവൻ വാതിൽ കുറ്റിയിട്ടു.

"ഇപ്പോൾ നേഴ്സുമാർ ആരെങ്കിലും വന്നാലോ?"-ഞാൻ ചോദിച്ചു.
"ആരും വരില്ല. അതെല്ലാം ഞാൻ ഏർപ്പാട് ചെയ്തിട്ടാണ് ഇങ്ങോട്ട് കേറിയത്. നീ എങ്ങനെയാണ്... ഓക്കെയാണോ? ഇപ്പോൾ ചെയ്യണോ? ഹോസ്പിറ്റലിൽ നിന്നും ഇറങ്ങിയതിനു ശേഷം സാവകാശത്തിൽ തുടങ്ങിയാൽ മതിയോ?"

"ഇവിടെ നിന്നും ഇറങ്ങി സാവകാശം മതി കാര്യങ്ങൾ. പക്ഷേ എനിക്കിപ്പോൾ ഇട്ടിക്കോരയോട് ഒരു അത്യാവശ്യകാര്യം ചോദിക്കാനുണ്ട്. അതിനു ശേഷം ഇനി അടുത്തൊന്നും ഇത് ചെയ്യണ്ട. ഹോസ്പിറ്റലിൽ നിന്നും ഇറങ്ങി ആരോഗ്യസ്ഥിതി കുറച്ചൊക്കെ മെച്ചപ്പെട്ടിട്ട് ചെയ്തുതീർക്കേണ്ടതായ ചില കാര്യങ്ങളുണ്ട്. എന്തൊക്കെയാണെന്ന് ഇപ്പോൾ എനിക്ക് നിന്നോട് പറയാൻ പ്രയാസമുണ്ട്. കുറേ കാര്യങ്ങൾ നിന്നോട് പറയാനുണ്ട്. ഘട്ടം ഘട്ടമായി പറയാം.... അതിനേ തൽക്കാലം നിർവാഹമുള്ളൂ."

"നിനക്കെന്നെ അറിയാലോ, നിന്റെ ഏത് സാഹചര്യത്തെയും തരണം ചെയ്യാൻ ഞാൻ സദാ കൂടെ ഉണ്ടെന്ന്."

ഞാൻ കഴിഞ്ഞ ദിവസം കിടന്നത് പോലെ കിടന്നു. സൂക്ഷ്മ സഞ്ചാരത്തിന് തയ്യാറെടുത്തു കഴിഞ്ഞിരുന്നു. അവൻ ആ പാനീയം വീണ്ടും തന്നു. ഇത്തവണ ഭസ്മം കുറച്ചു കൂടുതലുണ്ടെന്ന് എനിക്ക് തോന്നി.

ഞാനവനോട് ചോദിച്ചു
"ഭസ്മം വയറ്റിൽ ചെന്നാൽ എന്തെങ്കിലും തരത്തിൽ പ്രശ്നമാകില്ലേ?"

"പ്രശ്നമാകും... പക്ഷേ നീ ഉദ്ദേശിക്കുന്നത് പോലെ ഒരുപാട് ഭസ്മം ഒന്നും ഇതിൽ ചേർക്കാറില്ല. നീ ഏതായാലും ഇത് കുടിക്കൂ"

ഒറ്റ വലിക്ക് ഞാൻ കുടിച്ചു. കഴിഞ്ഞദിവസം കുടിച്ചത് പോലെ ആയിരുന്നില്ല എന്തൊക്കെയോ ചെറിയ ബുദ്ധിമുട്ടുകൾ എനിക്ക് അനുഭവപ്പെട്ടു. മലരിന്റെ അംശം എനിക്ക് കിട്ടിയതായി തോന്നിയിരുന്നു. എന്റെ ശരീരം സൂക്ഷ്മ സഞ്ചാരത്തിന് പാകപ്പെട്ടിരുന്നു. അവൻ ചെവിയിൽ തന്ന പഴയ ആ മന്ത്രം ഞാൻ ഒന്ന് രണ്ട് ആവർത്തി ചൊല്ലിയിട്ടും എന്റെ ബോധം നഷ്ടപ്പെട്ടിരുന്നില്ല. കുറെ തവണ ആവർത്തിച്ചതിന് ശേഷമാണ് ബോധംമറയാൻ തുടങ്ങിയത്. എന്റെ ഉപബോധമനസ്സാണ് ഇനി പ്രവർത്തിക്കുക.

തെളിഞ്ഞ ആകാശം. ഒരു വലിയ വൃക്ഷം വൃക്ഷത്തിന് ചുവട്ടിലായി ഒരു വലിയ കൽവിളക്ക്. തിരികൊളുത്തിയിട്ടില്ല. ഞാൻ വിളക്കിന് അഭിമുഖമായി നിൽക്കുകയാണ്. മരത്തിന് പിറകിൽ നിന്നായി ഇട്ടിക്കോര ചിരി

ച്ചുകൊണ്ട് എന്റെ അടുക്കലേക്ക് വന്നു.

“ഞാൻ പറഞ്ഞതല്ലേ, എന്തിനായിരുന്നു നമുക്കിടയിൽ മൂന്നാമതൊരാൾ. അല്ലാതെ തന്നെ എനിക്ക് നിന്നെയും നിനക്കെന്നെയും കാണാൻ സാധിക്കുമായിരുന്നല്ലോ? ഇപ്പോൾ മറ്റൊരാളുടെ സഹായം കൂടാതെ നിനക്കെന്നെ കാണാൻ പറ്റില്ല, എന്ന അവസ്ഥയിലേക്ക് എത്തിയില്ലേ?”

“അപ്പോൾ താങ്കൾ ആയിരുന്നല്ലേ എന്റെ ചെവിയിൽ മന്ത്രിച്ച് കൊണ്ടിരുന്നത്. വേറെ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നല്ലോ... എന്താണെന്ന് നെനിക്ക് വ്യക്തമായിരുന്നില്ല. മൂന്നാമതൊരാളുടെ സഹായമില്ലാതെ എനിക്കിനി താങ്കളെ കാണാൻ പറ്റും എന്നുള്ള വിശ്വാസം എന്റെ ഉള്ളിൽ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇട്ടിക്കോരാ, എനിക്ക് കുറച്ചു സാവകാശം തരണം. താങ്കൾ എപ്പോഴും എന്നെ പിന്തുടരുന്നു എന്ന് എനിക്കെപ്പോഴും തോന്നുന്നു.”

“എന്നെ എന്തിന് നിങ്ങൾ പേടിക്കണം. ഞാൻ എന്നെങ്കിലും നിങ്ങളെ ഉപദ്രവിക്കാൻ തയ്യാറായിട്ടുണ്ടോ? നിങ്ങളുടെ സൂക്ഷ്മ സഞ്ചാരത്തിന് സഹായിക്കുന്ന സുഹൃത്തിനോട് എങ്ങനെയാണോ പെരുമാറുന്നത്, അതുപോലെ തന്നെ എന്നോടും പെരുമാറിയാൽ മതി.

ഞാൻ പുറകിൽ ഉണ്ടെന്ന് തന്നെ ഇരിക്കട്ടെ, എന്തിനാണ് എന്നെ പേടിക്കുന്നത്. മൂന്നാമതൊരാളുടെ സഹായമില്ലാതെ തന്നെ നിങ്ങൾക്കെന്നെ കാണാമായിരുന്നു... സംസാരിക്കാമായിരുന്നു. കാരണം അത്തരമൊരു കഴിവ് ഉണ്ടായിരുന്നത് നിങ്ങൾ തിരിച്ചറിയാതെ പോയതാണ്.

ഇനിയും നിങ്ങൾ ശ്രമിച്ചാൽ ആ കഴിവ് ആർജ്ജിക്കാം. നിങ്ങളുടെ മനസ്സാണ് അത് നിർണ്ണായിക്കുന്നത്.അതിനിനി കുറച്ച് സമയമെടുത്തേക്കും. എങ്കിലും നിങ്ങൾക്കതിന് കഴിയും. എന്നെ പൂർണ്ണമായും വിശ്വാസമുണ്ടെങ്കിൽ മാത്രം ഞാൻ മുന്നോട്ടുവച്ച ദൗത്യത്തിലേക്ക് ഇറങ്ങിയാൽ മതി. ഞാൻ നിങ്ങൾക്ക് നിധി തരാതെ, എന്റെ ലക്ഷ്യം നേടിയതിനു ശേഷം കബളിപ്പിക്കുമെന്ന് കരുതുന്നുണ്ടോ?”

“അർഹമല്ലാത്ത ഒന്നും എനിക്ക് വേണ്ട ഇട്ടിക്കോര. നിധി, സ്വർണ്ണം, പണം എന്നൊക്കെ പറഞ്ഞാൽ ഞാൻ ഒരുപക്ഷേ താങ്കൾ പറയുന്നതെന്തും കേൾക്കുമെന്നും, അതൊക്കെ ചെയ്തുതരുമെന്നൊക്കെ വിലയിരുത്തരുത്. പണം മനുഷ്യൻ ആവശ്യമുള്ള ഒന്നുതന്നെയാണ്. പക്ഷെ വിവിധ സാമ്രാജ്യങ്ങൾ കൈകാര്യം ചെയ്തുപോന്ന ചെമ്പോലകൾ താങ്കൾക്ക് കിട്ടിയിട്ട് എന്ത് നിഗൂഢരഹസ്യമാണ് അറിയാനുള്ളത്. അതുകൊണ്ട് ദുരാത്മാവായ താങ്കൾക്ക് എന്താണ് നേട്ടം? എന്നിൽ വിശ്വാസമുണ്ടെങ്കിൽ ഇതൊക്കെ പറഞ്ഞുതന്നിട്ട് മതി നമ്മുടെ ദൗത്യത്തിലേക്ക് കടക്കാൻ.”

“അതൊക്കെ ഞാൻ നിങ്ങൾക്ക് ഘട്ടംഘട്ടമായി പറഞ്ഞു തരാം. ഒന്നും എന്റെ വ്യക്തിപരമായ നേട്ടത്തിനു വേണ്ടിയാണെന്ന് ധരിക്കരുത്. നിങ്ങൾ സാവകാശം വേണമെന്നല്ലേ പറഞ്ഞത്. ആവിശ്യമുള്ള സാവകാശം എടുത്തുകൊള്ളൂ. എല്ലാം ഒരുമിച്ച് നിങ്ങളോട് പറഞ്ഞു തരാൻ എനിക്കൽപ്പം ബുദ്ധിമുട്ടുണ്ട്.

ഈ ലക്ഷ്യം എന്തിനുവേണ്ടിയാണ് എന്നുള്ളത് പിന്നീട് പറഞ്ഞു

തരാം. ഞാൻ പറഞ്ഞുവല്ലോ... നിങ്ങൾക്ക് ഭൗതികവും ആത്മീയവുമായ ജീവിതത്തിന് ഫലപ്രദമായ നേട്ടമുണ്ടാകും. നിങ്ങൾ തിരികെ പൊയ്ക്കോളൂ. നിങ്ങളുടെ ശരീരം സൂക്ഷ്മസഞ്ചാരത്തിന് ഇപ്പോൾ അനുയോജ്യമല്ല. സുഹൃത്തിന്റെ സഹായമില്ലാതെ തന്നെ നമുക്ക് കാണാൻ സാധിക്കാവുന്ന സംവിധാനത്തിലേക്ക് നിങ്ങളെ ഞാനെത്തിക്കാം. നിങ്ങളുടെ സുഹൃത്ത് ഒരു നിഗൂഢ സ്വഭാവമുള്ളവനാണ്. ഒരുപക്ഷേ അയാളും നമ്മുടെ ദൗത്യത്തിന്റെ രഹസ്യം അന്വേഷിച്ചുള്ള യാത്രയിൽ ആയിരിക്കും."

"ഒരിക്കലുമല്ല. താങ്കൾക്ക് അവനെ വേണ്ടത്ര പരിചയമില്ലാത്തതുകൊണ്ടാണ്. അവൻ എന്നോട് വലിയ സ്നേഹമുള്ളവനാണ്. എന്റെ അവസ്ഥ മനസ്സിലാക്കിയപ്പോൾ എന്നെ സഹായിക്കാൻ വന്നതാണവൻ"

"നിങ്ങൾ പറഞ്ഞത് നിങ്ങളുടെ അനുഭവത്തിൽ നിന്നു കൊണ്ടായിരിക്കാം. എന്നാൽ അനുഭവത്തേക്കാളുപരി എല്ലാ മനുഷ്യരിലും എന്തെങ്കിലുമൊക്കെ ഒരു നിഗൂഢത ഒളിഞ്ഞിരിക്കും. ആരും ആരെയും തിരിച്ചൊന്നും പ്രതീക്ഷിക്കാതെ സഹായിക്കില്ല. ലോകം ഉണ്ടായ കാലം മുതലേ അത് അങ്ങനെ തന്നെയാണ്. നിങ്ങളുടെ കൂട്ടുകാരന്റെ നിങ്ങൾക്കറിയാത്ത ഒരു രഹസ്യം ഞാൻ പറഞ്ഞു തരട്ടെ. ഉടനെ അവനോട് അതിനെപ്പറ്റി ചോദിക്കരുത്. ഏതെങ്കിലും ഒരു അവസരത്തിൽ നിങ്ങൾ എവിടെ നിന്നെങ്കിലും അറിഞ്ഞെന്ന നിലയിൽ പറഞ്ഞാൽ മതി.

മൈനാഗക്ഷേത്രത്തിനരികിൽ രക്തക്കല്ലു കൊണ്ടുള്ള ഒരു വിഗ്രഹത്തിനടിയിൽ മരതകം ഒളിപ്പിച്ചുവെച്ചതായി ഇവൻ അറിഞ്ഞിരുന്നു. അത് നേടിയെടുക്കാൻ ഇവൻ ശ്രമിച്ചതായി എനിക്കറിയാം."

ഞാൻ കുറച്ചു അത്ഭുതപ്പെട്ടു. എങ്ങനെയാണ് പ്രശാന്തിന്റെ കാര്യങ്ങളൊക്കെ ഇട്ടിക്കോര അറിയുന്നത്. അല്ലെങ്കിൽ തന്നെ പ്രശാന്തിനെ എങ്ങനെയാണ് ഇട്ടിക്കോരയ്ക്ക് പരിചയം. ദുരാത്മാവായതുകൊണ്ട് എല്ലാവരെയും പറ്റിയുള്ള അറിവുകൾ ഇട്ടിക്കോരയ്ക്ക് ലഭിച്ചു കാണുമായിരിക്കും.

ഞാൻ പ്രശാന്തിനെ കുറിച്ച് ഇട്ടിക്കോരയോട് എനിക്കറിയാവുന്നത് പറഞ്ഞു തുടങ്ങി.
"അങ്ങനെ പണത്തിന്റെയോ, രത്നത്തിന്റെയോ, നിധിയുടെയോ പുറകിൽ പോകുന്നവനല്ല അവൻ. പക്ഷേ, നിങ്ങൾ കള്ളം പറയില്ലയെന്നും ഞാൻ ഉറച്ചു വിശ്വസിക്കുന്നു. മുൻപ് അവൻ അങ്ങനെ ആയിരുന്നിരിക്കാം. ഇപ്പോൾ അവനിൽ വലിയ മാറ്റങ്ങൾ ഞാൻ കാണുന്നുണ്ട്."

ഇട്ടിക്കോര എന്നോട് തർക്കിക്കാൻ നിൽക്കാതെ പറഞ്ഞു.
"യാതൊരു കാരണവശാലും നമ്മുടെ ദൗത്യത്തെ പറ്റി ഒരു സൂചന പോലും അവന് കൊടുക്കരുത്. അവനോടെന്നല്ല ആരോടും പറയരുത്. ഞാൻ പറഞ്ഞിരുന്നുവല്ലോ... നമ്മുടെ ലക്ഷ്യം... അത് നമ്മുടെ ലക്ഷ്യമാണ് എനിക്ക് മാത്രമല്ല, നമുക്ക് മൂന്നുപേർക്കും അതിൽ ഗുണമേയുണ്ടാകൂ."

"മൂന്നുപേരോ, അപ്പോൾ അവനും അതിൽ നേട്ടം ഉണ്ടാകുമോ?"–ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു.

“മൂന്നുപേർ എന്ന് ഞാനുദ്ദേശിച്ചത് ഞാനും നിങ്ങളും പിന്നെ എന്റെ ഗുരുനാഥനുമാണ്. ഞാൻ പറഞ്ഞിരുന്നുവല്ലോ ഘട്ടം ഘട്ടങ്ങളായി പറയാമെന്ന്. ഏതായാലും അടുത്ത സൂക്ഷ്മ സഞ്ചാരത്തിലൂടെ നിങ്ങൾ എന്നെ കാണാൻ വരുമ്പോൾ അദ്ദേഹത്തെയും കാണും. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ പറ്റി പറയാം.

പെരുമ്പടപ്പ് സ്വരൂപമാണ് പിന്നീട് കൊച്ചി രാജ്യമായത്. ആലങ്ങാടും ഇടപ്പള്ളിയും തെക്കുംകൂറും പുറക്കാടും അടങ്ങുന്ന വലിയൊരു പ്രദേശത്തെ രാജാക്കന്മാർക്ക് പോലും പേടിസ്വപ്നമായിരുന്ന യുദ്ധവീരൻ.! പതിനഞ്ചാം നൂറ്റാണ്ടിൽ ഇടപ്പള്ളിക്കും ചേരാനല്ലൂരിനും ഇടയിലായി ഋഷി നാഗപുരത്ത് ജീവിച്ചിരുന്ന മഹാ സ്വാത്വികൻ ‘രായ രാമൻ’ ആത്മാവിന് മറ്റൊരു ശരീരത്തിലേക്ക് പ്രവേശിക്കാമെന്നും, അവിടെ വർഷങ്ങളോളം ജീവിച്ച് മറ്റൊരു ശരീരത്തിലേക്ക് കയറേണ്ട ഘട്ടം വന്നാൽ കയറാമെന്നും എന്നെ പഠിപ്പിച്ച എന്റെ ഗുരുനാഥൻ.

ഞാൻ എന്തായിരുന്നു എന്നും. എന്തായിരുന്നു എനിക്ക് പറ്റിയ പിഴവ് എന്നും വ്യക്തമായി ഞാൻ പറഞ്ഞുതരാം. പക്ഷേ ഇപ്പോഴല്ല. അതിന് സമയമായിട്ടില്ല... നിങ്ങൾക്ക് പോകാം.”

കുറച്ചുനേരത്തിന് ശേഷം ഞാൻ കണ്ണുതുറന്നു. നോക്കുമ്പോൾ പ്രശാന്ത് ഞാനെന്താണ് സംസാരിക്കുന്നത് എന്നറിയാൻ എന്റെ മുഖത്തോട് ചേർത്ത് അവന്റെ ചെവി വെച്ചിരിക്കുന്നതാണ് കണ്ടത്.

“സൂക്ഷ്മ സഞ്ചാര വേളയിൽ ഞാൻ എന്തെങ്കിലും സംസാരിക്കുന്നത് നീ കേട്ടിരുന്നോ?”-ഞാൻ ചോദിച്ചു.

“ഇല്ല... ഞാൻ ഒന്നും കേട്ടിരുന്നില്ല. എന്തൊക്കെയോ നീ പറയുന്നുണ്ടായിരുന്നു... എന്താണ് നീ പറഞ്ഞുകൊണ്ടിരുന്നത്?”

“എന്നോടൊന്നും ഇതിനെപ്പറ്റി ഇപ്പോൾ ചോദിക്കരുത്. ഞാൻ എന്റെ സുഹൃത്തായ ഇട്ടിക്കോരയ്ക്ക് വാക്കുകൊടുത്തിട്ടുണ്ട് അദ്ദേഹവും ഞാനും തമ്മിൽ സംസാരിക്കുന്ന ഒരു കാര്യവും പുറത്തു പറയില്ലെന്ന്.”

“നല്ലതു തന്നെ. പറയരുത്... എന്നോടൊന്നല്ല ആരോടും പറയരുത്. കാരണം സൂക്ഷ്മ സഞ്ചാരത്തിൽ ഏതെങ്കിലും രഹസ്യം സൂക്ഷിക്കേണ്ടതായി വന്നിട്ടുണ്ടെങ്കിൽ അത് പുറത്തു പറയുന്ന പക്ഷം നമ്മൾ മാനസിക വിഭ്രാന്തിയിലാകും. ഭ്രാന്ത് വരും എന്നർത്ഥം.

ഇനി ഞാൻ പറയുന്നത് നീ ശ്രദ്ധിച്ചു കേൾക്കണം. നിന്റെ ലക്ഷ്യത്തിൽ നീ എത്തുന്നതിനു വേണ്ടി ഞാൻ സഹായിക്കുന്നെന്ന് മാത്രമേയുള്ളൂ. പ്രത്യേകിച്ച് ഒരുതരത്തിലുള്ള ലാഭവും ഇതിൽ ഞാൻ പ്രതീക്ഷിക്കുന്നില്ല. എന്നെപ്പറ്റി എന്തെങ്കിലും നിന്റെ സുഹൃത്തായ ഇട്ടിക്കോര പറഞ്ഞിരുന്നോ?”

ഇവൻ എന്തോ മറച്ചുപിടിക്കുന്നുണ്ടല്ലോ!. എന്തിനാണ് ഇപ്പോൾ ഇട്ടിക്കോര ഇവനെപ്പറ്റി എന്തെങ്കിലും പറഞ്ഞിരുന്നോ എന്ന് ചോദിക്കുന്നത്.

ഇപ്പോൾ സഹായത്തിന്റെ, ലാഭത്തിന്റെ കാര്യത്തെപ്പറ്റി പറയേണ്ടതില്ലായി രുന്നല്ലോ..

വാതിലിൽ ആരോ മുട്ടുന്നത് കേട്ടു.
അത് അൻഫാസ് ആയിരിക്കും. എനിക്ക് ഉറപ്പാണ്.

വാതിൽ തുറന്നു അത് അർഷിദ ആയിരുന്നു. അവൾ ജോലി കഴിഞ്ഞ് വരുന്ന വഴിയിൽ കയറിയതാണ്.
റൂമിൽ എന്നെയും പ്രശാന്തിനെയും മാത്രം കണ്ട അവൾ ചോദിച്ചു..

"ഉമ്മാ പോയാ.."

"ആഹ്... പോയി. ഇപ്പോൾ ഇക്കാക്ക വരും"

അവൾ പ്രശാന്തിനെ നോക്കി ചെറിയ നീരസം തോന്നിയത് പോലെ, ഒരുപക്ഷെ ഇക്കാക്ക അവൾ ഉള്ളപ്പോൾ പറഞ്ഞ കാര്യങ്ങൾ ഓർത്തായിരിക്കും..
അവൾ നിക്കണ പോണ എന്ന ഭാവത്തിൽ പെരുമാറിയത് കൊണ്ടാകും. പ്രശാന്ത് പറഞ്ഞു.

"ഞാൻ പോയിട്ട് പിന്നെ വരാം, നീ എന്നെ വിളിച്ചാൽ മതി"

പ്രശാന്ത് പോയി എന്ന് അവൾ തിരിഞ്ഞു നോക്കി എന്നിട്ട് എന്റെ അടുത്ത് കസേരയിൽ ഇരുന്നു

"അളിയാ, അളിയൻ എന്ത് ഭാവിച്ചാണ് ഇങ്ങനെ ഒക്കെ... അയാളുടെ പൊട്ടും ഭാവവുമൊക്കെ കണ്ടിട്ട് തന്നെ പേടിയാകുന്നു. അളിയൻ ഇങ്ങനെ ഒന്നും ആയിരുന്നില്ലല്ലോ. പടച്ചോനെ പോലും വിശ്വാസമില്ലാതെ സംസാരിച്ചിരുന്ന ആ അളിയൻ അല്ല ഇത്. പിള്ളേരോടെക്കോ നല്ല നല്ല കാര്യങ്ങൾ പറഞ്ഞു കൊടുത്തിരുന്ന അളിയന് ഇത് ഇപ്പോ എന്താണ് പറ്റിയത്."

ചിരിച്ച് കൊണ്ട് ഒന്നുമില്ല എന്ന ഭാവത്തിൽ ഞാൻ ചോദിച്ചു.
"അതിന് ഇപ്പോൾ എന്തുണ്ടായി?"

"എന്തുണ്ടായി എന്നോ, പിന്നെ ഇപ്പോൾ അയാൾ എന്തിനാണ് വന്നത്. മുറി കുറ്റിയിട്ട് ഇരുന്നത്, എനിക്ക് സംശയം തോന്നി അളിയൻ വല്ല കൂടോത്രം ചെയ്യാൻ ഉദ്ദേശം വല്ലതുമുണ്ടോ? എനിക്ക് അറിയില്ല; അതുകൊണ്ടാണ്... ഇക്കാക്ക കുറച്ച് കാര്യം പറഞ്ഞു അളിയൻ സ്വപ്നത്തിൽ പ്രേതത്തെ കണ്ടെന്നോ അവർ എന്തൊക്കെയോ അളിയനോട് പറഞ്ഞെന്നോ എന്നൊക്കെ എനിക്കറിയില്ല. പക്ഷെ അളിയാ അതൊക്കെ വിട് വെറുതെ അതിന്റെ പുറകിൽ പോണോ... ഞാൻ പറയാൻ ഉള്ളത് പറഞ്ഞു ബാക്കി എല്ലാം അളിയന്റെ ഇഷ്ടം."

"അർഷി... അങ്ങനെ അല്ല. എനിക്ക് ഇതൊരു നിയോഗം പോലെ തോന്നി

ശ്രമിച്ചു നോക്കാമെന്ന് വെച്ചു. അല്ലാതെ ഇതിന്റ പുറകിലൊന്നും പോകുന്നില്ല..”
“അളിയാ, പുറകിൽ പൊക്കോ അതിന് ഈ മന്ത്രവാദി എന്തിന്.. കൂടോത്രം. അതിന്റയൊക്കെ ആവശ്യമുണ്ടോ?”

“ഏയ്യ് ഇതൊന്നും കൂടോത്രം അല്ല; അത് വേറെ ഇത് സൂക്ഷ്മ സഞ്ചാരമാണ്. ആത്മാവിനെ ശരീരത്തിൽ നിന്നും വേർപെടുത്തി സഞ്ചരിക്കുന്ന രീതി. അവൻ എന്റെ ബെസ്റ്റ് ഫ്രെണ്ടാണ് അവൻ എന്നെ ഹെൽപ്പ് ചെയ്യുന്നു എന്ന് മാത്രം”

“എന്റെ പൊന്നളിയാ,, അവർക്ക് ഇതൊക്കെ ഒരു പരീക്ഷണമായിരിക്കും. ഈ നൂറ്റാണ്ടിലും പൊട്ടന്മാരാണ് ഇതൊക്കെ വിശ്വസിക്കുക. അളിയന് ഇതിന്റെയൊക്കേ ആവശ്യമുണ്ടോ? അല്ലേൽ തന്നെ അളിയൻ വേറെ എന്തൊക്കെ കാര്യങ്ങൾ ഉണ്ട് വേറെ പണിയില്ലേ”

“അർഷി... ഇതൊരു നിയോഗമാണെന്ന് ഞാൻ എന്റെ മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു കഴിഞ്ഞു ഇനി ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ഞാൻ മാറില്ല”

“ഓക്കേ അത് പറ, മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു അല്ലെ; അപ്പോൾ ആ മനസ്സു തിരുത്തിയാൽ പോരെ... അളിയനെ ഞാൻ ഹെൽപ്പ് ചെയ്യാം എന്റെ ഒരു ഫ്രെണ്ട് ഉണ്ട്. അവൻ ഇതിനെ പറ്റിയൊക്കെ നല്ല അറിവുള്ള ആളാണ്. പക്ഷെ, കൂടോത്രം, മന്ത്രവാദം ഒന്നുമില്ല; എന്റെ സ്കൂളിൽ പഠിച്ചതാണ് സീനിയറാണ്. അളിയന്റെ പ്രായമുണ്ട് അവനും.. പേര് ഇർഷാദ്...

ഞാനവനെ പരിചയപ്പെടുത്തി തരാം. പക്ഷെ ഒരു കാര്യം ഇനി ഇപ്പോൾ വന്ന കൂടോത്രക്കാരനുമായി കൂട്ടു കൂടരുത്. അതൊക്കെ വലിയ പ്രശ്നമാണ് അളിയാ. പിന്നെ തിരിച്ച് ജീവിതത്തിലേക്ക് വരാൻ പറ്റില്ല...

എന്റെ പേടിയാണ് ഞാൻ അളിയനോട് പറഞ്ഞത്. അളിയന് ഒരു ഫാമിലി ഉള്ളതല്ലേ, ഇത്താത്തയ്ക്ക് അളിയനോട് പറയാൻ പേടിയാണ്. അളിയൻ ദേഷ്യപ്പെടുമോ എന്ന് കരുതി.”

“നോക്കാം”
“നോക്കിയാൽ പോരാ, ചെയ്യണം. ഞാനവനെ വീട്ടിലേക്കു വിടാം. ഇർഷാദ് ആകുമ്പോൾ അളിയന് പറ്റിയ കമ്പനിയാണ്. ആദ്യം ഇവിടുന്ന് ഒന്നിറങ്ങു.. ഞാൻ ഇരിക്കണോ കൂട്ടിന് ഇക്കാക്ക ഇപ്പോൾ വരോ?”

“വേണ്ട നീ പൊക്കോ... ജോലി കഴിഞ്ഞു വരുന്നതല്ലേ, ആകെ ടയേർഡായി കാണില്ലേ ഇനി വീട്ടിൽ പോയിട്ട് ലാമിയെ നോക്കണ്ടതല്ലേ. ഇക്കാക്കാ ഇപ്പോൾ തന്നെ വരും”
ലാമി ചെറുതാണ്. അളിയന്റെ ഇളയ കുട്ടിയാണ്.. അവൾ പോയി.

പക്ഷെ പ്രശാന്ത് പോയിരുന്നില്ല. റൂമിനു പുറത്ത് നിന്നും എല്ലാം കേട്ടുകൊണ്ടിരിക്കുകയായിരുന്നു.

അവൾ പോകുന്നതും നോക്കി അവൻ അങ്ങനെ നിന്നു.....

*തുടരും...*